മെട്രോ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ www.metrovaartha.com 16 പേജ് ₹ 7.00 KOZHIKODE

Scan me
www.metrovaartha.com

ഷാജിക്കെതിരേ വിജിലൻസ് കേസിന് സർക്കാർ അനുമതി

■ മുഖ്യമന്ത്രിയുടെ പകയെന്ന് ഷാജി

തിരുവനന്തപുരം: മുസ്‌ലിം ലീഗിന്റെ അഴീക്കോട് എംഎൽഎ കെ.എം. ഷാജിക്കെതിരേ വിജിലൻസ് കേസെടുത്ത് അന്വേഷിക്കാൻ സർക്കാർ അനുമതി നൽകി.

അഴീക്കോട് സ്കൂളിൽ ഹയർ സെക്കൻഡറി കോഴ്സ് അനുവദിക്കാൻ 25 ലക്ഷം രൂപ വാങ്ങിയെന്ന് കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. പദ്മനാഭൻ മൂന്നുവർഷം മുമ്പ് നൽകിയ പരാതിയിലാണ് നടപടി. ഈ പരാതിയിൽ വിജിലൻസ് നേരത്തേ പ്രാഥമികാന്വേഷണം നടത്തിയിരുന്നു. അതിനുശേഷം തുടരന്വേഷണത്തിന് അനുവാദം ചോദിക്കുകയും സർക്കാർ അനുവദിക്കുകയുമായിരുന്നു.

എന്നാൽ, സർക്കാരിനെതിരേ ആരോപണമുന്നയിച്ചതിന്റെ പേരിൽ മുഖ്യമന്ത്രി തന്നെ വേട്ടയാടുന്നുവെന്ന് കെ.എം. ഷാജി എംഎൽഎ പ്രതികരിച്ചു. കേസിനു പിന്നിലുള്ള ഏകവ്യക്തി പിണറായി വിജയനാണ്. മറ്റാർക്കും പങ്കില്ല. ഒന്നല്ല, നൂറു കേസുകൾ വന്നാലും വീട്ടിലിരിക്കുമെന്ന് കരുതേണ്ട. ഇതു കേരളമാണ്. മുഖ്യമന്ത്രിക്ക് കോടികൾ മുടക്കി നേടിയ ഇമേജ് തകർന്നതിന്റെ പകയുണ്ടാകും. എതിരാളികളെ ഇങ്ങനെ വേട്ടയാടുന്ന പിണറായി സർക്കാരിന് മോദി സർക്കാരുമായി എന്താണ് വ്യത്യാസം. എന്റെ ഒപ്പം പാർട്ടിയുണ്ടാകും. കേസിനെ നിയമപരമായി നേരിടും- ഷാജി മാധ്യമങ്ങളോട് പറഞ്ഞു.

റിവേഴ്സ് റിപ്പോ കുറച്ചു സംസ്ഥാനങ്ങൾക്ക് അധിക ഫണ്ട്

ബാങ്കുകൾക്ക് **50,000** കോടി

നബാർഡ്, സിഡ്ബി, എൻഎച്ച്ബി എന്നിവയ്ക്കായി **50,000** കോടി

ന്യൂഡൽഹി: കൊവിഡ് വ്യാപനം സൃഷ്ടിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള ശ്രമങ്ങളുടെ രണ്ടാം ഘട്ടം നടപടികൾ റിസർവ് ബാങ്ക് പ്രഖ്യാപിച്ചു. നിഷ്ക്രിയ ആസ്തി മാനദണ്ഡങ്ങളിൽ ഇളവ്, ബാങ്കുകൾ ഡിവിഡന്റ് നൽകുന്നതിന് താത്കാലിക വിലക്ക്, റിവേഴ്സ് റിപ്പോ നിരക്കു കുറച്ച് കൂടുതൽ വായ്പകൾ നൽകാൻ പ്രചോദനം, സംസ്ഥാനങ്ങൾക്ക് അധിക ഫണ്ടിന് അവസരം എന്നിങ്ങനെ പല തരത്തിലാണ് നടപടികൾ.

വേയ്സ് ആൻഡ് മീൻസ് അഡ്വാൻസ് സൗകര്യത്തിലൂടെ 60 ശതമാനം അധിക വായ്പയെടുക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയുമെന്ന് ആശ്വാസ നടപടികൾ പ്രഖ്യാപിച്ചുകൊണ്ട് ആർബിഐ ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. സെപ്റ്റംബർ 30 വരെ ഇത് അനുവദിക്കും.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഡിവിഡന്റ് ബാങ്കുകൾ നൽകുന്നതിന് സെപ്റ്റംബർ 30 വരെയാണ് ഇപ്പോൾ വിലക്ക്. അതിനുശേഷം ഇക്കാര്യത്തിൽ പുനപ്പരിശോധനയുണ്ടാകും. പ്രതിസന്ധികാലത്ത് കാര്യക്ഷമമായ ഫണ്ട് വിനിയോഗത്തിനുള്ള കരുതൽ എന്ന നിലയിലാണ് ഡിവിഡന്റ് വിതരണം തടഞ്ഞുവയ്ക്കുന്നത്.

വാണിജ്യ ബാങ്കുകൾ കേന്ദ്ര ബാങ്കിൽ സൂക്ഷിക്കുന്ന നിക്ഷേപങ്ങൾക്കുള്ള പലിശയായ റിവേഴ്സ് റിപ്പോ കാൽ ശതമാനം കുറച്ച് 3.75 ശതമാനമാക്കി. കേന്ദ്രബാങ്കിൽ പണം സൂക്ഷിക്കുന്നത് ആകർഷകമല്ലാതാക്കുന്നതു വഴി വാണിജ്യ ബാങ്കുകൾ ഉപയോക്താക്കൾക്കു കൂടുതൽ വായ്പ നൽകുക എന്നതാണു ലക്ഷ്യം. കഴിഞ്ഞമാസം അവസാനം ആദ്യ ഘട്ടം ആശ്വാസ നടപടികൾ പ്രഖ്യാപിച്ചപ്പോൾ മുക്കാൽ ശതമാനം കുറച്ച റിപ്പോ നിരക്കിൽ ഇക്കുറി മാറ്റമൊന്നും വരുത്തിയിട്ടില്ല. റിപ്പോ 4.40 ശതമാനമായി തുടരും. ബാങ്കുകളുടെ ലിക്വിഡിറ്റി കവറെജ് റേഷ്യോ (എൽസിആർ) 100 ശതമാനത്തിൽ നിന്ന് 80 ശതമാനമായി കുറച്ചിട്ടുണ്ട്.

പ്രത്യേക ലക്ഷ്യത്തോടെയുള്ള ദീർഘകാല റിപ്പോ ഓപ്പറേഷനുകൾ വഴി ബാങ്കുകൾക്ക് 50,000 കോടി രൂപ നൽകും. ഇങ്ങനെ കിട്ടുന്ന ഫണ്ട് ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്കും മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾക്കുമൊക്കെ ഗുണകരമാവുന്ന വിധത്തിൽ വിനിയോഗിക്കാൻ ബാങ്കുകൾക്കു നിർദേശവും നൽകിയിട്ടുണ്ട്. ചെറുകിട- ഇടത്തരം വ്യവസായ മേഖലയ്ക്ക് ഇതു നേട്ടമാവുമെന്നു കരുതുന്നു. നബാർഡ്, സിഡ്ബി, എൻഎച്ച്ബി എന്നിവയ്ക്കായി കേന്ദ്ര ബാങ്ക് നേരിട്ട് 50,000 കോടി രൂപയും നൽകും. നബാർഡിന് 25,000 കോടി, സിഡ്ബിക്ക് 15,000 കോടി, എൻഎച്ച്ബിക്ക് 10,000 കോടി എന്നിങ്ങനെയാണിത്. കാർഷിക, ഗ്രാമീണ, ചെറുകിട വ്യവസായ, ഭവനനിർമാണ മേഖലകൾക്ക് ഇതു ഗുണകരമാവും. രണ്ടു വഴിയിലൂടെ ലക്ഷം കോടി രൂപ കേന്ദ്ര ബാങ്ക് വിപണിയിലേക്ക് ഇറക്കുന്നുവെന്നതാണ് ഈ പദ്ധതികളുടെ ആകെത്തുക.

കൊവിഡ് പ്രതിസന്ധി തുടങ്ങി 45 ദിവസത്തിനിടെ 1.2 ലക്ഷം കോടിയുടെ കറൻസികൾ കേന്ദ്ര ബാങ്ക് പുതുതായി ബാങ്കിങ് സിസ്റ്റത്തിൽ ഇറക്കിയിട്ടുണ്ടെന്നും ശക്തികാന്ത ദാസ് പറഞ്ഞു. ജനങ്ങൾ വീട്ടിലിരിക്കുന്ന കാലത്ത് കരുതിവയ്ക്കുന്ന കറൻസിയുടെ ഡിമാൻഡ് വർധിക്കുമെന്നതു മുൻകൂട്ടി കണ്ടാണിത്.

90 ദിവസത്തിൽ കൂടുതൽ തിരിച്ചടവ് നടക്കാത്ത വായ്പകളെ നിഷ്ക്രിയ ആസ്തിയായി ക്ലാസിഫൈ ചെയ്യുന്നത് 180 ദിവസമായി മാറ്റിയിട്ടുണ്ട്. നേരത്തേ പ്രഖ്യാപിച്ച മൂന്നു മാസത്തെ വായ്പാ തിരിച്ചടവിനുള്ള മൊറൊട്ടോറിയം പരിഗണിച്ചാണിത്. ബാങ്കുകൾക്കും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്കും ഇതു ബാധകം. നിഷ്ക്രിയ ആസ്തി വർധിക്കാനുള്ള സാധ്യത കണക്കിലെടുത്ത് 10 ശതമാനം അധിക പൊവിഷൻ ബാങ്കുകൾ കരുതണമെന്നും നിർദേശം.

പണ ലഭ്യതയും വായ്പാ ലഭ്യതയും ഉറപ്പാക്കുക, സാമ്പത്തിക സമ്മർദം ഒഴിവാക്കുക, വിപണിയിൽ കാര്യങ്ങൾ സുഗമമാക്കുക എന്നിവയാണ് കേന്ദ്ര ബാങ്കിന്റെ ലക്ഷ്യമെന്നു ഗവർണർ പറഞ്ഞു. ഗുരുതരമായ സ്ഥിതിയിലാണു സാമ്പത്തിക മേഖല. അപ്പോഴും മറ്റു വികസിത രാജ്യങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട വളർച്ച നേടും.

ആ സാമ്പത്തിക വർഷം ഐഎംഎഫ് പ്രവചിച്ച 1.9 ശതമാനം വളർച്ച ഇന്ത്യ നേടും. അടുത്ത വർഷം 7.4 ശതമാനം വളർച്ച നേടുമെന്നു പ്രതീക്ഷിക്കുന്നതായും ശക്തികാന്ത ദാസ്. നാണയപ്പെരുപ്പ ഭീഷണിയുണ്ടാവില്ലെന്നും അദ്ദേഹം.

നിഷ്ക്രിയ ആസ്തി മാനദണ്ഡങ്ങളിൽ ഇളവ്



"പണലഭ്യത ഉറപ്പുവരുത്തുന്നതും വായ്പാ വിതരണത്തെ സഹായിക്കുന്നതുമാണ് റിസർവ് ബാങ്കിന്റെ നടപടി. ചെറുകിട- ഇടത്തരം ബിസിനസുകാർക്കും കർഷകർക്കും പാവപ്പെട്ടവർക്കും ഇതു നേട്ടമാകും. ഡബ്ല്യുഎംഎ പരിധി ഉയർത്തിയത് എല്ലാ സംസ്ഥാനങ്ങൾക്കും സഹായമാവും"-

നരേന്ദ്ര മോദി, പ്രധാനമന്ത്രി.

"ആർബിഐ പ്രഖ്യാപനങ്ങൾ തീരെ ശുഷ്കമാണ്. കേന്ദ്ര ബാങ്ക് എല്ലാവരെയും നിരാശപ്പെടുത്തി. ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ഐസിയുവിലേക്കു നീങ്ങുകയാണ്. വ്യവസായ മേഖലയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതല്ല ആർബിഐ പ്രഖ്യാപനം. വ്യവസായ മേഖലയ്ക്ക് ഉണർവു നൽകാൻ പ്രത്യേക പദ്ധതി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിക്കണം"-

ആനന്ദ് ശർമ, കോൺഗ്രസ് വക്താവ്.

ദുരിതാശ്വാസ നിധിയിലേക്ക് ഡിഎ കുടിശിക: ആലോചന തുടങ്ങി

■ സാലറി ചലഞ്ച് വേണ്ടെന്നു വയ്ക്കാൻ ആലോചന

തിരുവനന്തപുരം: സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ സാലറി ചലഞ്ചിന് പകരം സർക്കാർ ജീവനക്കാരുടെ ഡിഎ കുടിശിക ദുരിതാശ്വാസ നിധിയിലേക്ക് മാറ്റാനുള്ള ആലോചനകളുമായി സർക്കാർ. സാലറി ചലഞ്ചിന് ബദൽ വഴികൾ തേടുന്നതിന്റെ ഭാഗമായി ധനമന്ത്രി വിവിധ വകുപ്പ് മേധാവികളുമായി കൂടിയാലോചനകൾ നടത്തുന്നതായാണ് വിവരം.

മന്ത്രിസഭായോഗത്തിന് ശേഷമായിരിക്കും ഇക്കാര്യത്തിൽ അന്തിമ തീരുമാനം. ജീവനക്കാരുടെയും അധ്യാപകരുടെയും ഡിഎ മരവിപ്പിക്കുന്നതടക്കമുള്ള നിർദേശങ്ങൾ സർക്കാരിനു മുന്നിലുണ്ട്. എന്നാൽ അതു പിന്നീടു നൽകേണ്ടി വരും. അതിനാൽ പ്രതീക്ഷിച്ച ഫലം ചെയ്യില്ല. അതിനാലാണ് ഡിഎ കുടിശിക മരവിപ്പിക്കണമെന്ന നിർദേശം സർക്കാർ പരിഗണിക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായി ഇപ്പോൾ 12 ശതമാനം ഡിഎ കുടിശികയുണ്ട്. ഇതുനൽകാൻ 2,700 കോടി രൂപ വേണം. സാലറി ചലഞ്ചിന് പകരം ഈ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മാറ്റുന്നതാണ് നല്ലതെന്നാണ് ഭരണാനുകൂല സംഘടനകളുടെ അഭിപ്രായം.

എല്ലാ ജീവനക്കാരും ഒരുമാസത്തെ ശമ്പളം നൽകിയാലും 2,300 കോടിരൂപയേ കിട്ടൂ. പകുതി ജീവനക്കാർ പോലും ഇതിനു തയാറാവില്ലെന്നാണ് പ്രളയകാലത്തെ അനുഭവം. പ്രളയകാലത്ത് സാലറി ചലഞ്ചിൽ നിന്ന് 1,500 കോടിയോളം രൂപയാണ് കിട്ടിയത്. എന്നാൽ, ഡിഎ കുടിശിക ദുരിതാശ്വാസ നിധിയിലേക്കു മാറ്റിയാൽ 2,700 കോടി കിട്ടുമെന്നതിനാൽ വിശദമായ ചർച്ചയ്ക്ക് ശേഷം അടുത്ത മന്ത്രിസഭാ യോഗത്തിൽ വിഷയം പരിഗണിക്കാനാണ് സാധ്യത.

ആശ്വാസം ഈ അടച്ചിടൽ; രോഗവ്യാപനം കുറയുന്നു

ന്യൂഡൽഹി: രാജ്യം അടച്ചിട്ടതോടെ കൊവിഡ് 19 വ്യാപനത്തിന്റെ തോത് കുറഞ്ഞതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. നിയന്ത്രണം ഏർപ്പെടുത്തുന്നതിനു മുൻപ് മൂന്നു ദിവസം കൊണ്ട് രോഗികളുടെ എണ്ണം ഇരട്ടിച്ചിരുന്നു. കഴിഞ്ഞയാഴ്ച ഇത് 6.2 ദിവസമായി കുറഞ്ഞെന്ന് ആരോഗ്യ മന്ത്രാലയം ജോയ്ന്റ് സെക്രട്ടറി ലവ അഗർവാൾ.

കൊവിഡ് പ്രതിരോധത്തിന്റെ ഭാഗമായുള്ള അടച്ചിടൽ നാലാം ആഴ്ചയിലേക്കു കടക്കുമ്പോഴാണ് രാജ്യത്തിന് പ്രതീക്ഷ നൽകുന്ന വെളിപ്പെടുത്തൽ. പുതുതായി രോഗം റിപ്പോർട്ട് ചെയ്യുന്നത് 40 ശതമാനം കുറഞ്ഞു. മാർച്ച് 15 മുതൽ 31 വരെ രോഗികളുടെ എണ്ണത്തിൽ ശരാശരി വളർച്ച 2.1 ആയിരുന്നെങ്കിൽ ഏപ്രിൽ ഒന്നു മുതൽ ഇത് 1.2 ലേക്കു താഴ്ന്നു. അടച്ചിടലിനൊപ്പം പരിശോധനകൾ ശക്തമാക്കിയതും വലിയതോതിൽ ഗുണം ചെയ്തു. ശക്തമായ ശ്വാസകോശ അണുബാധ (എസ്എആർഐ), ഇൻഫ്ലുവൻസ പോലുള്ള രോഗം (ഐഎൽഐ) എന്നിവയുള്ളവരെ പരിശോധിക്കുന്നതു വർധിപ്പിച്ചതോടെയാണു രോഗം വ്യാപിക്കുന്നതിൽ കുറവു വന്നത്. രോഗം ബാധിക്കുന്നവരുടെയും മരിക്കുന്നവരുടെയും അനുപാതം 80:20 ആണ്. ഇക്കാര്യത്തിലും വികസിത രാജ്യങ്ങളെക്കാൾ മുന്നിലാണ് ഇന്ത്യ.

രോഗവ്യാപന തോത് 40 ശതമാനം കുറഞ്ഞു

അതേസമയം, രാജ്യത്ത് ഇന്നലെ രോഗികളുടെ എണ്ണം 13,836 ആയി ഉയർന്നു. പുതുതായി 1076 പേർക്കാണു രോഗം ബാധിച്ചത്. 32 പേർ കൂടി മരിച്ചു. ഇതോടെ, ആകെ മരണ സംഖ്യ 452 ആയി. 1766 പേർ രോഗം ഭേദമായി ആശുപത്രി വിട്ടു. ഇവരിൽ 76 പേർ വിദേശികളാണ്. മരിച്ച 452 പേരിൽ 197ഉം മഹാരാഷ്ട്രയിൽ. ലോകമൊട്ടാകെ മരണസംഖ്യ 1.46 ലക്ഷമായി ഉയർന്നു. 21 ലക്ഷം പേർക്കാണ് രോഗം ബാധിച്ചത്.

വിവിധ മരുന്നുകളുടെ സംയുക്തം ഉപയോഗിച്ച് പ്രതിരോധ മരുന്നു വികസിപ്പിക്കുന്നതിലാണ് ഇപ്പോൾ സർക്കാരിന്റെ മുഖ്യ പരിഗണന. റീകോംബിനന്റ് ബിസിജി, കോൺവാലസെന്റ് പ്ലാസ്മതെറാപ്പി, മോണോക്ലോണൽ ആന്റിബോഡി എന്നിവയ്ക്ക് രോഗ പ്രതിരോധത്തിലുള്ള സാധ്യതകൾ പരിശോധിക്കുകയാണ്. വൈദ്യശാസ്ത്ര രംഗത്ത് ഇന്ത്യയുടെ തനത് അറിവുകളും ഇക്കാര്യത്തിൽ ഉപയോഗിക്കുമെന്ന് അഗർവാൾ.

മങ്ങാട്ട് ഭട്ടതിരി അന്തരിച്ചു

ചിങ്ങത്തിലെ തിരുവോണം നാളിൽ ആറന്മുള ക്ഷേത്രത്തിലേക്ക് ഓണ സദ്യാ വിഭവങ്ങൾ പരമ്പരാഗത രീതിയിൽ ജലമാർഗം കൊണ്ടുപോകുന്ന തിരുവോണത്തോണി 21 കൊല്ലം നയിച്ച കോട്ടയം കുമാരനല്ലൂർ മങ്ങാട്ട് ഇല്ലം എം.ആർ. നാരായണ ഭട്ടതിരി അന്തരിച്ചു. സംസ്കാരം നടത്തി.

» പേജ് 3

കൊവിഡ് കടക്കും മുൻപേ കേരളം രാഷ്ട്രീയച്ചൂടിലേക്ക്

എം.ബി. സന്തോഷ്

തിരുവനന്തപുരം: കൊവിഡിനെതിരേയുള്ള പോരാട്ടത്തിൽ സംസ്ഥാനം ഒറ്റക്കെട്ടായി മുന്നേറ്റം തുടരുന്നതിനിടെ എത്തിയ വിവാദങ്ങളിലൂടെ കേരളത്തിൽ വീണ്ടും രാഷ്ട്രീയച്ചൂടേറി. മുഖ്യമന്ത്രി പിണറായി വിജയനെതിരെ രൂക്ഷവിമർശനം നടത്തിയ മുസ്‌ലിം ലീഗിന്റെ അഴീക്കോട് എംഎൽഎ കെ.എം. ഷാജിയെ അഴിമതിക്കേസിൽ പ്രതിചേർത്ത് അന്വേഷിക്കാൻ വിജിലൻസിന് അനുമതി നൽകിയതോടെ കാറും കോളും ഉരുണ്ടുകൂടുകയാണ്.

ഈ വിഷയം രാഷ്ട്രീയമായി നേരിടാനുള്ള മുസ്‌ലിം ലീഗിന്റെ തീരുമാനത്തിനൊപ്പം യുഡിഎഫ് ഉറച്ചുനിൽക്കും. എന്നാൽ, പാലാരിവട്ടം അഴിമതിക്കേസിൽ മുൻ മന്ത്രിയും എംഎൽഎയുമായ വി.കെ. ഇബ്രാഹിംകുഞ്ഞിന് പിന്നാലെ മറ്റൊരു പാർട്ടി എംഎൽഎ കൂടി അഴിമതിക്കേസിൽപ്പെട്ടത് ലീഗിനെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വിഷുക്കൈനീട്ടവും സക്കാത്തും നൽകാനുള്ള അഭ്യർഥനയെ രാഷ്ട്രീയ കൊലപാതകക്കേസുകളിലെ പ്രതികളെ രക്ഷിക്കാനുള്ള ധനസഹായമാണെന്ന് ആരോപിച്ച ഷാജിയുടെ ഫെയ്സ്ബുക്ക് പോസ്റ്റിനെ മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ നിശിതമായി വിമർശിച്ചിരുന്നു. 'പിണറായി മഴുവെറിഞ്ഞുണ്ടാക്കിയതല്ല കേരള'മെന്ന് തിരിച്ചടിച്ച ഷാജി, കൊവിഡ് കാലത്തും രാഷ്ട്രീയം രാഷ്ട്രീയമാണെന്ന് വ്യക്തമാക്കി.

സ്പ്രിംഗ്ലർ ഇടപാടിൽ സർക്കാരിനെ വെട്ടിലാക്കാൻ കഠിന പരിശ്രമം നടത്തുന്ന പ്രതിപക്ഷ നേതാവും യുഡിഎഫും ഷാജിക്ക് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാരിനെ വിമർശിക്കുന്നവർക്കെതിരെ കേസെടുത്ത് നിശ്ശബ്ദരാക്കാനുള്ള ശ്രമമാണിതെന്നാണ് അവരുടെ ആക്ഷേപം.

എന്നാൽ, ഷാജിക്കെതിരായ കേസിലെ നടപടി ഇപ്പോഴുണ്ടായത് യാദൃച്ഛികം മാത്രമാണെന്നാണ് മുഖ്യമന്ത്രിയുടെ ഓഫിസിന്റെ വിശദീകരണം. 2017ലെ പരാതിയിൽ കഴമ്പുണ്ടെന്ന് വിജിലൻസ് കണ്ടെത്തിയത് ഒരു വർഷമെടുത്ത അന്വേഷണത്തിനു ശേഷമാണ്. 2018 സെപ്റ്റംബർ അഞ്ചിന് കേസെടുക്കാൻ വിജിലൻസ് സർക്കാരിന്റെ അനുമതി തേടി. നിയമസഭാംഗത്തിനെതിരെ കേസെടുക്കാൻ സ്പീക്കറുടെ അനുമതി തേടി സർക്കാർ കത്തയച്ചത് 2019 നവംബറിൽ. സ്പീക്കർ ഇക്കഴിഞ്ഞ മാർച്ച് 13നാണ് അനുമതി നൽകിയത്. അതിനുശേഷം ഒരു മാസത്തിനു ശേഷം സർക്കാർ കേസെടുക്കാൻ അനുമതി നൽകുമ്പോൾ ഇതിലെവിടെയാണ് രാഷ്ട്രീയ ഇടപെടലെന്നാണ് ചോദ്യം.

അതേസമയം, ഇതിൽ പരാതിക്കാർ മുസ്‌ലിം ലീഗിന്റെ പ്രാദേശിക നേതാക്കളാണെന്നതാണ് ലീഗിനെ വെട്ടിലാക്കുന്നത്. ലീഗിന്റെ മൂന്നു നേതാക്കൾ ഷാജിക്കെതിരെ മൊഴി നൽകിയിരുന്നു. മുതിർന്ന നേതാക്കളെല്ലാം പ്രത്യക്ഷത്തിൽ ഷാജിക്കൊപ്പമുള്ളപ്പോൾ തന്നെ പാർട്ടിയിലെ വിഭാഗീയതയാണ് കോഴ ആരോപണത്തെ ചൂടുപിടിപ്പിച്ച് ഈ തലത്തിലേക്കു വളർത്തിയതെന്ന വിമർശനവും ഉയർന്നിട്ടുണ്ട്. വരുംദിവസങ്ങളിൽ സിപിഎമ്മും എൽഡിഎഫും ഇക്കാര്യത്തിൽ

എങ്ങോട്ടാണെന്നു പറഞ്ഞേക്കാം..! ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരം നഗരത്തിൽ ഇന്നലെ നടന്ന വാഹനപരിശോധനയിൽ നിന്ന്. 📷 *കെ.ബി. ജയചന്ദ്രൻ*

ഇളവുകൾ പ്രഖ്യാപിച്ച് ഉത്തരവിറങ്ങി

ഹോട്ട് സ്പോട്ടുകൾ ഒഴികെയുള്ള സ്ഥലങ്ങളിൽ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഒറ്റയക്ക വാഹനങ്ങൾക്കും ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ ഇരട്ടയക്കം വാഹനങ്ങൾക്കും നിരത്തിലിറങ്ങാം. കാറുകളിൽ ഡ്രൈവറും പിൻസീറ്റിൽ രണ്ടു യാത്രക്കാരും മാത്രം. കോട്ടയം, ഇടുക്കി ജില്ലകളിൽ 50-60 കിലോമീറ്റർ വരെ ദൂരത്തിൽ ജില്ലയ്ക്കുള്ളിൽ ബസ് യാത്ര അനുവദിക്കും. നിന്ന് യാത്ര ചെയ്യാൻ പാടില്ല. മൂന്നുപേർ ഇരിക്കുന്ന സീറ്റിൽ രണ്ടുപേരും രണ്ടുപേർ ഇരിക്കുന്ന സീറ്റിൽ ഒരാളും മാത്രമേ പാടുള്ളൂ. എല്ലാ യാത്രികരും മാസ്ക് ധരിച്ചിരിക്കണം. യാത്രക്കാർക്ക് സാനിറ്റൈസർ നൽകണം.

» പേജ് 7

കൊവിഡ് സ്ഥിരീകരിച്ചത് **ഒരാൾക്ക്**

രോഗമുക്തരായവർ **10**

നിരീക്ഷണത്തിൽ **78,980** പേർ

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ കൊവിഡ് 19 കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചത് കോഴിക്കോട് ജില്ലയിലെ ഒരാൾക്കു മാത്രം. 10 പേർക്ക് പരിശോധനാ ഫലം നെഗറ്റീവായി. കാസർഗോഡ് 6, എറണാകുളം 2, മലപ്പുറം, ആലപ്പുഴ ജില്ലകളിൽ ഓരോരുത്തർ.

ഇതുവരെ 395 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. അവരിൽ 138 പേർ ചികിത്സയിലാണ്. 78,980 പേർ നിരീക്ഷണത്തിൽ- 78,454 പേർ വീടുകളിലും 526 പേർ ആശുപത്രികളിലും. ഇന്നലെ മാത്രം 84 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സ്വർണം

ഗ്രാം	- 4,175
പവൻ	- 33,400

www.facebook.com/metrovaarthaofficial

ഇരുചക്രവാഹനങ്ങൾ കൂട്ടിയിടിച്ച് രണ്ടുപേർക്ക് പരുക്ക്

പേരാമ്പ്ര : ലോക് ഡൗണിൽ ആളൊഴിഞ്ഞ ടൗണിൽ ഇരുചക്രവാഹനങ്ങൾ കൂട്ടിയിടിച്ച് രണ്ടുപേർക്ക് പരുക്ക്. പേരാമ്പ്ര ചെമ്പ്ര റോഡ് ജംഗ്ഷനിലാണ് ഇന്നലെ വൈകുന്നേരം അപകടമുണ്ടായത്. മെയിൻ റോഡിൽ നടുവണ്ണൂർ ഭാഗത്തേക്ക് പോവുകയായിരുന്ന സ്ക്കൂട്ടറും ചെമ്പ്ര റോഡിൽ നിന്ന് പട്ടണത്തിലേക്ക് വന്ന് മറ്റൊരു സ്ക്കൂട്ടറുമാണ് കൂട്ടിയിടിച്ചത്. താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ ടെക്നീഷ്യൻ കൂട്ടാലിട അവിടനല്ലൂർ പൊയിൽ മീത്തൽ ലിജിഷ(23), കേബിൾ ടിവി ടെക്നീഷ്യൻ വാല്യക്കോട് കുന്നുമ്മൽ ബിജു(43) എന്നിവർക്കാണ് പരുക്കേറ്റത്. ലിജിഷ ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലേക്ക് പോവുകയായിരുന്നു. ബിജു ചെമ്പ്ര റോഡിൽ കേബിൾ തകരാറ് പരിഹരിച്ച് തിരിച്ചു വരുകയായിരുന്നു. വൈകിട്ട് 4 മണിയോടെയായിരുന്നു അപകടം. ഉടൻ പട്ടണത്തിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പൊലീസ് ഇരുവരെയും പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ എത്തിച്ചു. ഇരുവർക്കും കാലിനാണ് പരുക്കേറ്റത്.

ഇൻസൈറ്റ് ഫൗണ്ടേഷൻ ഓൺലൈൻ ലേഖന മത്സരം

തേഞ്ഞിപ്പലം: ഇൻസൈറ്റ് ഫൗണ്ടേഷൻ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി ഓൺലൈൻ ലേഖനമത്സരം സംഘടിപ്പിക്കുന്നു.'കൊവിഡ് മഹാമാരിക്കു ശേഷമുള്ള ലോകം' എന്നതാണ് വിഷയം. അഞ്ഞൂറിനും ആയിരത്തിനുമിടയിൽ വാക്കുകൾ ഉൾക്കൊള്ളുന്ന ലേഖനം insightfoundation@gmail.com എന്ന വിലാസത്തിലോ 9847684673 എന്ന വാട്സ്ആപ് നമ്പറിലോ 30 നു മുമ്പായി അയക്കണം. സമ്മാനാർഹർക്ക് 2020,1010,505 വീതമുള്ള കാഷ് പ്രൈസും സാക്ഷ്യപത്രവും മൊമെൻറോയും നൽകുമെന്ന് ഇൻസൈറ്റ് കൾചറൽ വിംഗ് കോ-ഓഡിനേറ്റർ നസീഫ് , ടി.പി.എം എന്നിവർ അറിയിച്ചു.

വിതരണം ചെയ്തു

തലശേരി : കേരള ഇലക്ട്രിക്കൽ വയർമാൻ ആൻഡ് സൂപ്പർവൈസേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ കൊവിഡ് സാഹചര്യത്തിൽ ബുദ്ധിമുട്ട് നേരിടുന്ന അംഗങ്ങൾക്ക് ഭക്ഷ്യ ധാന്യ കിറ്റുകൾ നൽകി. ജില്ലാ വൈസ് പ്രസിഡന്റ് ജി.വി നിർമൽ ഉദ്ഘാടനം ചെയ്തു. ബൈജു പുതുക്കുടി, പി. ആർ രാഗേഷ്, കെ.പി വേണുഗോപാൽ, സി.വി സുരേഷ് എന്നിവർ സംബന്ധിച്ചു.

ഒരു വയറൂട്ടാം പദ്ധതി

നന്മണ്ട: ലോക് ഡൗൺ കാലയളവിൽ സ്റ്റുഡന്റ് പോലിസ് കാഡറ്റ് സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുന്ന ഒരു വയറൂട്ടാം പദ്ധതി നന്മണ്ട ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിച്ചു.പി.ടി.എ.പ്രസിഡന്റ് ടി.അനൂപ് കുമാറിൽനിന്ന് പ്രധാന അധ്യാപകൻ അബൂബക്കർ സിദ്ദിഖും എസ്.പി.കാഡറ്റ് കെ.കെ.ആദിത്യയും ഭക്ഷണപ്പൊതികൾ ഏറ്റുവാങ്ങി.സ്വയം ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ പ്രയാസമുള്ളവരെ കണ്ടെത്തി ഭക്ഷണം എത്തിച്ചു നൽകുന്നതാണ് പദ്ധതി.കേഡറ്റുകളുടെയും അധ്യാപകരുടെയും വീടുകളിൽ നിന്ന് ഭക്ഷണപ്പൊതികൾ സ്വീകരിച്ച് ആവശ്യക്കാർക്ക് എത്തിക്കുന്ന ചുമതല എസ്.പി.സി.ഓഫീസർ കെ.ഷിബുവിനാണ്.

ഭക്ഷണ കിറ്റ് നൽകി

തിരൂരങ്ങാടി: ചെറുമുക്ക് നാട്ടുകാര്യം കൂട്ടായ്മയുടെ കീഴിൽ തിരൂരങ്ങാടി പ്രസ് ക്ലബ് അംഗങ്ങൾക്ക് ഭക്ഷണ കിറ്റ് നൽകി മാത്രകയായി. കോവിഡ് 19 യുടെ പക്ഷാത്തലത്തിൽ എല്ലാ മേഖലയിലും ഇറങ്ങി എത്തുന്ന മാധ്യമ പ്രവർത്തകർക്കാണ് സാമൂഹ്യ സാംസ്കാരിക സേവന മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന ചെറുമുക്ക് നാട്ടുകാര്യം കൂട്ടായ്മ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ഭക്ഷണ കിറ്റ് വിതരണം നടത്തിയത്. നന്നമ്പ്ര പഞ്ചായത്തിന്റെ സമൂഹ കിച്ചനിലേക്ക് ഭക്ഷണകിറ്റ് നൽകിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേ സംഭാവന നൽകിയും ഈ കൂട്ടായ്മ മാതൃകയായി.

മഞ്ഞപ്പിത്തം; പ്രതിരോധ പ്രവർത്തനം ഊർജിതമാക്കി

പേരാമ്പ്ര : ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിൽ പന്തിരിക്കര ഭാഗത്ത് മഞ്ഞപ്പിത്തം വ്യാപിച്ച പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനം ഊർജ്ജിതമാക്കി. പ്രദേശത്തെ 120 ഓളം കിണറുകൾ ക്ലോറിനേഷൻ ചെയ്തു, വീടുകൾ തോറും ബോധവൽക്കരണം നടത്തി, പന്തിരിക്കര അങ്ങാടിയിൽ വ്യാപാരം സ്ഥാപനങ്ങളിൽ പരിശോധിച്ചു, ബോധവൽക്കരണ നിർദ്ദേശങ്ങൾ നൽകി. പഞ്ചായത്ത് പ്രസിഡന്റ് ലീല കെ കെ, ഹെൽത്ത് ഇൻസ്പെക്ടർ പ്രമീള എ ടി, വാർഡ് മെമ്പർ ജയേഷ് കെ പി എന്നിവർ പങ്കെടുത്തു.

മാസ്ക് നിർബന്ധമാക്കിയതിനാൽ കോഴിക്കോട് വലിയങ്ങാടിയിൽ നിന്നു സാധനങ്ങളുമായി മാസ്ക് ധരിച്ച് പോകുന്ന തൊഴിലാളികൾ

കെ.എം. ഷാജിക്കെതിരായ വിജിലൻസ് അന്വേഷണം ഭരണകൂടത്തിന്റെ ഒളിച്ചോട്ടം: ടി. സിദ്ദിഖ്

സ്വന്തംലേഖകൻ

കോഴിക്കോട്: കെഎം ഷാജിക്ക് എതിരായുള്ള വിജിലൻസ് അന്വേഷണം ചോദ്യങ്ങൾക്ക് മറുപടി പറയാൻ കഴിയാത്ത നിസഹായ ഭരണകൂടത്തിന്റെ ഒളിച്ചോട്ടമാണെന്ന് കെ പി സി സി വൈസ് പ്രസിഡന്റ് അഡ്വ ടി സിദ്ദിഖ്. ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുന്നതിന് തുല്യമാണിത്. സ്പ്രിങ്ക്ളർ അഴിമതി, കൊലപാതകികൾക്കും ക്രിമിനലുകൾക്കും വേണ്ടി സർക്കാർ ഖജനാവിൽനിന്നും ചെലവഴിച്ച കോടികൾ, അഴിമതി, ധൂർത്ത്, പ്രളയ ദുരിതാശ്വാസ വെട്ടിപ്പ് തുടങ്ങിയ പ്രതിപക്ഷം ഉന്നയിച്ച വിഷയങ്ങളിൽ മറുപടി പറയാൻ സാധിക്കാതെ വന്നപ്പോൾ ഒറ്റതിരിഞ്ഞ് അക്രമിക്കാൻ ശ്രമിച്ച് അതിലും പരാജയപ്പെട്ടതിന് ശേഷമാണ് വിജിലൻസിനെ ഉപയോഗിച്ചുകൊണ്ട് ഭീഷണിപ്പെടുത്തുന്നതെന്നും സിദ്ദിഖ് പറഞ്ഞു.കൊവിഡ് കാലത്ത് രാഷ്ട്രീയം പറയരുതെന്ന് ആഹ്വാനം ചെയ്ത മുഖ്യമന്ത്രിതന്നെ രാഷ്ട്രീയ വൈരം തീർക്കാൻ സ്വന്തം വകുപ്പിലെ വിജിലൻസിനെ ഉപയോഗിച്ച് അന്വേഷണം പ്രഖ്യാപിച്ചത് മുഖ്യമന്ത്രിയുടെ രാഷ്ട്രീയ ജീർണാവസ്ഥയും ഇരട്ടമുഖത്തിന് ഉത്തമ ഉദാഹരണവുമാണ്. അന്വേഷണത്തിന് പിറകിൽ രണ്ട് ലക്ഷ്യങ്ങളാണുള്ളത്. ഒന്ന് പ്രതിപക്ഷത്തിന്റെ വായ അടപ്പിക്കൽ രണ്ട് സർക്കാറിനെതിരെ ഉയർന്നുവന്ന ഗുരുതരമായ പ്രശ്നങ്ങളിൽ ജനശ്രദ്ധ തിരിച്ചുവിടലുമാണ്. സിബിഐ, എൻഐഎ, എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റ്, ആദായനികുതി എന്നിവയെ ഉപയോഗിച്ച് നരേന്ദ്ര മോദി എങ്ങിനെയാണോ ജനാധിപത്യ ഭരണകൂടങ്ങളെ അട്ടിമറിക്കാനും രാഷ്ട്രീയ പ്രതിയോഗികളെ തകർക്കാനും ഭീതിജനിപ്പിക്കാനും ഉപയോഗിക്കുന്നത് അതേ പാത പിന്തുടർന്ന് രാഷ്ട്രീയ ഭീതി ഉണ്ടാക്കാനുള്ള ശ്രമമാണ് മുഖ്യമന്ത്രി നടത്തുന്നത്. ജനാധിപത്യ കേരളത്തിൽ അത് വിലപോവില്ല.പ്രതിപക്ഷ നേതാക്കളെ ഒറ്റതിരിഞ്ഞ് ആക്രമിക്കാനും അവർക്കെതിരെ കേസ് എടുക്കാനുമുള്ള നീക്കത്തെ ഒറ്റക്കെട്ടായി ചെറുക്കും. പ്രബുദ്ധ കേരളത്തിന്റെ മുഖ്യമന്ത്രിയാണെന്ന സാമാന്യബോധം പിണറായി വിജയന് നഷ്ടപ്പെട്ടു. മുഖ്യമന്ത്രി കസേരയിൽനിന്നും എന്തും ഏതും പറയാനും ചെയ്യാനും മടിക്കാത്ത പാർട്ടി സെക്രട്ടറിയിലേക്കുള്ള സ്വാഭാവിക പരിണാമമാണ് പിണറായി വിജയന് ഉണ്ടായിരിക്കുന്നത്. കാക്ക കുളിച്ചാൽ കൊക്കാവില്ല, പിണറായി വിജയന് പിണറായി വിജയനാവാനേ സാധിക്കൂവെന്നാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലോക്ഡൗൺ ലംഘിച്ച ബോട്ടുകൾ പിടികൂടി

കോഴിക്കോട്: ലോക്ഡൗണിൽ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ലഭിച്ച ഇളവ് ദുരുപയോഗപ്പെടുത്തി മത്സ്യ ബന്ധനം നടത്തിയ അഞ്ച് ബോട്ടുകൾ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പിടികൂടി. ഇന്നലെ പുലർച്ചെ രണ്ടേമുക്കാലോടെ പുതിയാപ്പ, കൊയിലാണ്ടി മേഖലകളിൽ നടത്തിയ പതിവ് പട്രോളിംഗിനിടെയാണ് നിയമ ലംഘനം ശ്രദ്ധയിൽപ്പെട്ടത്.ചൈതന്യ, സുദാം, സീസ്റ്റാർ, ശ്രീഭദ്ര, അദിക മോൾ എന്നീ ബോട്ടുകളാണ് ഫിഷറീസ് അസിസ്റ്റന്റ് ഡയരക്ടർ എൻ.ജുഗ്നു വിന്റെ നേതൃത്വത്തിൽ പിടികൂടിയത്. മറൈൻ എൻഫോഴ്സ്മെന്റ് എസ്.ഐ അനീശൻ എ.കെ, ഗ്രേഡ് എസ്.ഐമാരായ അനിൽകുമാർ, സന്തോഷ് കുമാർ, ബിജു, വിചിത്രൻ, ഡ്രൈവർ മുഹമ്മദ് ഷാ, സുരക്ഷാ ഗാർഡ്മാരായ താജുദ്ദീൻ, രജേഷ്, ഷൈജു, വിഘ്നേഷ് എന്നിവരും സംഘത്തിലുണ്ടായിരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് വിഘാതം സൃഷ്ടിക്കുന്ന മത്സ്യ ബന്ധന രീതികൾക്കെതിരേ കർശന നിയമനടപടി തുടരുമെന്ന് ഫിഷറീസ് ഡപ്യൂട്ടി ഡയറക്റ്റർ അറിയിച്ചു.

കോഴിക്കോട് ഒരാൾക്ക് കൂടി കൊവിഡ്

കോഴിക്കോട്: ജില്ലയിൽ ഇന്നലെ ഒരാൾക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചു. അഴിയൂരിൽ കഴിഞ്ഞദിവസം കൊവിഡ് സ്ഥിരീകരിച്ച രോഗിയുടെ അടുത്ത സമ്പർക്കത്തിലുള്ള വ്യക്തിക്കാണ് പുതുതായി രോഗം സ്ഥിരീകരിച്ചത്. 31 കാരനായ ഇദ്ദേഹവും അഴിയൂർ സ്വദേശിയാണ്. ആദ്യം പോസിറ്റീവായ ആളുടെ കൂടെ അതേ കടയിൽ ജോലി ചെയ്തിരുന്ന വ്യക്തിയാണ്.അഴിയൂരിൽ ഏപ്രിൽ 14 ന് കൊറോണ സ്ഥിരീകരിച്ചതിനെ തുടർന്ന് ഇദ്ദേഹത്തെ വടകര ജില്ലാ ആശുപത്രിയിൽ എത്തിച്ചു സാംപിൾ എടുക്കുകയും വടകര കൊറോണ കെയർ സെന്ററിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഇപ്പോൾ ലക്ഷണങ്ങൾ ഒന്നുമില്ല. ആരോഗ്യ നില തൃപ്തികരമാണ്. പോസിറ്റീവായതിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിലേക്ക് മാറ്റാൻ നടപടികൾ സ്വീകരിച്ചു.ഇതോടെ ജില്ലയിലെ ആകെ കൊവിഡ് സ്ഥിരീകരിച്ചവരുടെ എണ്ണം 19 ആയി. ഇതിൽ 9 പേർ രോഗമുക്തരായി. 10 പേർ ചികിത്സയിലുണ്ട്. ഇതുകൂടാതെ രോഗം സ്ഥിരീകരിച്ച 4 ഇതര ജില്ലക്കാരിൽ 2 കാസർഗോഡ് സ്വദേശികൾ രോഗമുക്തരായി. 2 കണ്ണൂർ സ്വദേശികളും ചികിത്സയിലുണ്ട്.1309 പേർകൂടി വീടുകളിൽ നിരീക്ഷണം പൂർത്തിയാക്കിയതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജയശ്രീ. വി അറിയിച്ചു. ഇതോടെ നിരീക്ഷണ കാലയളവ് പൂർത്തിയാക്കിയവരുടെ ആകെ എണ്ണം 11,173 ആയി. നിലവിൽ 11,586 പേർ നിരീക്ഷണത്തിൽ തുടരുന്നുണ്ട്. ഇന്ന് പുതുതായി വന്ന 7 പേർ ഉൾപ്പെടെ ആകെ 31 പേരാണ് ആശുപത്രിയിൽ നിരീക്ഷണത്തിലുള്ളത്. 4 പേരെ ഡിസ്ചാർജ്ജ് ചെയ്തു.

ആകെ 644 സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 620 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ 597 എണ്ണം നെഗറ്റീവ് ആണ്. പരിശോധനയ്ക്കയച്ച സാംപിളുകളിൽ 24 പേരുടെ ഫലം കൂടി ലഭിക്കാനുണ്ട്.ആരോഗ്യവകുപ്പ് ഡയറക്റ്റർ വീഡിയോ കോൺഫറൻസിലൂടെ ജില്ലാ കൊറോണ കൺട്രോൾ സെല്ലിന്റെ പ്രവർത്തനം വിലയിരുത്തി. കഴിഞ്ഞ ദിവസം രണ്ട് പോസിറ്റീവ് കേസുകൾ കൂടി റിപ്പോർട്ട് ചെയ്ത എടച്ചേരി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത്-വാർഡ് തല ജാഗ്രതാസമിതി യോഗം ചേരുകയും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്തു. 30 വീടിന് ഒരാൾ എന്ന നിലയിൽ വൊളന്റിയർമാരുടെ എണ്ണം വർധിപ്പിക്കുകയും ഗൃഹസന്ദർശനവും ബോധവൽക്കരണവും നടത്തുകയും ചെയ്തു. മൈക്ക് പ്രചാരണവും ലഘുലേഖ വിതരണവും നടത്തി.

നന്മണ്ട ഹയർ സെക്കൻഡറി സ്കൂൾ എസ്.പി.കാഡറ്റ് നിർമിച്ച മാസ്ക് ബാലുശേരി സ്റ്റേഷൻ ഇൻസ്പക്റ്റർക്ക് കൈമാറുന്നു.

പൊലീസിനണിയാൻ മാസ്കുമായി കുട്ടിപ്പൊലീസ്

നന്മണ്ട : നന്മണ്ട ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റ് ആയ അഹല്യ എസ് എൽ തയ്യാറാക്കിയ മാസ്കുകൾ ബാലുശ്ശേരി പൊലീസ് സ്റ്റേഷനിൽ സബ്ബ് ഇൻസ്പെക്റ്റർ സജു- എം. ഏറ്റുവാങ്ങി. തങ്ങളുടെ ട്രെയിനേർസും കൊവിഡ്- 19 എന്ന മഹാമാരി യെ ചെറുക്കാൻ റോഡിൽ രാവും പകലും കഠിനാധ്വാനം ചെയ്യുന്ന പൊലീസുകാർക്ക് മാസ്കുകൾ നിർമിച്ചു നൽകുകയായിരുന്നു. സംസ്ഥാന വ്യാപകമായി എസ്.പി. കേഡറ്റുകൾ വീട്ടിലിരുന്ന് കൊണ്ട് നിരവധി സർഗ്ഗാത്മക പ്രക്രിയകളിലും മാസ്ക് നിർമ്മാണം പോലുള്ള സന്നദ്ധ സേവനങ്ങളിലുമാണ് .

ദേവകി അമ്മ മെമ്മോറിയൽ ഫാർമസി കോളെജ് 1600 കുപ്പി സാനിറ്റൈസർ നിർമിച്ച് നൽകി

തേഞ്ഞിപ്പലം: ചേലേമ്പ്ര ദേവകിയമ്മ ഫാർമസി കോളെജ് മലപ്പുറം ജില്ലാ പഞ്ചായത്തിനായി 1600 കുപ്പി സാനിറ്റൈസർ നിർമിച്ച് നൽകി. കൊറോണ വൈറസ് ലോകത്തെ മുഴുവൻ ഭീതിയിൽ ആഴ്ത്തുന്ന പശ്ചാത്തലത്തിലാണ് സാനിറ്റൈസർ നിർമാണത്തിന് പ്രേരകമായത്. ഓരോ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും സാമൂഹ്യ നന്മയ്ക്ക് വേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ടെന്ന ഉത്തമ ബോദ്ധ്യ ത്തിൽ വിശ്വസിക്കുന്ന സ്ഥാപനമാണ് ദേവകി അമ്മ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂഷൻസ്. കൊറോണ വൈറസ് വ്യാപകമായി തുടങ്ങിയ 'ഘട്ടം മുതൽ ഹാൻഡ് സാനിറ്റൈസർ ലഭിക്കാൻ ഇല്ലാത്ത അവസ്ഥ വരികയും ഉള്ളതിനു തന്നെ കൊള്ളലാഭം ഈടാക്കുന്ന സാഹചര്യത്തിലാണ് ദേവകി അമ്മ മെമ്മോറിയൽ കോളെജ് ഓഫ് ഫാർമസിയിലെ അധ്യാപകരും വിദ്യാർത്ഥികളും വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ നിയമങ്ങൾ പാലിച്ചു കൊണ്ട് സാനിറ്റൈസർ നിർമിച്ചത്.ചേലേമ്പ്രയിലെ വിവിധ സർക്കാർ സ്ഥാപനങ്ങൾ ഹെൽത്ത് സെന്ററു ക ൾ, പൊലീസ് സ്റ്റേഷൻ, പഞ്ചായത്ത് ഓഫീസ് വില്ലേജ് ഓഫീസ് കൃഷി ഓഫീസ്, ബാങ്കുകൾ, കെഎസ്ഇബി, കോഴിക്കോട്ടെയും, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെയും മീഡിയ സെൻററുകൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിൽ പൊതു ജനങ്ങളുടെയും ഇവിടങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെയും സുരക്ഷയ്ക്കുവേണ്ടി സൗജന്യമായി സാനിറ്റൈസർ ഇതിനകം വിതരണം ചെയ്തിരിക്കുകയാണ്. തിരൂരങ്ങാടി താലൂക്ക് ആശുപത്രി അടക്കമുള്ള വിവിധ ആശുപത്രികൾക്കും സൗജന്യമായി നൽകി. എക്സൈസ് ഡിപ്പാർട്ട്മെന്റ് വഴി ലഭ്യമാക്കിയ സ്പിരിറ്റ് ഉപയോഗിച്ച് 300 കുപ്പി സാനിറ്റൈസർ നിർമിച്ച് നൽകി.

ഇന്നലെ 1600 കുപ്പി സാനിറ്റൈസറും നിർമിച്ച് നൽകി. മലപ്പുറം ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ വി. സുധാകരൻ ഫാർമസി കോളെജ് വൈസ് പ്രിൻസിപ്പാൾ ഡോ. സി ബിജു വിൽ നിന്ന് ഏറ്റുവാങ്ങി. ദേവകി അമ്മ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂഷൻസ് മാനേജർ എം. നാരായണൻ, അസിസ്റ്റന്റ് മാനേജർമാരായ സുരേഷ് വി, ശ്രീഹരി കെ. ആർ, അധ്യാപകരായ കെ ആർ വിമൽ, മൃദുൽ മോഹൻ, കെ ഐശ്വര്യ, പി ഷാൻറിയ, എസ്. ദൃശ്യ, ലാബ് ടെക്നീഷ്യൻ ടി സുനീഷ്., ഓഫീസ് ജീവനക്കാരായ എൻ സുരേഷ് , പി ഉണ്ണികൃഷണർ, വി സജീഷ് എന്നിവർ സന്നിഹിതരായിരുന്നു.

മലപ്പുറം ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ വി. സുധാകരൻ ദേവകിയമ്മ ഫാർമസി കോളെജ് വൈസ് പ്രിൻസിപ്പാൾ ഡോ. സി ബിജു വിൽ നിന്ന് സാനിറ്റൈസർ ഏറ്റുവാങ്ങുന്നു.

ഫെയ്സ് ബുക്ക് പോസ്റ്റ്: പഞ്ചായത്ത് ജീവനക്കാരനെതിരേ പരാതി

തേഞ്ഞിപ്പലം: യുഡിഎഫ് നേതാക്കളെ അപകീർത്തിപ്പെടുത്തി ഫെയ്സ് ബുക്കിൽ പോസ്റ്റിട്ട തേഞ്ഞിപ്പലം പഞ്ചായത്ത് ഓഫീസ് ജീവനക്കാരനെതിരേ പരാതി.തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് ഓഫീസിലെ എൽഡി ക്ലർക്ക് സനൂപിനെതിരേയാണ് ആക്ഷേപം. തേഞ്ഞിപ്പലം പഞ്ചായത്ത് യൂത്ത് ലീഗ് പ്രസിഡന്റ് പി.ഫിറോസ്, സെക്രട്ടറി എംകെ എം സാദിഖ് എന്നിവരാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകിയത്. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ഉപനേതാവ് ഡോ-എം.കെ മുനീർ, കെ.എം ഷാജി എംഎൽഎ എന്നിവരെ അപകീർത്തിപ്പെടുത്തുന്ന വാക്കുകൾ ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തെന്നാണ് ആക്ഷേപം . ഓഫീസ് സമയത്താണ് കുറ്റകരമായ കൃത്യം നിർവഹിച്ചതെന്നും സർക്കാർ ജീവനക്കാർ സോഷ്യൽ മീഡിയയിൽ രാഷ്ട്രീയ ഇടപെടൽ നടത്തിയതായും പറയുന്നു.വ്യക്തിപരമായി തേജോവധം ചെയ്യുന്ന രീതിയിലും അവരുടെ രാഷ്ട്രീയ സംഘടനയെ ഇകഴ്ത്തുന്ന രീതിയിലും ഭരണപക്ഷ പാർട്ടിയുടെ വക്താവായി സനൂപ് ടി തറോൽ എന്ന ഫെയ്സ് ബുക്ക് ഐ ഡി യിൽ നിന്ന് നിരന്തരമായി ഇടപെടുകയും ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയുടെ പ്രചാരണ പ്രവർത്തകനായാണ് പോസ്റ്റുകൾ പ്രത്യക്ഷപ്പെടുന്നതെന്നും .ഇക്കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് യൂത്ത് ലീഗ് നൽകിയ പരാതിയിൽ ആവശ്യപ്പെട്ടു.

തിരുവങ്ങാട് ഗവ. ഹയർസെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പൊലീസ് കാഡറ്റുകൾ മാസ്കും സാനിറ്റൈസറും വിതരണം ചെയ്യുന്നു

സ്റ്റുഡന്റ് പൊലീസ് മാസ്കും സാനിറ്റൈസറും നൽകി

തലശേരി : തിരുവങ്ങാട് ഗവ. ഹയർസെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പൊലീസ് കാഡറ്റുകളുടെ ആഭിമുഖ്യത്തിൽ തലശേരി നഗരസഭയ്ക്കും പൊലീസുകാർക്കും മാസ്കും, സാനിറ്റൈസറും നൽകി. നഗരസഭയ്ക്കു വേണ്ടി ചെയർമാൻ സി.കെ രമേശനും പൊലീസിനു വേണ്ടി സി.ഐ സനൽ കുമാറും ഏറ്റുവാങ്ങി. എസ്. പി. സി യുടെ ജില്ലാ കേന്ദ്രത്തിൽ നിന്നും അധ്യാപകരിൽ നിന്നുള്ള നിർദേശങ്ങളും, അതേ പോലെ സ്വന്തം ആശയങ്ങളും ഉപയോഗിച്ചാണ് കേഡറ്റുകൾ കൊവിഡ് കാലത്ത് കർമ നിരതരാവുന്നത്. ചിത്രരചന, കരകൗശല വസ്തുക്കളുടെ നിർമാണം, പുസ്തക പാരായണം, ഭാഷാ പരിചയപ്പെടൽ, വ്യത്യസ്ത ഭക്ഷണ സാധനങ്ങൾ ഉണ്ടാക്കൽ, വാനനിരീക്ഷണം, പ്രകൃതിയിലെ അപൂർവ ദൃശ്യങ്ങൾ പകർത്തൽ ഇങ്ങനെ തുടർന്ന് പോകുന്നു ഇവരുടെ പ്രവർത്തന മേഖല. ഓരോ ദിവസവും നിർദേശിച്ച ചുമതലകൾ പൂർത്തിയാകുന്ന മുറയക്ക് ഓൺലൈനായി അയച്ച് അതിന്റെ വ്യക്തത ഉറപ്പാക്കുകയും വേണം.

ജില്ലാ അതിർത്തികൾ അടച്ചിടരുതെന്ന് അബ്ദുൽ ഹമീദ്

തേഞ്ഞിപ്പലം: ജില്ലാ അതിർത്തികളിൽ സുരക്ഷാ പരിശോധനകൾ ശക്തമാക്കുന്നതിന് പകരം അതിർത്തികൾ അടച്ചിടരുതെന്നു അബ്ദുൽ ഹമീദ് എംഎൽഎ. കോഴിക്കോട്, മലപ്പുറം ജില്ലാ അതിർത്തികൾ അടച്ചതിനെ തുടർന്ന് ഇരു ജില്ലാ കലക്റ്റർമാർക്ക് നൽകിയ കത്തിലൂടെയും ഫോണിലൂടെയും ആവശ്യം ഉന്നയിച്ചു. കൊവിഡ് -19 വ്യാപനത്തിനെ തടയുന്നതിന് വേണ്ടി ലോക് ഡൗൺ പ്രഖ്യാപിച്ചതിന്റെ ഭാഗമായി ജില്ലാ ഭരണകൂടം നടത്തുന്ന പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങളോട് ജനങ്ങൾ സഹകരിക്കുന്നുണ്ട്. എന്നാൽ അതിനിടയിൽ മലപ്പുറം-കോഴിക്കോട് ജില്ലാ അതിർത്തികൾ പങ്കിടുന്ന വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ചേലേമ്പ്ര, വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തുകളിലെ കോഴിക്കോട് ജില്ലാ അതിർത്തികൾ ഭൂരിഭാഗവും ഇന്നലെ പുലർച്ചെ മുതൽ അടച്ച് പൂട്ടിയിട്ടുണ്ട്.സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള ക്രമീകരണങ്ങൾ കോഴിക്കോട് ജില്ലാ ഭരണ കൂടത്തിൻ്റെ നടപടിയെന്ന് മനസിലാക്കുന്നു. ദേശീയ പാതയിലൂടെ മാത്രമേ അത്യാഹിതഘട്ടങ്ങളിൽ ഗ്രാമീണ വാസികൾക്കും കെ.എസ്.ഇ.ബി ജീവനക്കാർക്കും നിലവിൽ അങ്ങോട്ടും ഇങ്ങോട്ടും യാത്ര ചെയ്യാനാവൂവെന്നും ജില്ലകളെ ബന്ധിപ്പിക്കുന്ന പാറക്കടവ്പാലം, പുല്ലിക്കടവ് പാലം , മുക്കത്തക്കടവ് പാലം, സിൽക്ക് പാലം എന്നിവകളാണ് ഇന്നലെ മുതൽ അടച്ചത്. ചേലേമ്പ്ര, വളളിക്കുന്ന് പഞ്ചായത്തു നിവാസികൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ ആശുപത്രിയിൽ പോവണമെങ്കിൽ കോഴിക്കോട് ജില്ലയിലെ ആശുപത്രികളിലേക്ക് ഈ പാലങ്ങൾ വഴിയാണ് എളുപ്പ മാർഗം. പാലങ്ങളെല്ലാം അടച്ച് പൂട്ടിയതിനാൽ അത്യാഹിത സമയങ്ങളിൽ ദേശീയ പാത ഇടിമുഴിക്കൽ വരെ ചുറ്റിക്കറങ്ങി വേണം ലക്ഷ്യസ്ഥാനത്തെത്താനെന്നും എംഎൽഎ കത്തിൽ വ്യക്തമാക്ക . ജില്ലാ അതിർത്തിയിലെ പാലങ്ങൾ അടച്ച് പൂട്ടുന്നതിന് പകരം സുരക്ഷാ പരിശോധന ശക്തമാക്കി പൊതുജനങ്ങൾക്കുണ്ടാവുന്ന അതൃവശ്യ സംവിധാനങ്ങൾക്ക് മാർഗ തടസം ഒഴിവാക്കാനുള്ള നടപടിസ്വീകരിക്കണമെന്നുമാണ് എംഎൽഎ ആവശ്യപ്പെട്ടു .

വീട്ടമ്മമാരുടെ വിഷു കൈനീട്ടം ദുരിതാശ്വാസ നിധിയിലേക്ക്

കുറ്റ്യാടി : കുന്നുമ്മലിലെ വീട്ടമ്മമാർ അവരുടെ വിഷുകൈനിട്ടം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെക്ക് സംഭാവന നൽകി. ജനാധിപത്യ മഹിളാ അസോസിയേഷൻ കുന്നുമ്മൽ വില്ലേജ് കമ്മറ്റിയാണ് യൂനിറ്റുകളിൽ നിന്ന് വിഷു കൈനിട്ടം ശേഖരിച്ച് ദുരിതാശ്വാസ നിധിയിലെക്ക് സംഭാവന നല്കിയത്. സംഭാവന അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കെ കെ ലതികയെ കുന്നുമ്മൽ വില്ലേജ് സെക്രട്ടറി രാധിക ചിറയിൽ ഏൽപ്പിച്ചു

പിസിആർ ടെസ്റ്റുകൾ പ്രതിഫലമില്ലാതെ സേവനത്തിന് തയ്യാർ: എസിഎംബി

വേലായുധൻ പി. മൂന്നിയൂർ

തേഞ്ഞിപ്പലം: കൊവിഡ് - 19 രോഗനിർണയവുമായി ബന്ധപ്പെട്ട പ്രധാന ജനിതക പരിശോധനാ സംവിധാനമായ പി സി ആർ ഉൾപ്പെടെ വിവിധ ടെസ്റ്റുകൾ പ്രതിഫലമില്ലാത്ത സേവനത്തിന് തയ്യാറാണെന്ന് എസിഎംബി (അസോസിയേഷൻ ഓഫ് ക്ലിനിക്കൽ മൈക്രോ ബയോളജിസ്റ്റ് ആൻ്റ് ബയോ കെമിസ്റ്റ്) ഭാരവാഹികൾ സർക്കാറിനെ അറിയിച്ചതായ് വാർത്താ കുറിപ്പിലൂടെ വ്യക്തമാക്കി. കേരളത്തിലെ ക്ലിനിക്കൽ ലാബുകളിലും , ആശുപത്രികളിലും , മെഡിക്കൽ അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജോലി ചെയ്ത് വരുന്ന ആരോഗ്യ പ്രവർത്തകരുടേയും അധ്യാപകരുടേയും രജിസ്റ്റേർഡ് സംഘടനയാണ് അസോസിയേഷൻ ഓഫ് ക്ലിനിക്കൽ മൈക്രോബയോളജിസ്റ്റ്സ് ആന്റ് ബയോകെമിസ്റ്റ്സ് (എസിഎംബി) . കൊവിഡ് - 19 പ്രതിരോധ നടപടികളുമായി ബന്ധപ്പെട്ട് വിവിധ സന്നദ്ധ പ്രവർത്തനങ്ങൾ സംഘടന ആസൂത്രണം ചെയ്തു വരുന്നു. ഇതിന്റെ ഭാഗമായ് കഴിഞ്ഞ ദിവസങ്ങളിൽ കോഴിക്കോട് ജനമൈത്രീ പൊലീസിന്റെ സഹകരണത്തോടെ എ സി എം ബി വൊളന്റിയർമാരും വിദ്യാർഥികളുൾപ്പെടെയുള്ള കോഴിക്കോട് ബസ് സ്റ്റാൻഡിലെ ബസുകൾ അണുവിമുക്തമാക്കുകയും തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും ചെയ്തു. വിവിധ ജില്ലകളിൽ സന്നദ്ധ പ്രവർത്തനത്തിന് തയ്യാറായവരുടെയും ഈ രംഗത്തെ വിദഗ്ദ്ധരും വിദ്യാർഥികളും ഉൾപ്പെടെ ഒരു വൊളന്റിയേഴ്സ് ഗ്രൂപ്പ് ഉണ്ടാക്കുകയും വിശദ വിവരങ്ങൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ലലോക് ഡൗൺ പോളിസിയുമായി ബന്ധപ്പെട്ട എസിഎംബിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാരിനും കേരള ലോക് ഡൗൺ ടാസ്ക് ഫോഴ്സിനും ഇതിനോടകം സമർപ്പിച്ചതായും ഭാരവാഹികളായ കെ.എം ഷമീർ (പ്രസിഡന്റ്), എം. സജിത് ചന്ദ്രൻ (സെക്രട്ടറി) എന്നിവർ വ്യക്തമാക്കി.

പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സാമൂഹ്യ അടുക്കളയിലേക്ക് കൊയിലാണ്ടി മേഖല ജോയിന്റ് കൗൺസിൽ പ്രവർത്തകരാണ് പലവ്യഞ്ജനങ്ങളും പച്ചക്കറിയും കൈമാറുന്നു

സാമൂഹ്യ അടുക്കളയിലേക്ക് പലവ്യജ്ഞനങ്ങളും പച്ചക്കറിയും കൈമാറി

പേരാമ്പ്ര : ലോക് ഡൗൺ കാലത്ത് ആരും പട്ടിണി കിടക്കരുത് എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സാമൂഹ്യ അടുക്കളയിലേക്ക് ജോയിന്റ് കൗൺസിൽ പ്രവർത്തകർ പലവ്യഞ്ജനങ്ങളും പച്ചക്കറിയും കൈമാറി. ഗവ. യുപി സ്ക്കൂളിൽ പ്രവർത്തിക്കുന്ന പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സാമൂഹ്യ അടുക്കളയിലേക്ക് കൊയിലാണ്ടി മേഖല ജോയിന്റ് കൗൺസിൽ പ്രവർത്തകരാണ് പലവ്യഞ്ജനങ്ങളും പച്ചക്കറിയും നൽകിയത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എം. റീന, വൈസ് പ്രസിഡന്റ് കെ.പി. ഗംഗാധരൻ നമ്പ്യാർ എന്നിവർ ചേർന്ന് സാധനങ്ങൾ ഏറ്റുവാങ്ങി. ജോയിന്റ് കൗൺസിൽ പ്രവർത്തകരായ കെ.പി. രമേശൻ, കെ. ഹരീഷ്, ജി.എസ് പ്രശാന്ത് ലാൽ, പി. രൺദേവ് ഗ്രാമപഞ്ചായത്തംഗം അബ്ദുറഹ്മാൻ പുത്തൻപുരയിൽ എന്നിവർ സംബന്ധിച്ചു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 106 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

തിരുവോണത്തോണി ഉപേക്ഷിച്ച് മങ്ങാട്ട് ഭട്ടതിരി യാത്രയായി

ബിനീഷ് മള്ളൂശേരി

കോട്ടയം: തിരുവാറന്മുളയപ്പന് ഓണ സദ്യാ വിഭവങ്ങൾ തോണിയിൽ കൊണ്ടുപോയിരുന്ന കുമാരനല്ലൂർ മങ്ങാട്ട് ഇല്ലം എം.ആർ. നാരായണ ഭട്ടതിരി (മങ്ങാട്ട് ഭട്ടതിരി - 70) അന്തരിച്ചു.രണ്ടു പതിറ്റാണ്ടിലധികമായി കോട്ടയം കുമാരനല്ലൂർ മങ്ങാട്ടില്ലത്തെ കടവിൽ നിന്നും ചിങ്ങമാസത്തിലെ തിരുവോണ നാളിൽ ആറന്മുള ക്ഷേത്രത്തിലേക്ക് ഓണ സദ്യയ്ക്കുള്ള വിഭവങ്ങൾ പരമ്പരാഗത രീതിയിൽ ജലമാർഗം കൊണ്ടുപോകുന്ന തിരുവോണത്തോണി നയിച്ചിരുന്നത് ഇദ്ദേഹമാണ്. ഓണനാളുകളിലെ ഐതിഹ്യപ്പെരുമയിൽ 21 വർഷമായി തോണിയേറിയ കുടുംബ കാരണവരായ ഭട്ടതിരി ഇനി ചരിത്രത്തിന്റെ ഭാഗം.

സംസ്കാരം കുമാരനല്ലൂർ വീട്ടുവളപ്പിൽ നടത്തി. കൊല്ലാട് സർവീസ് സഹകരണ ബാങ്ക് മുൻ മാനെജരാണ്. ഭാര്യ: പ്രസന്നകുമാരി (പഞ്ചാബ് നാഷണൽ ബാങ്ക് മുൻ ഉദ്യോഗസ്ഥ). മക്കൾ: അനൂപ് (ബംഗളൂരു), നമിത (ടെക്നോപാർക്ക്, തിരുവനന്തപുരം)

തിരുവോണത്തലേന്ന് പത്തനംതിട്ട കോഴഞ്ചേരി കാട്ടൂരിൽ നിന്നാണ് എല്ലാ വർഷവും തിരുവോണത്തോണി ആറന്മുളയ്ക്ക് പുറപ്പെടുന്നത്. ഇതിനു മുന്നോടിയായി മങ്ങാട്ട് നാരായണ ഭട്ടതിരി കുമാരനല്ലൂർ മങ്ങാട്ട് ഇല്ലത്തു നിന്നും അകമ്പടി വള്ളമായ ചുരുളൻ വള്ളത്തിൽ ജലമാർഗം കാട്ടൂരിൽ എത്തുകയാണു പതിവ്. മങ്ങാട്ട് കടവിൽ നിന്നും മീനച്ചിലാറ്റിലെത്തി തുടർന്ന് വേമ്പനാട്ട് കായലിലൂടെയും പമ്പയാറ്റിലൂടെയുമായിരുന്നു കാട്ടൂരിലേക്കുള്ള യാത്ര.

ചിങ്ങത്തിലെ തിരുവോണത്തിന് മൂന്നു ദിവസം മുൻപ് കുമാരനല്ലൂരിൽ നിന്നും പ്രത്യേകം തയ്യാറാക്കിയ വള്ളത്തിൽ ഭട്ടതിരി പുഴയും കായലും കടന്ന് പൂരാടം നാളിൽ ആറന്മുള സത്രത്തിലെത്തി അവിടെ തങ്ങിയ ശേഷം പിറ്റേന്ന് ക്ഷേത്രത്തിൽ കയറാതെ ഉത്രാട ദിവസം ഉച്ചയോടെ കാട്ടൂരിലെത്തും. വൈകിട്ട് ഓണസദ്യയ്ക്കുള്ള വിഭവങ്ങളുമായി തിരുവോണത്തോണിയിൽ ഭട്ടതിരി കയറും. പള്ളിയോടങ്ങളുടെ അകമ്പടിയോടെ ആചാരപ്രകാരം തിരുവോണ ദിവസം പുലർച്ചെ ആറന്മുള ക്ഷേത്രക്കടവിൽ എത്തി പാർഥസാരഥിയെ വണങ്ങി വിഭവങ്ങൾ സമർപ്പിക്കും. അന്നേ ദിവസം ക്ഷേത്രത്തിൽ നടക്കുന്ന എല്ലാ ചടങ്ങുകളിലും ഭട്ടതിരി പങ്കെടുക്കുകയും ചെയ്തിരുന്നു.

അത്താഴപൂജയ്ക്ക് ശേഷം ചെലവു കഴിഞ്ഞ് മിച്ചം വന്ന പണക്കിഴി ആറന്മുളയപ്പന് സമർപ്പിച്ച് തിരികെ കുമാരനല്ലൂർ മാങ്ങാട്ടില്ലത്തേക്ക് മടങ്ങുകയായിരുന്നു 21 വർഷത്തെ പതിവ്. നാരായണ ഭട്ടതിരിയുടെ അനുജൻ ബാബു ഭട്ടതിരിയായിരിക്കും ഇനി മങ്ങാട്ടില്ലത്തുനിന്നും ആറന്മുളയിലേക്ക് തിരുവോണത്തോണി നയിക്കുക.

കുമാരനല്ലൂർ മങ്ങാട്ട് കടവിൽ നിന്ന് നാരായണ ഭട്ടതിരി തിരുവോണത്തോണിയിൽ കാട്ടൂരിലേക്ക് പുറപ്പെടുന്നു. (ഫയൽ ചിത്രം)

ഗോഡൗണിലേക്ക് വന്ന ലോറിയിലെ അഞ്ചു കെയ്സ് മദ്യം മോഷണം പോയി

തിരുവനന്തപുരം: ആറ്റിങ്ങൽ ബെവ്റിജസ് കോർപ്പറേഷൻ ഗോഡൗണിലേക്ക് കൊണ്ടുവന്ന ലോറിയിൽ നിന്ന് അഞ്ചു കെയ്സ് മദ്യം മോഷണം പോയി. മാമം പെട്രോൾ പമ്പിന് മുന്നിൽ ഒതുക്കിയിട്ടിരുന്ന രണ്ടു ലോറികളിൽ ഒന്നിലണ് മോഷണം നടന്നത്. ലോറിയുടെ ടാർപോളിൻ കുത്തിക്കീറിയ നിലയിലാണ്.

ഗോഡൗണിലേക്ക് ലോറികളെത്തിയ സമയത്താണ് ലോക് ഡൗൺ പ്രഖ്യാപിച്ചത്. അന്നു മുതൽ നിരവധി ലോറികൾ ആറ്റിങ്ങലിൽ കിടക്കുകയാണ്. നിരവധി ലോറികൾ മാമം നാളികേര കോംപ്ലക്സിനു സമീപമാണ് ഒതുക്കിയിട്ടിരിക്കുന്നത്. പെട്രോൾ പമ്പിനു മുന്നിൽ രണ്ട് ലോറികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഇന്നലെ രാവിലെയാണ് മോഷണം നടന്നതായി ശ്രദ്ധയിൽപ്പെടുന്നത്. തുടർന്ന് ലോറി ജീവനക്കാർ ആറ്റിങ്ങൽ പൊലീസിൽ പരാതിപ്പെട്ടിട്ടുണ്ട്. പമ്പിന് എതിർവശത്തെ വ്യാപാര സ്ഥാപനത്തിലെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചാൽ പ്രതികളെ പിടികൂടാൻ കഴിയുമെന്നാണ് നാട്ടുകാർ പറയുന്നത്.

അനധികൃത സ്വത്ത്

ജേക്കബ് തോമസിനെതിരേ ക്രൈം ബ്രാഞ്ച് കേസെടുത്തു

■ കേസെടുത്തത് മെയ് 31ന് വിരമിക്കാനിരിക്കേ

തിരുവനന്തപുരം: അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് വിജിലൻസ് മുൻ ഡയറക്റ്റർ ജേക്കബ് തോമസിനെതിരേ ക്രൈം ബ്രാഞ്ച് കേസെടുത്തു. ഇതിനുള്ള അനുമതി ഇന്നലെ സർക്കാർ നൽകിയിരുന്നു. മേയ് 31ന് അദ്ദേഹം വിരമിക്കാനിരിക്കെയാണ് നടപടി. ക്രൈം ബ്രാഞ്ച് എഫ്ഐആർ രജിസ്റ്റർ ചെയ്ത ശേഷം കേസ് വിജിലൻസിന് കൈമാറണം എന്നാണ് ഉത്തരവ്.

തമിഴ്നാട്ടിലെ രാജപാളയത്ത് 2001ൽ 50.33 ഏക്കർ ഭൂമി വാങ്ങി എന്ന പരാതിയിലാണ് കേസ്. തമിഴ്നാട്ടിലെ ബിനാമി സ്വത്ത് ഇടപാടിൽ ജേക്കബ് തോമസിനെതിരെ അന്വേഷണം നടത്താൻ സർക്കാർ നേരത്തേ ഉത്തരവിട്ടെങ്കിലും അദ്ദേഹം ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിരുന്നു. സ്വത്ത് വിവരങ്ങൾ വെളിപ്പെടുത്തിയപ്പോൾ രാജപാളയത്തെ ഭൂമിക്കാര്യം സർക്കാരിൽ നിന്നു മറച്ചുവച്ചെന്നും അത് അനധികൃതമായി സമ്പാദിച്ചതാണെന്നുമാണ് ക്രൈം ബ്രാഞ്ച് കണ്ടെത്തിയത്.

തമിഴ്നാട്ടിലെ ഭൂമിയെപ്പറ്റി തന്റെ 'സ്രാവുകൾക്കൊപ്പം നീന്തുമ്പോൾ' എന്ന പുസ്തകത്തിൽ ജേക്കബ് തോമസ് പരാമർശിക്കുന്നുണ്ട്. തുടർന്ന് ഈ ഭൂമി അനധികൃത സ്വത്തായി കാണണമെന്ന് ക്രൈം ബ്രാഞ്ച് ശുപാർശ നൽകി.

തുടർച്ചയായ ചട്ടവിരുദ്ധ പ്രവർത്തനങ്ങൾ ചൂണ്ടിക്കാണിച്ചു ജേക്കബ് തോമസിനെ എഡിജിപിയായി തരംതാഴ്ത്താൻ കേന്ദ്രത്തോട് ശുപാർശ ചെയ്യാൻ ജനുവരിയിൽ സർക്കാർ തീരുമാനിച്ചിരുന്നു.

1985 ബാച്ച് ഐപിഎസ് ഓഫിസറാണു ജേക്കബ് തോമസ്. സർക്കാരിനെ വിമർശിച്ചു, അനുമതിയില്ലാതെ പുസ്തകമെഴുതി, പുസ്തകത്തിൽ സർവീസ് രഹസ്യങ്ങൾ വെളിപ്പെടുത്തി തുടങ്ങിയ കാരണങ്ങളാൽ 2017 ഡിസംബർ മുതൽ സസ്പെൻഷനിലായിരുന്നു. ഇതിനിടെ സ്വയം വിരമിക്കലിന് അപേക്ഷ നൽകിയെങ്കിലും സർക്കാർ നിരസിച്ചു. അദ്ദേഹം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചപ്പോൾ തിരിച്ചെടുക്കാനായിരുന്നു ഉത്തരവ്. ഇതു സർക്കാർ നടപ്പാക്കിയെങ്കിലും ഷൊർണൂർ മെറ്റൽ ഇൻഡസ്ട്രീസ് ചെയർമാനും മാനെജിങ് ഡയറക്റ്ററും എന്ന അപ്രധാന തസ്തികയാണ് നൽകിയത്.

പുതിയ കേസെടുത്തതോടെ ജേക്കബ് തോമസിനെ വീണ്ടും സസ്പെൻഡ് ചെയ്യാനുള്ള വഴിയൊരുങ്ങി. അങ്ങനെയെങ്കിൽ സസ്പെൻഷൻ കാലത്തായിരിക്കും വിരമിക്കൽ.

സർവകലാശാലാ പരീക്ഷാ നടത്തിപ്പ് ക്രമീകരിക്കാൻ സമിതി

തിരുവനന്തപുരം: കൊവിഡ് മൂലം അവതാളത്തിലായ സർവകലാശാലാ പരീക്ഷാ നടത്തിപ്പ് ക്രമീകരിക്കുന്നതിന് സർക്കാർ സമിതിയെ നിയോഗിച്ചു. അധ്യയന നഷ്ടവും പരീക്ഷാ നടത്തിപ്പും ക്രമീകരിക്കലാണ് ആസൂത്രണ ബോർഡ് അംഗം ഡോ. ബി. ഇക്ബാൽ അധ്യക്ഷനായ ആറംഗ സമിതിയുടെ ദൗത്യം.

അധ്യയന നഷ്ടവും പരീക്ഷാ നടത്തിപ്പും ക്രമീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് നിർദേശിച്ചു. ഒരാഴ്ചയ്ക്കകം സമിതി റിപ്പോർട്ട് സമർപ്പിക്കണം. എംജി സർവകലാശാല വൈസ് ചാൻസലർ ഡോ. സാബു തോമസ്, കേരള സർവകലാശാല പ്രോ വിസി ഡോ. അജയകുമാർ, കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. നിഷാന്ത്, കാലിക്കറ്റ് സർവകലാശാല പരീക്ഷ കൺട്രോളർ ഡോ. സി.സി. ബാബു, കെടിയു ഡീൻ ഡോ. വൃന്ദ നായർ എന്നിവരാണ് അംഗങ്ങൾ.

കോവിഡും ലോക് ഡൗണും പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെ അക്കാദമിക് പ്രവർത്തനങ്ങളെ താളം തെറ്റിച്ചു. സ്കൂൾ, സർവകലാശാല എന്നിവയുടെ വിവിധ പരീക്ഷകൾ മാറ്റിവച്ചു. ജൂണിൽ പുതിയ അധ്യയന വർഷം തുടങ്ങാനാവുമോ എന്ന ആശങ്ക നിലനിൽക്കുന്നു. ഡിഗ്രി ക്ലാസുകളിലെ പരീക്ഷകൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. മൂല്യനിർണയവും ഫലപ്രഖ്യാപനവും വൈകിയതോടെ വിദ്യാഭ്യാസ മേഖല പ്രതിസന്ധിയിലാണ്.

സാഹചര്യങ്ങൾ നിയന്ത്രണ വിധേയമായാൽ മെയ് പകുതിയോടെ പരീക്ഷ തുടങ്ങാനാണ് സർക്കാർ ആലോചിക്കുന്നത്. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതി നൽകും. പരീക്ഷാ നടത്തിപ്പ് ക്രമീകരണത്തിനൊപ്പം ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കാൻ സ്ഥാപനങ്ങൾ ഭാവിയിൽ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ചും പഠനം നടത്തും.

പേരക്കുട്ടിയുടെ കൈനീട്ടം ദുരിതാശ്വാസ നിധിക്ക്

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയന്റെ പേരക്കുട്ടി ഇഷാന് വിഷുവിന് കൈനീട്ടം കിട്ടിയത് 3,510 രൂപ. ആ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകി. ഇന്നലെ സർക്കാരിന്റെ വാർത്താക്കുറിപ്പിലാണ് ഇഷാന്റെ പേര് വന്നത്. ഇഷാൻ, ക്ലിഫ് ഹൗസ് എന്നു മാത്രമേ അതിൽ പരാമർശിച്ചിട്ടുള്ളൂ. മുഖ്യമന്ത്രിയുടെ മകൾ വീണയുടെ മകനാണ് ഇഷാൻ.

വിഷുവിന് കൈനീട്ടം കിട്ടുന്നത് ദുരിതാശ്വാസ നിധിയിലേക്ക് കൊവിഡ് പ്രതിരോധത്തിന് സംഭാവന ചെയ്യണമെന്ന് മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ അഭ്യർഥിച്ചതിനെ തുടർന്ന് വിദ്യാർഥികൾ ഉൾപ്പെടെയുള്ളവരിൽ നിന്നുള്ള കൈനീട്ടം വന്നു കൊണ്ടിരിക്കുകയാണെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

മറ്റു വിഷുക്കൈനീട്ടം:

അദ്വൈത് റാം, തിരുവനന്തപുരം ₹2,556

ആദിത്യ ലക്ഷ്മി, തിരുവനന്തപുരം ₹2,025

ദുരിതാശ്വാസ നിധി

മുന്നോക്ക വികസന കോർപ്പറേഷൻ ചെയർമാൻ ആർ. ബാലകൃഷ്ണ പിള്ള ഒരുലക്ഷം രൂപ

മുതിർന്ന അഭിഭാഷകൻ രാകേഷ് ദ്വിവേദി അഞ്ചുലക്ഷം രൂപ

ഹൈക്കോടതി റിട്ട. ജഡ്ജ് ജസ്റ്റിസ് ആർ. രാജേന്ദ്രബാബു രണ്ടുലക്ഷം

മുതിർന്ന അഭിഭാഷകനും മുൻ ജഡ്ജിയുമായ വി. ഗിരി രണ്ടുലക്ഷം.

മടങ്ങുന്ന പ്രവാസികൾക്ക് സൗകര്യമൊരുക്കും: മുഖ്യമന്ത്രി

വിമാനത്താവളങ്ങൾക്കു സമീപം ക്വാറന്റൈൻ സംവിധാനം

തിരുവനന്തപുരം: വിദേശ രാജ്യങ്ങളിൽനിന്ന് വിമാന സർവീസുകൾ ആരംഭിക്കുമ്പോൾ എത്തിച്ചേരുന്ന പ്രവാസികൾക്ക് സംസ്ഥാന സർക്കാർ എല്ലാ വിധ സൗകര്യങ്ങളും ഒരുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളോടനുബന്ധിച്ചും വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തും. ഇതുസംബന്ധിച്ച തയാറെടുപ്പുകൾക്ക് ഉന്നതതല യോഗം രൂപം നൽകി.

വരുന്നവരെ പരിശോധിക്കാനും ക്വാറന്റൈൻ ചെയ്യാനുമുള്ള എല്ലാ സൗകര്യങ്ങളുമുണ്ടാകും. താമസസൗകര്യം കണ്ടെത്തി. ആശുപത്രി സംവിധാനങ്ങളും ഒരുക്കി. വരുന്നവരുടെ വിശദാംശങ്ങൾ പരിശോധിച്ച് ക്വാറന്റൈൻ ചെയ്യേണ്ട സ്ഥലം ആരോഗ്യവകുപ്പ് നിശ്ചയിക്കും. ഗതാഗത വകുപ്പ് യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തും. വിമാനത്താവളങ്ങൾക്കു സമീപം ക്വാറന്റൈൻ സൗകര്യങ്ങൾ ഒരുക്കാനുള്ള ചുമതല തദ്ദേശ വകുപ്പും പൊതുമരാമത്ത് വകുപ്പും നിർവഹിക്കും. ക്വാറന്റൈൻ സെന്ററുകളിൽ പരിശോധിച്ച് നെഗറ്റീവ് റിസൽറ്റുള്ളവരെ വീടുകളിലേക്ക് നിരീക്ഷണത്തിന് അയയ്ക്കും.

പുറത്ത് കുടുങ്ങിപ്പോയ ആളുകളെ എത്രയും വേഗം എത്തിക്കണമെന്നതാണ് താത്പര്യം. നിലവിൽ കണ്ടെത്തിയ കെട്ടിടങ്ങൾ, മുറികൾ എന്നിവയുടെ എണ്ണം തൃപ്തികരമാണ്. കൂടുതൽ കെട്ടിടങ്ങൾ കണ്ടെത്താൻ ശ്രമം തുടരുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വിദേശങ്ങളിൽ നിന്നു വരാൻ ആഗ്രഹിക്കുന്നവർ നോർക്കയിലോ എംബസി മുഖേനയോ രജിസ്റ്റർ ചെയ്യണം. വയോജനങ്ങൾ, വിസിറ്റിങ് വിസയിൽ പോയവർ, ഗർഭിണികൾ, കുട്ടികൾ, കൊവിഡ് അല്ലാത്ത ഗുരുതര രോഗങ്ങളുള്ളവർ എന്നിവരെ ആദ്യഘട്ടത്തിൽ എത്തിക്കാൻ ക്രമീകരണങ്ങൾ നടത്തണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോടും വിദേശ മന്ത്രാലയത്തോടും അഭ്യർഥിക്കും.

ജോലി നഷ്ടപ്പെടുകയോ വിസ കാലാവധി തീരുകയോ ചെയ്തവർ, ജയിൽവിമുക്തരായവർ, കോഴ്സ് പൂർത്തിയാക്കിയ വിദ്യാർഥികൾ എന്നിവരാണ് രണ്ടാം ഘട്ടത്തിൽ. മറ്റു യാത്രക്കാരെ മൂന്നാമത്തെ വിഭാഗമായി കണക്കാക്കാം. ഈ വിഷയങ്ങൾ കേന്ദ്ര വ്യോമയാന, വിദേശ മന്ത്രാലയങ്ങളുമായും വിമാനക്കമ്പനികളുമായും ചർച്ച ചെയ്ത് ധാരണയിലെത്തിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. പ്രവാസികൾക്ക് കുറഞ്ഞ നിരക്കിൽ ടിക്കറ്റ് ലഭ്യമാക്കണമെന്ന് അഭ്യർഥിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മലയാളികളെ മാത്രം തിരികെ കൊണ്ടുവരാൻ കഴിയില്ലെന്ന് കേന്ദ്രം

കൊച്ചി: കൊവിഡ് മൂലം കുടുങ്ങിപ്പോയ പ്രവാസികളെ തിരികെ കൊണ്ടുവരുന്ന കാര്യത്തിൽ ഒരു സംസ്ഥാനത്തെ മാത്രമായി പരിഗണിക്കാനാവില്ലെന്ന് കേന്ദ്ര സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. ഗൾഫിൽ കുടുങ്ങിക്കിടക്കുന്ന പ്രവാസികളെ ഉടനെ തിരികെയെത്തിക്കാൻ നിലവിൽ പദ്ധതിയില്ല. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രവാസികളുടെ കാര്യത്തിൽ വിവേചനം കാണിക്കാനാകില്ല.

നിരീക്ഷണം നടത്തി കാലയളവ് പൂർത്തിയാക്കാതെ ആരെയെങ്കിലും കൊണ്ടുവരുന്നത് പ്രശ്നങ്ങൾക്ക് കാരണമാകും. പ്രത്യേക സാഹചര്യമായതിനാൽ എല്ലാ രാജ്യങ്ങളും വിസ കാലാവധി നീട്ടിയിട്ടുണ്ട്. അതുകൊണ്ടു തന്നെ വിസ പ്രശ്നങ്ങൾ ഉണ്ടാകില്ല- കേന്ദ്രസർക്കാർ അറിയിച്ചു. കെഎംസിസി ഹൈക്കോടതിയിൽ നൽകിയ ഹർജിയിൽ കേന്ദ്രത്തോട് റിപ്പോർട്ട് തേടിയിരുന്നു. ഗൾഫ് രാജ്യങ്ങൾ ആവശ്യപ്പെടാതെ അവിടേക്ക് മെഡിക്കൽ സംഘത്തെ അയയ്ക്കാൻ കഴിയില്ല. കുടുങ്ങിക്കിടക്കുന്ന പ്രവാസികളുടെ വിശദാംശങ്ങൾ ശേഖരിക്കാനായി ഓൺലൈൻ പോർട്ടൽ ആരംഭിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും കേന്ദ്ര സർക്കാർ കോടതിയെ അറിയിച്ചു.

അതേസമയം പ്രവാസികളെ സ്വീകരിക്കാൻ കേരളം തയാറാണെങ്കിൽ അക്കാര്യം ആലോചിച്ചു കൂടെ എന്ന് കേന്ദ്രത്തോട് കോടതി ചോദിച്ചു. ഗൾഫിലേക്ക് മെഡിക്കൽ സംഘത്തെ അയയ്ക്കുന്ന കാര്യത്തിൽ കേന്ദ്രസർക്കാർ നയതന്ത്ര മാർഗങ്ങളിലൂടെ തീരുമാനമെടുക്കണമെന്നും വ്യക്തമാക്കി. കേസ് പരിഗണിക്കുന്നത് ഹൈക്കോടതി ഈ മാസം 21ലേക്ക് മാറ്റി.

അന്വേഷണത്തിന് ആധാരമായത് ലീഗ് നേതാവിന്റെ പരാതി

സച്ചിൻ വള്ളിക്കാട്

കണ്ണൂർ: മുസ്‌ലിം ലീഗ് നേതാവും അഴീക്കോട് എംഎൽഎയുമായ കെ.എം. ഷാജിക്കെതിരേ വിജിലൻസ് അന്വേഷണത്തിന് ആധാരമായത് ലീഗ് പ്രാദേശിക നേതാവിന്റെ പരാതി. അഴീക്കോട് ഹയർ സെക്കൻഡറി സ്കൂളിന് പ്ലസ് ടു അനുവദിക്കാൻ 25 ലക്ഷം രൂപ ഷാജി കൈപ്പറ്റിയെന്നു കാണിച്ച് അഴീക്കോട് മണ്ഡലം മുസ്‌ലിം ലീഗ് മുൻ വൈസ് പ്രസിഡന്റും ലീഗ് അനുകൂല അധ്യാപക സംഘടനയുടെ നേതാവുമായ നൗഷാദ് പൂതപ്പാറ 2017ൽ ലീഗ് സംസ്ഥാന കമ്മിറ്റിക്കു നൽകിയ പരാതിയാണ് ഇപ്പോൾ വിജിലൻസ് അന്വേഷണത്തിലേക്കെത്തിയത്.

സിപിഎം നേതാവും കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായ കുടുവൻ പത്മനാഭന്റെ പരാതിയിലാണ് വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചത്. നേരത്തേ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ നൗഷാദിനെ പാർട്ടിയിൽ നിന്നു പുറത്താക്കിയിരുന്നുവെങ്കിലും അധ്യാപക സംഘടനയിൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ആരോപണത്തിൽ ഉറച്ചുനിൽക്കുന്നുവെന്ന് നൗഷാദ് മാധ്യമങ്ങളോട് പറഞ്ഞു.

യുഡിഎഫ് സർക്കാരിന്റെ കാലത്താണ് കോഴ ഇടപാട് നടന്നതെന്നാണ് ആരോപണം. സ്കൂളിൽ ഹയർ സെക്കൻഡറി കോഴ്സ് അനുവദിക്കാൻ പൂതപ്പാറ ശാഖാ കമ്മിറ്റിയെ ഹൈസ്കൂൾ കമ്മിറ്റി സമീപിച്ചിരുന്നു. തുടർന്ന് നടത്തിയ ചർച്ചയിൽ പ്ലസ് ടു അനുവദിച്ചാൽ പൂതപ്പാറ ആസ്ഥാനമായി ലീഗ് ഓഫീസ് കെട്ടിടം നിർമിക്കാൻ ഒരു തസ്തികയ്ക്കു സമാനമായ തുക നൽകാമെന്ന് ഹൈസ്കൂൾ കമ്മിറ്റി ഉറപ്പുനൽകിയെന്നാണ് ആരോപണം.

സ്കൂളിൽ 2014ൽ പ്ലസ് ടു അനുവദിച്ചതിനെ തുടർന്ന് തുക നൽകാൻ സ്കൂൾ മാനെജ്മെന്റ് തീരുമാനിച്ചെന്നും എന്നാൽ ഷാജി ഇടപെട്ട് വൈകിച്ചെന്നുമാണ് ആക്ഷേപം. 2017 ജൂണിൽ സ്കൂൾ കമ്മിറ്റി ജനറൽ ബോഡിയിൽ സ്കൂൾ അനുവദിച്ചതുമായി ബന്ധപ്പെട്ട് ചെലവാക്കിയ തുകയുടെ കണക്ക് രേഖപ്പെടുത്തിയിരുന്നു. ഷാജി തുക കൈപ്പറ്റിയതായി ആരോപണം ഉയർന്നത് അതെത്തുടർന്നാണ്.

നൗഷാദ് 2017 ജൂലൈ 12ന് പാർട്ടിയുടെ അഴീക്കോട് പഞ്ചായത്ത് കമ്മിറ്റിക്കു പരാതി നൽകി. അന്വേഷിച്ചപ്പോൾ നിജസ്ഥിതി ബോധ്യപ്പെട്ടെന്നും നടപടിയെടുക്കണമെന്നും അഴീക്കോട് പഞ്ചായത്ത് ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് ഹാരിസ് അന്നത്തെ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് പി. കുഞ്ഞിമുഹമ്മദിനോട് ശുപാർശ ചെയ്തിരുന്നു.

ഹോം നഴ്സുമാരെ യാത്രാനിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കും

തിരുവനന്തപുരം: ഹോം നഴ്സുമാർ, നഴ്സിങ് അസിസ്റ്റന്റുമാർ, നഴ്സിങ് ഹെൽപർമാർ എന്നിവരെ ഏപ്രിൽ 20 ന് ശേഷം യാത്രാനിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കാൻ സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ ജില്ലാ പൊലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി. ഇവർക്ക് പ്രത്യേകം പാസുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമെന്നും ഡിജിപി വ്യക്തമാക്കി.അതേസമയം, യാത്രാ നിരോധനം ലംഘിച്ചതിന് സംസ്ഥാനത്തൊട്ടാകെ ഇന്നലെ 2581 പേർക്കെതിരെ കേസെടുത്തു. 2525 പേർ അറസ്റ്റിലായപ്പോൾ 1916 വാഹനങ്ങളും പിടിച്ചെടുത്തു.

പാർട്ടി ഷാജിക്കൊപ്പം: കുഞ്ഞാലിക്കുട്ടി

മലപ്പുറം: അഴീക്കോട് സ്കൂളുമായി ബന്ധപ്പെട്ട് കെ.എം. ഷാജി എംഎൽഎയ്ക്കെതിരായ 25 ലക്ഷത്തിന്റെ കോഴക്കേസ് അംഗീകരിക്കാനാകില്ലെന്ന് മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി എംപി. കേസ് രാഷ്ട്രീയ പ്രേരിതമാണെന്നും ലീഗിന്റെ പൂർണ പിന്തുണ ഷാജിക്കുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

പരാതിയെക്കുറിച്ച് പാർട്ടിക്കറിയില്ല. ആരോപണവുമായി ബന്ധപ്പെട്ട് പാർട്ടി സംസ്ഥാന നേതൃത്വത്തിന് ഇതുവരെ ഒരു പരാതിയും ലഭിച്ചിട്ടില്ല. പ്രതിപക്ഷ ചോദ്യങ്ങളോടുള്ള അസഹിഷ്ണുതയാണ് സംസ്ഥാന സർക്കാർ കാണിക്കുന്നത്.

അന്വേഷണത്തിന് ഉത്തരവിട്ടത് സർക്കാരിന്റെ പ്രതികാര നടപടിയാണ്. ഒരു സംശയം ചോദിച്ചാൽ മറുപടി പറയുകയാണ് വേണ്ടത്, അല്ലാതെ പ്രതികാരമല്ല. ഇത്തരം നടപടികൾ സർക്കാരിന്റെയും അന്വേഷണ ഏജൻസികളുടെയും വിശ്വാസ്യത തകർക്കും- കുഞ്ഞാലിക്കുട്ടി പറഞ്ഞു.

പിണറായിയും മോദിയും ചെയ്യുന്നത് ഒരേ കാര്യം: ചെന്നിത്തല

തിരുവനന്തപുരം: നരേന്ദ്ര മോദി ചെയ്യുന്ന അതേ കാര്യം തന്നെയാണ് രാഷ്ട്രീയ എതിരാളികൾക്കെതിരെ മുഖ്യമന്ത്രി പിണറായി വിജയനും ചെയ്യുന്നതെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. കെ.എം. ഷാജിക്കെതിരെ സർക്കാർ വിജിലൻസ് കെസെടുത്തതിനെക്കുറിച്ച് മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

തന്നെ എതിർക്കുന്നവർക്കു നേരെ ഭരണകൂടത്തെ ഉപയോഗിച്ച് എങ്ങിനെ നേരിടാമെന്നാണ് രണ്ടു പേരും ഇപ്പോൾ ആലോചിക്കുകയും നടപ്പാക്കുകയും ചെയ്യുന്നത്. ഷാജിയെയും യുഡിഎഫ് പ്രവർത്തകരെയും ഇതുകൊണ്ടൊന്നും തളർത്താമെന്ന് കരുതേണ്ട. സർക്കാരിന്റെ ജനവിരുദ്ധ നടപടികൾക്കെതിരായ പോരാട്ടം തുടരും. മൂന്ന് വർഷം മുമ്പ് ആരോ കൊടുത്ത പരാതി ഇപ്പോൾ പൊടി തട്ടിയെടുത്ത് കേസ് രജിസ്റ്റർ ചെയ്യാനുള്ള നടപടി രാഷ്ട്രീയപ്രേരിതമാണ്.

ആരുടെയെങ്കിലും കൈയിൽ നിന്ന് പരാതി എഴുതിവാങ്ങി ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്യുന്ന നടപടി ജനാധിപത്യ വിരുദ്ധമാണ്. അതിനെ നിയമപരമായും രാഷ്ട്രീയമായും നേരിടും. ഇത് സംബന്ധിച്ച് ഒരു വ്യക്തി കോടതിയിൽ പോയത് പ്രതിപക്ഷത്തിന്റെ അറിവോടെയല്ല. പോയ ആളുടെ കൈയിൽ ഏതെങ്കിലും രേഖയുണ്ടോ എന്നറിയില്ലന്നും അദ്ദേഹം പറഞ്ഞു.

സ്പ്രിംഗ്ലർ കരാർ രേഖകളും ഒപ്പും വ്യാജമെന്ന് സംശയം

കൊച്ചി: സ്പ്രിംഗ്ലർ കരാർ രേഖകളും ഒപ്പും വ്യാജമെന്ന സംശയത്തെ തുടർന്ന് കരാറിന്റെ രേഖകളുടെ പകർപ്പാവശ്യപ്പെട്ട് വി.ഡി. സതീശൻ എംഎൽഎ കത്ത് നൽകി. ഇ-മെയിൽ പകർപ്പുകളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ചീഫ് സെക്രട്ടറിക്കാണ് കത്ത്. സ്പ്രിംഗ്ലർ കമ്പനിയുമായുള്ള കരാർ രേഖകളും ഒപ്പും വ്യാജമെന്ന് സംശയിക്കുന്നതായി സതീശൻ ആരോപിച്ചു.

കരാർ കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയിലും ഹർജി. കൊവിഡ് രോഗികളുടെ വിവരശേഖരണം സർക്കാർ ഏജൻസിക്ക് കൈമാറണമെന്നാണ് ആവശ്യം. ഇതുവരെ ശേഖരിച്ച ഡാറ്റകൾ സ്പ്രിംഗ്ലറിന് കൈമാറരുതെന്നും വ്യക്തികളുടെ അനുവാദമില്ലാതെ വിവരങ്ങൾ കൈമാറരുതെന്നും ഹർജിയിൽ പറയുന്നു. അഭിഭാഷകനായ ബാലു ഗോപാൽ ആണ് ഹൈക്കോടതിയെ സമീപിച്ചത്.

മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മേടം 5 ശഅ്ബാൻ 24

2020 ഏപ്രിൽ 18 ശനി

സ്നേഹസേവനങ്ങൾക്ക് സല്യൂട്ട്; അപവാദങ്ങളും ഒഴിവാകട്ടെ

"മൃദുഭാവേ, ദൃഢകൃത്യേ" എന്നതാണു കേരള പൊലീസിന്റെ മുഖമുദ്ര. പെരുമാറ്റത്തിൽ മൃദുഭാവവും പ്രവൃത്തിയിൽ കാർക്കശ്യവുമാണു വിവക്ഷ. പൊലീസിന്റെ കൃത്യനിർവഹണത്തിൽ ബാഹ്യമായ ഏതു തരത്തിലുമുള്ള ഇടപെടലുകളും നിയമവിരുദ്ധമാണ്. അത്തരം ഇടപെടലുകൾക്ക് ഇടം നൽകാതിരിക്കാനാണു മൃദുഭാവത്തിലുള്ള ഇടപെടലുകളും കാർക്കശ്യത്തിലുള്ള നിയമ സംവിധാനവും അവർ നടപ്പാക്കുന്നത്. നടപടിക്രമങ്ങളിൽ പലപ്പോഴും ഈ മൃദുഭാവം തരിമ്പു പോലും കാണാൻ കിട്ടില്ല. പക്ഷേ, കൃത്യനിർവഹണത്തിൽ ദണ്ഡപ്രകാരമുള്ള കാർക്കശ്യങ്ങളും പതിവാണ്. അതുകൊണ്ടുതന്നെ ജനമനസുകളിൽ പൊലീസിനെക്കുറിച്ച് അത്ര മതിപ്പില്ലെന്നു മാത്രമല്ല, വെറുപ്പിന്റെ മുഖാവരണം എത്രയോ തവണ എടുത്തണിഞ്ഞിട്ടുണ്ട്, നമ്മുടെ കാക്കിപ്പട. എന്നാൽ, ഇതല്ല കേരള പൊലീസെന്നു സാധാരണക്കാരായ ജനങ്ങൾക്കു മനസിലായത് ഈ കൊറോണക്കാലത്താണ്. കാക്കിക്കുപ്പായത്തിനുള്ളിൽ മനുഷ്യത്വത്തിന്റെ എത്രയെത്ര മൃദുഭാവങ്ങളാണ് നമ്മൾ ഓരോ ദിവസവും കാണുന്നത്.

കൊവിഡ് വ്യാപനം ചെറുക്കുന്നതിൽ ഇന്ത്യക്കു മാതൃകയാണു കേരളം. ലോകമെമ്പാടുമുള്ള വിദഗ്ധരും ഭരണകർത്താക്കളുമൊക്കെ കേരളത്തിന്റെ മാതൃകാപരമായ നടപടികളെ പ്രകീർത്തിക്കുകയാണ്. ഈ നേട്ടത്തിനു നാടിനെ പ്രാപ്തമാക്കിയതു കേരള പൊലീസിന്റെ അതിസാഹസികമായ സുരക്ഷാ നടപടികളാണ്. സർവതന്ത്ര സ്വതന്ത്രരായി വിഹരിച്ചു നടന്ന ഒരു ജനതയെ, നിയമത്തിന്റെ കാർക്കശ്യത്തിലേക്കു കൂട്ടിക്കൊണ്ടു വന്ന്, കാര്യമായ അനിഷ്ടസംഭവങ്ങളൊന്നുമുണ്ടാക്കാതെ, വീടകങ്ങളിൽ ലോക്ക് ചെയ്തു എന്നതാണു പൊലീസിന്റെ വലിയ നേട്ടം. ഇങ്ങനെ അടച്ചിട്ട ജനങ്ങളെ അതോടെ കൈവിടുകയായിരുന്നില്ല അവർ ചെയ്തത്. വീടുകളിലും മറ്റു താമസസ്ഥലങ്ങളിലും കുടുങ്ങിപ്പോയ ലക്ഷക്കണക്കിന് ആളുകളുടെ നാനാവിധത്തിലുള്ള ആവശ്യങ്ങളെല്ലാം സഹോദരതുല്യമായ സ്നേഹവായ്പോടെയാണു പൊലീസ് നിറവേറ്റിക്കൊടുക്കുന്നത്.

ഗുരുതരമായി രോഗം ബാധിച്ചവർക്കു മരുന്ന്, ആശുപത്രി സേവനം ആവശ്യമുള്ളവർക്ക് ആംബുലൻസ് അടക്കമുള്ള സഹായങ്ങൾ, ആഹാരം കിട്ടാത്തവർക്കെല്ലാം സമൂഹ അടുക്കള വഴി ഭക്ഷണപ്പൊതി, ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവശ്യമായ മുഴുവൻ സൗകര്യങ്ങളും, ഗർഭിണികൾ, കുട്ടികൾ, വയോവൃദ്ധർ തുടങ്ങിയവർക്ക് മതിയായ സംരക്ഷണം തുടങ്ങി പൊലീസിന്റെ ജനമൈത്രീമുഖം കണ്ടു ജനങ്ങൾ കൃതജ്ഞതാഭരിതരായി നിൽക്കുന്ന അവസരമാണിത്. കൊവിഡ് വ്യാപനം അതിതീവ്രമെന്നു പ്രഖ്യാപിച്ചിരിക്കുന്ന കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പൊലീസ് ഉദ്യോഗസ്ഥർ സ്വന്തം വീടും നാടും ജീവനും ജീവിതവുമൊക്കെ മറന്നു ജനങ്ങളുടെ സുരക്ഷയ്ക്കു സദാ ജാഗരൂകരായി നിലകൊള്ളുന്നു. സ്വയം കൊവിഡ് 19ന് ഇരകളാവാനുള്ള സാധ്യതയുള്ളപ്പോഴും ജനങ്ങളുടെ ജീവനു കാവൽ നിൽക്കുന്നവരാണു തങ്ങളെന്ന ബോധമാണ് അവരെ രാവും പകലുമില്ലാതെ സേവന തത്പരരായി ജനങ്ങൾക്കിടയിൽ നിലനിർത്തുന്നത്.

ജനകീയ ആവശ്യങ്ങൾക്കു മാത്രമല്ല, അത്യാവശ്യ അവസരങ്ങളിൽ വകതിരിവോടെ പ്രവർത്തിക്കാനും തങ്ങൾക്കാകുമെന്ന് തെളിയിച്ചു, കൊച്ചി നഗരത്തിലെ ഒരു ഉന്നത പൊലീസ് ഉദ്യോഗസ്ഥനും അദ്ദേഹത്തിന്റെ സഹായികളും. ഗർഭിണിയായ സഹോദരിയെ ആശുപത്രിയിൽ ഹാജരാക്കി പരിശോധന പൂർത്തിയാക്കി മടങ്ങുന്നതിനിടെ പഞ്ചറായിപ്പോയ കാറിന്റെ വീൽ മാറിയിടാൻ ശ്രമിച്ച ശ്യാം എന്ന യുവാവിനു സഹായ ഹസ്തം നീട്ടിയത് കൊച്ചി സിറ്റി അഡ്മിനിസ്ട്രേഷൻ ഡെപ്യൂട്ടി പൊലീസ് കമ്മിഷണർ പി.എൻ. രമേശ്. ഏഴുമാസം ഗർഭിണിയായ യുവതിയെ റോഡിന്റെ അരികിലേക്കു മാറ്റി നിർത്തി ഒറ്റയ്ക്കു ടയർ മാറ്റിയിട്ട ശ്യാമിനോട് യാത്രാരേഖകളും തിരിച്ചറിയൽ രേഖകളും പൊലീസിന്റെ യാത്രാ പാസുമൊന്നുമായിരുന്നില്ല ഡിസിപി ആവശ്യപ്പെട്ടത്. വഴിയിൽ സംഭവിച്ചത് എന്താണെന്നു ചോദിച്ചറിഞ്ഞ ശേഷം, അപകടത്തിൽ നിന്നു രക്ഷപെടുത്തി അവരെ സുരക്ഷിതമായി തിരികെ വിടാനുള്ള കൈത്താങ്ങാകുകയായിരുന്നു. പൊലീസ് വേഷത്തിൽ തന്നെ ഇവർ ശ്യാമിനൊപ്പം ടയർ മാറ്റിയിട്ടു. വേറിട്ട ഇത്തരം പൊലീസ് കാഴ്ചകൾക്കു കൊടുക്കണം, മനുഷ്യപ്പറ്റിന്റെ ഒന്നാന്തരമൊരു സല്യൂട്ട്!

അപ്പോഴും ഒറ്റപ്പെട്ട ചില സംഭവങ്ങൾ അപവാദമായുണ്ട് എന്നു പറയാതിരിക്കാനും വയ്യ. കൊല്ലം റൂറൽ പൊലീസിനു കീഴിൽ വരുന്ന കുളത്തുപ്പുഴയിലും പുനലൂരിലും കഴിഞ്ഞ ദിവസം നടന്ന സംഭവങ്ങൾ ഉദാഹരണങ്ങൾ. മൂത്രത്തിൽ പഴുപ്പ് ബാധിച്ചു പുനലൂർ താലൂക്ക് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഇഎസ്എം കോളനിയിലെ പി.ജി. ജോർജ് എന്നയാളെ മകൻ റോയി അര കിലോമീറ്ററോളം ചുമലിലെടുത്തു നടന്നു വന്ന കാഴ്ച ആരുടെയും മനസലിയിക്കും. അച്ഛനെയും കയറ്റിവന്ന ഓട്ടൊറിക്ഷയ്ക്കു യാത്രാരേഖകളില്ലെന്ന കാരണം പറഞ്ഞു പൊലീസ് തടഞ്ഞിട്ടതാണു റോയിയെക്കൊണ്ട് ഈ സാഹസം ചെയ്യിക്കാൻ ഇടയാക്കിയത്. സംഭവത്തെക്കുറിച്ച് അറിഞ്ഞ മനുഷ്യാവകാശ കമ്മിഷൻ സ്വമേധയാ എടുത്ത കേസിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടക്കുകയാണിപ്പോൾ. കണ്ണൂരിൽ ജില്ലാ പൊലീസ് സൂപ്രണ്ട് യതീഷ് ചന്ദ്ര, മൂന്നു പേരെ പൊതുനിരത്തിൽ നിരത്തിനിർത്തി ഏത്തമിടീച്ച സംഭവത്തിൽ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ കടുത്ത അമർഷം രേഖപ്പെടുത്തിയതും മറക്കാറായിട്ടില്ല. കോവിഡ് കാലത്തെ കേരള പൊലീസിന്റെ ഏറ്റവും അഭിനന്ദനീയമായ പ്രവർത്തനങ്ങളെ താഴ്ത്തിക്കെട്ടുന്നതാണ് ഇത്തരം സംഭവങ്ങൾ. അതിനു കൂടി തടയിടാൻ കഴിഞ്ഞാൽ, കൊവിഡ് പ്രതിരോധം പോലെ തന്നെ അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റുന്നതാവും കേരള പൊലീസിന്റെ പ്രതിച്ഛായയും.

മെട്രോ ക്വിസ്

1. 'രാജ്മോഹന്റെ ഭാര്യ (Rajmohan's Wife)' ഒരു ഇന്ത്യക്കാരനെഴുതിയ ആദ്യ ഇംഗ്ലീഷ് നോവലായി കരുതപ്പെടുന്നു. ആരാണ് എഴുത്തുകാരൻ?
2. നാം മുന്നോട്ട് എന്ന ഗ്രന്ഥം രചിച്ചതാര് ?
3. ദ ഹിന്ദു വേ' എന്നത് ആരുടെ പുതിയ പുസ്തകമാണ് ?
4. ഇന്ത്യ ഇൻ ദി ന്യൂസ് മില്ലേനിയം എന്ന പുസ്തകം രചിച്ച വ്യക്തി ആരാണ്?
5. 2019ലെ ജ്ഞാനപീഠ പുരസ്കാരം ലഭിച്ച മലയാള സാഹിത്യകാരൻ?

ഉത്തരങ്ങൾ

1. ബങ്കിം ചന്ദ്ര ചാറ്റർജി
2. കെ.പി. കേശവമേനോൻ
3. ശശി തരൂർ
4. ഡോ. രാമചന്ദ്രഗുഹ
5. അക്കിത്തം അച്യുതൻ നമ്പൂതിരി

മലയാളിയുടെ രോഗങ്ങൾ എവിടെപ്പോയി ?

ഡോ. മനോജ് വെള്ളനാട്

(തിരുവനന്തപുരം മെഡിക്കൽ കൊളെജ്)

"മലയാളിയ്ക്കിപ്പോ രോഗമൊന്നുമില്ലേ? ആശുപത്രികളിലെങ്ങും ആരുമില്ലല്ലോ. ഇത്രയും ദിവസങ്ങളായിട്ട് ടെസ്റ്റുകൾ നടത്താത്തതുകൊണ്ടും ഡോക്റ്ററെ കാണാത്തതുകൊണ്ടും ആർക്കും ഒരു പ്രശ്നവുമില്ല. ഹാർട്ടറ്റാക്കുകളും ഇല്ല. ആൻജിയോപ്ലാസ്റ്റിയും ബൈപാസും ചെയ്യാത്തതുകൊണ്ട് ആരും മരിക്കുന്നുമില്ല. അപ്പൊ എല്ലാം നമ്മുടെ തോന്നൽ മാത്രമായിരുന്നില്ലേ?"

കൊറോണയെക്കാൾ വേഗത്തിൽ വാട്സ്ആപ്പിലും ഫേസ്ബുക്കിലും വൈറലാകുന്ന ഒരു മെസേജിന്റെ സാരാംശമാണിത്. കേരളത്തിലെ ഒരു രീതി വച്ചിട്ട് പറഞ്ഞാൽ, ആശുപത്രികളിൽ വരുന്ന എല്ലാവർക്കും അസുഖം ഉണ്ടാവണമെന്നില്ല. രോഗികളായി വരുന്നവർക്ക് തന്നെ ചിലപ്പോൾ ചെറിയ ബുദ്ധിമുട്ടുകളോ ഒരു ചികിത്സയും ഇല്ലാതെ മാറുന്ന പ്രശ്നങ്ങളോ ആയിരിക്കാം ഉണ്ടായിരുന്നത്. അങ്ങനെയുള്ളവർ പക്ഷെ ന്യൂനപക്ഷമാണ്. അവരെ മാറ്റി നിർത്തിയാൽ ഭൂരിപക്ഷവും യഥാർത്ഥ, ചികിത്സ ലഭ്യമാക്കേണ്ട രോഗികൾ തന്നെയാണ്. അല്ലാതെ ഇത്തരം വാചാടോപ സന്ദേശങ്ങളിൽ പറയുന്നതുപോലെ മലയാളികൾക്കെല്ലാം രോഗമുണ്ടെന്നത് അവരുടെ വെറും തോന്നലല്ല.

എങ്കിൽ എന്തുകൊണ്ടാണ് ഇപ്പോൾ ആശുപത്രികളിൽ രോഗികൾ കുറവ്?

1. കേരളം ജീവിതശൈലി രോഗങ്ങളുടെ തലസ്ഥാനമാണ്. കൂടുതൽ രോഗികളും പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, തൈറോയ്ഡ് രോഗങ്ങൾ, അപസ്മാരം, പിന്നെ ഇതിന്റെയെല്ലാം സങ്കീർണ്ണതകളും ഒക്കെ ആയിട്ട് വരുന്നവരാണ്.

ഈ സങ്കീർണ്ണതകൾ എന്ന് പറഞ്ഞാൽ വൃക്കത്തകരാറ് വന്ന് ഡയാലിസിസ് ചെയ്യേണ്ടി വരിക, ഹൃദയസ്തംഭനം ഉണ്ടാവുക, പക്ഷാഘാതം വരിക, കാലിൽ ഉണങ്ങാത്ത വ്രണങ്ങൾ വരുക, ബ്ലഡ് ഷുഗർ പെട്ടെന്ന് കൂടി ഡയബറ്റിക് കീറ്റോ അസിഡോസിസ് പോലുള്ള അവസ്ഥയിലേക്ക് പോവുക ഒക്കെയാണ്. അങ്ങനെ ഉണ്ടാവുന്നവരെല്ലാം ഇപ്പോഴും ആശുപത്രിയിൽ വരുന്നുണ്ട്. വലിയ സങ്കീർണതകളിലേക്ക് പോകാത്തിടത്തോളം ഇവയിൽ മിക്കവയയ്ക്കും പ്രത്യേകിച്ചും രോഗലക്ഷണങ്ങളുണ്ടാവില്ല. അതുകൊണ്ട് എല്ലാവരും വീട്ടിൽ തന്നെ ഇരിക്കുവാണ്. അവർ അവരുടെ ആശുപത്രി സന്ദർശനം കുറച്ചുനാളത്തേക്ക് നീട്ടിവെച്ചിരിക്കുന്നു എന്ന് മാത്രമാണ് അതിനർത്ഥം.

2. മദ്യപാനമില്ലാ, വാഹനങ്ങൾ പുറത്തിറക്കുന്നത് കുറവ്, റോഡുകളിൽ ആളും കുറവ് - അതുകൊണ്ടു വാഹനാപകടങ്ങൾ നന്നേ കുറഞ്ഞു.

3. കൺസ്ട്രക്ഷൻ ജോലികൾ നടക്കാത്തതിനാൽ ജോലി സ്ഥലങ്ങളിൽ നിന്നുള്ള അപകടങ്ങളും വളരെ കുറവാണ്.

4. ക്യാൻസറിന്റേത് ഒഴികെയുള്ള എല്ലാ ഇലക്റ്റീവ് സർജറികളും മാറ്റിവച്ചു.

5. ഒരു രോഗി ആശുപത്രിയിൽ അഡ്മിറ്റ് ആയാൽ കാണാൻ വരുന്ന ബന്ധുജനങ്ങളുടെയും നാട്ടുകാരുടെയും തിരക്ക് ഇപ്പോഴില്ല. മിക്ക ആശുപത്രികളിലെയും തിരക്കിന്റെ പകുതിയിലധികവും രോഗികളുടെ കൂടെ വരുന്നവർ ഉണ്ടാക്കുന്നതാണ്.

6. അടുത്ത് എവിടെയെങ്കിലും കല്യാണത്തിന് പോയിട്ട് വരുമ്പോഴോ വെറുതെ പുറത്തിറങ്ങിയപ്പോഴോ ഒന്ന് ബിപി ചെക്ക് ചെയ്തേക്കാം എന്ന് കരുതി ആശുപത്രിയിൽ കയറിയിറങ്ങുന്നവരും ഇപ്പോൾ വരാറില്ല.

പിന്നെയതിലുള്ള വന്ന വേറൊരു പരാമർശം, 'ഇപ്പോൾ ഹൃദ്രോഗം വന്ന് ആരും മരിക്കുന്നില്ല, ആർക്കും പക്ഷാഘാതം വരുന്നില്ലേ' എന്നൊക്കെ ആയിരുന്നു.

ഉത്തരം: വരുന്നുണ്ട്. ഈ പറഞ്ഞവയൊന്നും വൈറസോ പ്രളയമോ വന്നതുകൊണ്ട് പേടിച്ചു പോകുന്ന രോഗങ്ങളൊന്നുമല്ല. ആർക്കും, ആ വ്യാജസന്ദേശം എഴുതിയുണ്ടാക്കിയ ആളിനുൾപ്പെടേ, എപ്പൊ വേണേലും വരാവുന്നവയാണ്. ഈ അസുഖങ്ങളുമായി ഇപ്പോഴും രോഗികൾ ആശുപത്രികളിൽ എത്തുന്നുണ്ട്, അവർക്ക് ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ചികിത്സകൾ കിട്ടുന്നുണ്ട്, കുറച്ചു പേർ മരിച്ചു പോകുന്നുമുണ്ട്. ആശുപത്രികളിൽ ധാരാളം എമർജൻസി ഓപ്പറേഷനുകളും നേരത്തെ പോലെ തന്നെ നടക്കുന്നുണ്ട്. വാട്സ്ആപ്പിലും ഫേസ്ബുക്കിലും മാത്രം ജീവിക്കുന്നവർ ഇതൊന്നും അറിയുന്നില്ല എന്നേ ഉള്ളു. അതറിയണമെങ്കിൽ ആശുപത്രിയിൽ തന്നെ പോണം.

ചിട്ടയോടെ കാര്യങ്ങൾ നീക്കണം

കൊവിഡാനന്തര നാളുകളിൽ അഭിമുഖീകരിക്കാൻ പോകുന്ന വലിയ വെല്ലുവിളികളിലൊന്നാണ് ജീവിത ശൈലീ രോഗങ്ങളുടെ വർദ്ധനവും നിയന്ത്രണമില്ലായ്മയും. അത് ഓരോരുത്തരുടെയും ആരോഗ്യത്തെ മാത്രമല്ലാ, ആകെ തളർന്നിരിക്കുന്ന ആരോഗ്യമേഖലയെ തന്നെ തളർത്തും.

ഇപ്പോൾ ആശുപത്രികളിൽ തിരക്കില്ലാത്തത് രോഗങ്ങളില്ലാത്തതു കൊണ്ടല്ലാ, നേരത്തെ പറഞ്ഞ പോലെ അവരെല്ലാം ആശുപത്രി സന്ദർശനം നീട്ടി വയ്ക്കുന്നത് കൊണ്ടാണ്. പ്രമേഹത്തിനും ഹൈപ്പർടെൻഷനും കൊളസ്ട്രോൾ കൂടുന്നതിനുമൊന്നും പ്രത്യേക ലക്ഷണങ്ങൾ വേണമെന്നില്ലല്ലോ.

ദീർഘനാൾ ജീവിതശൈലി രോഗങ്ങൾക്ക് കൃത്യമായി മരുന്നു കഴിക്കാതിരിക്കുകയും കൃത്യമായി ഫോളോ അപ് ചെയ്യാതിരിക്കുകയും പരിശോധനകൾക്ക് വിധേയരാകാതിരിക്കുകയും ചെയ്യുന്നത് ചിലപ്പോൾ കാര്യങ്ങൾ കൂടുതൽ വഷളാക്കും.

ജീവിതശൈലീ രോഗങ്ങൾക്കും അപസ്മാരത്തിനും തൈറോയ്ഡ് രോഗങ്ങൾക്കും മാനസിക രോഗങ്ങൾക്കും മരുന്നു കഴിക്കുന്നവർ ഒരു കാരണവശാലും അതു മുടക്കരുത് . അങ്ങനെയുള്ളവർ നേരിട്ട് ഡോക്ടറെ കാണാൻ പറ്റിയില്ലെങ്കിലും ടെലിമെഡിസിൻ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക.

വീട്ടിൽ ബി പി അപ്പാരറ്റസ്, ഗ്ലൂക്കോമീറ്റർ ഒക്കെ ഉള്ളവർ ഇടയ്ക്കൊന്ന് ചെക്ക് ചെയ്യണം. കൂടുതലെങ്കിൽ ഡോക്റ്ററുടെ സഹായം തേടുക. ഭക്ഷണത്തിലെ നിയന്ത്രണം, വീട്ടിൽ തന്നെ ചെയ്യാവുന്ന വ്യായാമങ്ങൾ ഒക്കെ ചെയ്യണം. ലോക്ക് ഡൗൺ കാലത്ത് ശരീരഭാരം അമിതമായി കൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

ഇതുവരെയും പ്രമേഹമോ രക്ത സമ്മർദ്ദമോ ഇല്ലാത്ത ചെറുപ്പക്കാർ ഉൾപ്പെടെയുള്ളവർ ലോക്ക് ഡൗൺ കഴിയുമ്പോഴേക്കും ഇതൊക്കെ ഒന്ന് പരിശോധിക്കുന്നത് നല്ലതായിരിക്കും.

നമ്മുടെ നാട്ടിൽ അടുത്തുണ്ടാകാൻ പോകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ കൊവിഡിന്റെ വ്യാപനത്തെ എത്രത്തോളം സ്വാധീനിക്കുമെന്നത് കണ്ടറിയേണ്ടതാണ്. വേനൽക്കാലത്തെ ഉഷ്ണം രോഗവ്യാപനത്തിനെ സ്വാധീനിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല.

എന്നാൽ ഒരു മാസം കഴിയുമ്പോൾ വരാൻപോകുന്ന ഇടവപ്പാതി ചിലപ്പോൾ കാര്യങ്ങളെ കീഴ്മേൽ മറിക്കാൻ സാധ്യതയുണ്ട്. അത് കൊവിഡിന്റെ രോഗവ്യാപനത്തെ നേരിട്ട് സ്വാധീനിച്ചില്ലെങ്കിൽ പോലും, നിലവിൽ തളർന്ന ആരോഗ്യ മേഖലയെ ഡെങ്കിപ്പനിയും ചിക്കൻ ഗുനിയയും എലിപ്പനിയും പോലുള്ള രോഗങ്ങൾ കൂടി വരുമ്പോൾ കൂടുതൽ തളർത്താൻ തന്നെയാണ് സാധ്യത. അതുകൊണ്ട് ഇപ്പോഴേ ആവശ്യം വേണ്ട കൊതുകുനിവാരണ പരിപാടികളും പരിസര ശുചീകരണ മാർഗങ്ങളും നമ്മൾ സ്വീകരിക്കണം.

ഓർക്കണം, സമൂഹത്തിലെ വലിയൊരു വിഭാഗത്തിന് ജീവിത ശൈലിരോഗങ്ങൾ വരുന്നത് ദൗർഭാഗ്യകരമാണ്. ദുർബലരാക്കും നമ്മെ അത്. കൊറോണയെ നമ്മൾ ഈസിയായി റ്റാറ്റാ ബൈ ബൈ പറഞ്ഞുവിടും. പക്ഷേ ഇതൊക്കെ ആയിരിക്കും ഏറ്റവും വലിയ ദുരന്തം ആകുന്നത്. അങ്ങനെയുണ്ടാവാതിരിക്കാൻ നമ്മൾ ഇപ്പോഴേ ജാഗ്രതയോടെ ശീലങ്ങളിൽ വ്യത്യാസം വരുത്തുക തന്നെ വേണം.

ഇനിയും ഭാഷകൾ പഠിക്കണോ ?

നീരജ ജാനകി / മുരളി തുമ്മാരുകുടി

'നിങ്ങളിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതെന്താണ്?'

'വായിക്കുന്നു'..

'എങ്ങനെയാണ് നിങ്ങൾ വായിക്കുന്നതെന്നറിയാമോ?'

'എഴുതിയിരിക്കുന്നത് നോക്കി അങ്ങ് വായിക്കുന്നു !'

ശരിയാണ്, പക്ഷെ എങ്ങനെയാണ് നിങ്ങൾക്ക് വായിക്കാൻ പറ്റുന്നത് ?

ഭാഷ അറിയാവുന്നത് കൊണ്ട്, ഭാഷ എന്ന് പറഞ്ഞാൽ അക്ഷരങ്ങളും വാക്കുകളും ഒക്കെയുള്ള ഭാഷ.

പ്രകൃതിയിൽ മനുഷ്യൻ മാത്രം ചെയ്യുന്നതും സ്വയബുദ്ധികൊണ്ട് മനുഷ്യൻ കണ്ടെത്തിയതുമായ ഒരു ആശയവിനിമയോപാധിയാണ് അക്ഷരങ്ങൾ ഉള്ള ഭാഷ. ഒരു തരത്തിൽ പറഞ്ഞാൽ മനുഷ്യകുലത്തിന്റെ പുരോഗതിക്കും കുതിച്ചു ചാട്ടത്തിനും അടിസ്ഥാനമായിട്ടുള്ളത് എഴുതപ്പെട്ട ഭാഷയാണ്. അതുള്ളതുകൊണ്ടാണ് ഒരു തലമുറ ആർജ്ജിച്ച അറിവുകൾ അവർ കാണാത്ത മറ്റൊരു തലമുറയിലേക്കും ഒരു ദേശത്തുള്ളവർ അറിഞ്ഞ പാഠങ്ങൾ അവർ പോയിട്ടില്ലാത്ത ദേശത്തും എത്തിക്കാൻ പറ്റിയത്.

ഇപ്പോൾ നമുക്ക് സ്വാഭാവികമായും നിസാരമായും തോന്നുമെങ്കിലും എഴുത്തും വായനയും ഒന്നും അത്ര നിസാരമല്ല. ആദ്യം അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് അവയെ വാക്കുകളായും പിന്നീട് വാക്യങ്ങളായും നമ്മുടെ തലച്ചോർ കോഡുചെയ്യുന്നു. അർത്ഥം ഗ്രഹിക്കുന്നു (Comprehension). ഇതിന് ആദ്യമായി അക്ഷരങ്ങൾ അറിയണം, വാക്കുകൾ അറിയണം, വാക്കുകളുടെ അർത്ഥങ്ങൾ അറിയണം. അറിയാത്ത ഒരു ഭാഷയിലെ പുസ്തകം നമുക്ക് തീർത്തും ഉപയോഗശൂന്യമാണല്ലോ. വായന മാത്രമല്ല, സംഭാഷണങ്ങളിൽ, എഴുത്തിൽ, എല്ലാംതന്നെ ഭാഷ ഉപയോഗിക്കുമ്പോൾ തലച്ചോറിലെ വിവിധ ഭാഗങ്ങൾ ഒരേ സമയം ആക്റ്റീവായിരിക്കും.

എന്തിനാണ് പുതിയ ഭാഷ പഠിക്കുന്നത് ?

മാതൃഭാഷ കൂടാതെ പുതിയ ഭാഷകൾ പഠിക്കുന്നതുകൊണ്ട് പലതുണ്ട് ഗുണങ്ങൾ. തീർച്ചയായും ഇത്തരം ട്രെയിനിങ്ങുകൾ മനുഷ്യന്റെ ബൗദ്ധിക വികാസത്തെ ഉത്തേജിപ്പിക്കുന്നു. രണ്ടു ഭാഷകൾ അറിയുന്നവരുടെ (Bilingual people) വൈജ്ഞാനിക കഴിവുകൾ (cognitive abilities) ഒരൊറ്റ ഭാഷാമാത്രം അറിയുന്നവരുടേതിലും (Monolingual people) കൂടിയിരിക്കുമെന്നാണ് പഠനങ്ങൾ പറയുന്നത്. പുതിയ കാര്യങ്ങൾ പഠിച്ചെടുക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കാനുമുള്ള കഴിവുകൾ ഇവർക്ക് കൂടുതലായിരിക്കും. ഇതുകൊണ്ടുതന്നെ, കുട്ടികൾക്ക് മാതൃഭാഷമാത്രമല്ല, കഴിയുന്നത്ര ഭാഷകൾ പഠിക്കാനുള്ള അവസരമുണ്ടാക്കണം. പുതിയ ഏതൊരുകാര്യവും മുതിർന്നവരെ അപേക്ഷിച്ച് കുട്ടികൾ വളരെവേഗത്തിൽ പഠിക്കുന്നതായി കാണാം. ഭാഷയുടെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല.

ബൗദ്ധികമായുണ്ടാകുന്ന മാറ്റങ്ങൾക്ക് പുറമെ കൂടുതൽ ഭാഷകളിൽ പ്രാവീണ്യം നേടുന്നതുകൊണ്ട് കൈവരിക്കാവുന്ന സാമൂഹികവും സാംസ്കാരികവുമായ നേട്ടങ്ങളുണ്ട്. അവയെന്തൊക്കെയാണ്? ഏതുഭാഷ പഠിക്കണം? എന്തൊക്കെയാണ് മാർഗങ്ങൾ?

ഭാഷയെന്നത് ഒരു ആശയവിനിമയോപാധി എന്നതിനപ്പുറം അതു പ്രചാരത്തിലിരിക്കുന്ന സംസ്കാരത്തെക്കൂടി ഉൾക്കൊള്ളുന്നുണ്ട്. അതായത്, പുതിയൊരു സംസ്കാരത്തെ അറിയാനും എക്സ്പീരിയൻസ് ചെയ്യാനുമുള്ള പാസ്‌വേർഡാണ് ഭാഷ. അറിവുകളെ പരിപോഷിപ്പിക്കുകയും ചിന്തയുടെ ചക്രവാളങ്ങൾ വലുതാക്കുകയും ചെയ്യും. നിങ്ങളെ കൂടുതൽ യാത്രചെയ്യുവാൻ പ്രേരിപ്പിക്കും. നിങ്ങളുടെ യാത്രകൾ എളുപ്പമാക്കും.

തൊഴിൽ സാധ്യതയാണ് മറ്റൊന്ന്. കൂടുതൽ ഭാഷകളറിഞ്ഞിരുന്നാൽ തീർച്ചയായും നിങ്ങളുടെ തൊഴിൽ സാധ്യത കൂടും. ജോലിക്കായി വിദേശരാജ്യങ്ങളിലെത്തുമ്പോൾ അവരുടെ ഭാഷയിൽ കമ്മ്യൂണിക്കേറ്റ് ചെയ്യാൻ സാധിക്കണം. കൂടുതൽ മലയാളികളും ചെറുപ്പംമുതൽ പഠിക്കുന്നൊരു വിദേശഭാഷയാണ് ഇംഗ്ലീഷ്. കൂടാതെ അന്താരാഷ്ട്രതലത്തിൽ ഏറ്റവും പ്രധാനപ്പെട്ട വ്യവഹാരഭാഷകളിലൊന്നാണിത്. യു.കെ, യുണൈറ്റഡ് സ്റ്റേറ്റ്സ്, ഓസ്ട്രേലിയ, ന്യൂസീലൻഡ്, ക്യാനഡ, സിങ്കപ്പൂർ തുടങ്ങി ലോകത്തെ ഏതാണ്ട് അൻപതിലധികം രാജ്യങ്ങളിൽ ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയാണ്.

പക്ഷെ, മലയാളികൾ സാധാരണ പഠിക്കാത്ത ഭാഷകൾ ആണ് ഫ്രഞ്ചും സ്പാനിഷും. ഫ്രാൻസ്, സ്വിറ്റ്സർലൻഡ്, ക്യാനഡ, ബെൽജിയം തുടങ്ങി ഇരുപത്തിയൊൻപതോളം രാജ്യങ്ങളിൽ ഫ്രഞ്ച് പ്രധാന ഭാഷയാണ്. യൂറോപ്പിലും അമെരിക്കയിലുമായി (സൗത്ത് അമെരിക്കയും നോർത്ത് അമെരിക്കയും കൂടി) ഇരുപതോളം രാജ്യങ്ങളിലെ പ്രധാന ഭാഷയാണ് സ്പാനിഷ്. ജർമ്മനി, ലെചെൻസ്റ്റെറ്റെൻ, സ്വിറ്റ്സർലൻഡ്, ഓസ്ട്രിയ, ബെൽജിയം, ലെക്സെംബർഗ് എന്നിവിടങ്ങളിൽ ജർമൻ പ്രധാന ഭാഷയാണ്. പൊതുവെ മലയാളികൾക്ക് ഈ രാജ്യങ്ങളിൽ ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിലെപ്പോലെ അവസരങ്ങൾ കിട്ടാറില്ല, അതിന്റെ പ്രധാന കാരണം ഭാഷയുടെ അഭാവമാണ്.

തൊഴിൽ പോലെത്തന്നെ വിദേശത്ത് ഉപരിപഠനത്തിനാഗ്രഹിക്കുന്നവർക്കും ഭാഷ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. സാധാരണയായി വിദേശത്ത് വിദ്യാഭ്യാസത്തിനായി അപേക്ഷിക്കുമ്പോൾ പഠനം ഏതുഭാഷയിലാണോ, ആ ഭാഷയിൽ നിങ്ങൾക്കുള്ള വൈദഗ്ധ്യം അളക്കേണ്ടിവരും. ജർമ്മനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലെ സർവകലാശാലകൾ ജർമൻ, ഫ്രഞ്ച് ഭാഷകളുടെ അടിസ്ഥാന തലം അറിഞ്ഞിരിക്കാൻ ആവശ്യപ്പെടുന്നുണ്ട്. ഈ ഭാഷകളിൽ നിങ്ങൾക്ക് വൈദഗ്ധ്യമുണ്ടെങ്കിൽ പ്രവേശന സാധ്യതകൂടും. ജർമനിപോലുള്ള രാജ്യങ്ങളിൽ English taught പ്രോഗ്രാമുകൾ പഠിക്കണമെന്നുള്ളവർക്കും ജർമൻ അറിയുമെങ്കിൽ മുൻഗണന ലഭിക്കാം.

മറ്റുള്ള ഭാഷകൾ പഠിച്ചാലുള്ള മറ്റൊരു ഗുണം എന്നത് ആ രാജ്യത്തെ എഴുത്തുകളും സിനിമകളും ഒക്കെ നന്നായി ആസ്വദിക്കാമെന്നതാണ്. ഫ്രഞ്ച് സിനിമകൾ ഏറെ പേരുകേട്ടതാണ്, കൊറിയൻ സിനിമകളും. പക്ഷെ അവരുടെ ഭാഷ അറിഞ്ഞാൽ മാത്രമേ പൂർണ്ണമായി അത് ആസ്വദിക്കാൻ പറ്റൂ. ലോകത്തെ എത്രയോ ഭാഷകളിൽ അസാമാന്യരായ എഴുത്തുകാർ ഉണ്ട്, നോബൽ സമ്മാനം കിട്ടിയവർ ഉൾപ്പടെ. അവരുടെ പുസ്തകം വായിക്കാൻ വേണ്ടി മാത്രം ഭാഷ പഠിക്കണം എന്നല്ല പറയുന്നത്, മറിച്ച് മറ്റു ഭാഷകൾ പഠിച്ചാൽ അവരുടെ പുസ്തകങ്ങൾ അതിന്റെ പൂർണ അർഥത്തിൽ ആസ്വദിക്കാൻ പാട്ടും. 'എന്റെ പൊന്നും കുടം' എന്ന് കേൾക്കുമ്പോൾ ഉണ്ടാകുന്ന വികാരമല്ലല്ലോ 'മൈ ഗോൾഡ് പോട്ട്' എന്ന തർജ്ജുമയിൽ ഉണ്ടാകുന്നത്.

അൽപ്പം അതിശയം തോന്നാമെങ്കിലും, പഠിക്കുകയാണെങ്കിൽ കൂടുതൽ സാധ്യതകളുള്ളൊരു ഭാഷയാണ് ചൈനീസും (Mandarin) ജാപ്പനീസും. എന്തുകൊണ്ട് ചൈനീസ്? അതിവേഗം വളരുന്ന ഇക്കോണമിയാണ് ചൈനയുടേത്. വരുംകാലങ്ങളിൽ വ്യാവസായിക/തൊഴിൽ രംഗങ്ങളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങൾ കൂടിവരുമെന്നുതന്നെ പ്രതീക്ഷിക്കാം. ഇങ്ങനെയൊരു സാധ്യത മുന്നിൽക്കണ്ടാൽ, ചൈനീസ് ഭാഷ നല്ലൊരു ഓപ്ഷനാണ്. ജാപ്പനീസ് ആണ് മറ്റൊന്ന്. ലോകത്ത് ഏറ്റവും കൂടുതൽ പ്രായമായവരുള്ള രാജ്യങ്ങളിലൊന്നാണ് ജപ്പാൻ. അതേസമയം വളരെ വികസിതമായ സമ്പദ്‌വ്യവസ്ഥയും. അപ്പോൾ അവിടെ കൂടുതലാളുകൾ ഇനിയുള്ള കാലത്ത് പുറത്തുനിന്നും ജോലിക്ക് വരേണ്ടി വരും. അവരുടെ ഭാഷ അറിഞ്ഞിരിക്കുന്നത് നിങ്ങളുടെ സാധ്യതകൾ കൂട്ടും.

പുതിയൊരു ഭാഷ പഠിക്കണമെങ്കിൽ എന്തൊക്കെയാണ് മാർഗങ്ങൾ?

Immersion ആണ് ഒരു മാർഗം. ഒരു വിദേശ ഭാഷയെ ആഴത്തിൽ മനസിലാക്കുകയും കൂടുതൽ പ്രയോഗിക്കുകയും ചെയ്യുന്നതിലൂടെ അത് സ്വായത്തമാക്കുന്ന രീതിയാണ് immersion. ഏറ്റവും ഫലപ്രദമായി ഭാഷ പഠിക്കാനുള്ളൊരു മാർഗമാണിത്. പ്രായോഗികരീതിയിൽ ഒരു ഭാഷ പഠിക്കണമെങ്കിൽ അത് സംസാരിക്കുന്ന സ്ഥലത്തുപോയി തദ്ദേശീയരുമായി ഇടപഴകി പഠിക്കാം. ഫ്രഞ്ച് പഠിക്കണം എന്ന് താല്പര്യമുള്ള മറ്റു യൂറോപ്യൻ രാജ്യക്കാർ ഫ്രാൻസിലെ ഗ്രാമങ്ങളിൽ, മുന്തിരിത്തോട്ടങ്ങളിൽ പണിക്കുപോകുന്നതും വീടുകളിൽ കുട്ടികളെ നോക്കാനായി ജോലിക്കെത്തുന്നതും സാധാരണമാണ്.

പക്ഷെ, ഇതെല്ലാവർക്കും ചെയ്യാൻപറ്റുന്ന കാര്യമല്ലല്ലോ. അപ്പോൾ പിന്നെയുള്ള മാർഗം ക്ലാസ്സ്റൂം പഠനത്തെ ആശ്രയിക്കുകയെന്നതാണ്. ഇന്ത്യയിൽതന്നെ വിവിധ സ്ഥലങ്ങളിൽ ഭാഷാപഠന കേന്ദ്രങ്ങളുണ്ട്. വിശദമായ പഠനത്തിന് ഇങ്ങനെയുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളെ ആശ്രയിക്കാം. ഓൺലൈൻ ആയി ഭാഷ പഠിക്കുക ഇപ്പോൾ സാധ്യാമാണ്, പോരാത്തതിന് മൊബൈൽ ആപ്പുകളും ഉണ്ട്. വിവിധ രാജ്യങ്ങളിൽ ഇരുന്ന് സ്കൈപ്പിൽ മറ്റുള്ളവരെ ഭാഷ പഠിപ്പിക്കുന്നതും ഇപ്പോൾ അപൂർവമല്ല.

ഭാഷയും നിർമിത ബുദ്ധിയും: ഇനി വരുന്നത് നാലാം വ്യാവസായിക വിപ്ലവത്തിന്റെ കാലമാണല്ലോ (Fourth Industrial Revolution). ഓട്ടോമേഷനും നിർമിതബുദ്ധിയും എല്ലാ മേഖലകളിലും പ്രയോഗത്തിൽ വരികയാണ്. നിലവിൽ ഭാഷ തർജ്ജിമ ചെയ്യുന്നതിനായി നിർമിത ബുദ്ധി ഉപയോഗിച്ചുവരുന്നുണ്ട്. ഈ അവസരത്തിൽ പുതിയ ഭാഷ പഠിക്കുന്നതിൽ പ്രത്യേകിച്ച് ഗുണമുണ്ടോ?

തീർച്ചയായും നിർമിത ബുദ്ധിയുടെ ഉപയോഗം വിവിധ ഭാഷകളെ തമ്മിൽ തർജ്ജുമ ചെയ്യാനും ബന്ധിപ്പിക്കാനും ഉപകരിക്കും എന്നതിന് സംശയം വേണ്ട. ഇപ്പോൾതന്നെ ഗൂഗിൾ ഉപയോഗിച്ച് അത്യാവശ്യം നന്നായി ഇംഗ്ലീഷും ഫ്രഞ്ചുമൊക്കെ പരസ്പരം ട്രാൻസലേറ്റ് ചെയ്യാൻപറ്റും. കൂടുതൽ ആളുകൾ ഉപയോഗിക്കുന്നതനുസരിച്ച് മറ്റുഭാഷകളുടെയും നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള ട്രാൻസ്ലേഷൻ കൂടുകതന്നെ ചെയ്യും. പ്രൊഫഷണലായി തർജ്ജുമ ചെയ്യുന്നവരുടെ ആവശ്യം കുറഞ്ഞുവരും. ഉള്ളവർ തന്നെ മിക്കവാറും തൊഴിൽ കംപ്യൂട്ടറിനെക്കൊണ്ട് ചെയ്യിച്ച്, അത് ചെക്ക് ചെയ്യുന്ന രീതിയിലേക്ക് മാറും.

പക്ഷെ, ഭാഷാ പഠനത്തിന്റെ ആവശ്യവും സാധ്യതയും മുൻപത്തേക്കാളും കൂടുതലാകും. ലോകത്തെ ഭാഷകൾ തമ്മിൽ നിർമിത ബുദ്ധികൊണ്ട് ബന്ധിക്കപ്പെടുമ്പോൾ, നിലവിൽ പരസ്പരബന്ധിതമല്ലാത്ത ഏറെ കമ്പോളങ്ങൾ തമ്മിൽ ബന്ധമുണ്ടാകും. ഉദാഹരണത്തിന്, ഇപ്പോൾ നമ്മൾ ഒരു മാസ്കിന് വേണ്ടി ഇംഗ്ലീഷിൽ സെർച്ച് ചെയ്താൽ ഇംഗ്ലീഷ് ഭാഷയിൽ ഉള്ള വെബ്സൈറ്റുകളിൽ നിന്നല്ലാതെയുള്ള റിസൾട്ട് കിട്ടില്ല, പക്ഷെ ലോകത്തെ ഏറ്റവും വലുതും വിലകുറഞ്ഞതുമായ സപ്ലയർ ചൈനയിൽ ആയിരിക്കുമുള്ളത്, അവർക്ക് ചൈനീസ് വെബ്സൈറ്റ് ഉണ്ടാകുകയും ചെയ്യും. ബിസിനസിന് മാത്രമല്ല, യാത്രക്കും പഠനാവസരങ്ങൾക്കും ഗവേഷണത്തിനുമൊക്കെ പണ്ട് ബന്ധിപ്പിച്ചിട്ടില്ലാത്ത സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കും.

ഇങ്ങനെയൊരു സാഹചര്യം വന്നാൽ, രാജ്യങ്ങൾ തമ്മിൽ ഭാഷ തടസമായിരിക്കുന്നതുകൊണ്ട് നടക്കാതെപോയിരിക്കുന്ന ബിസിനസ്-വ്യാവസായിക കൈമാറ്റങ്ങൾ കൂടുകയും ചെയ്യും. ഇക്കണോമിക്ക് ആക്റ്റിവിറ്റികൾ കൂടും. അപ്പോൾ തീർച്ചയായും ഇരുഭാഗത്തുനിന്നുമുള്ള മനുഷ്യബന്ധങ്ങൾ ഉണ്ടാകേണ്ടിവരും. ഇവിടെയാണ് ഭാഷകൾ കൈകാര്യം ചെയ്യാൻ കഴിയുന്നവർക്കുള്ള അവസരങ്ങളുണ്ടായി വരുന്നത്. മുൻപുപറഞ്ഞത് കൂടാതെ ഗവേഷണം, യാത്ര, ജോലി തുടങ്ങിയ അവസരങ്ങൾ കൂടുതൽ തുറന്നുവരും.

ഒരുകാലത്ത് ഭാഷ എന്നുള്ളത് നമ്മുടെ തലച്ചോറിൽ നിക്ഷേപിക്കപ്പെട്ട ഒരു ചിപ്പിലൂടെ നമുക്ക് അനായാസമായി മനസിലാക്കാൻ പറ്റുന്ന ഒന്നായി മാറിയേക്കാം. അങ്ങനെ വന്നാലൊരുപക്ഷേ പുതിയ ഒരു രാജ്യത്തേക്ക് പോകണമെങ്കിൽ ആ രാജ്യത്തെ 'ഭാഷ ആപ്പ്' തലച്ചോറിലേക്ക് നേരിട്ട് ഡൗൺലോഡ് ചെയ്താൽ മതിയാകും. പക്ഷെ അതിനിയും ചുരുങ്ങിയത് ഒരു തലമുറ അകലെയാണ്. അതുകൊണ്ട് തന്നെ ഇപ്പോൾ കോളെജിലുള്ള തലമുറയും ഭാഷ പഠിക്കുന്നതാണ് ബുദ്ധി.

ഈ ലോക്ക് ഡൌൺ കാലത്ത് പുതിയതായി ഒരു ഭാഷ പഠിക്കുന്നതിനെ പറ്റി ചിന്തിച്ചു തുടങ്ങുക. എല്ലാക്കാലവും വീട്ടിൽ ഒതുങ്ങിയിരുന്ന ലോകമല്ല പുറത്തിറങ്ങിയാൽ പരമാവധി യാത്ര ചെയ്യുന്ന ലോകമാണ് ഈ ലോക്ക് ഡൌൺ കാലത്ത് നാം സ്വപ്നം കാണേണ്ടത്. ഭാഷ അതിനുള്ള ഒരു തുടക്കമാകട്ടെ.

ആയുർവേദ ആശുപത്രികളിൽ ആയുർരക്ഷാ ക്ലിനിക്കുകൾ

തിരുവനന്തപുരം: കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ രോഗപ്രതിരോധത്തിനായി സംസ്ഥാന സർക്കാർ ആയുഷ് വകുപ്പിന്റെ കീഴിൽ രൂപീകരിച്ച സ്റ്റേറ്റ് ആയുർവേദ കൊവിഡ് റെസ്പോൺസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ആയുർരക്ഷാ ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചു. എല്ലാ സർക്കാർ, എൻഎച്ച്എം ആയുർവേദ ഡിസ്പെൻസറികളിലും ആശുപത്രികളും ക്ലിനിക്കുകൾ പ്രവർത്തിക്കും.

അതത് പ്രദേശത്തെ് തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ജനങ്ങൾക്ക് രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതിനുള്ള ആയുർവേദ ഔഷധങ്ങളും നിർദേശങ്ങളും നൽകുകയാണ് ആയുർരക്ഷാ ക്ലിനിക്കുകൾ വഴി ഉദ്ദേശിക്കുന്നത്. ഭാരതീയ ചികിത്സാ വകുപ്പിന്റെയും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള സർക്കാർ- സ്വകാര്യ ആയുർവേദ കോളെജുകൾ, മറ്റ് ആശുപത്രികൾ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തിയാണ് ഇവ പ്രവർത്തിക്കുകയെന്ന് മന്ത്രി കെ.കെ. ശൈലജ.

ലോക് ഡൗൺ കാലത്ത് അനിയന്ത്രിമാകാൻ സാധ്യതയുള്ള ജീവിതശൈലീ രോഗങ്ങൾക്കുള്ള ആയുർവേദ പ്രതിരോധമായി ലളിതമായ യോഗാസനങ്ങളും ശ്വസന പരിശീലനങ്ങും ഉൾപ്പെടുത്തി പ്രതിദിനം 20 മിനിട്ട് നീണ്ടുനിൽക്കുന്ന സാർവത്രിക വ്യായാമ പരിപാടി 'സ്വാസ്ഥ്യ' എന്ന പേരിൽ ആയുർവേദ കൊവിഡ് റെസ്പോൺസ് സെല്ലിന്റെ ഭാഗമായി ആരംഭിക്കും. 60 വയസിന് മുകളിലുള്ളവർക്ക് ശാരീരികവും മാനസികവുമായ പിന്തുണ നൽകാൻ 'സുഖായുഷ്യം' എന്ന പേരിൽ പ്രത്യേക സംരക്ഷണ, പ്രതിരോധ പ്രവർത്തനങ്ങൾ ക്ലിനിക്കുകൾ വഴി നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്.

ആയുർവേദ കോളെജുകളിലും ജില്ലാ ആയുർവേദ ആശുപത്രികളിലും മറ്റ് ആയുർവേദ സ്പെഷ്യാലിറ്റി ആശുപത്രികളിലും ചികിത്സയിലിരിക്കുന്ന രോഗികൾക്ക് കൊവിഡ് വ്യാപനത്തെ തുടർന്ന് തുടർചികിത്സ ബുദ്ധിമുട്ടായ സാഹചര്യം ഒഴിവാക്കാൻ ഓൺ കോൾ ഒപി സംവിധാനം നിരാമയ എന്ന പേരിൽ ആരംഭിക്കും. രോഗികൾക്ക് സ്പെഷ്യാലിറ്റി കൺസൽറ്റേഷനും ക്വാറന്റൈൻ - ഐസൊലേഷൻ രോഗികൾക്ക് കൗൺസലിങ് സൗകര്യങ്ങളും വൈദ്യോപദേശങ്ങളും ഈ സംവിധാനം വഴി ലഭ്യമാക്കും.

ഗജവീരൻ ഉത്രാളിക്കാവ് സീതാരാമൻ ചെരിഞ്ഞു

കൊച്ചി: തൃപ്പൂണിത്തുറ ശ്രീപൂർണത്രയീശ ക്ഷേത്രത്തിൽ നിത്യശീവേലിക്ക് എഴുന്നെള്ളിച്ചിരുന്ന കൊച്ചി ദേവസ്വം ബോർഡിന്റെ ഉത്രാളിക്കാവ് സീതാരാമൻ എന്ന ആന ചരിഞ്ഞു. എഴുപത് വയസായിരുന്നു പ്രായം.

ഇന്നലെ രാവിലെ 6.30ന് ക്ഷേത്രത്തിലെ നിത്യ ശിവേലിക്കു ശേഷം തീറ്റയെടുക്കാനായി തേവരക്കാവ് റോഡ് കളപ്പുരയ്ക്കൽ ലൈനിൽ കണിയാംപറമ്പ് മഠത്തിൽ നാരായണ സ്വാമിയുടെ പറമ്പിൽ കൊണ്ടുവന്നതായിരുന്നു. പറമ്പിൽ നടന്ന് തീറ്റയെടുക്കുന്നതിനിടെ പെട്ടെന്ന് ശരീരം വിറയ്ക്കുകയും ആന അടുത്തുള്ള മരത്തിൽ ചാരി നിൽക്കുകയും ചെയ്തു.

പരിഭ്രാന്തരായ പാപ്പാന്മാർ ഓടിയെത്തിയെങ്കിലും ആന മസ്തകം നിലത്തു കുത്തി മറിഞ്ഞു വീണ് ചരിഞ്ഞു. അവർ ഉടൻ തന്നെ ക്ഷേത്രത്തിലെ ദേവസ്വം ഓഫിസർ പി.ബി. ബിജുവിനെ വിവരമറിയിച്ചു. അദ്ദേഹത്തിന്റെ നിർദേശപ്രകാരം ദേവസ്വം വെറ്ററിനറി സർജൻ ഡോ. സുനിൽകുമാർ സ്ഥലത്തെത്തി പരിശോധിക്കുകയും മരണം സ്ഥിരീകരിക്കുകയും ചെയ്തു. ഹൃദയാഘാതമാണ് മരണകാരണം.

കൊച്ചി ദേവസ്വം ബോർഡ് അധികൃതർ വനം വകുപ്പ് ഉദ്യോഗസ്ഥരെയും പൊലീസിനെയും വിവരം അറിയിച്ചു. സംഭവം അറിഞ്ഞ് സ്ഥലത്തെത്തിയ ജനങ്ങളെ സബ് ഇൻസ്പെക്റ്റർ കെ.ആർ. ബിജുവിന്റെ നേതൃത്വത്തിൽ പൊലീസ് ഇടപ്പെട്ട് നിയന്ത്രിക്കുകയും കൂടുതൽ പൊലീസിനെ വിന്യസിച്ച് ജനത്തെ ഒഴിവാക്കുകയും ചെയ്തു. ആനയുടെ ജഡം പോസ്റ്റേർട്ടത്തിനായി കോടനാട്ടേക്ക് കൊണ്ടുപോയി.

ഭാഗ്യക്കുറി നറുക്കെടുപ്പ് വീണ്ടും നീട്ടിവച്ചു

തിരുവനന്തപുരം: ഈ മാസം 19ന് പുനരാരംഭിക്കാനിരുന്ന ഭാഗ്യക്കുറി നറുക്കെടുപ്പ് വീണ്ടും നീട്ടിവച്ചു. 19 മുതൽ 26 വരെ നറുക്കെടുക്കാനിരുന്ന പൗർണമി (ആർഎൻ 435), വിൻവിൻ (ഡബ്ല്യു 557), സ്ത്രീ ശക്തി (എസ്എസ് 202), അക്ഷയ (എകെ 438), കാരുണ്യ പ്ലസ് (കെഎൻ 309), നിർമൽ (എൻആർ 166), പൗർണമി (ആർഎൻ 436) ഭാഗ്യക്കുറികൾ യഥാക്രമം അടുത്തമാസം 10, 13, 16, 19, 22, 25, 28 തിയതികളിൽ നറുക്കെടുക്കും.

ഏപ്രിൽ 28ലേക്ക് നറുക്കെടുപ്പ് മാറ്റിയ സമ്മർ ബംപർ (ബിആർ 72) ഭാഗ്യക്കുറി മെയ് 31ന് നറുക്കെടുക്കും. നേരത്തെ ഇതിനൊപ്പം നറുക്കെടുപ്പ് നിശ്ചയിച്ചിരുന്ന കാരുണ്യ (കെആർ 441) (28.03.2020), വിൻവിൻ (ഡബ്ല്യു 558- 30.03.2020), സ്ത്രീശക്തി (എസ്എസ് 203 - 31.03.2020) ഭാഗ്യക്കുറി ടിക്കറ്റുകൾ വില്പന നടത്തിയിട്ടില്ലാത്തതിനാൽ റദ്ദു ചെയ്തു. ആദ്യഘട്ടത്തിൽ റദ്ദു ചെയ്ത ഏപ്രിൽ ഒന്ന് മുതൽ 28 വരെയുള്ള ടിക്കറ്റുകൾക്കൊപ്പം ഏപ്രിൽ 29, 30 തിയതികളിലെ അക്ഷയ (എകെ 443), കാരുണ്യ പ്ലസ് (കെഎൻ 314) ടിക്കറ്റുകൾ കൂടി റദ്ദാക്കി.

ഇതിനു പുറമെ മെയ് മാസത്തെ മുഴുവൻ ടിക്കറ്റുകളും റദ്ദാക്കി. ഇതോടെ മാർച്ചിൽ ഭാഗികമായും ഏപ്രിൽ, മെയ് മാസങ്ങളിൽ പൂർണമായും ഭാഗ്യക്കുറി ടിക്കറ്റുകൾ റദ്ദുചെയ്തു. വിഷു ബംപർ (ബിആർ 73) ടിക്കറ്റും റദ്ദാക്കി.

കൊച്ചി കേന്ദ്രമായി നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ സോൺ

എ. പ്രേമാനന്ദ്

കൊച്ചി: കേന്ദ്ര മയക്കുമരുന്നു വിരുദ്ധ ഏജൻസിയായ നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയ്ക്ക് (എൻസിബി) കേരളത്തിൽ കൊച്ചി കേന്ദ്രമായി പുതിയ സോൺ രൂപീകരിക്കും. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ ഇതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലെത്തിയതായും ലോക്ക് ഡൗൺ കഴിഞ്ഞ് വൈകാതെ വിജ്ഞാപനം പുറപ്പെടുവിച്ചേക്കുമെന്നും എൻസിബി വൃത്തങ്ങൾ അറിയിച്ചു. നിലവിൽ ചെന്നൈ സോണിന്റെ പ്രവർത്തന പരിധിയിലാണു കേരളം. കൊച്ചി സോൺ തുടങ്ങുന്നതോടെ കേരളവും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപും ഇതിന്റെ പരിധിയിലാകും.

രാജ്യത്തിനകത്തും പുറത്തും മയക്കുമരുന്നു വേട്ട നടത്തുന്നതിനൊപ്പം കേന്ദ്ര, സംസ്ഥാന സർക്കാർ ഏജൻസികൾക്ക് ലഹരിമരുന്നു വ്യാപനം തടയാനാവശ്യമായ പരിശീലനവും സഹായവും മാർഗനിർദേശങ്ങളും നൽകുന്നതു നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയാണ്. 1986ൽ രൂപീകൃതമായ എൻസിബിയ്ക്കു മുംബൈ, ഇൻഡോർ, കൊൽക്കത്ത, ഡെൽഹി, ചെന്നൈ, ലക്നൗ, ജോധ്പുർ, ചണ്ഡിഗഡ്, ജമ്മു, അഹമ്മദാബാദ്, ബംഗളൂരു, ഗോഹത്തി, പാറ്റ്ന എന്നിങ്ങനെ 13 സോണുകളാണുള്ളത്. കേരളത്തിൽ തൊണ്ണൂറുകളുടെ ആരംഭം മുതൽ കൊച്ചി ആസ്ഥാനമായി സബ് സോൺ പ്രവർത്തിക്കുന്നുണ്ട്.

ഇതിനിടെ, മാലദ്വീപും കന്യാകുമാരി മുനമ്പും കേന്ദ്രീകരിച്ചു ശ്രീലങ്കൻ തമിഴ്പുലികൾ മയക്കുമരുന്നു കടത്തുന്നുവെന്ന കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയുടെ (ഐബി) മുന്നറിയിപ്പിനെ തുടർന്നു സബ് സോൺ തിരുവനന്തപുരം പൂജപ്പുരയിലേക്ക് മാറ്റി. തിരുവനന്തപുരം വിമാനത്താവളം വഴിയുള്ള മാലദ്വീപ് വിമാന സർവീസും വിഴിഞ്ഞം, കന്യാകുമാരി തീരദേശവുമാണു പുലികൾ മയക്കുമരുന്നിനു മറയാക്കിയത്. തമിഴ്പുലികളുടെ പതനത്തെ തുടർന്ന് 2014ൽ സബ് സോൺ കൊച്ചിയിൽ തിരിച്ചെത്തി.

അഞ്ചു കൊല്ലമായി കേരളത്തിൽ മയക്കുമരുന്നു കടത്തും ഉപഭോഗവും ക്രമാതീതമായി പെരുകിയ സാഹചര്യത്തിലാണു കേരളത്തിനു സോൺ അനുവദിക്കാൻ ആഭ്യന്തര മന്ത്രാലയം പച്ചക്കൊടി കാട്ടിയത്. കേരളത്തിനു മാത്രമായി സോൺ ആവശ്യമാണെന്നു കാട്ടി ചെന്നൈ സോൺ ഡയറക്റ്ററും മലയാളിയുമായ ബ്രൂണോ ഒരു കൊല്ലം മുൻപ് എൻസിബി ഡയറക്റ്റർ രാകേഷ് അസ്താനയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തമിഴ്നാട്, പോണ്ടിച്ചേരി, കേരളം, ലക്ഷദ്വീപ് പ്രദേശങ്ങളാണ് ചെന്നൈ സോണിനു കീഴിൽ പ്രവർത്തിക്കുന്നത്. കൊച്ചി സോൺ തുടങ്ങുന്നതോടെ ചെന്നൈ സോണിന്റെ പരിധി തമിഴ്നാടും പോണ്ടിച്ചേരിയും മാത്രമായി ചുരുങ്ങും. എറണാകുളം കാക്കനാട് പ്രവർത്തിക്കുന്ന എൻസിബി സബ് സോണിൽ ഒരു സൂപ്രണ്ടും ഏതാനും അന്വേഷണ ഉദ്യോഗസ്ഥരും മാത്രമാണുള്ളത്. സോൺ അനുവദിക്കുന്നതോടെ എസ്പി റാങ്കിന് തുല്യമായ ഡയറക്റ്ററുടെ കീഴിൽ യൂണിറ്റ് വിപുലീകരിക്കും.

വിദേശ രാജ്യങ്ങളിൽ നിന്നു നെടുമ്പാശേരി വിമാനത്താവളം വഴിയുള്ള ലഹരികടത്തു ക്രമാതീതമായി വർധിച്ചതും ഗോവ, ബംഗളൂരു എന്നിവിടങ്ങളിൽ നിന്നു കേരളത്തിലേക്ക് കെമിക്കൽ ലഹരി കടത്തുന്നതും പുതിയ സോണിനുള്ള കാരണങ്ങളിൽ ഒന്നാണ്. ദുബായിൽ നിന്നു കേരളത്തിലേക്ക് വരുന്ന വിമാനങ്ങളിലാണ് ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ ലഹരിമരുന്നു സംഘങ്ങൾ നെടുമ്പാശേരിയിൽ ലഹരി എത്തിക്കുന്നത്. 2017ൽ 4.667 കിലോ ഗ്രാമും 2018ൽ 9.500 കിലോഗ്രാമും കൊക്കെയ്ൻ കൊച്ചി എൻസിബി പിടികൂടിയിരുന്നു. കഴിഞ്ഞ കൊല്ലം 2.491 കിലോഗ്രാം മെറ്റാംഫിറ്റമിനും 3.910 കിലോഗ്രാം ഹാഷിഷ് ഓയിലും പിടികൂടി.

2018ൽ കേരളത്തിൽ 800 കോടി രൂപയുടെ മയക്കുമരുന്നു പിടിച്ചതായി എക്സൈസ് കമ്മീഷണർ ഡിജിപി ഋഷിരാജ് സിങ് കൊച്ചിയിൽ വെളിപ്പെടുത്തിയിരുന്നു. ബ്രൗൺ ഷുഗർ, എംഡിഎംഎ, എൽഎസ്ഡി, ചരസ്, ഒപ്പിയം, മാജിക് മഷ്റൂം, ഡയസിപാം, ബ്രൂപ്രിനോർഫിൻ, നൈട്രാസെപാം ഉൾപ്പെടെ ഒട്ടുമിക്ക ലഹരി മരുന്നുകളും കേരളത്തിൽ എത്തുന്നുണ്ട്. എൻസിബി സോൺ കേരളത്തിൽ തുടങ്ങുന്നതോടെ എക്സൈസിനും പൊലീസിനും മയക്കുമരുന്നു സംഘങ്ങളെ നേരിടാൻ കേന്ദ്ര ഏജൻസിയുടെ കൂടുതൽ സഹായം ലഭ്യമാകും.

മുത്തൂറ്റ് ഫിനാൻസ് 20ന് പ്രവർത്തനം പുനരാരംഭിക്കും

കൊച്ചി: ലോക് ഡൗൺ മൂലം അടച്ചിട്ടിരുന്ന മുത്തൂറ്റ് ഫിനാൻസിന്റെ ഇന്ത്യയിലുടനീളമുള്ള എല്ലാ ശാഖകളും തിങ്കളാഴ്ച മുതൽ തുറന്നു പ്രവർത്തിക്കും. ഉപയോക്താക്കളുടെ പരമാവധി സുരക്ഷയും മുൻകരുതലുകളും ഉറപ്പാക്കിയായിരിക്കും എല്ലാ സേവനങ്ങളും പുനരാരംഭിക്കുകയെന്ന് കമ്പനി അറിയിച്ചു.

കൊവിഡ് 19 ബാധയുടെ തീവ്രത അനുസരിച്ച് വിവിധ സോണുകളായി തിരിച്ച് സർക്കാർ നിരീക്ഷണം തുടരുന്നതിനാൽ അതത് നഗരങ്ങളിലെ സ്ഥിതിഗതികളും പ്രാദേശിക ഭരണകൂടങ്ങളുടെ നിർദേശവും അനുസരിച്ചായിരിക്കും ബ്രാഞ്ചുകൾ പ്രവർത്തിക്കുക.

സാമൂഹ്യ അകലം പാലിക്കേണ്ടതിന് മുൻഗണന നൽകും. പ്രവേശന കവാടങ്ങളിൽ എല്ലാവർക്കും ഹാൻഡ് സാനിറ്റൈസർ ലഭ്യമാക്കും. സാധാരണ സമയക്രമത്തിലായിരിക്കും ബ്രാഞ്ചുകളുടെ പ്രവർത്തനം. 20ന് സേവനങ്ങൾ പുനരാരംഭിക്കുമ്പോൾ സംസ്ഥാന സർക്കാരുകൾ നൽകിയ എല്ലാ നിർദേശങ്ങളും പാലിക്കുമെന്ന് മുത്തൂറ്റ് ഫിനാൻസ് മാനെജിങ് ഡയറക്റ്റർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി

തിരുവനന്തപുരം: ഉത്പാദനം നിലച്ചുപോയതിനെ തുടർന്ന് വിതരണം നിലച്ചുപോയ മിൽമ കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് ഇനി കൃത്യമായി ലഭ്യമാക്കുമെന്ന് മിൽമ ചെയർമാൻ പി.എ. ബാലൻ.

അസംസ്കൃത വസ്തുക്കൾ ആവശ്യത്തിന് ലഭ്യമായതിനാൽ പട്ടണക്കാട്ട് കാലിത്തീറ്റ ഫാക്റ്ററിയിൽ മൂന്ന് ഷിഫ്റ്റിൽ പ്രതിദിനം 300 ടൺ കാലിത്തീറ്റ ഉത്പാദനം തുടങ്ങി. മലമ്പുഴയിലും അടുത്ത ദിവസം മുതൽ മൂന്ന് ഷിഫ്റ്റിൽ പ്രവർത്തിക്കുന്നതോടെ 600 ടൺ കാലിത്തീറ്റ ഉത്പാദിപ്പിക്കും.

ഓൺലൈൻ വഴിയോ, ബാങ്ക് വഴിയോ മുൻകൂട്ടി പണമടയ്ക്കുന്നവർക്കും മേഖലാ യൂണിയൻ വഴി ആവശ്യപ്പെടുന്നവർക്കും ഉടനെ മിൽമ കാലിത്തീറ്റ ക്ഷീര സംഘങ്ങളിൽ എത്തിക്കും. അഡ്വാൻസായി പണമടയ്ക്കുന്ന സംഘങ്ങൾക്ക് ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് 10 രൂപ വീതം അധിക കമ്മീഷൻ നൽകുമെന്നും ചെയർമാൻ അറിയിച്ചു.

മഴക്കാലപൂർവ ശുചീകരണം ഊർജിതമാക്കാൻ സർക്കാർ

- മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതലയോഗം
- ഹോട്ട് സ്പോട്ടുകളിലെ വീടും പരിസരവും വൃത്തിയാക്കണം
- അഞ്ചിൽ കൂടാത്ത ആളുകളെ ഉപയോഗിച്ച് ശുചീകരണം

തിരുവനന്തപുരം: കൊവിഡ്19 മാനദണ്ഡങ്ങൾക്കകത്തു നിന്ന് മഴക്കാലപൂർവ ശുചീകരണവും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും ഊർജിതമായി നടത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതുമായി ബന്ധപ്പെട്ട ഉന്നതതലയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അതു മാറ്റിവയ്ക്കാനാവില്ല. മഴക്കാലത്ത് പലതരം പനിയും പകർച്ചവ്യാധികളും മറ്റ് അസുഖങ്ങളും കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. വീടും പൊതു സ്ഥലങ്ങളും ശുചിയാക്കാൻ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇടപെടണമെന്ന് നേരത്തേ പറഞ്ഞിരുന്നു. ഹോട്ട് സ്പോട്ട് ജില്ലകളിലും വീടും പരിസരവും വൃത്തിയാക്കാനാകണം.

പൊതുസ്ഥലങ്ങളും കെട്ടിടങ്ങളും ഓഫിസുകളും ആഴ്ചയിലൊരിക്കൽ നിശ്ചിത അകലം പാലിച്ച് അഞ്ചിൽ കൂടുതലല്ലാതെ ആളുകളെ ഉപയോഗിച്ച് ശുചീകരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾ ആലോചിക്കണം. വെള്ളക്കെട്ട് ഉണ്ടാകരുത്. ഖരമാലിന്യങ്ങൾ ഓടകളിലും അഴുക്കുചാലുകളിലും തള്ളരുത്. മാലിന്യം നീക്കം ചെയ്ത് പ്രാദേശികമായി സംസ്കരിക്കാൻ സംവിധാനമുണ്ടാക്കണം.

കുളങ്ങളും തോടുകളും വൃത്തിയാക്കാൻ ഹരിത കർമസേന, സാമൂഹ്യസന്നദ്ധ സേന എന്നിവരുടെ ഏകോപനം ഉണ്ടാകണം. ഇതര സംസ്ഥാന തൊഴിലാളികളെയും ഇത്തരം പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം. കൊതുക് നിവാരണത്തിനു തദ്ദേശ സ്ഥാപനങ്ങൾ മുൻഗണന നൽകണം. തദ്ദേശ സ്ഥാപന അതിർത്തിയിലെ എല്ലാ റോഡുകളും നല്ല റോഡുകളാക്കി മാറ്റാൻ തീവ്രയത്ന പരിപാടി വേഗം ആരംഭിക്കും. കുടിവെള്ളം ഉറപ്പുവരുത്തൽ, സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം എന്നിവയ്ക്കുള്ള നടപടികളും പൂർത്തിയാക്കണം.

ഡെംഗിപ്പനി, എലിപ്പനി, എച്ച്1എൻ1 എന്നിവ വരാതിരിക്കാൻ പരിസര ശുചീകരണം പ്രധാനമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ പറഞ്ഞു. കോളറ, മഞ്ഞപ്പിത്തം എന്നിവയ്ക്കെതിരേയും ജാഗ്രത വേണം. കാട്ടിലെ മൃഗങ്ങൾക്കു വെള്ളം കൊടുക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് വനം മന്ത്രി കെ. രാജു പറഞ്ഞു.

മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, ടി.പി. രാമകൃഷ്ണൻ, ജെ. മേഴ്സിക്കുട്ടിയമ്മ, പ്രൊഫ. സി. രവീന്ദ്രനാഥ്, ചീഫ് സെക്രട്ടറി ടോം ജോസ്, പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ്, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വി. വേണു, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശാരദ മുരളീധരൻ, പട്ടികജാതി-പട്ടികവർഗ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹ, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ ഖൊബ്രഗഡെ, പൊതുവിദ്യാഭ്യാസ സെക്രട്ടറി എ. ഷാജഹാൻ, ജലവിഭവ വകുപ്പ് സെക്രട്ടറി ഡോ. ബി. അശോക് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ഓൺലൈൻ വ്യാപാരം പ്രോത്സാഹിപ്പിക്കൽ വഞ്ചന

തിരുവനന്തപുരം: വ്യാപാര സ്ഥാപനങ്ങൾ അടപ്പിച്ച ശേഷം ഓൺലൈൻ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നത് വഞ്ചനയാണെന്ന് ഭാരതീയ ഉദ്യോഗ് വ്യാപാർ മണ്ഡൽ ദേശീയ ഉപാധ്യക്ഷനും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന ജനറൽ സെക്രട്ടറിയുമായ രാജു അപ്സര.

കൊവിഡ് ലോക് ഡൗൺ നാലാം ആഴ്ചയിലേക്കും പിന്നെ അഞ്ചും ആറും ആഴ്ചകളിലേക്കും നീളുമ്പോഴും രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി സർക്കാർ തീരുമാനം അംഗീകരിച്ച് മുണ്ടു മുറുക്കിയുടുത്ത് പ്രതീക്ഷയോടെ കഴിയുകയാണ് വ്യാപാരികൾ. അവർക്കു വേറെ മാർഗങ്ങളില്ല. ലോക് ഡൗൺ കാലം കഴിഞ്ഞാലും നഷ്ടപ്പെട്ട ആഴ്ചകളുടെ ആഘാതം ഏൽപിച്ച മുറിവുണങ്ങാനും ജീവിത താളം വീണ്ടെടുക്കാനും ഒരു വർഷമെങ്കിലും അത്യധ്വാനം ചെയ്യണം.

എന്നാലും പ്രതീക്ഷ കൈവിടാതെ കാത്തിരിക്കുന്ന വ്യാപാരികളെ വറചട്ടിയിൽ നിന്നും എരിതീയിലേക്ക് എറിയുന്ന തീരുമാനമാണ് കുത്തക ഓൺലൈൻ വ്യാപാരികൾക്ക് പ്രവർത്തിക്കാൻ കൊടുത്ത അംഗീകാരം. ലോക് ഡൗൺ കാലത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യവിതരണ ശൃംഖലകളിലും സാമൂഹിക പ്രവർത്തനങ്ങളിലും വ്യാപാരികളുടെ സജീവ സാന്നിധ്യമുണ്ട്. എന്നാൽ ഈ ഓൺലൈൻ കുത്തകകൾ എന്തു ചെയ്തു? ചില്ലിക്കാശിന് പോലും ഇവരെക്കൊണ്ട് ഉപകാരമുണ്ടായിട്ടില്ല.

ഉപയോക്താക്കൾക്ക് ഇതേ സാധനങ്ങൾ ഇതേ വിലയ്ക്കു തന്നെയോ ഇതിലും വില കുറച്ചോ വീടുകളിൽ എത്തിച്ചുകൊടുക്കാൻ വ്യാപാരികളും തയാറാണ്. തങ്ങൾക്ക് കിട്ടുന്ന തുച്ഛമായ ലാഭത്തിൽ നിന്ന് ധാരാളം തൊഴിലാളി കുടുംബങ്ങളിൽ അടുപ്പ് പുകയും. സർക്കാർ ഖജനാവുകളിലേക്ക് ആനുപാതിക നികുതികളും വരും. ചെറുകിട വ്യാപാരികളുടെ നടുവൊടിക്കുന്ന തീരുമാനത്തിൽ നിന്നും കേന്ദ്ര, കേരള സർക്കാരുകൾ പിന്മാറിയില്ലെങ്കിൽ വ്യാപാരി സമൂഹം ശക്തിയായ പ്രതിഷേധത്തിലേക്ക് ഇറങ്ങുമെന്നും രാജു അപ്സര.

ലോക് ഡൗണിൽ പിടിച്ചെടുത്ത വാഹനങ്ങൾ വിട്ടുനൽകും

കൊച്ചി: ലോക് ഡൗൺ ലംഘിച്ചതിനെ തുടർന്ന് പൊലീസ് പിടിച്ചെടുത്ത വാഹനങ്ങൾ ഉടമകൾക്ക് വിട്ടുനൽകാൻ ഹൈക്കോടതി അനുമതി നൽകി.

ഇരുചക്ര- മുച്ചക്ര വാഹനങ്ങൾക്ക് 1,000 രൂപ, കാർ, ജീപ്പ് എന്നിവയ്ക്ക് 2,000 രൂപ, വലിയ വാഹനങ്ങൾക്ക് 4,000 രൂപ എന്നീ ക്രമത്തിൽ കെട്ടിവയ്ക്കണം. ആർസി ബുക്ക്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ പൊലിസ് സ്റ്റേഷനിൽ ഹാജരാക്കണം എന്നിവയാണു കോടതി മുന്നോട്ടുവച്ച നിബന്ധനകൾ.

കൊവിഡ് ആന്റിബോഡി പരിശോധന സ്വകാര്യ മേഖലയിൽ നടത്താൻ അനുമതി

തിരുവനന്തപുരം: കൊവിഡ് 19 ആന്റിബോഡി പരിശോധന സ്വകാര്യ മേഖലയിൽ നടത്താൻ അനുമതി നൽകി സർക്കാർ ഉത്തരവായി. ഇതിനുള്ള ലബോറട്ടറികളെ തെരഞ്ഞെടുക്കൽ, ആന്റിബോഡി ടെസ്റ്റ് കിറ്റ്, പരിശോധന നടത്തേണ്ടവരെ തെരഞ്ഞെടുക്കൽ, പരിശോധന നടത്തേണ്ടതെപ്പോൾ, സാംപിൾ ശേഖരണം, പരിശോധനാ ഫലം അറിയിക്കൽ തുടങ്ങിയവ സംബന്ധിച്ച മാനദണ്ഡങ്ങളും നിശ്ചയിച്ചു.

ശരീരസ്രവ പരിശോധനയിൽ എൻഎബിഎൽ അക്രഡിറ്റേഷനുള്ള ലാബുകൾക്ക് അനുമതി നൽകും. ലാബുകൾക്ക് കൊവിഡ് 19 ആന്റിബോഡി പരിശോധനയ്ക്ക് ഐസിഎംആറിന്റെ അംഗീകാരം വേണം. ഐസിഎംആറും സംസ്ഥാന സർക്കാരും ഇതിനായി രൂപീകരിച്ചിട്ടുള്ള പോർട്ടലിൽ ലാബുകൾ രജിസ്റ്റർ ചെയ്തിരിക്കണം. കേരള സർക്കാരിന്റെ രജിസ്ട്രേഷന് covidpnsodedme@gmail.com എന്ന മെയിൽ ഐഡിയിൽ ആവശ്യമായ രേഖകൾ അയയ്ക്കണം. പരിശോധനാ ഫലങ്ങൾ സംസ്ഥാന ആരോഗ്യവകുപ്പിന് ഓൺലൈൻ പോർട്ടൽ മുഖേന ലാബുകൾ കൈമാറണം. രജിസ്റ്റർ ചെയ്ത ലാബുകൾക്ക് ഓൺലൈൻ പോർട്ടലിന്റെ ലിങ്ക് നൽകും. ലാബുകൾ വിവരങ്ങൾ വെളിപ്പെടുത്തില്ലെന്ന കരാർ ഒപ്പുവയ്ക്കണം. കമ്മ്യൂണിക്കേഷൻ പ്രോട്ടോകോൾ കരാറും ഉണ്ടാവും. കരാർ പകർപ്പ് അയയ്ക്കുന്ന ലാബുകളുടെ രജിസ്ട്രേഷൻ മാത്രമേ അംഗീകരിക്കൂ.

ആർടി പിസിആർ നെഗറ്റീവായ കൊവിഡ് സംശയിക്കുന്നവരിലും രോഗലക്ഷണമുള്ള ഹൈ റിസ്ക് കോണ്ടാക്റ്റ് വിഭാഗങ്ങളിലും ആന്റിബോഡി പരിശോധന നടത്തും. കൊവിഡ് രോഗികളെ ചികിത്സിക്കുന്ന ആരോഗ്യ പ്രവർത്തകരെയും അതികഠിനമായ ശ്വസനസംബന്ധ രോഗമുള്ളവരുടെ ക്ളസ്റ്ററുകളിൽ ഉൾപ്പെടുന്നവരെയും പരിശോധനയ്ക്ക് വിധേയരാക്കും. രോഗനിർണയം നടത്തുന്നതിന് മുമ്പ് ശ്വസനസംബന്ധ രോഗം മാറിയവരിലും ആന്റിബോഡി പരിശോധന നടത്താം. രോഗം സ്ഥിരീകരിച്ചവരുടെ ഹൈ റിസ്ക് പ്രൈമറി, സെക്കൻഡറി കോണ്ടാക്റ്റുകളിലും പരിശോധന നടത്തും. ജനക്കൂട്ടത്തിനിടയിൽ പോയവർ, കഴിഞ്ഞ 14 ദിവസത്തിനുള്ളിൽ മരണാനന്തര ചടങ്ങുകൾ, ഉത്സവങ്ങൾ എന്നിവയിൽ പങ്കെടുത്ത രോഗലക്ഷണം കാട്ടിയവരിലും പരിശോധന നടത്താൻ നിർദേശിച്ചിട്ടുണ്ട്. കഴിഞ്ഞ 14 ദിവസത്തിനുള്ളിൽ കൂടുതൽ രോഗം റിപ്പോർട്ട് ചെയ്ത പ്രദേശത്തുള്ളവരെയും പരിശോധിക്കാം- മാനദണ്ഡത്തിൽ പറയുന്നു.

രോഗലക്ഷണം ഉണ്ടായശേഷം ഏഴു ദിവസത്തിനകം ആന്റിബോഡി ടെസ്റ്റ് നടത്തണം. ലക്ഷണമില്ലാത്ത ക്വാറന്റൈനിൽ കഴിയുന്നവർക്ക് 14 ദിവസം പൂർത്തിയാകുമ്പോൾ പരിശോധന നടത്താം. കൊവിഡ് പരിശോധനയിലും പരിചരണത്തിലും ഏർപ്പെട്ടിരിക്കുന്ന ആരോഗ്യപ്രവർത്തകർക്ക് നിശ്ചയിച്ചിട്ടുള്ള ക്വാറന്റൈൻ കാലാവധിക്കു ശേഷം പരിശോധന നടത്തണം.

ഐസിഎംആർ നിർദ്ദേശിക്കുന്ന പരിശോധനാ കിറ്റുകളാണ് ഉപയോഗിക്കേണ്ടത്. https:/www.icmr.nic.in/content/covid-19 വെബ്സൈറ്റിൽ അംഗീകാരമുള്ള കിറ്റുകളുടെ വിവരം ലഭ്യമാണ്. ലാബുകളിൽ ഉപയോഗിക്കുന്ന കിറ്റുകൾ സംസ്ഥാന ഡ്രഗ്സ് കൺട്രോളർ പരിശോധിക്കണം.

മഞ്ഞ, പിങ്ക് കാർഡുകൾക്ക് സൗജന്യ അരി 20 മുതൽ

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് 19ന്റെ സാഹചര്യത്തിൽ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം എഎവൈ (മഞ്ഞ), പിഎച്ച്എച്ച് (പിങ്ക്) കാർഡുകൾക്കുള്ള ഏപ്രിലിലെ സൗജന്യ റേഷൻ വിതരണം 20ന് ആരംഭിക്കും. ഒരു കാർഡിലെ ഓരോ അംഗത്തിനും അഞ്ചു കിലോ അരി വീതമാണ് സൗജന്യമായി ലഭിക്കുന്നത്.

പതിനേഴ് ഇനങ്ങളടങ്ങിയ പലവ്യഞ്ജന കിറ്റുകളുടെ രണ്ടാംഘട്ട വിതരണം 22ന് ആരംഭിക്കും. മുൻഗണനാ വിഭാഗത്തിലെ പിങ്ക് കാർഡുകളുടെ കിറ്റ് വിതരണമാണ് ഈ ഘട്ടത്തിൽ നടക്കുക. കേന്ദ്രസർക്കാർ അനുവദിച്ച എഎവൈ വിഭാഗത്തിനുള്ള സൗജന്യ അരിയുടെ വിതരണം 20, 21 തീയതികളിൽ റേഷൻ കടകൾ വഴി നടക്കും. 22 മുതൽ പിങ്ക് കാർഡുടമകൾക്കുള്ള അരിയും അവർക്കുള്ള സംസ്ഥാന സർക്കാരിന്റെ പലവ്യഞ്ജന കിറ്റുകളും വിതരണം ചെയ്യും. 30 വരെ സൗജന്യ അരി ലഭിക്കും.

റേഷൻ കടകളിൽ തിരക്കൊഴിവാക്കാൻ കാർഡിന്റെ അവസാന നമ്പർ പ്രകാരം വിതരണം ക്രമീകരിക്കും. ഒന്നിൽ അവസാനിക്കുന്ന കാർഡ് നമ്പരുകാർക്ക് 22ന്. 2- 23, 3- 24, 4- 25, 5- 26, 6- 27, 7- 28, 8- 29. 9, 0 നമ്പരുകളിൽ അവസാനിക്കുന്നവർക്ക് 30ാം തീയതി. ഒരു സമയം അഞ്ചുപേരെ മാത്രമേ കടയുടെ മുന്നിൽ അനുവദിക്കൂ. കൂടുതൽ ആൾക്കാർ ഒരുമിച്ചെത്തിയാൽ ടോക്കൺ ഏർപ്പെടുത്തും.

ലോക് ഡൗൺ സാഹചര്യത്തിൽ സ്വന്തം റേഷൻ കടയിൽ നിന്ന് കിറ്റ് വാങ്ങാൻ കഴിയാത്തവർ ഇപ്പോൾ താമസിക്കുന്ന സ്ഥലത്തു സമീപത്തെ റേഷൻ കടയിൽ ബന്ധപ്പെട്ട വാർഡ് മെംബർ/ കൗൺസിലർ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം 21നു മുമ്പ് സമർപ്പിക്കണം.

റിൻസ് ജോസഫ്, ഭാര്യ എമി റിൻസ്, റിൻസിന്റെ സഹോദരിമാരായ റിയ മോൾ, റിന്റോ മനോജ്.

ഈ കുടുംബം ആരോഗ്യ സൈനികർ...

സുധീർനാഥ്

കോട്ടയം മണിമലയിൽ കെ.ജെ. ജോസഫ്, അന്നമ്മ ദമ്പതികളുടെ മൂന്നു മക്കളും നഴ്സിങ് പഠനം പൂർത്തിയാക്കി ആരോഗ്യ രംഗത്തു പ്രവർത്തിക്കുന്നു. ഇവരിപ്പോൾ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയാണ്. മൂത്ത മകൾ നഴ്സായ റിന്റോ മനോജ് ലണ്ടനിലാണ്. രണ്ടാമൻ റിൻസ് ജോസഫ് യുണൈറ്റഡ് നഴ്സസ് അസോസിയഷന്റെ ദേശിയ വർക്കിങ് ചെയർമാനും ഡൽഹി മാക്സ് ആശുപത്രിയിലെ നഴ്സുമാണ്. റിൻസിന്റെ ഭാര്യ എമി ബംഗളൂരു അപ്പോളയിൽ നഴ്സ്. മൂന്നാമത്തെ മകൾ റിയ മോൾ ഓക്സ്ഫോഡ് റാഡിക്കിൾ ആശുപത്രിയിൽ നഴ്സാണ്.

കൊറോണ വൈറസിനെതിരായ പ്രതിരോധ നിരയിൽ തന്റെ മക്കളെല്ലാവരുമുണ്ടെന്ന അഭിമാനമാണ് അന്നമ്മ ജോസഫിന്. അവരുടെ കുടുംബത്തിൽ നിന്നു തന്നെ ഒരു ഡസനിലേറെ പേർ നഴ്സിങ് രംഗത്തുണ്ട്. കെ.ജെ. ജോസഫ് നേരത്തേ മരണപ്പെട്ടു. മൂന്നുമക്കളും ആരോഗ്യ മേഖല ഏറ്റെടുത്തതു കണ്ടതിനു ശേഷമായിരുന്നു മരണം. കൊവിഡ് കാലത്ത് നാട്ടിൽ അമ്മ ഒറ്റയ്ക്കാണെന്ന വിഷമം എല്ലാവർക്കുമുണ്ട്. പക്ഷെ കേരളം ഏറെ സുരക്ഷയുള്ള സ്ഥലമാണെന്ന് അവർക്കറിയാം.

ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം എന്ന് അഭിമാനിക്കുന്ന മലയാളിക്ക് സമൂഹത്തോട് പല ഉത്തരവാദിത്തങ്ങളുമുണ്ടെന്ന് റിൻസ് പറയുന്നു. രോഗികൾക്ക് മുന്നിൽ എപ്പോഴും ക്ഷമയോടെയും പുഞ്ചിരിയോടെയും നിൽക്കാൻ സാധിക്കണം എന്നതാണ് പ്രധാനം. രോഗികൾ ശാരീരികമായി തളർന്നവരാകും. ഒരു പുഞ്ചിരി കൊണ്ട് ഒരുപക്ഷേ അവരുടെ മാനസികത്തളർച്ച മാറ്റാനാവും.

നഴ്സിങ് സ്റ്റാഫുകളുടെ പ്രശ്നങ്ങളിൽ റിൻസ് എല്ലാ ദിവസവും ഇടപെടുന്നു. ആവശ്യമുള്ള അവസരങ്ങളിൽ ആശുപത്രി മാനെജ്മെന്റുമായി നഴ്സുമാർക്ക് വേണ്ടി സംസാരിക്കാൻ സമയം കണ്ടെത്തുന്നു. കൊവിഡ് കാലത്ത് ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്കായുള്ള മാർഗനിർദേശങ്ങൾ സുപ്രീം കോടതിയിൽ നിന്നു നേടിയെടുക്കുന്നതിൽ യുഎൻഐ ഡൽഹി യൂണിറ്റ് പ്രസിഡന്റ് കൂടിയായ റിൻസ് വഹിച്ച പങ്ക് ശ്രദ്ധേയം.

വായ്പകൾക്ക് ബൂസ്റ്റ്

ഇ. രുദ്രൻ വാരിയർ

കൊവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മറ്റു പല ലോക രാജ്യങ്ങളും സ്വീകരിച്ച മാതൃകയിൽ റിപ്പോ, റിവേഴ്സ് റിപ്പോ നിരക്കുകൾ കുറച്ചുകൊണ്ടുള്ള ആർബിഐയുടെ ആദ്യ പ്രഖ്യാപനം വന്നത് കഴിഞ്ഞ മാസം ഇരുപത്തേഴിനാണ്. ലോക്ഡൗണിന്റെ വിഷമങ്ങളിൽ രാജ്യം അകപ്പെട്ടിരിക്കെ കേന്ദ്ര ബാങ്കിന്റെ ധനനയ സമിതി (എംപിസി) ഏപ്രിൽ ആദ്യം നടക്കേണ്ടിയിരുന്ന അവലോകന യോഗം നേരത്തേ നടത്തിയാണ് പ്രധാന ഹ്രസ്വകാല പലിശ നിരക്കുകൾ കുറയ്ക്കാൻ തീരുമാനിച്ചത്. വാണിജ്യ ബാങ്കുകൾ റിസർവ് ബാങ്കിൽ സൂക്ഷിക്കേണ്ട വിഹിതമായ കരുതൽ ധന അനുപാതവും (സിആർആർ) അന്നു കുറച്ചു. മൂന്നു നടപടികളുടെയും ലക്ഷ്യം വിപണിയിൽ പണലഭ്യത കൂട്ടുക എന്നതായിരുന്നു. ഒന്നുകൂടി കൃത്യമായി പറഞ്ഞാൽ വായ്പാലഭ്യത കൂട്ടുക എന്നത്.

കേന്ദ്ര ബാങ്കിൽ നിന്ന് വാണിജ്യ ബാങ്കുകൾക്കു നൽകുന്ന വായ്പയുടെ പലിശയായ റിപ്പോ കുറയുമ്പോൾ പലിശ കുറച്ച് ഉപയോക്താക്കൾക്ക് വായ്പ നൽകാൻ ബാങ്കുകൾക്കു കഴിയും. വാണിജ്യ ബാങ്കുകളിൽ നിന്നു സ്വീകരിക്കുന്ന ഫണ്ടിനുള്ള പലിശയായ റിവേഴ്സ് റിപ്പോ കുറയുമ്പോഴും നേട്ടമുണ്ടാകേണ്ടത് ഉപയോക്താക്കൾക്കാണ്. കാരണം ഫണ്ട് റിസർവ് ബാങ്കിൽ സൂക്ഷിക്കുന്നത് ആകർഷകമല്ലാതാകും. പുറത്തു വായ്പ നൽകാൻ അതു ബാങ്കുകൾക്ക് പ്രചോദനവുമാകും. ഇന്നലെ ഒരിക്കൽക്കൂടി റിവേഴ്സ് റിപ്പോ കുറച്ച് ഈ മാർഗത്തിൽ കൂടുതൽ വായ്പകൾക്കു പ്രേരണ നൽകുകയാണ് ആർബിഐ ഗവർണർ ശക്തികാന്ത ദാസ് ചെയ്തിരിക്കുന്നത്.

മൂന്നാഴ്ചക്കിടെ രണ്ടു തവണയായി 1.15 ശതമാനമാണ് റിവേഴ്സ് റിപ്പോയിലുണ്ടായ കുറവ്; റിപ്പോയിൽ ആദ്യ തവണ തന്നെ പ്രഖ്യാപിച്ച മുക്കാൽ ശതമാനവും. പക്ഷേ, ഇതിന്റെയൊക്കെ ഫലം വിപണിയിൽ കാണണമെങ്കിൽ ബാങ്കുകൾ അതിനനുസരിച്ചു പ്രവർത്തിക്കുക കൂടി വേണം. റിപ്പോയിലെ കുറവ് പല ബാങ്കുകളും ഉപയോക്താക്കൾക്കു യഥാസമയം കൈമാറാറില്ല എന്നതു പൊതുവേ ഉയരുന്ന പരാതിയാണ്. ഇന്നലെ സംസ്ഥാന ധനമന്ത്രി ഡോ. തോമസ് ഐസക് ചൂണ്ടിക്കാണിച്ചതും ഇതുതന്നെ. കൊവിഡ് പ്രതിസന്ധിയിൽ നിന്നു രാജ്യത്തെ കരകയറ്റുകയെന്നത് ബാങ്കുകളുടെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടണം. ബാങ്കുകൾ സ്വയം പ്രതിസന്ധിയെക്കുറിച്ചു പറയുമ്പോൾ എല്ലാം നേർവഴിക്കു കൊണ്ടുപോകുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടലും നിർണായകമാവുന്നു.

സംസ്ഥാന സർക്കാരുകൾക്കും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്കും എന്നപോലെ ബാങ്കുകൾക്കും ആശ്വാസമാകുന്ന നടപടികളാണ് ഇന്നലെ ആർബിഐ ഗവർണർ പ്രഖ്യാപിച്ചിരിക്കുന്നത്. 90 ദിവസത്തിൽ കൂടുതൽ തിരിച്ചടവ് നടക്കാത്ത വായ്പകളെ നിഷ്ക്രിയ ആസ്തിയായി ക്ലാസിഫൈ ചെയ്യുന്നതിൽ നിന്ന് മൂന്നു മാസത്തെ മൊറൊട്ടോറിയം കാലയളവിനെ ഒഴിവാക്കിയിരിക്കുകയാണ്. അതായത് മാർച്ച് ഒന്നു മുതൽ 180 ദിവസം വരെ തിരിച്ചടവു നടന്നില്ലെങ്കിലും ആ അക്കൗണ്ട് ബാങ്കുകൾക്ക് നിഷ്ക്രിയമാക്കേണ്ടതില്ല. 180 ദിവസത്തെ കാലാവധി തീരുന്ന സമയത്ത് കിട്ടാക്കടം വർധിച്ചേക്കാനുള്ള സാധ്യത മുന്നിൽക്കണ്ട് 10 ശതമാനം അഡീഷനൽ പ്രൊവിഷൻ കരുതണം എന്നാണു നിർദേശം. എൽസിആറിൽ വരുത്തിയ കുറവും ബാങ്കുകൾക്ക് ആശ്വാസമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഡിവിഡന്റുകൾ ബാങ്കുകൾ ഇപ്പോൾ നൽകരുതെന്ന് ആർബിഐ നിർദേശിച്ചിരിക്കുന്നതും പ്രതിസന്ധി സമയങ്ങളിൽ ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമാവണമെന്ന ലക്ഷ്യത്തോടെ.



ഫണ്ട് കരുതലിന്റെ ഭാഗമായി ഡിവിഡന്റുകൾ പിടിച്ചുവയ്ക്കാൻ യൂറോപ്പിലെ പല ബാങ്കുകളും തീരുമാനിച്ചതിന്റെ ചുവടുപിടിച്ചാണിത്. 2008ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ സൂചനകൾ കണ്ടുതുടങ്ങിയിട്ടും അമെരിക്കയിലെ പ്രമുഖ ബാങ്കുകൾ ഡിവിഡന്റ് നൽകുന്നതു നിർത്തിയില്ല. തങ്ങൾ പാപ്പരായിട്ടില്ല എന്നു തെളിയിക്കുകയായിരുന്നു ലക്ഷ്യം. ഇതാണ് അന്നു പ്രതിസന്ധി കൂടുതൽ വഷളാക്കിയതെന്നും ഇക്കുറിയെങ്കിലും ഫെഡറൽ റിസർവ് ഇടപെട്ട് ഡിവിഡന്റ് നൽകുന്നത് മാറ്റിവയ്പ്പിക്കണമെന്നുമുള്ള ആവശ്യം അമെരിക്കയിലും ഉയർന്നിട്ടുണ്ട്.

ബാങ്കുകൾക്ക് 50,000 കോടിയും നബാർഡ്, സിഡ്ബി, ദേശീയ ഹൗസിങ് ബാങ്ക് എന്നിവയ്ക്കായി 50,000 കോടിയും നൽകുന്നത് കൃത്യമായ ലക്ഷ്യത്തോടെയാണ്. ബാങ്കുകൾക്കു നൽകുന്ന പണത്തിൽ പകുതിയെങ്കിലും ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾക്കു വായ്പ നൽകാനാണ്. സാമ്പത്തിക വ്യവസ്ഥയുടെ നട്ടെല്ലായ ചെറുകിട- ഇടത്തരം വ്യവസായങ്ങൾ ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്ക് 25,000 കോടി രൂപയുടെ സഹായം അപര്യാപ്തമാണെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. കൂടുതൽ പാക്കെജുകൾ ഉണ്ടാകുമെന്ന് സർക്കാരും ആർബിഐയും പറയുന്നതാണ് ആശ്വാസം. നബാർഡിനും സിഡ്ബിക്കും എൻഎച്ച്ബിക്കും ആർബിഐയിൽ നിന്നു നേരിട്ടു കിട്ടുന്ന സഹായവും പ്രത്യേക മേഖലകളുടെ ഉണർവ് ലക്ഷ്യമിടുന്നു. കൃഷി, ഗ്രാമീണ മേഖലകൾക്കും ചെറുകിട വ്യവസായങ്ങൾക്കും ഭവനനിർമാണ കമ്പനികൾക്കുമൊക്കെ ഗുണകരമാവും ഈ ഫണ്ട് വിനിയോഗം.



വേയ്സ് ആൻഡ് മീൻസ് അഡ്വാൻസ് പരിധി 60 ശതമാനം ഉയർത്തിയതു വഴി സംസ്ഥാനങ്ങൾക്കു ലഭിക്കുന്ന സാമ്പത്തിക സഹായം തീരെ ചെറുതാണെന്ന് കേരളം പോലുള്ള സംസ്ഥാനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. പലിശരഹിതമായ കേന്ദ്ര ഫണ്ട് കിട്ടാതെ കൊവിഡ് പ്രതിസന്ധി മറികടക്കാനാവില്ലെന്നാണ് പല സംസ്ഥാനങ്ങളും പറയുന്നത്. അവർ ആഗ്രഹിച്ച തോതിലുള്ള സഹായമല്ല ഇപ്പോൾ കിട്ടുന്നത്. എങ്കിലും അത്യാവശ്യ സാഹചര്യത്തിൽ ഏതു തരത്തിൽ ഫണ്ട് കിട്ടിയാലും അതു സ്വാഗതാർഹമാകും. സംസ്ഥാനങ്ങൾക്കു കൂടുതൽ ഉദാരമായ സഹായത്തിന് കേന്ദ്ര സർക്കാർ തന്നെ കനിയേണ്ടിവരും. നാണയപ്പെരുപ്പം ഇനിയും കുറയുമെന്നും സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ നാലു ശതമാനത്തിൽ താഴെ നിൽക്കുമെന്നും ആർബിഐ കണക്കുകൂട്ടുന്നത് ഇപ്പോഴത്തെ സാഹചര്യങ്ങൾ വച്ചാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ ഉള്ളിവില കുതിച്ചുകയറുകയും ഒരു ഘട്ടത്തിൽ ചില ഭാഗങ്ങളിലെ ചില്ലറ വിൽപ്പന വില കിലോഗ്രാമിന് 165 രൂപ വരെ എത്തുകയും ചെയ്തത് ഓർമയില്ലേ. ഭക്ഷ്യവസ്തുക്കളുടെ വിലയിൽ പൊതുവേ വർധനയുണ്ടായ സമയമാണ് ആ രണ്ടാം പകുതി.

2019 ജനുവരിയിൽ മൈനസ് (-) 2.24 ശതമാനമായിരുന്ന ഭക്ഷ്യവസ്തുക്കളിലെ നാണയപ്പെരുപ്പം ഉള്ളിവില റെക്കോഡിലെത്തിയ ഡിസംബറിൽ 14.91 ശതമാനത്തിലേക്കു കുതിച്ചുയർന്നു. ആ മാസം മൊത്തത്തിലുള്ള ചില്ലറ വ്യാപാര നാണയപ്പെരുപ്പം 7.35 ശതമാനമായിരുന്നു. 2020 ജനുവരിയിൽ ഭക്ഷ്യനാണയപ്പെരുപ്പം 13.63 ശതമാനവും മൊത്തം ചില്ലറ വ്യാപാര നാണയപ്പെരുപ്പം 7.59 ശതമാനവുമായിരുന്നു. നരേന്ദ്ര മോദി സർക്കാരിന്റെ കാലത്തെ തന്നെ ഏറ്റവും ഉയർന്ന നാണയപ്പെരുപ്പമാണിത്.

റിസർവ് ബാങ്ക് നിശ്ചയിച്ച ഉയർന്ന പരിധിയായ ആറു ശതമാനവും കടന്ന് നാണയപ്പെരുപ്പം കുതിച്ച ഈ ജനുവരിയുമായി താരതമ്യം ചെയ്താണ് ഇന്നലെ വിലക്കയറ്റ ആശങ്കയില്ലെന്ന് ശക്തികാന്ത ദാസ് ആശ്വസിക്കുന്നത്. അതിനദ്ദേഹം പറയുന്ന ഉദാഹരണങ്ങൾ ഉള്ളിവില കുറഞ്ഞുകൊണ്ടിരിക്കുന്നതും മണ്ണെണ്ണ- പാചക വാതക വില കുറഞ്ഞതുമൊക്കെയാണ്. ക്രൂഡ് ഓയിൽ വിലയിലെ തകർച്ച നമ്മുടെ നാണയപ്പെരുപ്പവും ഇടിച്ചിട്ടുണ്ട്. കൊവിഡ് പശ്ചാത്തലത്തിൽ ലോകവിപണിയിലെ ക്രൂഡ് ഓയിൽ ഡിമാൻഡ് കുറഞ്ഞു നിൽക്കുന്നിടത്തോളം മറ്റു പ്രതികൂല ഘടകങ്ങൾ ഉണ്ടായില്ലെങ്കിൽ ഇന്ത്യയ്ക്കും പ്രശ്നമുണ്ടാവില്ല. അപ്പോഴും കാർഷിക, വ്യാവസായിക, സേവന മേഖലകളിൽ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാവണം. നിർമാണ മേഖല സജീവമാകണം. തൊഴിൽ അവസരങ്ങൾ ഉണ്ടാകണം. ഡിമാൻഡ് ഇല്ലാത്തതിനാൽ വിലയും ഉയരുന്നില്ല എന്ന അവസ്ഥ സാമ്പത്തിക വ്യവസ്ഥയുടെ കരുത്തിനെയല്ല സൂചിപ്പിക്കുക.

പശ്ചിമ ബംഗാളിൽ പച്ചക്കറി മോഷണം

കോൽക്കത്ത: മുപ്പതു വർഷത്തെ കൃഷി അനുഭവങ്ങളിൽ പശ്ചിമ ബംഗാളിലെ നോർത്ത് 24 പർഗാനാസ് സ്വദേശി മൻമഥ ബേരയ്ക്ക് ഇതുപോലൊരു ദുരിതകാലമുണ്ടായിട്ടില്ല. വിലയിടിവും പ്രകൃതി ദുരന്തങ്ങളും തളർത്തിയപ്പോഴും പച്ചക്കറിത്തോട്ടത്തിൽ നിന്ന് എന്തെങ്കിലുമൊക്കെ കിട്ടിയിരുന്നു ഉപജീവനത്തിന്. ഇപ്പോൾ അതുമില്ല. എല്ലാ ദിവസവും രാവിലെ തോട്ടത്തിലെത്തുമ്പോൾ കാണുന്നത് വിളയെല്ലാം ആരോ കവർന്നിരിക്കുന്നെന്ന്. പരാതി നൽകിയപ്പോൾ വീട്ടിലിരിക്കാൻ പൊലീസിന്റെ ഉപദേശവും. ഇനിയെന്തു ചെയ്യുമെന്ന് അറിയില്ല ബേരയ്ക്കും ഭാര്യ മഞ്ജുവിനും.

ബേരയുടെയും മഞ്ജുവിന്റെയും മാത്രം അവസ്ഥയല്ലിത്. അടച്ചുപൂട്ടലിനെത്തുടർന്ന് കാർഷികജോലികളും മുടങ്ങിയപ്പോൾ പശ്ചിമബംഗാളിലെ കൃഷിയിടങ്ങളിൽ വ്യാപകമായിരിക്കുന്നു വിള മോഷണം. തണ്ണിമത്തൻ, ചില്ലി, വഴുതന, തക്കാളി തുടങ്ങിയവയെല്ലാം കവർച്ച ചെയ്യപ്പെടുന്നു. 24 മണിക്കൂറും കാവലിരിക്കാനാവുമോ എന്നു ചോദിക്കുന്ന മഞ്ജു മോഷണത്തിന് മാനുഷിക വശമുണ്ടെന്നും മറക്കുന്നില്ല. ആർക്കും ജോലിയില്ല. ഭക്ഷണസാധനങ്ങൾ കിട്ടാനില്ല. വാങ്ങാൻ പണവുമില്ല. വിശന്നിട്ടാണു പലരും മോഷ്ടിക്കുന്നത്.

പക്ഷേ, മോഷ്ടാക്കൾ കൊണ്ടുപോകുന്നത് ഞങ്ങളുടെ ഉപജീവനമാർഗമാണ്. വീട്ടിലിപ്പോൾ ഒരു നേരം മാത്രമാണു ഭക്ഷണമെന്നും മഞ്ജു. കർഷകരായ ഹൈദർ അലി മണ്ഡൽ, പലാഷ് ബേര തുടങ്ങിയവരെല്ലാം നേരിടുന്നുണ്ട് സമാന പ്രശ്നം. ഞങ്ങൾ കർഷകർക്ക് എന്തു ചെയ്യാനാവും. പല ദിവസങ്ങളിലും രാത്രി മുഴുവൻ തോട്ടത്തിൽ കാവലിരിക്കുകയായിരുന്നു. ഉറക്കമിളച്ചിരിക്കുമ്പോൾ പിറ്റേന്നു കൃഷിപ്പണി ചെയ്യാനാവില്ല. ദൂരെ നിന്നു പോലും ആളുകൾ പച്ചക്കറി മോഷ്ടിക്കാൻ വരുന്നുണ്ട്. പഞ്ചായത്ത് അധികാരികളെ അറിയിച്ചിട്ടും കാര്യമില്ലെന്നു പാലാഷ് ബേര പറഞ്ഞു. എന്നാൽ, പ്രശ്നങ്ങൾക്കു കാരണം കേന്ദ്ര സർക്കാരാണെന്നാണു സംസ്ഥാന ഭരണകക്ഷിയായ തൃണമൂൽ കോൺഗ്രസിന്റെ വാദം. കൃഷിക്കാരെ സ്വതന്ത്രമായി പ്രവർത്തിക്കാൻ കേന്ദ്രം അനുവദിക്കുന്നില്ല. പച്ചക്കറി- പഴം ചരക്കുകളുടെ നീക്കം സുഗമമാക്കിയാൽ പ്രശ്നം തീരുമെന്നു തൃണമൂൽ. അതേസമയം, കർഷകരെ സംരക്ഷിക്കാൻ പൊലീസിനെ ചുമതലപ്പെടുത്തുന്നതിനു പകരം രാഷ്ട്രീയം കളിക്കുകയാണു തൃണമൂലെന്നു ബിജെപി ആരോപിച്ചു.

നഗരത്തിൽ നിന്നു ഭർത്താവെത്തി, വീട്ടിൽ കയറ്റാതെ യുവതി

നെല്ലൂർ: അടച്ചുപൂട്ടലിനെത്തുടർന്നു നഗരത്തിൽ കുടുങ്ങിയ ഭർത്താവ് തിരികെയെത്തിയപ്പോൾ കൊവിഡ് 19 പരിശോധനയ്ക്കു ശേഷം വീട്ടിൽ കയറിയാൽ മതിയെന്നു യുവതി. ആന്ധ്രപ്രദേശിലെ നെല്ലൂർ ജില്ലയിലുള്ള വെങ്കടഗിരിയിലാണു സംഭവം. അടച്ചുപൂട്ടൽ പ്രഖ്യാപിക്കുമ്പോൾ നെല്ലൂർ നഗരത്തിലെ സ്വർണക്കടയിൽ ജോലിയിലായിരുന്നു വെങ്കടഗിരി സ്വദേശിയായ യുവാവ്. 21 ദിവസം കടയിൽ തന്നെ കഴിഞ്ഞു. അടച്ചുപൂട്ടൽ നീട്ടിയപ്പോൾ വീട്ടിലേക്കു നടന്നു. കഴിഞ്ഞദിവസം രാവിലെ വീട്ടിലെത്തിയപ്പോൾ ആദ്യം പരിശോധന നടത്താൻ നിർദേശിക്കുകയായിരുന്നു ഭാര്യ. അതുവരെ സമീപത്തെ ആംഗൻവാടി കെട്ടിടത്തിൽ താമസിച്ചാൽ മതിയെന്നും പറഞ്ഞു.

കുട്ടികളും കുടുംബാംഗങ്ങളുമുള്ളതിനാൽ പരിശോധന നടത്താതെ വീട്ടിൽ കയറ്റാനാവില്ലെന്നു പറഞ്ഞ ഭാര്യയുടെ നിർദേശം സ്വീകരിച്ച യുവാവിന് ആരോഗ്യ പ്രവർത്തകരെത്തി പരിശോധന നടത്തിയതോടെ രോഗമില്ലെന്നു തെളിഞ്ഞു. ഇതേത്തുടർന്ന് ഇന്നലെ യുവാവ് വീട്ടിലെത്തി. കുട്ടികളുടെയും അയൽക്കാരുടെയും ആരോഗ്യം പന്താടാനുള്ളതല്ലെന്നതിനാലാണ് താൻ ഇങ്ങനെയൊരു തീരുമാനമെടുത്തതെന്നു യുവതി. യുവതിയുടെ നല്ല ഉദ്ദേശ്യത്തെ താൻ അംഗീകരിക്കുന്നെന്നു ഭർത്താവും പറഞ്ഞതോടെ കുടുംബത്തിന്റെ പുനഃസമാഗമം സൂപ്പർഹിറ്റായി. നേരത്തേ, തെലങ്കാനയിൽ അയൽഗ്രാമത്തിലെ ബന്ധുവീട്ടിൽ പോയ അമ്മയെയും മക്കൾ വീട്ടിൽ കയറ്റാൻ വിസമ്മതിച്ചിരുന്നു. അടച്ചുപൂട്ടൽ കഴിഞ്ഞശേഷം വന്നാൽ മതിയെന്നായിരുന്നു ഗ്രാമുഖ്യനായ മകന്റെ നിർദേശം.

ധാരാവിയിൽ രോഗികൾ 100 കടന്നു

മുംബൈ: ഏഷ്യയിലെ ഏറ്റവും വലിയ ചേരിയായ ധാരാവിയിൽ കൊവിഡ് ബാധിതർ 101 ആയി. ഇന്നലെ 15 പുതിയ കേസുകൾ കൂടി റിപ്പോർട്ട് ചെയ്തതോടെയാണിത്. ഈ പ്രദേശത്തുനിന്നുള്ള അറുപത്തിരണ്ടുകാരൻ സിയോൺ ആശുപത്രിയിൽ മരിക്കുകയും ചെയ്തു. ഇതോടെ ഈ പ്രദേശത്തു കൊറോണ മൂലം മരിച്ചവർ പത്തായി. മുംബൈയിലെ മൊത്തം കൊവിഡ് രോഗികൾ 2,120 ആയിട്ടുണ്ട്. അഞ്ചു പേർ കൂടി മരിച്ചതോടെ മൊത്തം മരണം 121 ആയി ഉയർന്നു. രാജ്യത്ത് കൊറോണ ഏറ്റവും മോശമായി ബാധിച്ച മഹാരാഷ്ട്രയിൽ ഇപ്പോൾ 3200ലേറെ രോഗികളാണുള്ളത്.

വിദ്യാർഥികളെ നാട്ടിലെത്തിക്കാൻ യുപിയുടെ പ്രത്യേക ബസ്

ലക്നൗ: രാജസ്ഥാനിലെ കോട്ടയിൽ പരീക്ഷാ പരിശീലന കേന്ദ്രങ്ങളിൽ കുടുങ്ങിയ 7000 വിദ്യാർഥികളെ വീട്ടിലെത്തിക്കാൻ യുപി സർക്കാർ 250 ബസുകൾ അയച്ചു. ഇന്ന് ഉച്ചയ്ക്കു കോട്ടയിൽ നിന്നു വിദ്യാർഥികളുമായി ബസുകൾ മടങ്ങും. തങ്ങളെ വീടുകളിലെത്തിക്കാൻ അഭ്യർഥിച്ചു വിദ്യാർഥികൾ ട്വിറ്ററിൽ ക്യാംപെയ്ൻ തുടങ്ങിയതോടെയാണു നടപടി. മുഴുവൻ കുട്ടികൾക്കും കൊവിഡ് പരിശോധന നടത്തിയശേഷമേ വീട്ടിലേക്ക് അയയ്ക്കൂ എന്ന് അധികൃതർ.

മത്സരപരീക്ഷാ കേന്ദ്രങ്ങൾക്കു പ്രശസ്തമാണു രാജസ്ഥാനിലെ കോട്ട. 30000ലേറെ വിദ്യാർഥികൾ ഇവിടെ വിവിധ സ്ഥാപനങ്ങളിലായി പഠിക്കുന്നുണ്ട്. അടച്ചുപൂട്ടൽ തുടങ്ങും മുൻപ് 10000ഓളം പേർ മടങ്ങിയിരുന്നു. യുപി ഒഴികെയുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും പശ്ചിമബംഗാൾ, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുമായി ആയിരക്കണക്കിനു വിദ്യാർഥികൾ ഇപ്പോഴും കോട്ടയിൽ കഴിയുന്നുണ്ട്.

നിയന്ത്രണങ്ങൾ ലംഘിച്ച് കുമാരസ്വാമിയുടെ മകന്റെ വിവാഹം

മൈസൂരു: കൊവിഡ് വ്യാപനം തടയാനുള്ള അടച്ചിടൽകാലത്ത് എല്ലാ നിയന്ത്രണങ്ങളും ലംഘിച്ച് കർണാടക മുൻ മുഖ്യമന്ത്രി എച്ച്.ഡി. കുമാരസ്വാമിയുടെ മകന്റെ വിവാഹം. ബംഗളൂരുവിനു പുറത്ത് രാമനഗരയിൽ ഗൗഡ കുടുംബത്തിന്റെ ഫാം ഹൗസിലായിരുന്നു സാമൂഹിക അകലം പാലിക്കണമെന്നും മാസ്ക് ധരിക്കണമെന്നുമുള്ള നിർദേശങ്ങളെല്ലാം അവഗണിച്ചു വിവാഹച്ചടങ്ങ് നടത്തിയത്. 50 പേരിൽ താഴെ മാത്രമേ പങ്കെടുക്കൂ എന്നാണു കുമാരസ്വാമി നേരത്തേ പറഞ്ഞിരുന്നത്. എന്നാൽ, നൂറോളം പേർ പങ്കെടുത്തതായാണു റിപ്പോർട്ട്.

വരൻ നിഖിൽ കുമാരസ്വാമിയുടെ മുത്തച്ഛൻ എൺപത്താറു വയസായ മുൻ പ്രധാനമന്ത്രി എച്ച്.ഡി. ദേവഗൗഡയും വിവാഹത്തിൽ പങ്കെടുത്തു. കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ എം. കൃഷ്ണപ്പയുടെ സഹോദരിയുടെ കൊച്ചുമകൾ രേവതിയാണു വധു. നേരത്തേ, ബംഗളൂരു നഗരത്തിൽ നടത്താനിരുന്ന വിവാഹം കൊവിഡ് കണക്കിലെടുത്താണ് ഫാംഹൗസിലേക്കു മാറ്റിയത്. മാധ്യമങ്ങൾക്കു പ്രവേശനം അനുവദിച്ചിരുന്നില്ല. നാൽപ്പതോളം കാറുകൾ ഫാംഹൗസിലേക്കു കടന്നുപോയതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

രാമനഗരയിലേക്ക് അനുവദനീയമായ കാറുകളുടെ നമ്പറുകൾ നേരത്തെ തന്നെ കുടുംബം നൽകിയിട്ടുണ്ടെന്നാണു പൊലീസിന്റെ പ്രതികരണം. ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വിവാഹത്തെക്കുറിച്ച് ചോദിച്ചപ്പോൾ ഇത് നടത്താവാവശ്യമായ എല്ലാ മുൻകൂർ അനുമതികളും കർണാടക സർക്കാരിൽ നിന്നും എടുത്തിട്ടുണ്ടെന്നാണ് കുമാര സ്വാമി പ്രതികരിച്ചത്. വിവാഹം നടക്കുമ്പോൾ കർശന നിയന്ത്രണങ്ങൾ ഉണ്ടാവുമെന്നും എല്ലാ കാര്യങ്ങളും ചിത്രീകരിക്കുമെന്നും സർക്കാർ അറിയിച്ചിരുന്നു. ചട്ടങ്ങൾ പാലിച്ചില്ലെങ്കിൽ നടപടിയുണ്ടാകുമെന്ന് നേരത്തേ കർണാടക ഉപമുഖ്യമന്ത്രി അശ്വത്ഥ് നാരായൺ അറിയിച്ചിരുന്നു.

കർണാടക മുൻമുഖ്യമന്ത്രി എച്ച്.ഡി. കുമാരസ്വാമിയുടെ മകൻ നിഖിലും രേവതിയും വിവാഹിതരാകുന്ന ചടങ്ങിൽ മുത്തച്ഛൻ മുൻ പ്രധാനമന്ത്രി എച്ച്.ഡി. ദേവഗൗഡ ദമ്പതികളെ ആശീർവദിക്കുന്നു.

ക്യാൻസർ രോഗിക്ക് മരുന്നു നൽകാൻ 430 കിലോമീറ്റർ ബൈക്ക് യാത്ര

ബംഗളൂരു: അടച്ചുപൂട്ടലിനെത്തുടർന്നു ദുരിതത്തിലായ ക്യാൻസർ രോഗിക്കുവേണ്ടി 430 കിലോമീറ്റർ ദൂരം ബൈക്കിൽ സഞ്ചരിച്ച് മരുന്നെത്തിച്ചു കർണാടകയിലെ പൊലീസ് ഹെഡ് കോൺസ്റ്റബിൾ. എസ്. കുമാരസ്വാമി എന്ന കോൺസ്റ്റബിളാണ് ജീവൻ രക്ഷാ ദൗത്യത്തിലൂടെ കർണാടക പൊലീസിന്റെ അഭിമാനമായത്. ഇദ്ദേഹത്തിന്റെ ചിത്രം ടിറ്ററിൽ പങ്കുവച്ച ബംഗളൂരു സിറ്റി പൊലീസ് കമ്മിഷണർ ഭാസ്കർ റാവു, കുമാരസ്വാമിയുടെ മനുഷ്യസ്നേഹത്തിനു പുരസ്കാരവും നൽകി. ചിത്രത്തിന് സമൂഹമാധ്യമങ്ങളിൽ മികച്ച പ്രതികരണമാണു ലഭിച്ചത്.

ധർവാഡ് സ്വദേശിയായ രോഗിയാണ് അടച്ചുപൂട്ടലിനെത്തുടർന്നു മരുന്നു കിട്ടാതെ പ്രതിസന്ധിയിലായത്. ആരോഗ്യപ്രവർത്തകർ ഇക്കാര്യം പൊലീസിനെ അറിയിച്ചു. ഇതേത്തുടർന്ന് ബംഗളൂരുവിൽ നിന്നു മരുന്നുമായി ഒറ്റയ്ക്കു ബൈക്കിൽ ധർവാഡിലേക്കു പോകുകയായിരുന്നു കുമാരസ്വാമി.

വീട്ടിൽ ഒറ്റപ്പെട്ട എൺപതുകാരന് പാലും വെള്ളവും ഭക്ഷണ സാധനങ്ങളും രസഗുളയും എത്തിച്ചുകൊടുത്ത യുപി പൊലീസിന്റെ നന്മ കഴിഞ്ഞദിവസങ്ങളിൽ ദേശീയ മാധ്യമങ്ങളിൽ വാർത്തയായിരുന്നു. രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്ന അസുഖമുള്ള രാമചന്ദ്ര പ്രസാദ് കേസരിക്കാണ് യുപി പൊലീസ് സഹായഹസ്തം നീട്ടിയത്. രക്തത്തിലെ പഞ്ചസാരയുടെ തോത് നിലനിർത്താൻ രസഗുളയെയാണ് കേസരി ആശ്രയിച്ചിരുന്നത്. അടച്ചുപൂട്ടലിനെത്തുടർന്നു രസഗുള കിട്ടാതായതോടെ തളർച്ച അനുഭവപ്പെട്ട ഇദ്ദേഹം പൊലീസിന്റെ സഹായം തേടുകയായിരുന്നു.

മഹാരാഷ്ട്രയിൽ മൂന്നുപേരെ തല്ലിക്കൊന്നു

പൽഘർ: കൊറോണ ലോക്ഡൗൺ കാലത്ത് കാറിൽ സഞ്ചരിച്ച മൂന്നുപേരെ മോഷ്ടാക്കളെന്നു കരുതി ഒരു സംഘം ഗ്രാമീണർ തല്ലിക്കൊന്നു. പൽഘർ ജില്ലയിലെ കാസ പൊലീസ് സ്റ്റേഷൻ അതിർത്തിയിലായിരുന്നു വ്യാഴാഴ്ച രാത്രി പത്തുമണിയോടെ സംഭവം. കൊല്ലപ്പെട്ടവരെ തിരിച്ചറിഞ്ഞിട്ടില്ലെന്നു പൊലീസ്. നൂറിലേറെ പേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

മുംബൈയിൽ നിന്നു കാറിൽ പോകുകയായിരുന്ന മൂന്നു പേർ ധബാദി-ഖൻവേൽ റോഡിൽ നിർത്തിയപ്പോഴാണ് ആളുകൾ കൂടിയത്. കാറിൽ നിന്നു വലിച്ചിറക്കി കല്ലുകളും മറ്റ് ആയുധങ്ങളും ഉപയോഗിച്ച് ആക്രമിക്കുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. വലിയ ജനക്കൂട്ടമായിരുന്നതിനാൽ സ്ഥലത്തെത്തിയ പൊലീസിനു രക്ഷിക്കാനായില്ല. പൊലീസ് വാഹനത്തിനുള്ളിൽ വച്ചും യാത്രക്കാരെ മർദിച്ചതായി ഒരു സീനിയർ ഉദ്യോഗസ്ഥൻ പറഞ്ഞു. മൃതദേഹങ്ങൾ പൽഘർ ഗവൺമെന്റ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് അയച്ചു.

ലോക്ഡൗൺ കാലത്ത് കവർച്ച നടത്താൻ ചില സംഘങ്ങൾ ഇറങ്ങിയിട്ടുണ്ട് എന്ന അഭ്യൂഹം നാട്ടിൽ പരന്നിരുന്നുവെന്നു പൊലീസ് പറയുന്നു. കവർച്ചക്കാർ ജില്ല മുഴുവൻ ചുറ്റിക്കൊണ്ടിരിക്കുകയാണെന്നാണു ഗ്രാമീണർ കരുതിയിരുന്നത്. ലോക്ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ചാണു ജനങ്ങൾ കൂടിയത് എന്നതു കണക്കിലെടുത്ത് കുറ്റക്കാർക്കെതിരേ കൂടുതൽ ശക്തമായ വകുപ്പുകൾ ചുമത്തുമെന്നും പൊലീസ്.

പനി നോക്കിയിട്ടേ വിടൂ..! തിരുവനന്തപുരം ആയുർവേദ കോളെജിൽ ചികിത്സയ്ക്കെത്തിയ ആളെ പനി സ്ക്രീനിങ് കൗണ്ടറിൽ പരിശോധിക്കുന്നു. കെ.ബി. ജയചന്ദ്രൻ

തീരുമാനമുണ്ടായാൽ പ്രതിദിനമെത്തുക 6,000 പ്രവാസികൾ

കൊച്ചി: കേന്ദ്ര സർക്കാരിന്റെ അന്തിമതീരുമാനമുണ്ടായാൽ പ്രവാസികൾ നാട്ടിലേക്ക് തിരിച്ചെത്തുമ്പോൾ സുരക്ഷിതമായി ക്വാറന്റീനിൽ പാർപ്പിക്കാനുള്ള ആസൂത്രണം തുടങ്ങി. തദ്ദേശവകുപ്പിന്റെ നേതൃത്വത്തിലാണ് ഒരുക്കങ്ങൾ. പ്രതിദിനം 6,000 പേരെങ്കിലും എത്തുമെന്നാണു നിഗമനം. സംസ്ഥാന സർക്കാരിനു വേണ്ടി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനപ്രകാരം 21.21 ലക്ഷം മലയാളികളാണ് വിദേശ രാജ്യങ്ങളിലുള്ളത്. ഇതിൽ 18.93 ലക്ഷം പേർ ഗൾഫ് രാജ്യങ്ങളിലാണ്. അനൗദ്യോഗിക കണക്കുകൾ പ്രകാരം ഗൾഫിൽ 25 ലക്ഷത്തോളം മലയാളികളുണ്ട്.

സർവീസുകൾ നിർത്തിവയ്ക്കുന്നതിനു മുൻപ് പ്രതിദിനം കേരളത്തിലെത്തിയിരുന്നത് 90-100 രാജ്യാന്തര വിമാനങ്ങളാണ്. ശരാശരി സീറ്റുകൾ 18,000. കൊവിഡ് സുരക്ഷയുടെ ഭാഗമായി വിമാനത്തിൽ മൂന്നിലൊന്നു യാത്രക്കാരെ മാത്രമേ അനുവദിക്കൂ . ഇതുപ്രകാരമാണ് പ്രതിദിനം 6,000 പേർ എത്തുമെന്ന കണക്ക്.

പ്രവാസികളുടെ പ്രശ്നങ്ങൾ അറിയിക്കാൻ നോർക്ക ഒരുക്കിയ ഡിജിറ്റൽ പ്ലാറ്റ്ഫോമിലെ വിവരങ്ങൾ പ്രകാരം ഒരു ലക്ഷത്തിലേറെ പേർ എത്തുമെന്ന് സർക്കാർ കണക്കുകൂട്ടിയിരുന്നു. അതതു രാജ്യങ്ങളിൽ പരിശോധന നടത്തി കൊവിഡ് ഇല്ലെന്നു സ്ഥിരീകരിച്ച ശേഷമേ യാത്രാനുമതി നൽകൂ. ഡിജിറ്റൽ പാസും നിർബന്ധമാക്കും. വിമാനത്താവളങ്ങളിൽ പരിശോധന നടത്തി കൊവിഡ് കെയർ ഹോമുകളിലെത്തിക്കുകയും ഫലം നെഗറ്റീവായാൽ വീടുകളിൽ ക്വാറന്റീൻ അനുവദിക്കുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

പ്രവാസികളെ മുൻഗണനാക്രമത്തിൽ വിവിധ ഘട്ടങ്ങളായാകും തിരികെയെത്തിക്കുക. രോഗികൾ, സ്ത്രീകൾ, വയോധികർ, കുട്ടികൾ എന്നിവർക്കായിരിക്കും മുൻഗണന. കോവിഡ് സമൂഹവ്യാപനമുണ്ടായാൽ നിരീക്ഷണത്തിൽ പാർപ്പിക്കാനും മറ്റുമായി സർക്കാർ രണ്ടുലക്ഷത്തിലേറെ മുറികൾ സജ്ജമാക്കുന്നുണ്ട്. പാർപ്പിക്കാനുള്ള സന്നദ്ധത സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്. ബന്ധുക്കൾക്കു പോലും രോഗപ്പകർച്ചയുണ്ടാവില്ലെന്ന് ഉറപ്പാക്കി ആദ്യ 14 ദിവസം വീട്ടിൽ തന്നെ തങ്ങാൻ സൗകര്യമുള്ളവർക്ക് അങ്ങനെ കഴിയാം. ആരോഗ്യപ്രവർത്തകർ വീടു സന്ദർശിച്ചു സുരക്ഷ ഉറപ്പുവരുത്തും.

തോമസ് ഐസക്കിനെ മുഖ്യമന്ത്രി നിലയ്ക്ക് നിർത്തണം: സുരേന്ദ്രൻ

തിരുവനന്തപുരം: സ്വന്തം കഴിവുകേടു മറയ്ക്കാൻ കേന്ദ്ര സർക്കാരിനെ കുറ്റം പറയുന്ന ധനമന്ത്രി തോമസ് ഐസക്കിന്റെ നിലപാട് സംസ്ഥാനത്തിന്റെ പൊതു താത്പര്യത്തിന് ഭൂഷണമല്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ. കേരളം സാമ്പത്തിക പ്രതിസന്ധിയിലായത് ഇവിടുത്തെ ധനകാര്യ മാനെജ്മെന്റ് പരാജയമായതിനാലാണ്. ധൂർത്തും കെടുകാര്യസ്ഥതയും അഴിമതിയുമാണ് ഖജനാവ് കാലിയാകാൻ കാരണം.

കേന്ദ്രം പണം തന്നുകൊണ്ടിരിക്കണം, ഞങ്ങൾ ചെലവാക്കിക്കൊള്ളാം എന്നതാണ് ഐസക്കിന്റെ നിലപാട്. ഇത് അഴിമതി നടത്താനാണ്. റിസർവ് ബാങ്കിന്റെ പ്രഖ്യാപനങ്ങൾ സാമ്പത്തിക രംഗത്ത് വൻ ഉത്തേജനം നൽകുന്നതാണ്. കേന്ദ്രം സാധാരണക്കാരന് നേരിട്ട് സഹായം നൽകിയതിനെ തുടർന്നാണ് വിപണിയിൽ ധനലഭ്യത ഉണ്ടായത്.

സ്പ്രിംഗ്ലർ കരാർ ഉൾപ്പടെയുള്ള അഴിമതികളിൽ നിന്ന് ശ്രദ്ധ തിരിച്ചുവിടാനുള്ള തന്ത്രത്തിന്റെ ഭാഗമായാണ് ഐസക് കേന്ദ്ര വിരുദ്ധത പുലമ്പിക്കൊണ്ടിരിക്കുന്നത്. കേരളീയ സമൂഹത്തിനു മുന്നിലെ കോമാളി കഥാപാത്രമാണിപ്പോൾ തോമസ് ഐസക്. കേരളത്തിന്റെ വികസനത്തിന് കേന്ദ്ര- കേരള ബന്ധം ശക്തമാകണം. അതിന് വിരുദ്ധമായി നിൽക്കുന്ന ധനമന്ത്രിയെ നിലയ്ക്കു നിർത്താൻ മുഖ്യമന്ത്രി തയാറാകണം- സുരേന്ദ്രൻ ആവശ്യപ്പെട്ടു.

മണത്തറിയാനാകുമോ കൊവിഡ് 19

ലണ്ടൻ: കൊവിഡ് 19 എന്ന മഹാമാരിയെ വേഗത്തിൽ തിരിച്ചറിയാൻ ലോകരാഷ്ട്രങ്ങൾ പുതിയ മാർഗങ്ങൾ തേടുമ്പോൾ നായകൾക്ക് ഇതിനു കഴിയുമോ എന്ന പരീക്ഷണത്തിലാണു ലണ്ടനിലെ ഒരു സംഘം ഗവേഷകർ. ലണ്ടൻ സ്കൂൾ ഒഫ് ഹൈജീൻ ആൻഡ് ട്രോപ്പിക്കൽ മെഡിസിൻ ആണ് ഡർഹം യൂണിവേഴ്സിറ്റിയിലെ മെഡിക്കൽ ഡിറ്റക്ഷൻ ഡോഗ്സ് വിഭാഗവുമായി ചേർന്നു പുതിയ മാർഗത്തിന്റെ സാധ്യത പരിശോധിക്കുന്നത്. ലക്ഷണങ്ങൾ പുറത്തുകാണിക്കാത്ത രോഗിയിലും വൈറസ് സാന്നിധ്യമുണ്ടോ എന്നു കണ്ടെത്താൻ നായകൾക്കു കഴിഞ്ഞേക്കുമെന്നാണ് ഇവരുടെ നിഗമനം. പരീക്ഷണം വിജയിച്ചാൽ കൊവിഡ് പ്രതിരോധരംഗത്ത് സുപ്രധാന നേട്ടമാകും ഇത്.

പുറമേ ലക്ഷണങ്ങളില്ലാത്തവരിലും മലേറിയ കണ്ടെത്താൻ പ്രത്യേക പരിശീലനം ലഭിച്ച നായകൾക്കു കഴിഞ്ഞിരുന്നു. ഇതിനെ പിൻപറ്റിയാണ് ലണ്ടൻ സംഘത്തിന്റെ ഗവേഷണം.

"ഞങ്ങൾ തുടങ്ങിയിട്ടേയുള്ളൂ. ശ്വാസകോശ രോഗമായ ഇൻഫ്ലുവൻസ ഉൾപ്പെടെ എല്ലാ രോഗങ്ങളും മനുഷ്യ ശരീരത്തിൽ വ്യത്യസ്തമായ ഗന്ധം സൃഷ്ടിക്കുന്നുണ്ട്. കൊവിഡ് 19നും നമ്മുടെ നാസാരന്ധ്രങ്ങൾക്കു തിരിച്ചറിയാനാവാത്ത ഗന്ധമുണ്ടാകും. അക്കാര്യം ഉറപ്പാണ്. നായകൾക്ക് അതു തിരിച്ചറിയാനാകുമോ എന്നാണ് ഇനി അറിയേണ്ടത്"- ലണ്ടൻ സ്കൂൾ ഒഫ് ഹൈജീൻ ആൻഡ് ട്രോപ്പിക്കൽ മെഡിസിനിലെ രോഗ നിയന്ത്രണ വിഭാഗം തലവൻ ജയിംസ് ലോഗൻ പറഞ്ഞു.

നായകൾക്ക് ഇതു കണ്ടെത്താനാകുമെന്നാണു വിശ്വാസമെന്നു മെഡിക്കൽ ഡിറ്റക്ഷൻ ഡോഗ്സ് സ്ഥാപകൻ ക്ലെയർ ഗസ്റ്റ്. വൈറസ് ബാധിച്ചവരുടെ ശരീര, ഉച്ഛ്വാസ ഗന്ധം എങ്ങനെ നായകൾക്ക് എത്തിച്ചുകൊടുക്കാനാവുമെന്നാണ് ഞങ്ങൾ ഇപ്പോൾ ആലോചിക്കുന്നത്. നായകളുടെ സുരക്ഷിതത്വം ഉറപ്പാക്കിയശേഷം വേണം പരീക്ഷണം നടത്താൻ. നിലവിൽ രാജ്യത്ത് കൊവിഡ് പരിശോധനയ്ക്ക് പരിമിതമാണു സൗകര്യം. നായകൾ പരിശോധിച്ച് കൊവിഡ് സൂചന നൽകുന്നവരെ മാത്രം പരിശോധിച്ചാൽ മതിയെന്നാകിൽ ആരോഗ്യരംഗത്തിന് അതു വലിയ ആശ്വാസമാകുമെന്നും ക്ലെയർ ഗസ്റ്റ്.

രണ്ടു മാസത്തിനുള്ളിൽ രോഗികളെ തിരിച്ചറിയാൻ നായയ്ക്കു കഴിയുന്ന സംവിധാനമുണ്ടാകുമെന്നും ഇതു വിജയകരമായാൽ വിമാനത്താവളങ്ങളിലും പൊതു സ്ഥലങ്ങളിലും ഇത്തരം നായകളെ ഉപയോഗിക്കാനാവുമെന്നും ക്ലെയർ ഗസ്റ്റ്. ഇതോടെ രോഗത്തിന്റെ രണ്ടാം വ്യാപന സാധ്യത തടയാനാകുമെന്നാണു ബ്രിട്ടിഷ് ആരോഗ്യവിഭാഗത്തിന്റെ നിഗമനം.

മലേറിയ, പ്രോസ്റ്റേറ്റ് ക്യാൻസർ, പ്രമേഹം, പാർക്കിൻസൺസ്, സ്തനാർബുദം തുടങ്ങിയ രോഗങ്ങൾ കണ്ടെത്താൻ നായകൾക്കു കഴിയുമെന്നു നേരത്തേ കണ്ടെത്തിയിരുന്നു. പ്രത്യേക പരിശീലനം ലഭിച്ച നായകൾക്ക് ഈ രോഗങ്ങൾ മനുഷ്യരുടെ ശരീരഗന്ധത്തിലുണ്ടാക്കുന്ന നേരിയ വ്യതിയാനം പോലും തിരിച്ചറിയാനാകുമത്രേ.

ഹോട്ട് സ്പോട്ടുകൾ ഒഴികെ ഇളവുകൾ പ്രഖ്യാപിച്ച് ഉത്തരവിറങ്ങി

തിരുവനന്തപുരം: കോവിഡ് തീവ്രതയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച ഹോട്ട് സ്പോട്ടുകൾ ഒഴികെയുള്ള മേഖലകൾക്ക് ലോക് ഡൗണിൽ ഇളവുകൾ പ്രഖ്യാപിച്ച് ഉത്തരവിറങ്ങി. റെഡ്, ഓറഞ്ച് എ, ഓറഞ്ച് ബി, ഗ്രീൻ എന്നിങ്ങനെ നാല് സോണുകളായി തിരിക്കും. 24നു ശേഷം ഭാഗികമായി ഇളവുകൾ നൽകാനും തീരുമാനം. റെഡ് സോണിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് , മലപ്പുറം ഉൾപ്പെടും. ഇവിടങ്ങളിൽ മെയ് മൂന്നു വരെ പൂർണ നിയന്ത്രണം.

ഓറഞ്ച് എ- പത്തനംതിട്ട, കൊല്ലം, എറണാകുളം (24ന് ശേഷം ഭാഗിക ഇളവ്, വാഹനവും ഇറക്കാം).

ഓറഞ്ച് ബി- ആലപ്പുഴ, തിരുവനന്തപുരം, പാലക്കാട്, വയനാട് (തിങ്കളാഴ്ചയ്ക്ക് ശേഷം ഭാഗിക ഇളവ്).

ഗ്രീൻ - കോട്ടയം, ഇടുക്കി (ഏപ്രിൽ 20 മുതൽ ആവശ്യമായ സുരക്ഷാ ക്രമീകരണത്തോടെ സാധാരണ ജീവിതം).

ഇന്ത്യ

രോഗബാധിതർ 13,835

ഭേദമായവർ 1,766

മരണം 452

ആദ്യ 15 സംസ്ഥാനങ്ങൾ

മഹാരാഷ്ട്ര	3,205
ഡൽഹി	1,640
മധ്യപ്രദേശ്	1,308
തമിഴ്നാട്	1,267
രാജസ്ഥാൻ	1,131
ഗുജറാത്ത്	1,021
യു പി	846
തെലങ്കാന	743
ആന്ധ്ര	572
കേരളം	395
കർണാടകം	353
ജമ്മു കശ്മീർ	314
ബംഗാൾ	235
പഞ്ചാബ്	186î
ഹരിയാന	177

ലോകം

രോഗബാധിതർ 22 ലക്ഷം

ഭേദമായവർ 5,58,717

മരണസംഖ്യ 1,48,730

വിലക്കു ലംഘിച്ചു മേയർ മദ്യം കഴിച്ചു, വൻതുക പിഴ

സിഡ്നി: ഓസ്ട്രേലിയൻ നഗരമായ വർണാംബുൾ മേയർക്കു കിട്ടിയത് എട്ടിന്റെ പണി. കഴിഞ്ഞ ഒരുമാസമായി ലോക്ക്ഡൗണിൽ കഴിയുന്ന നഗരത്തിൽ ഹോട്ടലുകൾ, മദ്യശാലകൾ, മാളുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെല്ലാം അടഞ്ഞുകിടക്കുകയാണ്. മദ്യം കിട്ടാതെ ആയിരങ്ങളാണു വിഷമിക്കുന്നത്. അക്കൂട്ടത്തിലൊരാളാണ് മേയർ ടോണി ഹെർബർട്ട്.

ക്ഷമ വശം കെട്ടപ്പോൾ എ താനും കൂട്ടുകാരെയും കൂ ഒരു മദ്യശാലയിലേക്കു വച്ചുപിടിച്ചു. സ്വാധീനം ഉപയോഗിച്ച് അവിടെ നിന്നു ബിയറും മറ്റു മദ്യങ്ങളും വാങ്ങി, തുറസായ സ്ഥലത്തിരുന്നു നന്നായി ആഘോഷിച്ചു. വിവരമറിഞ്ഞെത്തിയ പൊലീസ് കൈയോടെ പൊക്കി. മേയാറാണെന്നൊക്കെ പറഞ്ഞുനോക്കിയെങ്കിലും വിട്ടില്ല. കേസ് രജസ്റ്റർ ചെയ്തു പിഴയിട്ടു- 1,044 ഡോളർ. പിഴയൊടുക്കി മടങ്ങുന്നതിനിടെ മേയറുടെ ക്ഷമാപണം."എല്ലാവരും എന്നോടു ക്ഷമിക്കണം. എനിക്കു തെറ്റുപറ്റി. ചെയ്യാൻ പാടില്ലായിരുന്നു"- ഈ ക്ഷമാപണം പിന്നീട് ഓസ്ട്രേലിയൻ സമൂഹമാധ്യമങ്ങൾ ആഘോഷമാക്കി.

യുഎസിൽ മരണസംഖ്യ കുതിക്കുന്നു, പ്രതിവിധിയായി എബോള വാക്സിൻ

യുഎസ് ഇന്നലെ മാത്രം 33,000 രോഗികൾ

ആകെ മരണം 34,705

ഷിക്കാഗോ: യുഎസിൽ കൊവിഡ് മരണം കുതിക്കുന്നു. ഇന്നലെ ഒരൊറ്റ ദിവസം പുതുതായി രോഗം സ്ഥിരീകരിക്കപ്പെട്ടവർ 33,000. മരണസംഖ്യ 34,705. ലോകത്ത് ഒരു ദിവസം ഇത്രയധികം പേർക്ക് കൊവിഡ് രോഗം സ്ഥിരീകരിച്ച ചരിത്രമില്ല. എന്താണു പ്രതിവിധി എന്നു നിശ്ചയമില്ലാത്ത അവസ്ഥയിൽ എന്തും പരീക്ഷിക്കുകയാണ് അമെരിക്കയിലെ ആരോഗ്യ വകുപ്പും വിവിധ സർവകലാശാലകളും. അതിൽ ഏറ്റവും പുതിയ പരീക്ഷണമാണ് ഷിക്കാഗോ സർവകലാശാലയിലെ ഡോ. കാതലീൻ മുള്ളെയ്ൻ നടത്തിയിരിക്കുന്നത്. കൊവിഡിനെപ്പോലെ ഒരുകാലത്ത് ലോകത്തെ വിറപ്പിച്ച എബോള മഹാമാരിക്ക് പ്രതിവിധിയായി വികസിപ്പിച്ചെടുത്ത റെംഡെസ്വിർ എന്ന ഗുളികയാണ് അവിടെ പരീക്ഷിച്ചത്. ഇതു വളരെ ഫലപ്രദമാണെന്ന് ഡോ. കാതലീൻ അവകാശപ്പെടുന്നു.

റെംഡസ്വിർ കുടുംബത്തിൽപ്പെട്ട ജനറിക് മെഡിസിൻ എച്ച്ഐവി രോഗികളിൽ വളരെ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. കൊവിഡ് ബാധിച്ച ഏതാനും വിദേശികളിൽ കേരളത്തിലും ഇതു പരീക്ഷിച്ചിരുന്നു. കളമശേരി മെഡിക്കൽ കോളെജിൽ കൊവിഡ് ബാധിച്ചു ചികിത്സ തേടിയ ഏതാനും വിദേശികൾക്ക് അവരുടെ അനുമതിയോടെയും ഐസിഎംആർ അംഗീകാരത്തോടെയുമാണ് ഇതു പരീക്ഷിച്ചു വിജയിച്ചത്. ഈ ചികിത്സ നൽകിയ എല്ലാവരും രോഗം സുഖപ്പെട്ടു നാട്ടിലേക്കു മടങ്ങി.

ഷിക്കാഗോ സർവകലാശാലയിൽ വിജയകരമായി പരീക്ഷിച്ച റെംഡെസ്വീർ ആന്റി വൈറസ്, അതീവ ഗുരുതരാവസ്ഥയിലുള്ള 2,400 രോഗികളിലാണ് പരീക്ഷിച്ചത്. കൂടാതെ രോഗലക്ഷണം കാണിച്ചു തുടങ്ങിയ 1,600ൽപ്പരം മറ്റു രോഗികളിലും ഇതു തന്നെ ചെറിയ അളവിൽ പരീക്ഷിച്ചു. എല്ലാം വൻ വിജയമായിരുന്നത്രേ. ആറു മുതൽ പത്തു ദിവസം വരെ നടത്തിയ ചികിത്സയ്ക്കു ശേഷം ഇവരെല്ലാം ആശുപത്രി വിട്ടു.

മറ്റ് ഔഷധങ്ങളെക്കാൾ ഏറെ ഫലപ്രദം എന്നാണ് ഡോ. കാതലീൻ റെംഡെസ്വീറിനെ വിശേഷിപ്പിക്കുന്നത്. യുഎസിൽ വ്യാപകമായി ഉപയോഗിക്കുന്ന ഹൈഡ്രോക്സിക്ലോറോകിൻ എന്ന ഗുളികയെക്കാൾ വേഗത്തിൽ റംഡെസ്വീർ പ്രവർത്തിക്കുന്നു എന്നാണ് ഷിക്കാഗോ സർവകലാശാലാ ബയോ മെഡിക്കൽ വിഭാഗത്തിന്റെ കണ്ടെത്തൽ. എന്നാൽ, ഹെൽത്ത് സയൻസ് വിഭാഗത്തിന്റെ അംഗീകാരം നേടാൻ കഴിയാത്തതിനാൽ റംഡസ്വീർ ചികിത്സയ്ക്ക് ഇതുവരെ ഔദ്യോഗിക അനുമതി ലഭിച്ചിട്ടില്ല. ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്ത ഹൈഡ്രോക്സിക്ലോറോകിൻ എന്ന ഗുളികയ്ക്കാണു പ്രിയം കൂടുതൽ.

ചൈന തിരുത്തി, വുഹാനിൽ മരണസംഖ്യ കൂടുന്നു



വുഹാൻ: കൊവിഡ് വ്യാപനത്തെക്കുറിച്ചും മരണസംഖ്യയെക്കുറിച്ചുമുള്ള വിവരങ്ങൾ ചൈന മറച്ചുവയ്ക്കുന്നു എന്ന ആരോപണങ്ങൾ പല ഭാഗത്തുനിന്നും ഉയരുന്നതിനിടെ, വുഹാനിലെ മരണ സംഖ്യ ചൈന തിരുത്തി. വുഹാനിൽ മാത്രം നേരത്തേ പ്രഖ്യാപിച്ചതിന്റെ പകുതിയിൽകൂടുതലാണ് പുതുക്കിയ മരണ സംഖ്യ. വുഹാനിൽ നേരത്തേ അറിയിച്ചതിനെക്കാൾ അഞ്ഞൂറിലധികം പേർ കൂടുതൽ മരിച്ചിട്ടുണ്ടെന്നാണു പുതിയ വെളിപ്പെടുത്തൽ. തുടക്കത്തിലെ ചില ധാരണപ്പിശകുകളും വീടുകളിൽ മരിച്ചവരെ കൊവിഡ് കണക്കിൽ ഉൾപ്പെടുത്താൻ കഴിയാത്തതുമാണ് ആദ്യം പറഞ്ഞ കണക്കിൽ പിശകു വരാൻ കാരണമെന്നാണ് ചൈനയുടെ വിശദീകരണം. പുതിയ കണക്കു പ്രകാരം 3,869 ആണു ചൈനയിലെ മരണ സംഖ്യ. ദേശീയ ഹെൽത്ത് കമ്മിഷൻ ഇതുവരെ പറഞ്ഞിരുന്നത് 3,342 പേർ മരിച്ചെന്നായിരുന്നു. ഇതു മൂന്നാം തവണയാണു ചൈന മരണ സംഖ്യ തിരുത്തുന്നത്. 4,632 പേർ മരിച്ചെന്നാണ് ചില അന്തർദേശീയ വെബ്സൈറ്റുകൾ പറയുന്നത്.

എന്നാൽ ചൈന ഇപ്പോൾ പുറത്തുവിട്ടിരിക്കുന്ന കണക്കും ശരിയല്ലെന്നാണ് യുഎസ്, ജപ്പാൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ പറയുന്നത്. ചില അന്താരാഷ്ട്ര മാധ്യമങ്ങളുടെ കണക്കു പ്രകാരം വുഹാനിൽ 43,000 പേരെങ്കിലും മരിച്ചിട്ടുണ്ടാവുമെന്നാണു വിവരം. രോഗവ്യാപനം തടയാൻ മൃതദേഹങ്ങൾ വളരെ തിരക്കിട്ടു സംസ്കരിച്ചതും വീടുകളിൽനിന്നു കൂട്ടത്തോടെ മൃതദേഹങ്ങൾ മാറ്റുന്നതുമൊക്കെ സാറ്റലൈറ്റ് ചിത്രങ്ങളുടെ സഹായത്തോടെ ഇവർ പുറത്തുവിട്ടിരുന്നു. പ്രാദേശിക ലേഖകരുടെയും നാട്ടുകാരുടെയും മൊഴികളും ഈ മാധ്യമങ്ങൾ ഉപയോഗിച്ചു. ഇതെല്ലാം വച്ച് ചൈനയിൽ മൊത്തത്തിൽ അരലക്ഷം പേരെങ്കിലും കൊവിഡ് ബാധിച്ചു മരിച്ചിട്ടുണ്ടാകും എന്നാണു നിഗമനം.

ചൈന പുറത്തുവിടുന്ന കണക്കുകൾ വിശ്വാസ്യയോഗ്യമല്ലെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ അഭിപ്രായപ്പെട്ടു. "ചൈന വൻശക്തിയാണ്. അവരുമായി ഞങ്ങൾ വലിയ തരത്തിൽ സഹകരിക്കുന്നുമുണ്ട്. പക്ഷേ, കൊവിഡ് സംബന്ധിച്ച് അവർ നിരത്തുന്ന കണക്കുകൾ വിശ്വസിക്കാനാവുന്നില്ല"- മാക്രോൺ പറഞ്ഞു.

ജപ്പാൻ പ്രധാനമന്ത്രി ഷിൻസോ ആബെയും ചൈനയ്ക്കെതിരേ രംഗത്തുവന്നു. ലോകാരോഗ്യ സംഘടനയെ രാഷ്ട്രീയവൽക്കരിക്കുന്നതിനു ചൈന ശ്രമിക്കുന്നു എന്നാണ് ആബെയുടെ ആരോപണം. ലോകാരോഗ്യ സംഘടനയുടെ അംഗത്വപ്പട്ടികയിൽ തായ്‌വാനെയും ഉൾപ്പെടുത്തണമെന്നു ജപ്പാൻ വളരെ നാളായി ആവശ്യപ്പെടുന്നതാണ്. എന്നാൽ, ചൈനയുടെ എതിർപ്പ് മൂലം അവർ വഴങ്ങുന്നില്ല. ഈ സംഘടന ചൈനയുടെ വരുതിയാണെന്നു പറഞ്ഞു യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് 500 ദശലക്ഷം ഡോളറിന്റെ വാർഷിക ഫണ്ട് മരവിപ്പിച്ചിരുന്നു. ഇതേ മാതൃകയിൽ ലോകാരോഗ്യ സംഘടനയ്ക്കു നൽകുന്ന സാമ്പത്തിക സഹായം മരവിപ്പിക്കുമെന്ന് ആബെയും മുന്നറിയിപ്പ് നൽകി. "ഈ കൊറോണക്കാലത്ത് ലോകാരോഗ്യ സംഘടനയെ കൈവിടുന്നില്ല. അവർക്ക് ആവശ്യമായ മുഴുവൻ പിന്തുണയും നൽകും. എന്നാൽ അതു കഴിഞ്ഞാൽ സഹായം നിർത്തിവയ്ക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കും"- ഷിൻസോ ആബെ വ്യക്തമാക്കി.

ജോൺ ഹാൻസ്

തൃശൂർ: ചാലിശേരി വളപ്പില ആന്റണി മകൻ ജോൺ ഹാൻസ് (58- ചീഫ് മാനെജർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഹെഡ് ഓഫീസ്, തൃശൂർ) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ പത്തിന് ലൂർദ് മെട്രൊപൊളിറ്റൻ കത്തീഡ്രൽ സെമിത്തേരിയിൽ. ഭാര്യ: ലിജി ഹാൻസ്. മക്കൾ: റിച്ചു ഹാൻസ്, സച്ചു ഹാൻസ്. മരുമകൾ: ഹിമ റിച്ചു.



ഫാ. മാത്യു മുള്ളൻമട

തലശേരി: തലശേരി അതിരൂപതയിലെ മുതിർന്ന വൈദികൻ ഫാ. മാത്യു മുള്ളൻമട (95) കരുവഞ്ചാൽ ശാന്തി ഭവൻ വൈദിക മന്ദിരത്തിൽ വിശ്രമ ജീവിതത്തിനിടെ അന്തരിച്ചു. ഫാ. മാത്യു മുള്ളൻ മട കാഞ്ഞിരപ്പള്ളി ആനിക്കാട് മുള്ളൻമട വർക്കിയുടെയും റോസയുടെയും മകനാണ്. സഹോദരങ്ങൾ: മറിയാമ്മ , പരേതരായ വർക്കി, ത്രേസ്യാമ്മ, ജോസഫ്, ഫിലിപ്പോസ്. ഇന്നു രാവിലെ 9.30 ന് തലശേരി കത്രീഡ്രൽ ദേവാലയത്തിൽ ജോർജ് ഞെരളക്കാടിന്റെ നേതൃത്വത്തിൽ സംസ്കരിക്കും.

എം.പി. വർഗീസ്

അങ്കമാലി: മനയ്ക്കപറമ്പിൽ എം.പി വർഗീസ് (92) അന്തരിച്ചു. സംസ്കാരം ഇന്ന് പത്തിന് സെന്റ് ജോർജ് ബസിലിക്കയിൽ. ഭാര്യ: പള്ളിപ്പാട്ട് കുടുംബാംഗം സാറാമ്മ. മക്കൾ: രാജു, ജാൻസി, ജെസി, ലിസി. മരുമക്കൾ :മേഴ്സി, ബാബു, തോമസ്, പരേതനായ ജെയ്സൺ.

തങ്കപ്പൻ പിള്ള

നടുക്കുന്ന്:സന്തോഷ ഭവനത്തിൽ തങ്കപ്പൻ പിള്ള (75) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ ഓമനയമ്മ. മക്കൾ: സന്തോഷ്കുമാർ, ഉല്ലാസ്കുമാർ, വിനോദ്കുമാർ. മരുമക്കൾ: ജയലക്ഷ്മി, ബിനു, ജിത.

മുരളീധരൻനായർ

ചാലക്കുടി: കുലയിടം പൗർണ്ണമി നിവാസിൽ മുരളീധരൻനായർ (76) അന്തരിച്ചു. കൊരട്ടി മധുര കോട്ട്സ് (ഫിനിഷിങ് ഡിപ്പാർട്ട്മെന്റ്) ജീവനക്കാരനായിരുന്നു. സംസ്ക്കാരം നടത്തി. ഭാര്യ: ലീലാമണി. മക്കൾ: സുപ്രിയ, സുദേവ്, സുനിൽ (ഗ്രീൻ കൗണ്ടി റിസോർട്ട്സ് ഊട്ടി.) മരുമക്കൾ: മുരളി, ഉമാദേവി, സോണി.

ഷംസുദ്ധീൻ

തിരുരങ്ങാടി: തിരുരങ്ങാടി ചന്തപ്പടി പുളിക്കൽ ഷംസുദ്ധീൻ (60) അന്തരിച്ചു. ഭാര്യ: ആസ്വാ. മക്കൾ: ഇല്ല്യാസ് റിയാദ്, ഷംസിയ്യ. മരുമക്കൾ: അറഫാത്ത്, ഫൗസിയ്യ.

പുഷ്പവല്ലി

മുഹമ്മ: കായിപ്പുറം കല്ല്യാണശ്ശേരി വെളിയിൽ കെ.കെ. വിശ്വപ്പന്റെ ഭാര്യ പുഷ്പവല്ലി(64) അന്തരിച്ചു. മക്കൾ: രതീഷ്, വിനീഷ്, വിദ്യ. മരുമക്കൾ: അനില, പത്മരാജ്.

ലിസി ജോൺ

വാളകം:പൊടിയാട്ടുവിള തണ്ടളത്ത്ബി.ബി.കോട്ടേജിൽ (വലിയ വിളയിൽ) എ.ജോൺകുട്ടിയുടെ ഭാര്യയും പെരുമണ്ണൂർ പാറവിള കുടുംബാംഗവുമായ ലിസി ജോൺ (51) അന്തരിച്ചു. മക്കൾ: ബിന്ദു ജോൺ, ബിബിന ജോൺ. മരുമകൻ: ജേക്കബ് സാം (ഹൈദരാബാദ്).

ജോർജ് വർഗീസ്

ചന്ദനപ്പള്ളി: ഇടത്തിട്ട അക്കര വടക്കേതിൽ ജോർജ് വർഗീസ് (കുഞ്ഞുമോൻ-75) ന്യൂയോർക്കിൽ അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: കുഞ്ഞമ്മ. മക്കൾ: റൂബിൻ വർഗീസ് (ക്യൂൻസ്, ന്യൂയോർക്ക്), റോമി വർഗീസ് (കലിഫോർണിയ). മരുമക്കൾ: ജിബി വർഗീസ്, ജോഷ് ഗോൽക്കേ.

പി.സരസ്വതി

അഞ്ചാലുംമൂട്:മുരുന്തൽ ചന്ദ്രഭവനിൽ പരേതനായ ജനാർദ്ദനൻ നായരുടെ ഭാര്യ പി.സരസ്വതി (68) അന്തരിച്ചു.

ഗോപി

ചാലക്കുടി: മേലൂർ.കുന്നപ്പിള്ളി മാടത്ര ഗോപി (58) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഷീന. മക്കൾ: വിഷ്ണു (അധ്യാപകൻ, ശ്രീ ദുർഗാ വിലാസം, പേരാമംഗലം), ആതിര. മരുമകൻ: ബെൽരാജ്.

ലക്ഷ്മിക്കുട്ടി അമ്മ

തലശേരി: ചിറക്കര കണ്ടോത്ത് ഹൗസിൽ പരേതനായ മാണിക്കോത്ത് പത്മനാഭൻ നായരുടെ ഭാര്യ കണ്ടോത്ത് ലക്ഷ്മിക്കുട്ടി അമ്മ (95) മുംബൈയിൽ അന്തരിച്ചു. സഹോദരങ്ങൾ: കണ്ടോത്ത് ജാനകി അമ്മ, സീതാരാമകൃഷ്ണൻ തമ്പി , ചന്ദ്രവല്ലി പണിക്കർ (ഇരുവരും മുംബൈ), പരേതയായ ശാരദ.

രാജേഷ്

പള്ളിപ്പുറം: കിഴക്കതിൽ വീട്ടിൽ പരേതനായ തങ്കപ്പൻനായരുടേയുംരാധാദേവിയുടേയും മകൻ രാജേഷ് (33) അന്തരിച്ചു സംസ്കാരം ഇന്ന് സഹോദരങ്ങൾസുജാത, സുരേഷ്.

കുഞ്ഞമ്മ

ഏഴംകുളം: തേപ്പുപാറ ചിറമണ്ണിൽ (തെങ്ങുംതറയിൽ) ടി.സി. ഗീവർഗീസിന്റെ ഭാര്യ കുഞ്ഞമ്മ (70) അന്തരിച്ചു. ഏഴംകുളം മുള്ളൂരിന്റയ്യത്ത് കുടുംബാംഗമാണ്. മക്കൾ: അലക്സ് (മസ്കത്ത്), അനീഷ് (റിയാദ്), അനി. മരുമക്കൾ: സ്മിത (മസ്കത്ത്), റിത്തു (ഡൽഹി), നൈനാൻ മാത്യു (സിംഗപ്പൂർ).

തങ്കമ്മ

കുമ്പനാട്-കടപ്ര: കണ്ണുരാലിൽ കെ.സി. ചാക്കോയുടെ ഭാര്യ തങ്കമ്മ (78) അന്തരിച്ചു. റാന്നി കണ്ടംപേരൂർ ചക്കുളത്ത് കുടുംബാംഗമാണ്. മക്കൾ: ജോർജ്കുട്ടി, വൽസമ്മ, കൊച്ചുമോൾ , അൽസി, സാബു, സജു.

ഏലിയാമ്മ

പന്തളം: പൂഴിക്കാട് എണ്ണശേരിൽ പുത്തൻവീട്ടിൽ കെ.തങ്കച്ചന്റെ ഭാര്യ ഏലിയാമ്മ (72) അന്തരിച്ചു.

പീതാംബരൻ

വടക്കാഞ്ചേരി: മുരിങ്ങത്തേരി പുത്തൻപുരക്കൽ പീതാംബരൻ (64) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: രുഗ്മിണി. മക്കൾ: ഷബിത, ഷജിത, ഷനിത, സജിത്. മരുമക്കൾ: ബാലകൃഷ്ണൻ, മനോജ്, നന്ദകുമാർ, അഞ്ജലി.

കാഞ്ചന

ചാഴൂർ: വപ്പുഴ ചേന്ദംകുളം പരേതനായ മാധവന്റെ ഭാര്യ കാഞ്ചന (78) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9 ന് വീട്ടുവളപ്പിൽ. മക്കൾ: ബീന, ഷീല ബിന്ദു, വിനോദ്. മരുമക്കൾ: സുരേന്ദ്രൻ, മനോമോഹനൻ, പ്രസാദ്, രാധാമണി.

കുഞ്ഞഹമ്മദ്

പൂക്കാട്: ഗൾഫ് റോഡ് ചാമക്കാടത്ത് കുഞ്ഞഹമ്മദ് (62) അന്തരിച്ചു. ഭാര്യ: റംല.
മക്കൾ: റോഷൻ (ഒമാൻ), റമീസ് (ദുബായ്), റംഷിബഹിഫ്സുൽറഹ്മാൻ (കുവൈറ്റ്). മരുമക്കൾ: ഹിഫ്സുൽറഹ്മാൻ (എരഞ്ഞിക്കൽ), ദാനറമീസ് (കൊയിലാണ്ടി), നഹീമാറോഷൻ (നന്തി). സഹോദരങ്ങൾ: ഫാത്തിമ, ബീവി, ജമീല, മുഹമ്മദ്കോയ, ഇല്യാസ്, ലത്തീഫ്, ഹൈറു, സുബൈദ, ആയിഷ, പരേതനായ സി.കെ. ഹസ്സൻ.

ആബിദ

നാലാഞ്ചിറ: തൗബ പറക്കോട് ലെയിൻ 49ൽ ഷേഖ് പരീദിന്റെ ഭാര്യ ആബിദ (68) അന്തരിച്ചു. മക്കൾ: നസീമ, അലാവിദ്ദീൻ. മരുമക്കൾ: ഹറഫുദീൻ, റാഫില.

ട്രീസ

കൊരട്ടി: ദേവമാതാ റോഡിൽ കരിപ്പേരി ആന്റണി ഭാര്യ ട്രീസ (81) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ജോയ്, സ്റ്റെല്ല, റീന. മരുമക്കൾ: ഷേർളി, ജോർജ്, വർഗീസ്.

വി.എ. ചെല്ലപ്പൻ ശാസ്ത്രികൾ

മുഹമ്മ: മതപ്രഭാഷകനും സംസ്കൃതപണ്ഡിതനുമായ മുഹമ്മ പതിനൊന്നാം വാർഡ് പാപ്പാളിച്ചിറ വി.എ. ചെല്ലപ്പൻ ശാസ്ത്രികൾ (മുഹമ്മ ചെല്ലപ്പൻ ...90) അന്തരിച്ചു . നൂറു കണക്കിന് ക്ഷേത്രങ്ങളിൽ മത പ്രഭാഷണം നടത്തിയിരുന്നു. കൂടാതെ വിദ്യാഭ്യാസം കുറഞ്ഞ യുവാക്കൾക്കു വേണ്ടി നിശാപാഠശാലയും നടത്തിയിരുന്നു. ഭാര്യ: കൗസല്യ. മക്കൾ: ചന്ദ്രകുമാർ (റിട്ട. ആർടിഒ.), രാജേന്ദ്രകുമാർ (കെഎസ്ഇബി), സുബോദ് കുമാർ (ചെക്കിങ് ഇൻസ്പെക്റ്റർ കെഎസ്ആർടിസി). മരുമക്കൾ: ശ്രീലത (വിദ്യാഭ്യാസ വകുപ്പ്), മിനി, ലേഖ.

രവീന്ദ്രനാഥൻ

പറവൂർ: റിട്ട സ്റ്റാറ്റിസ്റ്റിക്കൽ റിസർച്ച് ഓഫീസർ കെടാമംഗലം വടക്കുംമുറി വീട്ടിൽ കെ. രവീന്ദ്രനാഥൻ (രവി മാഷ്-62) അന്തരിച്ചു. സംസ്കാരം നടത്തി.

ഭാര്യ: ഗീത(റിട്ട ഫാക്ട് സൊസൈറ്റി). മക്കൾ: രാഗി ആർ മേനോൻ(അസി പ്രൊഫസർ കൊച്ചിൻ യൂണിവേഴ്സിറ്റി), രാഗേഷ് ആർ മേനോൻ. മരുമകൻ: എസ് നിഖിൽ(എൻജിനീയർ അപ്പോളോ ടയേഴ്സ്)

ജാനകി

മുണ്ടമല: ചൊട്ടിപാറയിൽ പരേതനായ അഴകൻ കേശവന്റെ ഭാര്യ ജാനകി (80) അന്തരിച്ചു. മക്കൾ: പാസ്റ്റർ കുഞ്ഞുമോൻ, കൊച്ചുമോൻ, രാജു, സജി.

എം.ഒ.പുന്നൂസ്

തിരുവൻവണ്ടൂർ: മഠത്തിലേത്ത് കണ്ടത്തിൽ എം.ഒ.പുന്നൂസ് (കുഞ്ഞുമോൻ-68) അന്തരിച്ചു. ഭാര്യ: കുഞ്ഞമ്മ.

സുഭദ്ര

മലയിൻകീഴ് : മഞ്ചാടി മേലെ പുത്തൻ വീട്ടിൽ പരേതനായ ശിവരാമൻ ആചാരിയുടെ ഭാര്യ സുഭദ്ര (76) അന്തരിച്ചു. മക്കൾ: ചന്ദ്രൻ, മുരുകൻ. മരുമക്കൾ: കവിത, സിന്ധു.

പോൾ വലെന്റയിൽ

വൈപ്പിൻ: ഞാറക്കൽ കുരിശുവീട്ടിൽ ജോസഫ് മകൻ പോൾ വലെന്റയിൽ (വില്ലി-56) അന്തരിച്ചു. ഭാര്യ: ട്രീസ. മക്കൾ : ജോസഫ് നിക്കോളസ്, ലിലിലിയ റോസ്.

സി.ആർ. ഗൗരി

ചേർത്തല: നഗരസഭ 33ാം വാർഡിൽ പുത്തൻപറമ്പ് പരേതനായ സി.കെ. പത്മനാഭന്റെ ഭാര്യ സി.ആർ. ഗൗരി(82)അന്തരിച്ചു.

മക്കൾ: ഐഷ, ശാന്ത. മരുമക്കൾ: മോഹനൻ (ഫാർമസ്യൂട്ടിക്കത്സ് തിരുവനന്തപുരം), ദേവദാസ് (ലീഗൽ കൺസൽട്ടിങ് ചെങ്ങന്നൂർ).

ഖദീജ

ചിറയ്ക്കൽ: വൈക്കോച്ചിറ പാലക്കൽ പരേതനായ കോയാലി ഭാര്യ ഖദീജ (79) അന്തരിച്ചു. ഖബറടക്കം നടത്തി. മക്കൾ: മുഹമ്മദാലി, അബൂബക്കർ, മുഹമ്മദ് റാഫി (ഇരുവരും ഖത്തർ), പരേതനായ അബ്ദുൾ കരീം, സൽമാബി. മരുമക്കൾ: നിസ, തനൂജ, റിജന, ഷംസുദ്ദീൻ (സൗദ്യ അറേബ്യ).

ശങ്കരനാരായണൻ

അരിമ്പൂർ: കൈപ്പിള്ളി എരക്കോട്ടുകരി ശങ്കരനാരായണൻ (88) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: സുന്ദരൻ, ശകുന്തള. മരുമക്കൾ: വിജയലക്ഷ്മി, ഭാസ്ക്കരൻ.

ഭാനുമതിയമ്മ

കൂടപ്പുഴ: പരേതനായ ആലേക്കാട്ടു ഭാസ്കരൻ നായർ ഭാര്യ കുമ്മയിൽ ഭാനുമതിയമ്മ (86) അന്തരിച്ചു. സംസ്ക്കാരം ചാലക്കുടി ക്രിമിറ്റോറിയത്തിൽ നടത്തി. മകൻ: പരേതനായ ഭാസ്കരൻ നായർ. മരുമകൾ: രമാദേവി. ചെറുമക്കൾ: രേവതി, ശ്രീകാന്ത്.

സി.എം. സാമുവൽ

കൊറ്റനാട്: നെടുംപുര ചരിവുകാലായിൽ സി. എം. സാമുവൽ (64) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: വൈക്കം പള്ളിക്കൽ റോസമ്മ.

സോഫി

പറവൂർ: വടക്കുംപുറം കൂട്ടുകാട് വട്ടപ്പറമ്പിൽ സോഫി(85) അന്തരിച്ചു. സംസ്കാരം ഇന്ന് പത്തിന് കൂട്ടുകാട് ചെറുപുഷ്പം പള്ളിയിൽ. ഭർത്താവ്: ജെറാൾഡ്. മക്കൾ: ജോൺസൺ, മേരി സ്റ്റെല്ല, ജോജി, സിസ്റ്റർ മേരി സീന(ഇറ്റലി സെന്റ് വിൻസെന്റ് ഡിപോൾ കോൺവെന്റ്). മരുമക്കൾ: മേരി, മേഴ്സി, സെൽവൻ

ഏലിയാമമ

റാന്നി:ചെല്ലക്കാട് കപ്പയിൽ കെ.ജെ.ഡേവിഡിന്റെ ഭാര്യ ഏലിയാമമ (കുഞ്ഞമ്മ-78) അന്തരിച്ചു.

ജയശ്രീ

തൃശൂർ: കുന്നമ്പത്ത് ശങ്കരൻകുട്ടിമേനോന്റേയും വാകയിൽ ഓമനയുടേയും മകൾ ജയശ്രീ (56-ഇലക്ട്രിക്കൽ എഞ്ചിനീയർ, മുംബൈ) അന്തരിച്ചു.

ഭർത്താവ്: വിജയകുമാർ (ബ്രില്ല്യന്റ് ഇന്റർനാഷ്ണൽ, മുംബൈ). സഹോദരങ്ങൾ: ആനന്ദ്(ആനന്ദ് സ്റ്റോഴ്സ്), ലത (അധ്യാപിക-മുണ്ടൂർ ഗവ. ഹൈസ്കൂൾ പാലക്കാട്).

സംസ്കാരം ഇന്ന് രാവിലെ 10ന് പാറമേക്കാവ് ശാന്തിഘട്ടിൽ.

കൊവിഡ് നിരീക്ഷണത്തിലായിരുന്ന യുവാവ് മരിച്ചു

കൊച്ചി: എറണാകുളം മെഡിക്കൽ കോളെജ് ഐസൊലേഷൻ വാർഡിൽ നിരീക്ഷണത്തിലായിരുന്ന അസം സ്വദേശി ബിജോയ് കൃഷ്ണൻ (23) മരിച്ചു. ഏപ്രിൽ 11 നാണ് ഗുരുതരമായ കരൾ രോഗത്തെ തുടർന്ന് ചികിത്സയ്ക്കായി അഡ്മിറ്റ് ആയത്. ഇദ്ദേഹത്തിന് കൊവിഡ് ഇല്ലായിരുന്നുവെന്ന് 3 തവണ നടത്തിയ സാംപിൾ പരിശോധനയിൽ സ്ഥിരീകരിച്ചിരുന്നു. കളമശേരിയിലെ ഒരു വ്യാപാരസ്ഥാപനത്തിൽ കഴിഞ്ഞ ആറു മാസമായി ജോലി ചെയ്തു വരികയായിരുന്നു. അഞ്ചു വർഷത്തോളമായി കേരളത്തിലെത്തിയിട്ട്.

കാറും ബൈക്കും കൂട്ടിയിടിച്ച് യുവാവ് മരിച്ചു

നിവേദ്

ചെർപ്പുളശ്ശേരി : കാറും ബൈക്കും കൂട്ടിയിടിച്ച് ബൈക്കിനു പിന്നിൽ യാത്ര ചെയ്തിരുന്ന യുവാവ് മരിച്ചു. മണ്ണാർക്കാട് തെങ്കര മണലടി ആട്ടാമ്പുള്ളി പരേതനായ കാവുങ്ങൽ വേണുഗോപാലിന്റെ മകൻ നിവേദ് (26) ആണു മരിച്ചത്. ബൈക്ക് ഓടിച്ചിരുന്ന സുഹൃത്ത് ജിനു ജിത്തുവിനെ പരുക്കുകളോടെ പെരിന്തൽമണ്ണ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇരുവരും തൃപ്രയാറിൽ നിന്നു ബൈക്കിൽ മണ്ണാർക്കാട്ടേക്ക് മടങ്ങുന്നതിനിടെ എതിരെ വരികയായിരുന്ന കാർ ഇടിക്കുകയായിരുന്നു. ഇന്നലെ രാവിലെ 6.45-ഓടെയാണു അപകടമുണ്ടായത്. ഇരുവരെയും ഉടൻ ചെർപ്പുളശ്ശേരിയിലെ ആശുപത്രിയിൽ എത്തിച്ചെങ്കിലും നിവേദ് മരിച്ചു.വിജയകുമാരിയാണു നിവേദിന്റെ അമ്മ. സഹോദരൻ: നിധിൻ.

എംപി ഇടപെട്ടു; കുവൈറ്റിൽ മരിച്ചയാളിന്റെ മൃതദേഹം ഇന്ന് നാട്ടിലെത്തും

പ്രമോദ്

കല്ലമ്പലം : ഹൃദയാഘാതം മൂലം കുവൈറ്റിൽ മരണമടഞ്ഞയാളിന്റെ മൃതദേഹം നാട്ടിലെത്തിക്കാൻ ബന്ധുക്കൾ അടൂർ പ്രകാശ് എംപിയുടെ സഹായം തേടി. എം. പി യുടെ ശ്രമഫലമായി മൃതദേഹം ഇന്ന് നാട്ടിലെത്തും. മാർച്ച് 30 നാണ് നാവായിക്കുളം പറകുന്ന് വിളയിൽ വീട്ടിൽ പ്രമോദ് (54 - പ്രഭൽ) കുവൈറ്റിൽ മരണപ്പെട്ടത്. ജോലി ചെയ്തു വന്നിരുന്ന കമ്പനി എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കി ഇന്ത്യൻ എംബസിയിൽ റിപ്പോർട്ട് ചെയ്തെങ്കിലും നിലവിലെ സാഹചര്യത്തിൽ മൃതദേഹം നാട്ടിലെത്തിക്കാൻ നിർവാഹമില്ലായിരുന്നു. തുടർന്നാണ് ബന്ധുക്കൾ നാവായിക്കുളം ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ എസ്. മണിലാൽ മുഖാന്തിരം എം. പിയെ സമീപിച്ചത്. മൃതദേഹം കാർഗോ വിമാനത്തിൽ കുവൈറ്റിൽ നിന്നും ചെന്നൈ വരെ എത്തിക്കുവാൻ വഴി തെളിഞ്ഞെങ്കിലും ചെന്നൈയിൽ നിന്നും ഇത് ഏറ്റുവാങ്ങാൻ ബന്ധുക്കൾക്കു കഴിയില്ലായിരുന്നു.

എം. പി ഇടപെട്ടതോടെ കാർഗോ വിമാനത്തിൽ കുവൈറ്റിൽ നിന്നും ഖത്തർ വഴി തിരുവനന്തപുരത്ത് തന്നെ എത്തിക്കാൻ നടപടിയായി. ഇന്നെത്തുന്ന മൃതദേഹം ഇന്നു തന്നെ വീട്ടുവളപ്പിൽ സംസ്ക്കരിക്കുമെന്ന് ബന്ധുക്കൾ അറിയിച്ചു. കുവൈറ്റിൽ സ്വകാര്യ കമ്പനിയിൽ ഡ്രൈവറായി ജോലി നോക്കിയിരുന്ന പ്രമോദ് അഞ്ചു വർഷത്തിനു മുമ്പാണ് നാട്ടിൽ വന്നു പോയത്. അടുത്തമാസം നാട്ടിൽ വരാനിരിക്കുകയായിരുന്നു. ഭാര്യ: പ്രീത. മക്കൾ: പ്രിൻസ്, പ്രവീൺ.

പ്രാക്കുളം സ്വദേശി ദുബൈയിൽ കെട്ടിടത്തിൽനിന്ന് വീണുമരിച്ചു

അശോകൻ

കൊല്ലം: പ്രാക്കുളം സ്വദേശിയായ യുവാവ് ദുബായിൽ കെട്ടിടത്തിന് മുകളിൽ നിന്ന് വീണ് മരിച്ചതായി ബന്ധുക്കൾക്ക് വിവരം ലഭിച്ചു. പ്രാക്കുളം പുത്തേത്ത് പുരുഷോത്തമന്റെ മകൻ ഗോൾഡൻസണ്ണിൽ അശോകനാണ് (48) മരിച്ചത്. ഗോൾഡൻ സൺ ഇലക്ട്രോമെക്കാനിക് എന്ന കമ്പനിയിൽ സൂപ്പർവൈസറായിരുന്നു. ഒരാഴ്ചയായി പനിയുണ്ടായിരുന്നു. വിട്ടുമാറാതെവന്നതോടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സതേടിയിരുന്നു. തുടർന്ന് നാല്ദിവസമായി ക്വാർട്ടേഴ്സിൽ നിരീക്ഷണത്തിലായിരുന്നു. കോവിഡ് സംശയത്തെത്തുടർന്ന് ഇയാളുടെ സ്രവം പരിശോധനക്കെടുത്തിരുന്നു. ഇതിന്റെ ഫലം വന്നിട്ടില്ലെന്ന് ബന്ധുക്കൾ അറിയിച്ചു. വ്യാഴാഴ്ച രാത്രി വരെയും കുടുംബാംഗങ്ങളുമായി സംസാരിച്ചതായി ബന്ധുക്കൾ പറഞ്ഞു. വെള്ളിയാഴ്ച രാവിലെയാണ് കെട്ടിടത്തിൽനിന്ന് വീണ് മരിച്ചതായി ബന്ധുക്കൾക്ക് വിവരം കിട്ടിയത്. കോവിഡ് പരിശോധന ഫലം പുറത്തുവന്നശേഷമാത്രെ മൃതദേഹം നാട്ടിലെത്തിക്കുന്ന കാര്യത്തിൽ തീരുമാനമാകൂ. ഭാര്യ: ഷീജ. മക്കൾ: സൂര്യ, സൂരജ്.

ജനറൽ വാർത്തകൾ

സേവനപ്രവർത്തനങ്ങളിലെ രാഷ്ട്രീയ ഇടപെടലും വിവേചനവും നീചം: കെ. സുരേന്ദ്രൻ

ആലപ്പുഴ: സേവന പ്രവർത്തനങ്ങളിൽ രാഷ്ട്രീയ ഇടപെടലും വിവേചനവും നടത്തുന്നത് നീച രാഷ്ട്രീയത്തിന്റെ പ്രതിഫലനമാണെന്ന് കെ.സുരേന്ദ്രൻ.. പാവപ്പെട്ടവർക്ക് ഭക്ഷണം നിഷേധിക്കപ്പെടുന്ന നടപടികൾ ക്രുരതയാണെന്നും അദ്ദേഹം ആരോപിച്ചു. കൊറോണ സേവന പ്രവർത്തനത്തിലെ രാഷ്ട്രീയ വിവേചനത്തിനും, സാമൂഹിക അടുക്കളെ രാഷ്ട്രീയവത്കരിച്ചതിനും എതിരെ ബിജെപി ആലപ്പുഴ ജില്ലാ പ്രസിഡന്റ് എം.വി. ഗോപകുമാറും ജില്ലയിലെ ഒൻപതു നിയോജക മണ്ഡലം പ്രസിഡന്റുമാരും നടത്തിയ 12 മണിക്കൂർ ഉപവാസസമരം ഓൺലൈൻ വഴി ഉദ്ഘാടനം ചെയ്യുകയായിരുന്നു കെ. സുരേന്ദ്രൻ.

നിസ്വാർത്ഥമായി സേവാപ്രവർത്തനം നടത്തുന്ന സേവാഭാരതി അടക്കമുള്ള സന്നദ്ധ സംഘടനകളെ സർക്കാരിന്റെ മർക്കടമുഷ്ടി ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുന്നത് മനുഷ്യത്വരഹിതമായ പ്രവൃത്തിയാണ്. പഞ്ചായത്ത് നിയമസഭാ തെരഞ്ഞെടുപ്പ് ലക്ഷ്യം വച്ച് കൊണ്ട് സർക്കാർ ചിലവിൽ പാർട്ടി വളർത്താനുള്ള സിപിഎമ്മിന്റെ നീചമായ രാഷ്ട്രീയ ശ്രമങ്ങൾക്കെതിരെ ശക്തമായ ജന രോഷം ഉയർന്നു കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.

> നിസ്വാർത്ഥമായി സേവാപ്രവർത്തനം നടത്തുന്ന സേവാഭാരതി അടക്കമുള്ള സന്നദ്ധ സംഘടനകളെ സർക്കാരിന്റെ മർക്കടമുഷ്ടി ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുന്നത് മനുഷ്യത്വരഹിതമായ പ്രവൃത്തിയാണ്.

ജില്ലാ പ്രസിഡന്റ് ജില്ലാ ഓഫീസിലും, മണ്ഡലം പ്രസിഡന്റുമാർ അതാത് മണ്ഡലം ഓഫീസുകളിലും സമരത്തിൽ പങ്കാളികളായി.

പാർട്ടി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ തിരുവനന്തപുരത്തെ സംസ്ഥാന ഓഫീസിൽ ഓൺലൈൻ വീഡിയോ സംവിധാനത്തിലൂടെയാണ് സമരം ഉദ്ഘാടനം ചെയ്തത്. എല്ലാ നിയോജക മണ്ഡലം ഓഫീസുകളുമായും, ജില്ലാ ഓഫീസുമായി ബന്ധപ്പെടുത്തി വീഡിയോ കോൺഫറൻസിലൂടെയാണ് സംസ്ഥാന പ്രസിഡന്റ് അടക്കമുള്ളവർ അഭിവാദ്യം ചെയ്തത്.

സംസ്ഥാന സെക്രട്ടറി അഡ്വ.എസ്. സുരേഷ്, ദക്ഷിണ മേഖലാ പ്രസിഡന്റ് കെ.സോമൻ, ദേശീയ കൗൺസിൽ അംഗം വെള്ളിയാകുളം പരമേശ്വരൻ, ജില്ലാ ജനറൽ സെക്രട്ടറി പി.കെ.വാസുദേവൻ, ജില്ലാ വൈസ് പ്രസിഡന്റ് എൽ.പി. ജയചന്ദ്രൻ,ജില്ലാ സെൽ കോഡിനേറ്റർ ജി.വിനോദ് കുമാർ, യുവ മോർച്ച ജില്ലാ പ്രസിഡന്റ് അനീഷ് തിരുവമ്പാടി സംസാരിച്ചു.

പരാതികൾ ഇല്ലെന്ന് പായിപ്പാട്ടെ ഇതര സംസ്ഥാന തൊഴിലാളികൾ

കോട്ടയം: ഭക്ഷ്യവസ്തുക്കളും വെള്ളവും ആവശ്യത്തിനുണ്ടെന്നും നിലവിൽ പരാതികൾ ഒന്നുമില്ലെന്നും പായിപ്പാട്ടെ ഇതര സംസ്ഥാന തൊഴിലാളികൾ. അടിസ്ഥാന സൗകര്യങ്ങളും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയും ഉറപ്പാക്കുന്നതിനായി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിൽ സന്ദർശനം നടത്തിയ ജില്ലാ കലക്റ്റർ പി.കെ സുധീർ ബാബുവിനോടും ജില്ലാ പൊലീസ് മേധാവി ജി. ജയദേവിനോടും സംസാരിക്കുകയായിരുന്നു അവർ. ലോക്ക് ഡൗൺ തീരുന്നതു വരെ നാലു ദിവസത്തിലൊരിക്കൽ അരിയും പലവ്യഞ്ജന സാധനങ്ങളും ജില്ലാ ഭരണകൂടം ക്യാംപുകളിൽ ലഭ്യമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവശ്യത്തിന് വെള്ളവും നൽകിവരുന്നു.

ജല ദൗർലഭ്യം നേരിടുന്നതിനാൽ വെള്ളത്തിന്റെ ഉപയോഗത്തിൽ പാലിക്കേണ്ട നിയന്ത്രണം സംബന്ധിച്ച് തൊഴിൽ വകുപ്പും ഗ്രാമപഞ്ചായത്തും തൊഴിലാളികളെ ബോധവത്കരിക്കണം. ഏതെങ്കിലും ക്യാമ്പുകളിൽ ആവശ്യത്തിന് വെള്ളം ഇല്ലാത്ത സാഹചര്യമുണ്ടായാൽ എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കണം. കെട്ടിട ഉടമകൾ തൊഴിലാളികളോട് വാടക ഈടാക്കാൻ പാടില്ലെന്നും കലക്റ്റർ നിർദ്ദേശിച്ചു. ലോക് ഡൗൺ തീരുന്നതു വരെ നാട്ടിലേക്ക് മടങ്ങാൻ കഴിയില്ലെന്നും വ്യാജ പ്രചാരണങ്ങൾക്കെതിരെ ജാഗ്രത പുലർത്തണമെന്നും കലക്റ്ററും ജില്ലാ പൊലീസ് മേധാവിയും തൊഴിലാളികളോടു വ്യക്തമാക്കി. ചങ്ങനാശേരി തഹസിൽദാർ ജിനു പുന്നൂസ്, പായിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന ബിനു, ജില്ലാ ലേബർ ഓഫീസർ(എൻഫോഴ്സ്മെന്റ്) പി.ജി വിനോദ് കുമാർ തുടങ്ങിയവരും സന്നിഹിതരായി.

ജില്ലാ കലക്റ്റർ പി.കെ. സുധീർ ബാബുവും ജില്ലാ പൊലീസ് മേധാവി ജി. ജയദേവും പായിപ്പാട്ടെ അന്യ സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ സന്ദർശനം നടത്തുന്നു.

ഷാജിക്കെതിരായ വിജിലൻസ് കേസ് രാഷ്ട്രീയ ഫാസിസം: യൂത്ത് ലീഗ്

കോഴിക്കോട് : മുഖ്യമന്ത്രി പിണറായി വിജയനെ വിമർശിച്ചതിന്റെ പേരിൽ കെ.എം ഷാജിക്കെതിരേ കള്ള പരാതി നൽകി വിജിലൻസിനെ കൊണ്ട് കേസെടുപ്പിച്ച നടപടി രാഷ്ട്രീയ ഫാസിസമാണെന്ന് മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി.കെ ഫിറോസും പറഞ്ഞു.

ആറ് വർഷം മുമ്പ് നടന്നുവെന്ന് പറയപ്പെടുന്ന സംഭവത്തിൽ ഇപ്പോൾ കേസെടുക്കുന്നത് തികച്ചും രാഷ്ട്രീയ പ്രേരിതമാണ്. വിമർശിക്കുന്നവരെ കേസിൽപെടുത്തുകയെന്ന നരേന്ദ്ര മോദിയുടെ അതേ ശൈലി തന്നെയാണ് പിണറായി വിജയനും തുടരുന്നത്. നരേന്ദ്ര മോദിയെ വിമർശിച്ചതിന്റെ പേരിൽ വർഷങ്ങൾക്ക് മുമ്പുള്ള കേസ് പൊടി തട്ടിയെടുത്താണ് സഞ്ജീവ് ഭട്ടിനെ കേസിൽപെടുത്തിയത്.

അത്തരം ശൈലി കേരളത്തിൽ കൊണ്ട് വരാൻ ജനാധിപത്യ കേരളം അനുവദിക്കില്ലെന്നും നേതാക്കൾ പറഞ്ഞു. ഇടത്പക്ഷ മന്ത്രി സഭയിലെ മന്ത്രിമാർക്കെതിരേ പ്രതിപക്ഷ നേതാവും യൂത്ത് ലീഗും തെളിവുകൾ സഹിതം വിജിലൻസിന് പരാതി നൽകിയിട്ടും നാളിതുവരെ അന്വേഷണത്തിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

ഇടതുപക്ഷ മന്ത്രിമാർക്ക് അന്വേഷണത്തെ ഭയമാണെങ്കിൽ ഏത് അന്വേഷണത്തെയും സ്വാഗതം ചെയ്യുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. അന്വേഷണം പ്രഖ്യാപിച്ചാലോ കേസിൽപെടുത്തിയത് കൊണ്ടോ പ്രതിപക്ഷത്തിന്റെ വായ മൂടിക്കെട്ടാൻ ആവില്ലെന്നും നേതാക്കൾ പറഞ്ഞു.

സൗന്ദര്യ ഓർമ്മയായിട്ട് പതിന്നാറ് വർഷങ്ങൾ

ഒരു കാലത്ത് തെന്നിന്ത്യൻ സിനിമകളിലെ നിറസാന്നിധ്യമായിരുന്നു സൗന്ദര്യ. താരം വിമാനപകടത്തിൽ മരിച്ചിട്ട് ഇന്നലെ പതിന്നാറ് വർഷമായി. സൗന്ദര്യയുടെ ഓർമകൾ പലരും സോഷ്യൽ മീഡിയയിൽ പങ്കുവക്കുന്നുണ്ട്. സംവിധായകൻ ആർ.വി ഉദയകുമാറിന്റെ വാക്കുകളാണ് താരത്തിന്റെ ആരാധകരെ ഇന്നും വേദനപ്പെടുത്തുന്നത്.

സൗന്ദര്യ രണ്ടു മാസം ഗർഭിണിയായിരുന്നു, സിനിമയിൽ നിന്നും വിട്ടു നിൽക്കാൻ പോവുകയാണെന്ന് സംവിധായകനോട് സൗന്ദര്യ പറഞ്ഞ കാര്യങ്ങളാണ് കഴിഞ്ഞ വർഷം ഉദയകുമാർ വെളിപ്പെടുത്തിയത്. സൗന്ദര്യയെ ഞാനാണ് സിനിമയിൽ കൊണ്ടു വന്നത്. പൊന്നുമണി എന്ന എന്റെ സിനിമയിലായിരുന്നു അത്. അണ്ണനെന്നാണ് സൗന്ദര്യ എന്നെ വിളിച്ചിരുന്നത്.

ആദ്യമൊക്കെ എന്നെ അങ്ങനെ വിളിക്കുന്നതിൽ ഞാൻ അതൃപ്തനായിരുന്നു. മറ്റുള്ളവർക്ക് മുമ്പിൽ എന്നെ സാർ എന്നു വിളിച്ചാൽ മതിയെന്നു സൗന്ദര്യയോട് ഞാൻ പറയുമായിരുന്നു. എന്നാൽ അധികം വൈകാതെ ഞാനവരെ സഹോദരിയായി കണ്ടുതുടങ്ങുകയും അവരെന്നെ അണ്ണാ എന്നു തന്നെ വിളിക്കുകയും ചെയ്തു. എന്നോട് പ്രത്യേക ആദരവും സ്നേഹവും അവർക്കുണ്ടായിരുന്നു.

പൊന്നുമണിയിൽ അഭിനയിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെയാണ് ഒരു ചിരഞ്ജീവി പടത്തിലേക്ക് ഞാനവരെ റെക്കമൻഡ് ചെയ്തത്. അതിനുശേഷം അവർ വലിയ താരമായി മാറി. അന്നൊക്കെ ഓരോരോ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഞാൻ തന്നെയാണ് ചെന്നൈയിൽ നിന്ന് ഹൈദരാബാദിലേക്ക് പോവുകയും വരികയും ചെയ്തിരുന്നത്. സൗന്ദര്യ എന്നെ ഗൃഹപ്രവേശത്തിനും ക്ഷണിച്ചിരുന്നു.

എനിക്കു പോകാനായില്ല. വിവാഹത്തിനും വിളിച്ചു. നിർഭാഗ്യവശാൽ അതിനും എനിക്കു പങ്കെടുക്കാനായില്ല. ആയിടയ്ക്കാണ് തമിഴിലെ ഹിറ്റ് ചിത്രം ചന്ദ്രമുഖി കന്നഡയിലേക്ക് റീമേക്ക് ചെയ്യുന്നത്. അതിൽ സൗന്ദര്യ അഭിനയിച്ചിരുന്നു. ആ സിനിമ കഴിഞ്ഞ് അവർ എന്നെ ഒരു ദിവസം വിളിച്ചു. എന്നിട്ട് പറഞ്ഞു ഇതെന്റെ അവസാന ചിത്രമായിരിക്കും. ഇനി ഞാൻ അഭിനയിക്കുന്നുണ്ടാവില്ല.

രണ്ടുമാസം ഗർഭിണിയാണ്. അന്ന് എന്നോടും ഭാര്യയോടും അവർ ഫോണിൽ ഒരു മണിക്കൂറോളം സംസാരിച്ചു. അടുത്ത ദിവസം രാവിലെ 7.30ക്ക് ടിവി വച്ചപ്പോൾ അവർ അപകടത്തിൽ മരണപ്പെട്ട വിവരം അറിഞ്ഞ് ഞെട്ടിപ്പോയി. അവർ ക്ഷണിച്ച ഒരു ചടങ്ങിനും എനിക്കു പോകാൻ കഴിഞ്ഞിട്ടില്ല. പിന്നീട് അവരുടെ സംസ്കാരച്ചടങ്ങിനാണ് ഞാൻ ഞാൻ അവരുടെ വീട്ടിൽ പോയി. ഭംഗിയുള്ള അവരുടെ വീട് കണ്ടു. വീടിനകത്ത് പ്രവേശിച്ചപ്പോൾ എന്റെ വലിയൊരു ചിത്രം ചുമരിൽ തൂക്കിയിട്ടിരിക്കുന്നത് കണ്ടു. എനിക്ക് കരച്ചിലടക്കാനായില്ല എന്ന് ഉദയകുമാർ പറയുന്നു.

മക്കൾക്കൊപ്പം നദിയ മൊയ്തു

ഏവരുടെയും പ്രിയപ്പെട്ട നടിയാണ് നദിയ മൊയ്തു. സിനിമയിൽ പഴയത് പോലെ സജീവമല്ലെങ്കിലും അഭിനയിക്കുന്നതെല്ലാം പ്രധാനപ്പെട്ട വേഷങ്ങളിലാണ്. ഇപ്പോഴിതാ നദിയയുടെ പുതിയ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ വൈലായി മാറുകയാണ്. നദിയയ്ക്കൊപ്പം പെൺമക്കളുമുണ്ട് ചിത്രങ്ങളിൽ. ചിത്രങ്ങൾ കണ്ട ആരാധകരെല്ലാം ചോദിക്കുന്നത് നിങ്ങൾ സഹോദരിമാരാണോ എന്നാണ്. നദിയയുടെ പ്രായം വെല്ലുന്ന സൗന്ദര്യമാണ് ആരാധകരെ ആകർഷിക്കുന്നത്. കഴിഞ്ഞ വർഷം ജപ്പാനിലേക്ക് നടത്തിയ യാത്രയുടെ ചിത്രങ്ങളാണ് താരം പങ്കുവച്ചിരിക്കുന്നത്. കടുംബവും ഒപ്പമുണ്ട്. മറക്കാനാവാത്ത ഒരു ഒത്തുകൂടലിന്റെ ഓർമ്മകൾ എന്നാണ് താരം ജപ്പാൻ യാത്രയെ കുറിച്ച് പറയുന്നത്. പൊതുവെ കുടുംബ ചിത്രങ്ങൾ പങ്കുവയ്ക്കാത്തതു കൊണ്ട് തന്നെ ചിത്രങ്ങൾ വളരെ പെട്ടെന്നു തന്നെ സോഷ്യൽ മീഡിയ ഏറ്റെടുക്കുകയായിരുന്നു.

ശിരീഷ് ഗോഡ്ബോലെയാണ് നദിയയുടെ ഭർത്താവ്. സനം, ജന എന്നിങ്ങനെ രണ്ടു പെൺകുട്ടികളാണ് ഈ ദമ്പതികൾക്ക് ഉള്ളത്. ഏറെനാൾ അമെരിക്കയിലും യുകെയിലുമൊക്കെയായിരുന്ന നദിയ ഇപ്പോൾ ഭർത്താവിനും കുടുംബത്തിനുമൊപ്പം ചെന്നൈയിൽ താമസിക്കുകയാണ്.

1988 ൽ വിവാഹം കഴിഞ്ഞ് കുടുംബജീവിതത്തിൽ ഒതുങ്ങി കൂടിയ നദിയ പിന്നീട് അഭിനയത്തിലേക്ക് തന്നെ തിരിച്ചെത്തുകയായിരുന്നു. എം.കുമരൻ സൺ ഓഫ് മഹാലക്ഷ്മി' എന്ന ചിത്രത്തിലൂടെയായിരുന്നു നദിയയുടെ രണ്ടാം വരവ് . ഫാസിൽ ചിത്രം നോക്കെത്താദൂരത്ത് കണ്ണും നട്ട് ആയിരുന്നു നദിയയുടെ അരങ്ങേറ്റ ചിത്രം.

നാഗാർജുന നല്ലൊരു കുക്കാണ്: അമല

നാഗചൈതന്യയുടെ നായികയായിട്ടാണ് സമാന്ത സിനിമയിൽ അരങ്ങേറിയത്. പിന്നീട് ആദ്യ ചിത്രത്തിലെ നായകനൊപ്പം ജിവിതത്തിലും ഒന്നിക്കാൻ തീരുമാനിക്കുകയായിരുന്നു നടി. വർഷങ്ങൾ നീണ്ട പ്രണയത്തിനൊടുവിലായിരുന്നു ഇരുവരുടെയും വിവാഹം. സാമന്തയെക്കുറിച്ച് നാഗാർജുനയുടെ ഭാര്യ അമല പറഞ്ഞ കാര്യങ്ങൾ സോഷ്യൽ മീഡിയയിൽ വൈറലായി മാറിയിരുന്നു. കുടുംബത്തിന് വേണ്ടി സാമന്ത പാചകം ചെയ്യാറുണ്ടോ എന്ന് ചോദിച്ചപ്പോൾ ഇല്ല എന്നുള്ള മറുപടിയാണ് അമല അക്കിനേനി നൽകിയത്. വീട്ടിൽ നാഗാർജുന നല്ലൊരു കുക്കാണ്. കുടുംബത്തിൽ അദ്ദേഹത്തെ പോലെ നല്ലൊരു പാചകക്കാരൻ ഉള്ളപ്പോൾ പിന്നെ എന്തിനാണ് അത് ചെയ്യുന്നതിന് വേറെ ഒരാളെ നിയോഗിക്കേണ്ടത്, തമാശ രൂപേണ അമല പറഞ്ഞു. നാഗാർജുന ഒരു മികച്ച നടൻ മാത്രമല്ല, നല്ലൊരു പാചകക്കാരനും കൂടിയാണ്. അക്കിനേനി കുടുംബം ഈ വിഷയത്തിൽ വളരെ ഭാഗ്യമുള്ളവരാണ്, അമല പറയുന്നു. അതേസമയം, അടുത്തിടെ പാചക പരീക്ഷണം നടത്തുന്നതിന്റെ ഒരു വീഡിയോ സാമന്ത പങ്കുവച്ചിരുന്നു. ഭർത്താവ് നാഗചൈതന്യയ്ക്ക് വേണ്ടി ഉച്ചഭക്ഷണം ഒരുക്കുന്നതിന്റെ വീഡിയോ ആയിരുന്നു നടി പങ്കുവച്ചത്. സിനിമാത്തിരക്കുകൾക്കിടെയിലും ഭർത്താവിനും കുടുംബത്തിനുമൊപ്പമുള്ള ചിത്രങ്ങളും പങ്കുവെക്കാറുള്ള താരമാണ് സാമന്ത. ഗൗതം വാസുദേവ മേനോൻ സംവിധാനം ചെയ്ത യേ മായ ചെസാവേ ആയിരുന്നു ഇരുവരുടെയും ആദ്യം ചിത്രം. തമിഴ് ചിത്രം വിണ്ണൈത്താണ്ടി വരുവായുടെ തെലുങ്ക് റീമേക്ക് കൂടിയായിരുന്നു സിനിമ.

രുചി വിശേഷങ്ങളുമായി നവ്യനായർ

നവ്യ നായർ ആറ് വർഷങ്ങൾക്ക്ശേഷം വീണ്ടും സിനിമയിലേക്ക് തിരിച്ചുവരവിനായി ഒരുങ്ങുകയാണ്. സംവിധായകൻ വി.കെ പ്രകാശ് ഒരുക്കുന്ന ഒരുത്തീ എന്ന സിനിമയിലൂടെയാണ് നവ്യയുടെ മടങ്ങിവരവ്. ഇൻസ്റ്റഗ്രാമിൽ ഏറെ സജീവമായ നവ്യ ഇടയ്ക്കിടെ വീട്ടിൽ നിന്നുള്ള ചിത്രങ്ങളും വീഡിയോയുമൊക്കെ പങ്കുവെയ്ക്കാറുണ്ട്. മൈ ജാൻ എന്ന് താരം വിളിക്കുന്ന മകൻ സായിയ്ക്കൊപ്പമുള്ള ചിത്രങ്ങളും വീഡിയോകളുമാണ് അധികവും പങ്കുവയ്ക്കാറുള്ളത്. കഴിഞ്ഞ ദിവസം വീട്ടിലെ വിഷു സ്പെഷൽ ചിത്രങ്ങളും നവ്യ പങ്കുവെച്ചിരുന്നു. ഇപ്പോഴിതാ വീട്ടിലെ ചക്കവിശേഷം പറഞ്ഞ് രംഗത്തെത്തിയിരിക്കുകയാണ് താരം.

വീട്ടിൽ ഒരുപാട് ചക്കയുണ്ടെങ്കിൽ ഇത്തരത്തിൽ അമ്മ പല പല പരീക്ഷണങ്ങൾ നടത്തും. ചക്ക ഇഷ്ടപ്പെടുന്നവർക്ക് ഈ ചക്കപൊരി ഏറെ ഇഷ്ടപ്പെടും, നമ്മുടെ പഴംപൊരി പോലെയൊന്നാണിത്. പക്ഷേ ചക്കപഴം ചുമ്മ കഴിക്കുന്നതാണ് തനിക്കിഷ്ടമെന്നും നവ്യ കുറിപ്പിൽ പറഞ്ഞിരിക്കുകയാണ്.

2001ൽ ഇഷ്ടം എന്ന സിനിമയിലൂടെയാണ് നവ്യ സിനിമയിൽ അരങ്ങേറിയത്. 2002ൽ നന്ദനം എന്ന സിനിമയിലെ ബാലാമണി എന്ന കഥാപാത്രത്തിലൂടെ താരത്തിന് മികച്ച നടിക്കുന്ന സംസ്ഥാന ചലച്ചിത്ര പുരസ്കാരവും ലഭിക്കുകയുണ്ടായി. സീൻ ഒന്ന് നമ്മുടെ വീട് ആണ് താരം അവസാനമായി അഭിനയിച്ച മലയാളം ചിത്രം. 2014-ൽ താരം കന്നഡ ചിത്രത്തിലാണ് ഒടുവിലായി അഭിനയിച്ചത്. 2010-ലായിരുന്നു സന്തോഷ് മേനോനുമായി നവ്യയുടെ വിവാഹം.

ഭരതനാട്യം അരങ്ങേറ്റത്തിന്റെ ചിത്രങ്ങളുമായി ഷമ്മി തിലകൻ

ഷമ്മി തിലകൻ പങ്കുവച്ച ചിത്രങ്ങൾ കണ്ട് അമ്പരന്നിരിക്കുകയാണ് ആരാധകർ. ഭരതനാട്യത്തിന്റെ അരങ്ങേറ്റത്തിന്റെ ചിത്രങ്ങളാണ് താരം പങ്കുവച്ചിരിക്കുന്നത്. കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയിൽ നിന്നുമാണ് ഷമ്മി ഭരതനാട്യം പഠിക്കുന്നത്. വേദിയിൽ നൃത്തം ചെയ്യുന്നതിന്റേയും കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയ്ക്ക് ദക്ഷിണ നൽകി അനുഗ്രഹം വാങ്ങുന്നതുമായ ചിത്രങ്ങളാണ് താരം പങ്കുവച്ചിരുന്നത്. ചിത്രങ്ങൾ കണ്ട ആരാധകർ അക്ഷരാർത്ഥത്തിൽ ഞെട്ടിയിരിക്കുകയാണ്. രസകരമായ കമന്റുകളാണ് ആരാധകർ നൽകുന്നത്. അതേസമയം, ഷമ്മിയിലെ നടനെ വേണ്ട പോലെ ഉപയോഗിക്കാനായില്ലെന്നും ഇനിയും അദ്ദേഹത്തെ തേടി വ്യത്യസ്തമായ വേഷങ്ങൾ എത്തട്ടെയെന്നും ആരാധകർ പറയുന്നു. ചിത്രം നിമിഷങ്ങൾക്കുള്ളിൽ തന്നെ സോഷ്യൽ മീഡിയയിൽ വൈറലായി മാറിയിരിക്കുന്നു. നടൻ തിലകന്റെ മകനാണ് ഷമ്മി. നാടകത്തിലൂടെയായിരുന്നു അഭിനയ ജീവിതം ആരംഭിക്കുന്നത്. 1986 ൽ പുറത്തിറങ്ങിയ ഇരകൾ എന്ന സിനിമയിലൂടെ അരങ്ങേറി. പിന്നീട് നിരവധി സിനിമകളിൽ അഭിനയിച്ചു.സംസ്ഥാന സർക്കാർ പുരസ്കാരം രണ്ട് വട്ടം നേടിയിട്ടുള്ള ഡബ്ബിങ് കലാകാരൻ കൂടിയാണ് ഷമ്മി തിലകൻ.

ഗാംഗുലിയും ധോണിയും മികച്ച ക്യാപ്റ്റന്മാർ: സഹീർ

മുംബൈ: ഇന്ത്യൻ ക്രിക്കറ്റിലെ മികച്ച നായകന്മാരാണ് സൗരവ് ഗാംഗുലിയും മഹേന്ദ്രസിങ് ധോണിയുമെന്ന് മുൻ പേസ് ബൗളർ സഹീർ ഖാൻ. അന്താരാഷ്ട്ര തലത്തിൽ ഒരു കളിക്കാരൻ കളിച്ച് തുടങ്ങുമ്പോൾ മുതൽ വലിയ പിന്തുണ നൽകുന്നയാളായിരുന്നു ഗാംഗുലിയെന്ന് അദ്ദേഹം പറഞ്ഞു. തുടക്കകാലത്ത് ക്യാപ്റ്റനിൽ നിന്ന് ലഭിക്കുന്ന പിന്തുണ വളരെ പ്രധാനമാണ്. അക്കാര്യത്തിൽ ഗാംഗുലി വലിയ മാതൃകയാണെന്നും സഹീർ കൂട്ടിച്ചേർത്തു. എംഎസ് ധോണി ഇന്ത്യൻ ടീമിന്റെ നായകനായപ്പോഴേക്കും ടീമിലെ മിക്ക താരങ്ങളും അന്താരാഷ്ട്ര തലത്തിൽ പരിചയ സമ്പന്നരായിരുന്നുവെന്ന് സഹീർ ഖാൻ പറഞ്ഞു.

വീരേന്ദർ സെവാഗ്, യുവരാജ് സിങ്, സഹീർ ഖാൻ തുടങ്ങിയ താരങ്ങളെയാണ് ധോണി നയിച്ചത്. എന്നാൽ സീനിയർ താരങ്ങൾ വിരമിച്ച് തുടങ്ങിയതോടെ യുവതാരങ്ങളെ വളർത്തിയെടുക്കാൻ ധോണിയും ഏറെ ശ്രദ്ധിച്ചിരുന്നുവെന്ന് സഹീർ വ്യക്തമാക്കി. 2011ൽ ഇന്ത്യ മഹേന്ദ്ര സിങ് ധോണിയുടെ നേതൃത്വത്തിൽ കപ്പുയർത്തിയപ്പോൾ സഹീർ ഖാനാണ് ഇന്ത്യൻ പേസ് പടയെ മുന്നിൽ നിന്ന് നയിച്ചത്. ഇന്ത്യയുടെ ലോകകപ്പ് വിജയത്തിൽ സഹീറിന്റെ പങ്ക് ചെറുതല്ല.

സ്നേഹം പകർന്ന് ബ്രസീലിലെ മലയാണ്മ

സി.കെ.രാജേഷ്കുമാർ

പണ്ട് കോഴിക്കോട് കാപ്പാട്ട് പോർച്ചുഗീസ് നാവികൻ വാസ്കോഡ ഗാമ വന്നിറങ്ങി മടങ്ങുമ്പോൾ വലിയൊരു ബുദ്ധിമോശം കാണിച്ചു എന്തെന്നാൽ, പോർച്ചുഗീസ് ഭാഷ ആരെയും പഠിപ്പിച്ചില്ല. ഒരു പക്ഷേ ആരും മെനക്കെട്ടുമില്ല. അല്ലെങ്കിൽ ഇതിനോടകം നിരവധി മലയാളികൾ ഇവിടെ ബ്രസീലിലെത്തിയേന. അന്നേ മലയാളി തിരിച്ചറിഞ്ഞു, പോർച്ചുഗീസ് ഒരു പൊല്ലാപ്പാണെന്ന്. ഇതു പഠിക്കാൻ ഇത്തിരി പാടാണെന്ന്.

സംഗതി സത്യമാണ്. അല്ലെങ്കിൽ ലോകത്ത് ഏതു മൂലയ്ക്കും മലയാളികൾക്ക് സ്ഥാനമുണ്ട്. അതിപ്പോ പാശ്ചാത്യ രാജ്യങ്ങളിലായിലും ഗൾഫ് നാടുകളിലായിലും ഓസ്ട്രേലിയ പോലുള്ള രാജ്യങ്ങളിലായാലും. എന്നാൽ, ലാറ്റിനമേരിക്കയിൽ മലയാളികളുടെ സാന്നിധ്യം വളരെ കുറവാണ്. പ്രത്യേകിച്ചും ലോകത്ത് വലുപ്പത്തിൽ അഞ്ചാം സ്ഥാനത്തുള്ള ബ്രസീലിൽ. വിരലിലെണ്ണാവുന്ന മലയാളികൾ മാത്രമാണ് ഇവിടെയുള്ളത്. അവരിൽ പലരും വൈദികരാണ്. അതിഥികളെ വളരെയധികം സ്നേഹിക്കുന്ന ബ്രസീലുകാർക്കിടയിൽ കഴിഞ്ഞ ഇവരെ നയിക്കുന്നതും ഈ സ്നേഹസമ്പന്നതയാണ്.

2014 ജൂൺ അഞ്ചിന് ബ്രസീലിലെ സാവോപോളോയിൽ ചെല്ലുമ്പോൾ ആകെയുള്ളത് സാന്റോസിലെ പ്രായെ ഗ്രാൻഡെയിൽ താമസിക്കുന്ന ഫാ. തോമസ് പുഴക്കരയുടെ മേൽവിലാസമാണ്. യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിൽ അച്ചൻ സ്വീകരിച്ചു, കൂടെ താമസിപ്പിച്ചു. 20 വർഷത്തിലധികമായി ഇവിടെ കഴിയുന്ന അച്ചൻ മികച്ച സാമൂഹ്യപ്രവർത്തകനും എഫ് എം റേഡിയോ നിലയത്തിന്റെ നടത്തിപ്പുകാരനുമൊക്കെയാണ്.

ലോകകപ്പ് ഉദ്ഘാടനം നടക്കുന്ന സാവോപോളോയിലേക്കു മാറുമ്പോൾ അച്ചൻ മറ്റു മൂന്നുപേരെക്കൂടി പരിചയപ്പെടുത്തിത്തന്നു. അതിലൊരാൾ പാലാ തിടനാട്ടുകാരനായ ഫാ. ജെയിംസ് വാരണമാണ്. ഒപ്പം ബ്രസീലിലെ അടിച്ചുപൊളി ജീവിതത്തിനിടയിലും മൂല്യങ്ങൾ സംരക്ഷിക്കുന്ന ഒരു യുവാവിനെയും പരിചയപ്പെടുത്തി. 11 വർഷം മുമ്പ് നാട്ടിൽനിന്നു പോന്ന ഷിബുവാണ് ആ യുവാവ്. കണ്ണൂർ കരുവഞ്ചാൽ സ്വദേശിയായ ഷിബു ഇവിടെ എക്സ്പോർട്ട് കമ്പനിയിൽ ജോലി നോക്കുന്നു. സഹോദരനെപ്പോലെ ഷിബു കാര്യങ്ങൾ ചെയ്തുതന്നു. ഷിബുവിന്റെ നിർലോഭമായ സഹകരണങ്ങൾ എന്നും മനസിലുണ്ടാകും. മറ്റൊരാൾ സ്നേഹനിധിയായ ജയിംസച്ചനാണ്. സാവോപോളോ എന്ന മഹാനഗരത്തിലുള്ള സെന്റ് ഇസബേൽ എന്ന സ്ഥലത്തെ പള്ളി വികാരിയായ അച്ചൻ ബ്രസീൽ ഫുട്ബോൾ ടീമിന്റെ കടുത്ത ആരാധകൻകൂടിയാണ്. ഉദ്ഘാടന മത്സരം നേരിൽക്കണ്ട മാധ്യമപ്രവർത്തകരല്ലാത്ത ഏക ഇന്ത്യക്കാരനും അച്ചനാകാം. നല്ല ചുറുചുറുക്കുള്ള അച്ചൻ കായിക രംഗത്തെ കാര്യങ്ങളിൽ അപ്ടുഡേറ്റാണ്. ഡ്രൈവിംഗ് പാഷനായി കരുതുന്ന അച്ചന്റെ അടിപൊളി ഇടപെടലുകൾ വളരെ ഊർജം പകർന്നു നൽകും. സാവോപോളോയിലെ അവസാനമത്സരവും കണ്ട് ഇറങ്ങുമ്പോൾ യാത്രയയ്ക്കാൻ അച്ചനും വന്നിരുന്നു. ചുരുങ്ങിയ ദിനംകൊണ്ട് മനസുകവർന്ന അച്ചന്റെ ആലിംഗനത്തിന് സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും ലാളനയുടെയും ആർദ്രതയുണ്ടായിരുന്നു. എടാ ഉവ്വേ... ഞാൻ അടുത്ത ഫെബ്രുവരിയിൽ വരുന്നുണ്ട്. നമുക്ക് കാണാന്നേ..! പിന്നീട് അച്ചൻ നാട്ടിലെത്തുമ്പോൾ എല്ലായ്പ്പോഴും വീട്ടിൽ വരുമായിരുന്നു. ഞആൻ അദ്ദേഹത്തിന്റെ വീട്ടിലുമെത്തും. മറക്കില്ല ഒരിക്കലും ഈ സ്നേഹനിധിയെ.

പുഴക്കരയച്ചൻ പരിചയപ്പെടുത്തിയ വലിയ മനുഷ്യനാണ് ഫാ. തോമസ് കിഴക്കേതയ്യിൽ. റിയോ എന്ന സ്വപ്നനഗരത്തിൽ ബ്രാസ് ദ പീന എന്ന ഫവേല പ്രാന്തത്തിൽ സാന്ത സിസിലിയ എന്ന പള്ളിയുടെ വികാരിയായി സേവനമനുഷ്ഠിക്കുകയാണ് അച്ചൻ. ഒരു പ്രദേശത്തെ മുഴുവൻ സ്നേഹവലയത്തിലാക്കിയ അദ്ദേഹം ജനങ്ങളെ അച്ചടക്കവും മൂല്യബോധവും പഠിപ്പിച്ചു. ഒരു കാലത്ത് അക്രമികളുടെയും പിടിച്ചുപറിക്കാരുടെയും കൊലപാതകികളുടെയും മയക്കുമരുന്നു മാഫിയയുടെയുമൊക്കെ കേളീഗൃഹമായിരുന്ന ബ്രാസ് ദ പീനയിൽ അച്ചന്റെ ഇടപെടലാണ് മാറ്റമുണ്ടാക്കിയത്. അച്ചനൊപ്പം കുറേ ദിവസം താമസിച്ചു. ബ്രസീലിന്റെ സാംസ്കാരിക വ്യതിരിക്തതയും ജനങ്ങളെക്കുറിച്ചുള്ള അവബോധവും അദ്ദേഹം പകർന്നു നൽകി. ജീവിതത്തെ വളരെ തമാശയിലൂടെ നോക്കിക്കാണുന്ന അച്ചന്റെ ലളിതമായ ജീവിതശൈലിയാണ് ഏവരെയും ആകർഷിക്കുന്നത്. മത്സരം കഴിഞ്ഞ് എത്രവൈകിയാലും വീട്ടിലെത്തുംവരെ കാത്തിരിക്കുന്ന അച്ചൻ. നന്ദി പ്രിയ ഫാദർ. അച്ഛനെപ്പോലെ സ്നേഹിച്ചതിന്... സാന്റോസിലെ കൂത്താട്ടുകുളം ഇലഞ്ഞി സ്വദേശി ഫാ. പോൾ മ്യാലിൽ, കട്ടപ്പന സ്വദേശി ഫാ. തോമസ് കൂടത്തിനാൽ, പാലാ പാലയ്ക്കാട്ടുമല സ്വദേശി ഫാ. കളപ്പുര, സിസ്റ്റർ റീനു, സിസ്റ്റർ മഞ്ജു തുടങ്ങിയവരും ബ്രസീൽ ജീവിതത്തിൽ ഒരു കൈ സഹായിച്ചവരാണ്.

മലയാളികൾക്ക് അഭിമാനത്തോടെ പറയാൻ പറ്റുന്ന രണ്ടു പേരുകളാണ്, ചങ്ങനാശേരി സ്വദേശിയായ ഡെന്നിസൺ ജോൺ, തൊടുപുഴ കരിമണ്ണൂർ സ്വദേശി ജോസ് മാത്യു എന്നിവരുടേത്. ഡെന്നിസൺ ജർമൻ ഫുട്ബോൾ ടീമിന്റെ പരിശീലനത്തിന് സഹായിക്കുന്ന സോഫ്റ്റ് വെയർ തയാറാക്കിയ ടീമിന്റെ മേധാവികളിൽ ഒരാളാണ്. ബ്രസീലിൽ വന്നശേഷം തനതു കേരളരീതിയിലുള്ള ഭക്ഷണം കഴിക്കുന്നത് ഏതാണ്ട് ഒരു മാസം കഴിഞ്ഞാണ്.

അതിനു വഴിയൊരുക്കിയതാകട്ടെ ഒരു മലയാളിയും. സാവോപോളോയിലെ ഇന്ത്യൻ കോൺസുലേറ്റിൽ കോൺസലായി സേവനമനുഷ്ഠിക്കുന്ന ജോസ് മാത്യുവിന്റെ വീട്ടിലായിരുന്നു നല്ല ഇഡ്ഡലിയും സാമ്പാറും ഒക്കെ കൂട്ടിയുള്ള പ്രഭാതഭക്ഷണം. ജോസ് മാത്യുവിന്റെ ഭാര്യ തൊടുപുഴ സ്വദേശി ലൈലയുണ്ടാക്കിയ വിഭവങ്ങളുടെ രുചി നമ്മെ കേരളത്തിലെത്തിക്കും. പരസ്പര സ്നേഹത്തലും സഹായത്തിലും അധിഷ്ഠിതമാണ് മനുഷ്യജീവിതം എന്ന സന്ദേശം നൽകുകയായിരുന്നു ഇവരോരുത്തരും. സ്വദേശികളായ മലയാളികളിൽ അന്യംനിന്നു പോകുന്ന മാനവികത മനസിലാക്കാൻ ഇവരിലും മികച്ച മാതൃകകൾ വേറെയില്ല. ഒബ്രിഗാദോ മലയാളമേ...!!!

ഫാ. ജയിംസ് വാരണം

ഫാ. തോമസ് കിഴക്കേത്തയ്യിൽ

ലൈല, ജോസ് മാത്യു

ഷിബു കണ്ണൂർ

സ്പോട്ട് കിക്ക്

നമ്മുടെ നാട്ടിലെ ചില പദങ്ങൾക്കു പറയുന്ന പേരുകൾ പോർച്ചുഗീസുമായി സാമ്യമുണ്ട്. അതിൽ ചില ഉദാഹരണങ്ങൾ ഇതാ... മാങ്ങയ്ക്ക് ബ്രസീലിൽ പറയുന്ന് മാങ്ക എന്നാണ്.

അതുപോലെ മേശയ്ക്ക് മേസയെന്നും കസേരയ്ക്ക് കദൈര എന്നും പറയും. ജനാല ഇവിടെ പറയുന്നത് ഷനേലയെന്നും സവാളയ്ക് സെബോളയെന്നുമാണ് പറയുന്നത്.

ഐപിഎൽ ലങ്കയിൽ നടത്തേണ്ട സാഹചര്യമില്ലെന്ന് ബിസിസിഐ

മുംബൈ: ശ്രീലങ്കയിൽ വെച്ച് ഇന്ത്യൻ പ്രീമിയർ ലീഗ് നടത്തുന്നതിനെ കുറിച്ച് ചർച്ച ചെയ്യേണ്ട സമയമല്ല ഇതെന്ന് ബിസിസിഐ. കഴിഞ്ഞ ദിവസം ശ്രീലങ്കൻ ക്രിക്കറ്റ് മേധാവി ഷമ്മി സിൽവ ശ്രീലങ്കയിൽ വെച്ച് ഐ.പി.എൽ നടത്താമെന്ന നിർദേശം മുന്നോട്ട് വെച്ചിരുന്നു. എന്നാൽ നിലവിൽ കൊറോണ വൈറസ് മഹാമാരി പടരുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ ഒരു കാര്യം ചർച്ച ചെയ്യുന്നതിൽ കാര്യമില്ലെന്ന് ബിസിസിഐ പ്രതിനിധി വ്യക്തമാക്കി.

നിലവിൽ ശ്രീലങ്കൻ ക്രിക്കറ്റ് ബോർഡിൽ നിന്ന് ഇതിനെ പറ്റിയുള്ള ഔദ്യോഗിക അറിയിപ്പുകൾ ഒന്നും കിട്ടിയില്ലെന്നും ബിസിസിഐ പ്രതിനിധി വ്യക്തമാക്കി. ഇന്ത്യയെ അപേക്ഷിച്ച് കൊറോണ വൈറസ് വ്യാപനം സ്വതവേ കുറഞ്ഞ സ്ഥലമെന്ന നിലയിലാണ് ഐപിഎൽ നടത്താൻ വേദിയൊരുക്കാമെന്ന് അറിയിച്ച് ശ്രീലങ്കൻ ക്രിക്കറ്റ് ബോർഡ് രംഗത്തെത്തിയത്. ഇന്ത്യയെ അപേക്ഷിച്ച് ശ്രീലങ്കയിൽ ജീവിതം എളുപ്പം സാധാരണ നിലയിലേക്കു തിരിച്ചെത്തുമെന്നതിനാൽ, ഐപിഎൽ അവിടെ നടത്താമെന്നായിരുന്നു ആഹ്വാനം.

നേരത്തെ മാർച്ച് 29ന് തുടങ്ങേണ്ട ഇന്ത്യൻ പ്രീമിയർ ലീഗ് ഏപ്രിൽ 15ലേക്കും തുടർന്ന് കേന്ദ്ര സർക്കാർ ലോക് ഡൗൺ നീട്ടിയതോടെ അനിശ്ചിതമായും ഐ.പി.എൽ നീട്ടിവെച്ചിരുന്നു.

തുടർന്നാണ് ഇന്ത്യയേക്കാൾ വേഗത്തിൽ ശ്രീലങ്കയിൽ കൊറോണ വൈറസ് പടരുന്നത് തടയാനാവുമെന്നും അത് കൊണ്ട് ശ്രീലങ്കയിൽ വെച്ച് ഐ.പി.എൽ നടത്താമെന്ന നിർദേശവുമായി ഷമ്മി സിൽവ രംഗത്തെത്തിയത്.

കൊവിഡ്: ലീഡ്സ് യൂണൈറ്റഡ് ഇതിഹാസം നോർമൻ ഹണ്ടർ മരിച്ചു

ലണ്ടൻ· കൊറോണ വീണ്ടും ഫുട്ബോൾ ലോകത്തെ ഒരു ജീവൻകൂടി കവർന്നു. കൊവിഡ് 19 ബാധിച്ച് ഒരു ഫുട്ബോൾ താരം കൂടി മരണത്തിനു കീഴടങ്ങി. 1966ൽ ലോകകപ്പ് നേടിയ ഇംഗ്ലണ്ട് ഫുട്ബോൾ ടീമിൽ അംഗമായിരുന്ന ലീഡ്സ് യുണൈറ്റഡിന്റെ ഇതിഹാസ താരം നോർമൻ ഹണ്ടറാണ് കൊറോണ വൈറസ് ബാധിച്ച് മരിച്ചത്. 76 വയസ്സായിരുന്നു. ഈ മാസം 10ന് കോവിഡ് 19 സ്ഥിരീകരിച്ചതുമുതൽ ചികിത്സയിലായിരുന്നു. ലീഡ്സ് യുണൈറ്റഡിനു വേണ്ടി 726 മത്സരങ്ങൾ കളിച്ച താരം ക്ലബ്ബിന്റെ ഇതിഹാസമായാണ് അറിയപ്പെടുന്നത്. ക്ലബ്ബിനൊപ്പം രണ്ട് തവണ പ്രീമിയർ ലീഗ് കിരീടവും (അന്ന് ഫുട്ബോൾ ലീഗ് ഫസ്റ്റ് ഡിവിഷൻ) ഓരോ തവണ എഫ്എ കപ്പ്, ലീഗ് കപ്പ് എന്നിവയും രണ്ടു തവണ ഇന്റർ സിറ്റീസ് ഫെയേഴ്സ് കപ്പും നേടി.

'കോവിഡ് 19 സ്ഥിരീകരിച്ചതിനെ തുടർന്ന് കഴിഞ്ഞ യാഴ്ചയാണ് നോർമനെ ആശുപത്രിയിലേക്കു മാറ്റിയത്. അവിടെ എൻഎച്ച്എസ് സ്റ്റാഫ് അവരുടെ കഴിവിന്റെ പരമാവധി ശ്രമിച്ചെങ്കിലും ഇന്നു പുലർച്ചെ അദ്ദേഹം മരണത്തിനു കീഴടങ്ങി. ലീഡ്സ് യുണൈറ്റഡ് ടീമിനു നികത്താനാകാത്ത വിടവാണ് നോർമന്റെ വിടവാങ്ങലോടെ സൃഷ്ടിക്കപ്പെട്ടത്. അദ്ദേഹത്തിന്റെ സംഭാവനകൾ ക്ലബ് ഒരിക്കലും മറക്കില്ല. ഈ ദുഃഖകരമായ നിമിഷത്തിൽ നോർമന്റെ കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും വേദന പങ്കിടുന്നു' - ക്ലബ് ട്വിറ്ററിൽ കുറിച്ചു.

1966ൽ ലോകകപ്പ് നേടിയ ഇംഗ്ലണ്ട് ടീമിൽ അംഗമായിരുന്നെങ്കിലും ഒരു കളിയിൽ പോലും കളത്തിലിറങ്ങിയില്ല. സെൻട്രൽ ഡിഫൻഡർമാരായ ജാക്ക് ഷാൾട്ടൻ - ബോബി മൂർ കൂട്ടുകെട്ട് മിന്നുന്ന ഫോമിലേക്ക് ഉയർന്നതോടെയാണ് താരത്തിന് അവസരം കിട്ടാതെ പോയത്. 15-ാം വയസ്സിൽ ലീഡ്സ് യുണൈറ്റഡിലെത്തിയ നോർമൻ ഹണ്ടർ, 14 വർഷത്തോളം അവിടെ തുടർന്നു.



നിലവിലെ ആദ്യ നാലു സ്ഥാനക്കാർക്ക് ചാംപ്യൻസ് ലീഗ് യോഗ്യത

മാഡ്രിഡ്: കൊറൊണ വൈറസ് ബാധയെ തുടർന്നു നിർത്തി വച്ചിരിക്കുന്ന സ്പാനിഷ് ലീഗ് (ലാലിഗ) ഫുട്ബോൾ ടൂർണമെന്റിലെ ശേഷിച്ച മൽസരങ്ങൾ ഉപേക്ഷിക്കപ്പെടുകയോ, വെട്ടിക്കുറയ്ക്കയോ ചെയ്താൽ നിലവിൽ ലാ ലിഗയിൽ ആദ്യ നാലു സ്ഥാനങ്ങളിൽ നിൽക്കുന്ന ടീമുകൾ ചാംപ്യൻസ് ലീഗിനു യോഗ്യത നേടുമെന്ന് സ്പാനിഷ് ഫുട്ബോൾ അസോസിയേഷൻ (ആർഎഫ്ഇഎഫ്) അറിയിച്ചു. തീരുമാനമെടുത്തു.

20 ടീമുകൾ മാറ്റുരയ്ക്കുന്ന ലാ ലിഗയിൽ എല്ലാവരും 27 മൽസരങ്ങൾ പൂർത്തിയാക്കിയിരുന്നു. ഇതിനു ശേഷമാണ് കൊവിഡ്-19 കാരണം മാർച്ച് 12 മുതൽ ലീഗ് നിർത്തി വച്ചത്. സീസണിലെ ഇതുവരെ നടന്ന മൽസരങ്ങളുടെ ഫലം പരിഗണിച്ച് പോയിന്റ് പട്ടിക പരിശോധിക്കുമ്പോൾ ബാഴ്സലോണ, റയൽ മാഡ്രിഡ്, സെവിയ്യ, റയൽ സോസിസാഡ് എന്നിവരാണ് ആദ്യ നാലു സ്ഥാനങ്ങളിൽ നിൽക്കുന്നവർ. അതുകൊണ്ടു തന്നെ ഇവർക്കെല്ലാം ചാംപ്യൻസ് ലീഗിനു യോഗ്യതയും ലഭിക്കും. എന്നാൽ സ്പെയിനിലെ വമ്പൻ ടീമുകളിലൊന്നായ അത്ലറ്റികോ മാഡ്രിഡിനു ചാംപ്യൻസ് ലീഗ് യോഗ്യത നഷ്ടപ്പെടുകയും ചെയ്യും.

അടുത്ത സീസണിലെ യൂറോപ്യൻ ലീഗുകളിൽ സ്പെയിനിൽ നിന്നും ഏതൊക്കെ ക്ലബ്ബുകളായിരിക്കും ഉണ്ടാവുകയെന്ന് അറിയിക്കണമെന്ന് യുവേഫ ആവശ്യപ്പെട്ടിരുന്നു. ഇതേ തുടർന്നാണ് സ്പാനിഷ് എഫ്എ ആദ്യ നാലു സ്ഥാനക്കാർക്കു യോഗ്യത നൽകുകയെന്ന തീരുമാനം കൈക്കൊണ്ടതെന്നു ജനറൽ സെക്രട്ടറി ആൻഡ്രു കാംപ്സ് വാർത്താക്കുറിപ്പിൽ അറിയിച്ചു.

ലാ ലിഗയിലെ അവസാനത്തെ മൽസരം നടന്നത് മാർച്ച് 10നായിരുന്നു. 58 പോയിന്റോടെയാണ് ബാഴ്സലോണ ലീഗിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്നത്. രണ്ടു പോയിന്റ് മാത്രം പിറകിലായി ബദ്ധവൈരികളായ റയൽ മാഡ്രിഡ് തൊട്ടുതാഴെയുണ്ട്. മൂന്നാമതയുള്ള സെവിയ്യക്കു 47ഉം സോസിഡാഡിന് 46ഉം പോയിന്റുണ്ട്. അഞ്ചും ആറും സ്ഥാനങ്ങളിൽ നിൽക്കുന്ന ഗെറ്റാഫെ, അത്ലറ്റികോ മാഡ്രിഡ് എന്നിവർ യൂറോപ്പ ലീഗിലേക്കു യോഗ്യത നേടും. കോപ്പ ഡെൽറേ (കിങ്സ് കപ്പ്) വിജയികളായിരുന്നു യൂറോപ്പ ലീഗിലേക്കു സ്പെയിനിൽ നിന്നും യോഗ്യത നേടിയിരുന്ന മൂന്നാമത്തെ ടീം.

സോസിഡാഡും അത്ലറ്റിക് ബിൽബാവോയും തമ്മിലാണ് ഇത്തവണ ഫൈനൽ. നിലവിലെ സാഹചര്യം തുടർന്നാൽ സോസിഡാഡ് ചാംപ്യൻസ് ലീഗിൽ കളിക്കും. അപ്പോൾ ബിൽബാവോയ്ക്കായിരിക്കും യൂറോപ്പ ലീഗിന് അർഹത ലഭിക്കുക.

ഐ ലീഗ് റദ്ദാക്കും

മോഹൻ ബഗാൻ ചാംപ്യനാകും

ഇന്നു ചേരുന്ന അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ യോഗത്തിൽ തീരുമാനം

ന്യൂഡൽഹി: ഐ ലീഗ് ഫുട്ബോളിൽ അവശേഷിക്കുന്ന മത്സരങ്ങൾ ഉപേക്ഷിക്കും. കൊൽക്കത്ത ക്ലബ്ബ് മോഹൻ ബഗാനെ ചാമ്പ്യൻമാരായി പ്രഖ്യാപിക്കും. ഇത്തവണ തരംതാഴ്ത്തലുണ്ടാകില്ല. ഇതു സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം ശനിയാഴ്ചയുണ്ടാകും. ദേശീയ ലീഗ്-ഐലീഗുകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാകും സീസൺ പൂർത്തിയാക്കാൻ സാധിക്കാതെ പോകുന്നത്. ലോക് ഡൗൺ നീട്ടിയതോടെയാണ് ലീഗ് ഉപേക്ഷിക്കാൻ അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ തീരുമാനിച്ചത്.

ക്ലബ്ബ് അധികൃതരുമായി ഫെഡറേഷൻ മേലധികാരികൾ സംസാരിച്ചിരുന്നു. ഭൂരിഭാഗം ക്ലബ്ബ് മാനേജ്മെന്റുകളും മത്സരം നടത്തേണ്ടതില്ലെന്ന തീരുമാനമാണ് അറിയിച്ചത്. ലീഗ് വീണ്ടും നടത്തുകയാണെങ്കിൽ ക്ലബ്ബുകൾക്ക് കളിക്കാരുടെ കരാർ നീട്ടേണ്ടതായി വരും. രണ്ടാഴ്ചത്തെ പരിശീലനമില്ലാതെ മത്സരത്തിനിറങ്ങാൻ സാധിക്കില്ല. അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്നതിനാൽ ക്ലബ്ബുകളെല്ലാം ലീഗ് പൂർത്തിയാക്കേണ്ടെന്ന നിലപാടിനോട് യോജിച്ചു.ബഗാൻ ചാമ്പ്യൻമാരാകുമ്പോൾ മറ്റ്ടീമുകൾക്ക് പോയിന്റുകൾ തുല്യമായി വീതിച്ചു നൽകും. സമ്മാനത്തുകയും സമാനരീതിയിൽ പങ്കുവയ്ക്കും.

പതിനാറ് മത്സരങ്ങളിൽ നിന്ന് 39 പോയിന്റ് നേടിയാണ് ബഗാൻ മുന്നിലെത്തിയത്. ഒരു കോടി രൂപ ടീമിന് ലഭിക്കും. രണ്ട് മുതൽ പതിനൊന്ന് വരെ സ്ഥാനങ്ങളുണ്ടാകില്ല. രണ്ടാം സ്ഥാനത്തിന് അറുപത് ലക്ഷവും മൂന്നാം സ്ഥാനത്തിന് നാൽപത് ലക്ഷവും നാലാം സ്ഥാനത്തിന് ഇരുപത്തഞ്ച് ലക്ഷവുമാണ് സമ്മാനത്തുക. ഇതെല്ലാം ചേർത്തുള്ള 1.25 കോടി രൂപ ബാക്കി പത്ത് ടീമുകൾക്കുമായി വീതിച്ചു നൽകും. 28 കളികളാണ് ലീഗിൽ അവശേഷിക്കുന്നത്. ഓരോ ടീമിനും ഓരോ പോയിന്റ് നൽകും. റെലഗേഷനിലുള്ള ഐസ്വാൾ എഫ് സിയെ ലീഗിൽ നിലനിർത്തും.

ബഗാനെ ചാമ്പ്യൻമാരാക്കുന്നതോടെ രണ്ടാം സ്ഥാനം ഈസ്റ്റ്ബംഗാളാവശ്യപ്പെട്ടു. ഇത് വിവാദത്തിന് വഴി വെക്കുമെന്നായപ്പോൾ എല്ലാവർക്കും ഓരോ പോയിന്റ് നൽകാൻ തീരുമാനിച്ചു. 16 മത്സരങ്ങളിൽ നിന്ന് ഈസ്റ്റ്ബംഗാളിനും പഞ്ചാബ് എഫ്സിക്കും 23 പോയിന്റ് വീതമാണ്. കേരള ടീം ഗോകുലം 15 കളിയിൽ നിന്ന് 22 പോയിന്റുണ്ട്. ഒപ്പം തന്നെയാണ് റയൽ കശ്മീരുമുള്ളത്.

കൊറോണ: നെയ്മറെ വാങ്ങാൻ ബാഴ്സയ്ക്കു പണമില്ല

ബാഴ്സലോണ: നെയ്മർ ബാഴ്സയിലേക്ക് തിരിച്ചെത്തുമെന്ന പ്രതീക്ഷയിലാണ് ക്ലബ്ബ് ആരാധകർ. എന്നാൽ, കാറ്റലൂണിയ റേഡിയോ റിപ്പോർട്ട് പ്രകാരം ആ ട്രാൻസ്ഫർ നടക്കാൻ സാധ്യതയില്ലെന്നാണ്. കൊറോണ വൈറസ് സൃഷ്ടിച്ച പ്രതിസന്ധി ബാഴ്സലോണയുടെ സാമ്പത്തിക ഭദ്രതയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഈയൊരു സാഹചര്യത്തിൽ വലിയൊരു ട്രാൻസ്ഫർ നീക്കമുണ്ടാകില്ലെന്ന് കാറ്റലൂണിയ റേഡിയോ സൂചിപ്പിക്കുന്നു. ഇന്റർമിലാൻ സ്ട്രൈക്കർ ലൗടാറോ മാർട്ടിനെസാകും ബാഴ്സക്ക് കുറേക്കൂടി താങ്ങാൻ പറ്റുന്ന ട്രാൻസ്ഫറെന്നും കാറ്റലൂണിയ റേഡിയോ റിപ്പോർട്ട് ചെയ്യുന്നു. ബാഴ്സലോണ ക്ലബ്ബുമായി ബന്ധപ്പെട്ട് വിശ്വസനീയ വാർത്തകളാണ് ഇക്കാലമത്രയും കാറ്റലൂണിയ റേഡിയോ റിപ്പോർട്ട് ചെയ്തത് എന്നത് പരിഗണിച്ചാൽ ഈവാർത്ത യാഥാർഥ്യത്തോട് അടുത്തു നിൽക്കുന്നതായി പരിഗണിക്കപ്പെടുന്നു.

മുൻ പരിശീലകൻ മൗറിസിയോ പോചെറ്റീനോയോട് ടോട്ടനം ഹോസ്പർ ചെയർമാൻ ഡാനിയൽ ലെവി വേതനം കുറയ്ക്കുന്നതിനോട് സഹകരിക്കണമെന്ന് അഭ്യർഥിച്ചു. മൗറേഞ്ഞോയെ പരിശീലകനായി കൊണ്ടു വരുന്നതിന്റെ ഭാഗമായി പോചെറ്റീനോയുമായുള്ള ദീർഘകാല കരാർ ടോട്ടനം അവസാനിപ്പിച്ചിരുന്നു.

ഇന്ത്യ പിണങ്ങി: പാക് ക്രിക്കറ്റ് ബോർഡിന് 700 കോടി നഷ്ടം

ന്യൂഡൽഹി· ഇന്ത്യയുമായുള്ള ഉഭയകക്ഷി പരമ്പരകൾ നിർത്തലാക്കിയതു നിമിത്തം പാക്കിസ്ഥാൻ ക്രിക്കറ്റ് ബോർഡിന് കഴിഞ്ഞ അഞ്ചു വർഷത്തിനിടെ നഷ്ടമായത് 700 കോടിയോളം രൂപയെന്ന് റിപ്പോർട്ടുകൾ. മുൻനിശ്ചയിച്ചതുപ്രകാരം നടക്കേണ്ടിയിരുന്ന ഇന്ത്യയുടെ രണ്ട് പാക്കിസ്ഥാൻ പര്യടനങ്ങൾ റദ്ദാക്കിയതിന്റെ പേരിൽ മാത്രം സംഭവിച്ച നഷ്ടമാണ് 700 കോടിയോളം രൂപയാണ്.

ഇന്ത്യയ്ക്കെതിരായ ഭീകരപ്രവർത്തനങ്ങൾക്ക് പാക്കിസ്ഥാൻ സ്വന്തം മണ്ണിൽ താവളമൊരുക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി 2008ലാണ് ഇന്ത്യ പാക്കിസ്ഥാനുമായുള്ള ഉഭയകക്ഷി ക്രിക്കറ്റ് ബന്ധങ്ങൾ നിർത്തിവച്ചത്. അതിനുശേഷം ഇരു രാജ്യങ്ങളും കളത്തിൽ മുഖാമുഖമെത്തുന്നത് ഐസിസി ടൂർണമെന്റുകളിലും ഏഷ്യാകപ്പിലും മാത്രം. ഇതിനിടെ ഉഭയകക്ഷി പരമ്പരകൾ പുനഃരാരംഭിക്കാൻ പാക്കിസ്ഥാന്റെ ഭാഗത്തുനിന്ന് ശക്തമായ സമ്മർദ്ദമുണ്ടായി. രാജ്യാന്തര ക്രിക്കറ്റ് കൗൺസിലിനേപ്പോലും (ഐസിസി) വിഷയത്തിൽ ഇടപെടീക്കാൻ ശ്രമമുണ്ടായി. എന്നാൽ, കേന്ദ്രസർക്കാരിന്റെ അനുമതിയുണ്ടെങ്കിൽ മാത്രമേ കളിക്കൂ എന്നായിരുന്നു ബിസിസിഐ നിലപാട്. ഇതിനിടെ ശതകോടികൾ നഷ്ടപരിഹാരം ആവശ്യപ്പെട്ട് പാക്കിസ്ഥാൻ ഐസിസിയിൽ പരാതിയും നൽകിയിരുന്നു. എന്നാൽ, അതംഗീകരിക്കാൻ ഐസിസിയും തയാറായില്ല.

ഇതിനിടെയാണ് ഇന്ത്യയുമായുള്ള പരമ്പരകൾ നടക്കാതെ വന്നതോടെ പാക്കിസ്ഥാന് കഴിഞ്ഞ അഞ്ചു വർഷത്തെ ടിവി സംപ്രേക്ഷണ വരുമാനത്തിൽ 700 കോടിയോളം രൂപയുടെ കുറവുണ്ടായെന്ന റിപ്പോർട്ട്. പാക്കിസ്ഥാൻ ക്രിക്കറ്റ് ബോർഡുമായി കഴിഞ്ഞ അഞ്ചു വർഷത്തെ ടിവി സംപ്രേക്ഷണത്തിന് കരാറുണ്ടാക്കിയ ടെൻ സ്പോർട്സ്, പിടിവി ചാനലുകൾ കരാർപ്രകാരം നൽകേണ്ടിയിരുന്നത് 149 മില്യൺ യുഎസ് ഡോളറാണ്, ഏതാണ്ട് 1140 കോടിയോളം രൂപ.

കരാർ പ്രകാരം നടക്കേണ്ടിയിരുന്ന ഇന്ത്യയ്ക്കെതിരായ രണ്ട് പരമ്പരകൾ പാക്കിസ്ഥാന് കളിക്കാനായില്ല. ഇതോടെ, ടെൻ സ്പോർട്സും പിടിവിയും കരാർ പ്രകാരം നൽകേണ്ടിയിരുന്ന തുകയിൽനിന്ന് 90 മില്യൺ യുഎസ് ഡോളർ (688 കോടി രൂപ) കിഴിവു ചെയ്തു· - പാക്ക് ബോർഡുമായി ബന്ധപ്പെട്ട വൃത്തങ്ങളെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ പിടിഐ റിപ്പോർട്ട് ചെയ്യുന്നു.

വെസ്റ്റിൻഡീസിനെതിരായ പരമ്പര ഉൾപ്പെടെയുള്ളവരുടെ കാര്യത്തിലും സംപ്രേക്ഷണ കരാർ പ്രകാരം ചാനലുകളുമായി അഭിപ്രായ വ്യത്യാസം ഉടലെടുത്തെന്നാണ് റിപ്പോർട്ട്.

SENSEX: 31,588.72 (+986.11)

NIFTY: 9,266.75 (+273.95)

വിനിമയ നിരക്ക്

ഡോളർ	76.54
യൂറോ	82.86
പൗണ്ട്	95.21
സ്വിസ്ഫ്രാങ്ക്	78.73
സിംഗപ്പൂർ ഡോളർ	53.75
ഓസ്ട്രേലിയൻ	48.46
കനേഡിയൻ	54.44
ബഹറിൻ ദിനാർ	202.20
കുവൈറ്റ് ദിനാർ	245.63
ഒമാനി റിയാൽ	199.40
സൗദി റിയാൽ	20.29
യു എ ഇ ദിർഹം	20.81
ഖത്തർ	20.97

ആർബിഐ പ്രഖ്യാപനത്തിൽ ചെറുകിട മേഖലയ്ക്ക് ആശ്വാസം

ബാങ്കുകൾക്ക് 50,000 കോടി നൽകും, ഇതിന്റെ പകുതിയെങ്കിലും എംഎസ്എംഇ സ്ഥാപനങ്ങൾക്ക് നൽകണം

കൊച്ചി: കൊവിഡ് പ്രതിസന്ധിയിൽ തളർന്നുപോയ ചെറുകിട വ്യവസായ മേഖലയ്ക്ക് ആശ്വാസമാവുകയാണ് റിസർവ് ബാങ്കിന്റെ പ്രഖ്യാപനം. ഇതിനായി ബാങ്കുകൾക്ക് 50,000 കോടി നൽകുമെന്ന് ആർബിഐ ഗവർണർ ശക്തികാന്ത ദാസ് അറിയിച്ചു. ഇതിന്റെ പകുതിയെങ്കിലും എംഎസ്എംഇ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഇതു കൂടാതെ നബാർഡ്, സിഡ്ബി, ദേശീയ ഹൗസിങ് ബാങ്ക് എന്നിവയ്ക്ക് 50,000 കോടി നൽകും. ബാങ്കിങ് ഇതര, മൈക്രോഫിനാൻസ് സ്ഥാപനങ്ങൾക്കും ഈ തുക ലഭ്യമാക്കും. നബാർഡ് (25,000 കോടി), സിഡ്ബി (15,000 കോടി രൂപ), എൻഎച്ച്ബി (10,000 കോടി രൂപ) എന്നിങ്ങനെ നൽകുന്ന തുക റീഫിനാൻസ് സൗകര്യം ലക്ഷ്യമാക്കിയാണ്. കഴിഞ്ഞ മാസം ധനമന്ത്രി പ്രഖ്യാപിച്ച 1.7 ലക്ഷം കോടി രൂപയുടെ സാമ്പത്തിക പാക്കേജ് പ്രധാനമായും സാധാരണക്കാരെ മാത്രം ഉദ്ദേശിച്ചുള്ളതായിരുന്നു. രാജ്യത്തെ 6.3 കോടിയോളം എംഎസ്എംഇ യൂണിറ്റുകൾക്ക് പ്രതീക്ഷയേകുന്ന കാര്യങ്ങൾ അതിൽ കൂടുതലായി ഉണ്ടായില്ലെന്ന് പരാതി ഉയരുകയും ചെയ്തിരുന്നു. 11 കോടിയിലേറെ പേർ ഉപജീവനം തേടുന്ന ഈ മേഖലയുടെ നിലനിൽപ്പ് രാജ്യത്തിന് ഏറെ പ്രധാനവുമാണ്. രാജ്യത്തിന്റെ 40 ശതമാനം കയറ്റുമതിയും ഈ മേഖലയിൽ നിന്നാണെന്നതും പ്രാധാന്യം വർധിപ്പിക്കുന്നു.

പ്രധാനമായും സംരംഭങ്ങൾക്ക് കുറഞ്ഞ നിരക്കിൽ എളുപ്പത്തിൽ വായ്പ ലഭ്യമാക്കുന്നതു സംബന്ധിച്ച പ്രഖ്യാപനത്തിനായാണ് എംഎസ്എംഇ മേഖല കാത്തിരുന്നത്. കയറ്റുമതി വർധിപ്പിക്കേണ്ടത് അത്യാവശ്യമായതിനാൽ ജൂൺ മാസത്തിൽ ഈ മേഖലയിലേക്ക് പണം എത്തുന്ന രീതിലുള്ള ഒരു നിക്ഷേപ പദ്ധതി കേന്ദ്രസർക്കാരിൽ നിന്ന് ഉണ്ടാകുമെന്നാണ് പ്രതീക്ഷ. നിലവിലുള്ള വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതിനു പിന്നാലെ പലിശ എഴുതിത്തള്ളാനും നടപടി വേണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്.

ദി സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഒഫ് ഇന്ത്യ (സിഡ്ബി) സംരംഭങ്ങൾക്ക് അഞ്ചു ശതമാനം പലിശ നിരക്കിൽ അടിയന്തിര വായ്പാ സഹായം വാഗ്ദാനം ചെയ്തിരുന്നു. ഇത് പ്രധാനമായും കൊറോണയെ ചെറുക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കായാണ് ലഭ്യമാക്കിയിരുന്നത്. എന്നാൽ കുറച്ചു കൂടി സമഗ്രമായ രീതിയിൽ വലിയ തുക വായ്പയായി ലഭിക്കുക എന്നതാണ് സംരംഭങ്ങളെ സംബന്ധിച്ച് ഇപ്പോഴത്തെ ആവശ്യം. സംരംഭങ്ങൾക്ക് ജിഎസ്ടി പിഴയില്ലാതെ അടക്കാനുള്ള തിയതി ജൂൺ അവസാനം വരെ നീട്ടി നൽകിയിരുന്നു. ഇതിൽ കുറച്ചുകൂടി ഇളവുകൾ വ്യവസായികൾ പ്രതീക്ഷിക്കുന്നുണ്ട്. പക്ഷെ അത് അനുവദിക്കാനുള്ള സാധ്യത കുറവാണ്.

മാർച്ച് 25 ന് നരേന്ദ്ര മോദി സർക്കാർ ദേശീയ ലോക്ഡൗൺ ഏർപ്പെടുത്തിയതിന് ശേഷം രണ്ടാം തവണ റിസർവ് ബാങ്ക് ഗവർണർ നടത്തിയ പ്രഖ്യാപനങ്ങൾ സമ്പദ് മേഖല പൊതുവേ സ്വാഗതം ചെയ്തതായാണ് സൂചന. ഓഹരി വിപണിയിൽ സൂചികകൾ മെച്ചപ്പെട്ടു. അതേസമയം കുറച്ചു കൂടി വ്യക്തമായ പ്രഖ്യാപനം കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് പ്രതീക്ഷിക്കുന്നുണ്ട്.

ജൂൺ 30 വരെ എടിഎം ഫ്രീ

കൊച്ചി: ജൂൺ 30 വരെ എസ്ബിഐ അക്കൗണ്ട് ഉടമകൾക്ക് ഏത് ബാങ്കിന്റെ എടിഎമ്മിൽനിന്നും എത്രതവണ വേണമെങ്കിലും പണം സർവീസ് ചാർജില്ലാതെ പിൻവലിക്കാം. എടിഎം നിരക്കുകൾ നിശ്ചിത കാലത്തേക്ക് ഒഴിവാക്കണമെന്ന കേന്ദ്ര ധനമന്ത്രിയുടെ നിർദേശത്തെ തുടർന്നാണ് ബാങ്കിന്റെ നടപടി.

എസ്ബിഐ ബാങ്കിന്റെ വെബ്സൈറ്റിലൂടെയാണ് എടിഎം നിരക്കുകൾ ജൂൺ 30വരെ പിൻവലിച്ചതായി അറിയിച്ചിട്ടുള്ളത്. സാധാരണ സേവിങ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് സൗജന്യമായി എട്ട് എടിഎം ഇടപാടുകളാണ് അനുവദിക്കാറുള്ളത്. മെട്രൊ നഗരങ്ങളിലല്ലെങ്കിൽ പ്രത്യേക നിരക്കൊന്നും നൽകാതെ 10 സൗജന്യ ഇടപാടുകൾ വരെ പരമാവധി നടത്താം.

നിശ്ചിത തവണകളേക്കാൾ അധികം വരുന്ന ഓരോ സാമ്പത്തിക ഇടപാടിനും 20 രൂപയും ജിഎസ്ടി നിരക്കും സാമ്പത്തികേതര ഇടപാടിന് എട്ട് രൂപയും ജിഎസ്ടിയുമാണ് ഈടാക്കിയിരുന്നത്. മിക്ക ബാങ്കുകളും കഴിഞ്ഞമാസം മുതൽ ബാങ്ക് മിനിമം ബാലൻസ് നിബന്ധന ഒഴിവാക്കിയിരുന്നു. ഇക്കാര്യത്തിലും ആദ്യം തീരുമാനമെടുത്തത് 44.51 കോടി സേവിംങ്സ് അക്കൗണ്ടുകളുള്ള എസ്ബിഐ ആയിരുന്നു. എസ്എംഎസ് ചാർജും എടുത്തുകളഞ്ഞിരുന്നു.

ഓഹരി ഒരു മാസത്തെ ഏറ്റവും ഉയർന്ന നേട്ടത്തിൽ

മുംബൈ: കൊറോണ വൈറസ് വ്യാപനം തടയുന്നതിനുള്ള ലോക്ഡൗണിനിടെ രാജ്യത്ത് പണത്തിന്റെ ലഭ്യത പ്രതിസന്ധിയെ നേരിടാൻ റിസർവ് ബാങ്ക് രണ്ടാം ഘട്ട നടപടികൾ പ്രഖ്യാപിച്ചതിനെത്തുടർന്ന് ഇന്ത്യൻ ഓഹരികൾ ഒരു മാസത്തെ ഏറ്റവും ഉയർന്ന നിരക്കിലെത്തി. സെൻസെക്സ് 986.11 പോയിന്റ് അതായത് 3.22 ശതമാനം ഉയർന്ന് 31,588.72ലും നിഫ്റ്റി 273.95 പോയിന്റ് അതായത് 3.05 ശതമാനം ഉയർന്ന് 9,266.75ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. റിസർവ് ബാങ്ക് റിവേഴ്സ് റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് (ബിപിഎസ്) കുറച്ചു.

ആക്സിസ് ബാങ്ക്, ഐഷർ മോട്ടോഴ്സ്, ഐസിഐസിഐ ബാങ്ക്, മാരുതി, ഇൻഡസ്ഇൻഡ് ബാങ്ക് എന്നിവയാണ് നിഫ്റ്റി 50 സൂചികയിൽ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയത്. എച്ച്യുഎൽ, നെസ്‌ലെ ഇന്ത്യ, ഭാരതി ഇൻഫ്രാടെൽ, സൺ ഫാർമ, ടെക് മഹീന്ദ്ര എന്നിവയ്ക്കാണ് ഇന്ന് ഏറ്റവും കൂടുതൽ നഷ്ടം നേരിട്ടത്. നിഫ്റ്റി മിഡ്ക്യാപ് 2.3 ശതമാനവും നിഫ്റ്റി സ്മോൾകാപ്പ് 3.4 ശതമാനവും ഉയർന്നു. 1,685 കമ്പനികളുടെ ഓഹരികളും നേട്ടത്തിലും 696 ഓഹരികൾ നഷ്ടത്തിലുമായിരുന്നു. 177 ഓഹരികൾക്ക് മാറ്റമില്ല.

വിപണിയിൽ പണലഭ്യത ഉറപ്പാക്കാൻ റിസർവ് ബാങ്ക്

മുംബൈ: നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ അയവ് ലഭിക്കാൻ വിപണിയിൽ പണലഭ്യത ഉറപ്പാക്കുന്ന നടപടികളാണ് ഇന്നലെ റിസർവ് ബാങ്ക് കൈക്കൊണ്ടിരിക്കുന്നത്. വ്യവസായ ലോകം പ്രതീക്ഷയോടെയാണ് ഇന്നലത്തെ നടപടികളെ കാണുന്നത്. അതുപോലെ സംസ്ഥാനങ്ങൾക്ക് കൂടുതൽ ഫണ്ട് നൽകാനുള്ള നീക്കവും ഉചിതമായെന്ന വിലയിരുത്തലാണുള്ളത്.

സംസ്ഥാനങ്ങൾക്ക് വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ് രീതിയിൽ 60 ശതമാനം കൂടുതൽ ഫണ്ട് നൽകുമെന്നും തീരുമാനമുണ്ട്. 60 ശതമാനം പണം സംസ്ഥാനങ്ങൾക്ക് കൂടുതൽ ലഭ്യമാക്കുമെന്ന് റിസർവ് ബാങ്കിന്റെ പ്രഖ്യാപനത്തിൽ പറയുണ്ട്. കേരളത്തിന്റെ വെയിസ് ആൻഡ് മീൻസ് 1,215 കോടി രൂപയാണ്. എപ്പോൾ വേണമെങ്കിലും ഈ തുക സംസ്ഥാന സർക്കാരിന് എടുക്കാം. ഈ തുക കഴിഞ്ഞാൽ ഓവർ ഡ്രാഫ്റ്റിലേക്ക് പോകും. 21 ദിവസത്തിനകം ഈ പണം തിരിച്ചടയ്ക്കണം. ഇതിന്റെ 60 ശതമാനം വർധിക്കുമെന്നാണ് പ്രഖ്യാപനത്തിലുള്ളത്. സംസ്ഥാനത്തിന് 21 ദിവസത്തേക്ക് 729 കോടിരൂപ അധിക വായ്പ താത്കാലികമായി ലഭിക്കുമെന്നാണ് പ്രഖ്യാപനത്തിന്റെ അർഥം. സെപ്റ്റംബർ 30നകം ഈ തുക തിരിച്ചടയ്ക്കേണ്ടി വരും. എങ്കിൽപ്പോലും നിലവിലെ സാഹചര്യത്തിൽ ട്രഷറിക്ക് ആശ്വാസകരമാണ് ഈ നടപടി. വാണിജ്യബാങ്കുകളിൽ നിന്ന് ആർബിഐ സ്വീകരിക്കുന്ന നിക്ഷേപത്തിനുള്ള പലിശനിരക്കായ റിവേഴ്സ് റിപ്പോ നിരക്ക് 4.0 ശതമാനത്തിൽ നിന്നു കാൽ ശതമാനം കുറച്ച് 3.75 ശതമാനമാക്കി. ഇതും വിപണിയിൽ പണ ലഭ്യത കൂടുതൽ ഉറപ്പു വരുത്തുന്ന നടപടിയാണ്. അതേസമയം റിപ്പോ നിരക്കിൽ മാറ്റം വരുത്തിയില്ല.

ഷെഡ്യൂൾഡ് ബാങ്കുകളും കോപ്പറേറ്റീവ് ബാങ്കുകളും തങ്ങളുടെ ഡിവിഡന്റ് പ്രഖ്യാപിക്കുന്നതിന് റിസർവ് ബാങ്ക് വിലക്കേർപ്പെടുത്തി. 2020 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തേക്കുള്ള ഡിവിഡന്റ് പ്രഖ്യാപിക്കുന്നതിനാണ് ഇനി ഒരു അറിയിപ്പുണ്ടാകുന്നതു വരെ വിലക്ക് ഏർപ്പെടുത്തിയത്. കൊവിഡ്-19ന്റെ പശ്ചാത്തലത്തിൽ സമ്പദ്ഘടനയ്ക്കു പിന്തുണ നൽകാൻ കൂടുതൽ മൂലധനം ആവശ്യമുള്ളതിനാലാണിത്. സെപ്റ്റംബർ 30ന് അവസാനിക്കുന്ന ത്രൈമാസത്തിലെ ബാങ്കുകളുടെ പ്രവർത്തനം വിലയിരുത്തി ഇക്കാര്യം പുനരവലോകനം ചെയ്യുമെന്നും റിസർവ് ബാങ്ക് വ്യക്തമാക്കിയിട്ടുണ്ട്.

ചൈനീസ് നിക്ഷേപം: സെബി അന്വേഷണം തുടങ്ങി

മുംബൈ: ചൈനയിൽ നിന്നോ ചൈന വഴിയോ രാജ്യത്തെ ഓഹരി വിപണിയിൽ വന്നിട്ടുള്ള നിക്ഷേപത്തെക്കുറിച്ച് വിശദാംശങ്ങൾ നൽകാൻ സെക്യൂരിറ്റി എക്സ്ചേഞ്ച് ബോർഡ് ഒഫ് ഇന്ത്യ (സെബി) നിർദേശം നൽകി. പതിവിൽ കവിഞ്ഞുള്ള വിദേശ നിക്ഷേപം ഓഹരികളിലെത്തുമ്പോൾ സെബിയുടെ നിർദേശ പ്രകാരം ഡെപ്പോസിറ്ററി പാർട്ടിസിപ്പന്റ്സ് വിവരങ്ങൾ കൈമാറാറുണ്ട്. എന്നാൽ ചൈനീസ് നിക്ഷേപം സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെടുന്നത് ഇതാദ്യമായാണ്.

ചൈനയിൽ നിന്നും ഹോങ്കോങിൽ നിന്നുമുള്ള നിക്ഷേപത്തെക്കുറിച്ച് സൂക്ഷ്മ പരിശോധന വേണമെന്ന സർക്കാർ നിർദേശത്തെതുടർന്നാണ് സെബിയുടെ നടപടി. അതുകൊണ്ടുതന്നെ ചൈനയിൽ നിന്നും ഇന്ത്യയുടെ അയൽ രാജ്യങ്ങളിൽ നിന്നുമുള്ള നിക്ഷേപങ്ങൾ സൂക്ഷ്മമായി പരിശോധിക്കാനാണ് സെബിയുടെ തീരുമാനം. ലോകമാകെ കൊവിഡ് ബാധിച്ചതിന്റെ പശ്ചാത്തലത്തിലുണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലം രാജ്യത്തെ പ്രമുഖ ഓഹരികളിൽ പലതും കുറഞ്ഞ വിലയ്ക്ക് ലഭ്യമാണ്. വിദേശ നിക്ഷേപകരും ആഭ്യന്തര നിക്ഷേപകരും ഈ സാഹചര്യത്തിൽ കൂടുതൽ നിക്ഷേപവുമായി വിപണിയിലെത്തുമെന്ന സൂചനയുണ്ട്. അതിനാണ് കേന്ദ്രത്തിന്റെ പരിശോധന.

കെഎസ്എഫ്ഇ: പ്രവർത്തനസമയം പുന:ക്രമീകരിച്ചു

തൃശൂർ: കൊവിഡ്-19 പ്രതിരോധിക്കാനുള്ള നടപടികളുടെ ഭാഗമായി കെഎസ്എഫ്ഇയുടെ സാധാരണ ശാഖകൾ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെയും സായാഹ്ന ശാഖകൾ ഉച്ചയ്ക്ക് 2 മുതൽ വൈകിട്ട് 4 വരെയും മാത്രമേ തുറന്നുപ്രവർത്തിക്കുകയുള്ളൂ. ബ്രേക്ക് ദി ചെയിൻ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് കെഎസ്എഫ്ഇയുടെ ശാഖകളും മറ്റ് ഓഫിസുകളും പ്രവർത്തിക്കുന്നതെന്ന് മാനെജിങ് ഡയറക്റ്റർ വി.പി. സുബ്രഹ്മണ്യൻ വാർത്താക്കുറുപ്പിൽ അറിയിച്ചു.

കെട്ടിക്കിടക്കുന്നത് 200 കോടിയുടെ കോഴിമുട്ട

സേലം: ലോക്ഡൗണിനെ തുടർന്നു മുട്ടക്കച്ചവടത്തിൽ വൻ പ്രതിസന്ധി. തമിഴ്നാട് നാമക്കലിൽ വിൽക്കാനാകാതെ കെട്ടിക്കിടക്കുന്നത് 50 കോടിയോളം കോഴിമുട്ടകൾ. ഇതിനു വില 200 കോടിയോളം രൂപ വരും. ലോക്ഡൗൺ പ്രഖ്യാപിച്ച മാർച്ച് 24 മുതൽ കോഴിമുട്ട കയറ്റി അയക്കുന്നതിനു നിയന്ത്രണമേർപ്പെടുത്തിയിരുന്നു. പ്രതിദിനം ശരാശരി 3 കോടി കോഴിമുട്ടകൾ ഉത്പാദിപ്പിക്കപ്പെടുന്നതിൽ 2 കോടിയും കയറ്റി അയക്കുന്നതു കേരളത്തിലേക്കാണ്. ലോക്ഡൗൺ വന്നതോടെ ഇതിൽ വലിയ ഇടിവുണ്ടായി. ഹോട്ടലുകളും മറ്റും പ്രവർത്തിക്കാതായതോടെ പ്രതിദിന കയറ്റുമതി ശരാശരി 10 ലക്ഷമായി ചുരുങ്ങി. കെട്ടിക്കിടക്കുന്ന മുട്ടകളിൽ ചെറിയൊരു പങ്ക് ഇപ്പോൾ തമിഴ്നാട്ടിലെ സൗജന്യ ഭക്ഷണവിതരണത്തിനും മറ്റും വിതരണം ചെയ്യുകയാണ്.

തോട്ടങ്ങൾ തുറന്നു; കർഷക ദുരിതം മാറുന്നില്ല

പീരുമേട്: തേയില തോട്ടങ്ങൾ തുറന്ന് തേയില കൊളുന്ത് എടുക്കാൻ തുടങ്ങി. മിക്ക തോട്ടങ്ങളിലും ചായച്ചപ്പ് വളർന്ന് ഉപയോഗ ശൂന്യമായി. വളർന്ന തേയില വെട്ടി കളയുന്ന ജോലിയാണ് കൂടുതലായും നടക്കുന്നത്. നേരത്തെ നഷ്ടത്തിലോടിയിരുന്ന ഈ കൃഷി മേഖല കൂടുതൽ നഷ്ടത്തിലേക്ക് കൂപ്പുകുത്തിയിരിക്കുകയാണ്. കടുത്ത വേനൽ ആയതിനാൽ ചില ഭാഗങ്ങളിൽ ചായ ചപ്പ് വളർന്നിട്ടില്ല. ഈ ഇല ഗുണമേന്മയില്ലാത്തതാണ്. തോട്ടങ്ങളിൽ നിന്ന് ഇത്തരത്തിലുള്ള ചായചപ്പാണ് ഫാക്റ്ററിയിലെത്തുന്നത്. 14 ദിവസത്തെ ഇടവേളയിലാണ് ചായകൊളുന്ത് എടുക്കുന്നത്. മിക്ക തോട്ടങ്ങളിലും ചായകൊളുന്ത് എടുത്തിട്ട് ഒരു മാസത്തിലേറെയായി.

വളർന്ന ചായചപ്പ് വെട്ടി കളയുന്ന അധിക ചെലവ് കർഷകർ വഹിക്കണം. തേയില കൊളുന്ത് എടുക്കാതായതോടെ കർഷക തൊഴിലാളികളും പട്ടിണിയിലായി. കൊവിഡ്-19 വ്യാപിക്കുന്നതിനാൽ ആരോഗ്യ വകുപ്പ് നിർദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് കൊളുന്ത് എടുക്കുന്നത്. ജില്ലയിൽ എല്ലാ ഫാക്റ്ററികളും തുറന്ന് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. എന്നാൽ ഫാക്റ്ററിക്ക് ആവശ്യമായ വിറക് ലഭിക്കുന്നില്ല. ചെറുകിട ഉത്പാദകർക്ക് ചായപ്പൊടി പായ്ക് ചെയ്യാനുള്ള വസ്തുക്കൾ, യന്ത്രങ്ങളുടെ പാർട്സുകൾ തുടങ്ങിയവ ലഭ്യമ.ല്ല വയനാട് മേഖലയിലാണ് ഇത് കൂടുതൽ പ്രതിസന്ധി ഉണ്ടാക്കുന്നത്.

മാത്രമല്ല കൂനൂർ, കോയമ്പത്തൂർ ഭാഗങ്ങളിലെ വെയർ ഹൗസുകൾ തുറന്നിട്ടില്ല. കൂനൂർ, കോയമ്പത്തൂർ ഭാഗങ്ങളിലെ ലേല കേന്ദ്രങ്ങളും പ്രവർത്തിക്കുന്നില്ല. ഈ നില തുടർന്നാൽ ഒരാഴ്ച പോലും ഫാക്റ്ററികൾക്ക് പ്രവർത്തിക്കാനാവില്ലെന്ന് വയനാട് നീലഗിരി ടീ അസോസിയേഷൻ സെക്രട്ടറി മനോജ് പറയുന്നു. കൂനൂർ, കോയമ്പത്തൂർ ഭാഗങ്ങളിലെ ചായ ലേല കേന്ദ്രങ്ങളിൽ ലേലം നടക്കുന്നില്ല. എന്നാൽ കൊച്ചിൻ ലേല കേന്ദ്രത്തിൽ ലേലം നടക്കുന്നുണ്ട്. ചായയ്ക്ക് ഡിമാൻഡ് വർധിച്ച സാഹചര്യമാണ് ഇപ്പോഴുള്ളത്. ഈ സമയത്ത് സ്റ്റോക്ക് വിറ്റഴിക്കാനുള്ള നടപടി പോലും സ്വീകരിച്ചിട്ടില്ല.

വെയർ ഹൗസുകൾ തുറക്കാത്തത് മൂലം ഫാക്റ്ററികളിൽ ഉത്പാദിപ്പിക്കുന്ന ചായപ്പൊടി സൂക്ഷിക്കാനും കഴിയാത്ത സാഹചര്യമാണുള്ളത്. നിലവിൽ കോയമ്പത്തൂരിലും കൂനൂരിലും ചായപ്പൊടി കെട്ടിക്കിടക്കുന്നുണ്ട്. ലേല കേന്ദ്രങ്ങൾ തുറന്ന് കെട്ടി കിടക്കുന്ന ചായപ്പൊടി വിറ്റഴിക്കാനുള്ള നടപടി ടീ ബോർഡ് നടത്തണമെന്ന് കർഷകർ ആവശ്യപ്പെട്ടു.

കണ്ണൂർ കശുവണ്ടി എത്തുന്നു

കണ്ണൂർ: ജില്ലയിലെ 64 സഹകരണ സംഘങ്ങൾ സംഭരിച്ച 1,800 ക്വിന്റൽ കശുവണ്ടി 20ന് കൊല്ലത്തെ ഫാക്റ്ററികളിൽ എത്തിക്കുമെന്ന് കേരള കാഷ്യൂ ഡലവപ്പ്മെന്റ് കോർപ്പറേഷൻ ചെയർമാൻ എസ്. ജയമോഹൻ അറിയിച്ചു. കശുവണ്ടി സംഭരിക്കാൻ കൊല്ലത്തെ സഹകരണ സംഘങ്ങൾ 25 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. ഈ തുക സംഭരിച്ച സഹകരണ സംഘങ്ങൾക്ക് കൈമാറും.

കണ്ണൂർ, കാസർകോട് ജില്ലകളിൽ നിന്ന് ഈ സീസണിൽ 4,000 മെട്രിക് ടൺ കശുവണ്ടി സംഭരിക്കാനാവുമെന്നാണ് പ്രതീക്ഷ. കഴിഞ്ഞ വർഷം 3,500 മെട്രിക് ടൺ കശുവണ്ടിയാണ് കാപ്പെക്സും കോർപ്പറേഷനും സംഭരിച്ചത്. പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ച മുഴുവൻ കശുവണ്ടിയും കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും ഏറ്റെടുക്കും. കശുവണ്ടി കൊണ്ടുപോകുന്നതിന് കണ്ണൂർ ജോയിന്റ് രജിസ്ട്രാർ എം.കെ. ദിനേശ് ബാബു റൂട്ട് മാപ്പ് തയാറാക്കി നൽകി.

പണമിടപാടു മാത്രം നടത്തിവന്നിരുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ കശുവണ്ടി ശേഖരിക്കാൻ തുടങ്ങിയതോടെ രണ്ടാഴ്ചകൊണ്ട് ഗോഡൗണുകൾ നിറഞ്ഞുകവിഞ്ഞു. വേണ്ടവണ്ണം ഉണക്കി സൂക്ഷിക്കാൻ കഴിയാതെ കശുവണ്ടി നശിച്ചുപോകുമെന്ന അവസ്ഥയുണ്ടായി. ഇതേ തുടർന്ന് ജോയിന്റ് രജിസ്ട്രാർ ദിനേശ് ബാബു കാപ്പെക്സിനും കോർപ്പറേഷനും റിപ്പോർട്ട് നൽകി. കൃഷിമന്ത്രി വി.എസ്. സുനിൽ കുമാറും ഇടപെട്ടതോടെ പ്രശ്നത്തിന് പരിഹാരവുകയായിരുന്നു. സംഭരിക്കാൻ സൗകര്യമില്ലാത്ത സംഘങ്ങൾക്ക് തലശേരിയിലെ കശുവണ്ടി കോർപ്പറേഷന്റെ ഫാക്റ്ററിയുടെ ഗോഡൗണും കളവും ഉപയോഗിക്കാൻ അനുമതി നൽകി.

കൊണ്ടുപോകുന്ന കശുവണ്ടിയുടെ ആദ്യഘട്ട തുക സംഘങ്ങൾക്ക് കൈമാറും. ഇടനിലക്കാരില്ലാതെ ഇത്രയധികം തോണ്ടട്ടി സംഭരിക്കുന്നത് കേരളത്തിൽ മാത്രമാണ്. ആഗോള വിപണിയിൽ വില ഇടിയുമ്പോഴാണ് കേരളത്തിൽ കർഷകർക്ക് മികച്ച വില നൽകി കശുവണ്ടി സംഭരിക്കുന്നത്.

തൃശൂരിൽ സവാള വിളവെടുത്തു

തൃശൂർ: പുല്ലഴി പാടശേഖരത്തിൽ കൃഷി മന്ത്രിയുടെ ഉപദേശത്തിൽ സവാള കൃഷി ഇറക്കി നേട്ടം കൊയ്തു. തമിഴ്നാട്ടിൽ നിന്ന് 1000 രൂപ കൊടുത്ത് ഒരു കിലോ സവാള വിത്ത് വാങ്ങി. പുല്ലഴി പാടവരമ്പിൽ അത് കൃഷി ചെയ്തു.

അരക്കിലോ വിത്താണ് ഇവിടെ നട്ടത്. ബാക്കി പല കർഷകർക്കായി കൊടുത്തുവിട്ടു. ആ അരക്കിലോ സവാള വിത്ത് ഇതാ ഇപ്പോൾ വിളഞ്ഞിരിക്കുന്നു. ഏകദേശം 300 കിലോ! സംസ്ഥാനത്ത് ആദ്യമായാണ് പാടവരമ്പിൽ സവാള വിജയകരമായി കൃഷി ചെയ്യുന്നതെന്നു പാടശേഖരസമിതി പ്രവർത്തകർ പറയുന്നു.

സ്ഥലം എംഎൽഎ കൂടിയായ വി.എസ്. സുനിൽകുമാറിന്റെ നിർദേശപ്രകാരമായിരുന്നു കൃഷി. ഒരു തവണ മാത്രം വളം ചെയ്തപ്പോഴേക്കും മികച്ച വിളവ് ലഭിച്ചു. അടുത്ത സീസണിൽ സവാള കൃഷി കൂടുതൽ വ്യാപിപ്പിക്കാനാണ് പാടശേഖരസമിതയുടെ ശ്രമം. അയ്യന്തോൾ കൃഷിഭവന്റെ കീഴിൽ കൊവിഡ് കാലത്ത് പച്ചക്കറി പാടത്തുതന്നെ കച്ചവടം നടത്തുന്ന പദ്ധതിയും നടപ്പാക്കി. ഇതര സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്ന ഇനങ്ങൾ കണ്ടെത്തി അവ കേരളത്തിൽ കൃഷിചെയ്തു വിജയിപ്പിക്കണമെന്നു മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു.

ഇപിഎഫ്; തിയതി നീട്ടി

ന്യൂഡൽഹി: മാർച്ച് മാസത്തിലെ പണം അടയ്ക്കുന്നത് മെയ് 15ലേക്ക് മാറ്റിവെച്ചതായി എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ (ഇപിഎഫ്ഒ) ബുധനാഴ്ച അറിയിച്ചു. ആറ് ലക്ഷം സ്ഥാപനങ്ങൾക്കും അഞ്ച് കോടിയിലധികം വരിക്കാർക്കുമായിരിക്കും ഇതിന്റെ ആശ്വാസം ലഭിക്കുക. ഇപിഎഫ്ഒ നടത്തുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കുള്ള വിഹിതം അടയ്ക്കേണ്ടത് ഏപ്രിൽ 15 വരെ ആയിരുന്നു, ഇത് മെയ് 15 വരെ നീട്ടി.

സാധാരണയായി മാർച്ച് മാസത്തെ പണം നൽകേണ്ട അവസാന തിയതി ഏപ്രിൽ 15 ആണ്. ആയതിനാൽ, ഇപിഎഫ് ആൻഡ് എംപി ആക്റ്റ്, 1952 പ്രകാരം വരുന്ന സ്ഥാപനങ്ങളിൽ 2020 മാർച്ചിൽ നൽകേണ്ട വിഹിതവും അഡ്മിനിസ്ട്രേറ്റിവ് ചാർജുകളും അടയ്ക്കാൻ 30 ദിവസത്തെ ഗ്രേസ് പിരീഡ് അനുവദിച്ചതായും പ്രസ്താവനയിൽ പറയുന്നു. തൊഴിലിൽ തടസമുണ്ടാകാതിരിക്കാനും പകർച്ചവ്യാധിയെ ചെറുക്കാൻ സഹായിക്കുന്നതിന് ജീവനക്കാർക്ക് വരുമാനം ഉറപ്പാക്കാനുമുള്ള പ്രധാൻ മന്ത്രി ഗരിബ് യോജനയുടെ ലക്ഷ്യത്തിന് അനുസൃതമായാണ് ഈ നീക്കം. അഞ്ച് കോടി ജീവനക്കാർക്ക് ശമ്പളം നൽകിക്കൊണ്ട് സ്ഥിരസ്ഥിതിയായി ഇസിആർ ഫയൽ ചെയ്യുന്നതിന് ആറ് ലക്ഷത്തോളം സ്ഥാപനങ്ങൾക്ക് ഇത് ആശ്വാസം നൽകും.

ഈ പ്രഖ്യാപനത്തോടു കൂടി ഇസിആർ, 2020 മാർച്ചിലേക്കുള്ള വിഹിതവും അഡ്മിനിട്രേറ്റിവ് ചാർജുകളും 2020 മെയ് 15നോ അതിന് മുമ്പോ നൽകേണ്ടതാണ്. മാർച്ചിലേക്കുള്ള വേതനം വിതരണം ചെയ്യുന്ന തൊഴിലുടമകൾക്ക്, ഇപിഎഫ് കുടിശിക അടയ്ക്കുന്നതിനുള്ള നിശ്ചിത തിയതി നീട്ടുന്നതിൽ നിന്ന് ആശ്വാസം ലഭിക്കുക മാത്രമല്ല ചെയ്യുന്നത്, മെയ് 15നോ അതിന് മുമ്പോ പണമടച്ചാൽ പലിശയുടെയും പിഴയുടെയും ബാധ്യത കൂടി ഒഴിവാക്കാവുന്നതാണ്.

സ്വർണം

33,400

വെളിച്ചെണ്ണ : മില്ലിങ്	17,400
വെളിച്ചെണ്ണ	16,000
കൊപ്ര	10,500-11,710
പിണ്ണാക്ക് എക്സ്പെല്ലർ	2400
പിണ്ണാക്ക് റോട്ടറി	3100
കുരുമുളക് അൺഗാർബിൾഡ്	30,300
പുതിയ കുരുമുളക്	29,300
കുരുമുളക് ഗാർബിൾഡ്	32,3 00
ചുക്ക് മീഡിയം	26,500
ചുക്ക് ബെസ്റ്റ്	27,500
മഞ്ഞൾ നാടൻ	ഇല്ല
സേലം - ഈറോഡ്	7200-7600
കാഞ്ഞിരക്കുരു	1850
അടയ്ക്ക ന്യൂ	24,000- 25,000
അടയ്ക്ക ഓൾഡ്	25,000- 26,000
പഞ്ചസാര	3620
മുളക്	15,000-27,000
ഉഴുന്ന്	9,000-10,000
ചെറുപയർ	9500-10,500
കടല	5100-6300
മുതിര	4000
എള്ള്	14,000- 15,000
മല്ലി	7600-19,000
പച്ചരി നമ്പർ 2	2600-3400
പുഴുക്കലരി (ജയ)	3400- 3500
ജാതിക്ക തൊണ്ടൻ (കിലോ)	200-240
ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	400-450
ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000- 1300
ഗ്രാമ്പൂ (കിലോ)	550
റബർആർ എസ് എസ് 5 ഗ്രേഡ്	ഇല്ല
റബർആർ എസ് എസ് 4 ഗ്രേഡ്	ഇല്ല
ഒട്ടുപാൽ	ഇല്ല
ലാറ്റക്സ്	ഇല്ല
സ്വർണം	33,400
പാം ഓയിൽ	7450

തളർന്ന് തകർന്ന് കയറ്റുമതി മേഖല

കൊച്ചി: രാജ്യത്തെ കയറ്റുമതി മേഖല തിരിച്ചുവരാത്ത നിലയിലെ തകർച്ചയിൽ. 25 വർഷത്തിനിടയിൽ കയറ്റുമതിയിൽ ഇത്രയേറെ തകർച്ച നേരിടുന്നത് ഇതാദ്യം. തിരികെ എത്തണമെങ്കിൽ ലോക രാജ്യങ്ങളുടെ സാമ്പത്തിക നിലയും ഭദ്രമാവണം.

അതിനാൽ ഒന്നരവർഷത്തേക്ക് വലിയ കുതിപ്പ് സാമ്പത്തിക വിദഗ്ധർ പ്രതീക്ഷിക്കുന്നില്ല. 2019-20 വർഷത്തെ വാർഷിക കയറ്റുമതി മുൻ വർഷത്തെ 331 ബില്യൺ ഡോളറിൽ നിന്ന് 314 ബില്യൺ ഡോളറിലേക്ക് താഴ്ന്നു. കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഇതാദ്യമായാണ് വാർഷിക കയറ്റുമതിയിൽ ഇടിവ് ഉണ്ടായിരിക്കുന്നത്. കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം 21.4 ബില്യൺ ഡോളറിന്റെ കയറ്റുമതിയാണ് മാർച്ച് മാസത്തിൽ നടന്നത്. ജെംസ് ജ്വല്ലറി, എൻജിനീയറിങ് ഗുഡ്സ്, പെട്രോകെമിക്കൽസ് തുടങ്ങിവയുടെ കയറ്റുമതി നീട്ടി വെച്ചതോ ഉപേക്ഷിച്ചതോ ആണ് മാർച്ചിലെ ഇടിവിന് പ്രധാന കാരണം. ഇത് തിരകെ എത്തുന്നതിലാണ് കാലതാമസം വരിക.

അൽപ്പമെങ്കിലും വളർച്ച പ്രതീക്ഷിക്കുന്നത് ഭക്ഷ്യ ഉത്പാദന മേഖലയിലും, ഇന്ത്യൻ വസ്ത്ര നിർമാണ മേഖലയിലുമാണ്. എന്നാൽ അതിന് കുറഞ്ഞത് നാലുമാസത്തെ കാലതാമസം ഉണ്ടാകും. അതിനാൽ ഈ സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിലും വലിയ കുതിപ്പ് പ്രതീക്ഷിക്കുന്നില്ല. നേരത്തെ 2009ൽ കയറ്റുമതിയിൽ 34.22 ശതമാനം ഇടിവ് രേഖപ്പെടുത്തിയിരുന്നു. 1995ലാണ് നിലവിലെ സ്ഥിതിയ്ക്ക് സമാനമായ സാഹചര്യം ഇന്ത്യൻ കയറ്റുമതി മേഖല നേരിട്ടിരുന്നത്. ഇറക്കുമതിയുടെ കാര്യത്തിലും ഇടിവ് തന്നെയാണ്. മാർച്ചിൽ 28.72 ശതമാനം ഇടിവാണ് ഇറക്കുമതിയിൽ ഉണ്ടായിരിക്കുന്നത്. ചൈനയിലെയും യൂറോപ്പിലേയും തുറമുഖങ്ങൾ അടച്ചിട്ടതാണ് ഇതിന് പ്രധാന കാരണം. 2019-20 വാർഷികാടിസ്ഥാനത്തിൽ എട്ടു ശതമാനം കുറവാണ് ഇറക്കുമതിയിൽ ഉണ്ടായിരിക്കുന്നത്. 152.9 ബില്യൺ ഡോളറിന്റെ ഇറക്കുമതിയാണ് 2019-20 സാമ്പത്തിക വർഷം രാജ്യം നടത്തിയത്.

മൊബൈൽ: മുന്നിൽ വൊഡഫോൺ

കൊച്ചി: മൊബൈൽ ശൃംഖലകളുടെ പ്രകടനം സംബന്ധിച്ച് ഓപ്പൺ സിഗ്നൽ പുറത്തിറക്കിയ ഏറ്റവും പുതിയ ദ്വൈവാർഷിക റിപ്പോർട്ടു പ്രകാരം ഡൗൺലോഡ് വേഗത, അപ്‌ലോഡ് വേഗത, വിഡിയോ അനുഭവം തുടങ്ങിയവയുടെ കാര്യത്തിൽ ഏറ്റവും മികച്ച പ്രകടനത്തോടെ വൊഡഫോൺ ഐഡിയ മുന്നിലെത്തി. 91 ശതമാനം ജില്ലകളിലും സംയോജനം പൂർത്തിയായതോടെ വൊഡഫോൺ ഐഡിയയുടെ ടർബോനെറ്റ് 4 ജി രാജ്യത്തെ പ്രമുഖ വിപണികളിലെല്ലാം വലിയതോതിൽ മെച്ചപ്പെട്ടു.0മെട്രോകൾ അടക്കം 29 നഗരങ്ങളിൽ ഏറ്റവും ഉയർന്ന അപ്‌ലോഡ് വേഗതയാണ് വൊഡഫോൺ ഐഡിയക്കുള്ളത്. വിഡിയോയുടെ കാര്യത്തിൽ 24 നഗരങ്ങളിൽ ഏറ്റവും ഉയർന്ന സ്ഥാനത്തുള്ളപ്പോൾ 16 നഗരങ്ങളിൽ രണ്ടാം സ്ഥാനം നേടി. 4 ജി വോയ്സ്ആപ്പിൽ ഒന്നാം സ്ഥാനമുണ്ട്.

ഡൗൺലോഡിങ് വേഗത്തിന്റെ കാര്യത്തിൽ 32 നഗരങ്ങളിൽ മുന്നിലാണ്. ഡൽഹി, മുംബൈ, ചെന്നൈ, ഛണ്ഡീഗഡ്, അഹമ്മദാബാദ് തുടങ്ങിയവ ഈ നഗരങ്ങളിൽ ഉൾപ്പെടുന്നു. മറ്റു 12 നഗരങ്ങളിൽ രണ്ടാം സ്ഥാനവുമുണ്ട്.

മാസ്ക് വിതരണം ചെയ്തു

പറവൂർ: ഇന്ത്യൻ റെഡ് ക്രോസ്സൊസൈറ്റി പറവൂർ യൂണിറ്റ് നഗരസഭയിലെ തൊഴിലുറപ്പു തൊഴിലാളികൾക്ക് മാസ്ക് വിതരണം ചെയ്തു.നഗരസഭ ചെയർമാൻ ഡി.രാജ്കുമാറിന് റെഡ്ക്രോസ് പറവൂർ യുണിറ്റ് ചെയർമാൻ വിദ്യാധരമേനോൻ മാസ്ക് കൈമാറി. റെഡ് ക്രോസ് യൂണിറ്റ് വൈസ് ചെയർമാൻ ജോസ് പോൾ വിതയത്തിൽ ട്രഷറർ വി. എൻ.സന്തോഷ് കുമാർ, കമ്മറ്റി മെമ്പർ എസ്.രാജൻ എന്നിവർ പങ്കെടുത്തു.

വൈദ്യുതി മുടക്കം

കൊച്ചി: സെൻട്രൽ സെക്ഷൻ പരിധിയിൽ എറണാകുളം പൊലീസ് ക്വാർട്ടേഴ്സ്, പൊലീസ് സ്റ്റേഷൻ, സബ്ജയിൽപ പരിസരം എന്നിവിടങ്ങളിൽ രാവിലെ ഒൻപതു മുതൽ വൈകിട്ടു 5.30വരെ വൈദ്യുതി മുടങ്ങും.

ഭക്ഷണം എത്തിച്ചു നൽകി

പറവൂർ: ലോക് ഡൗൺ മൂലം ബാംഗ്ലൂരിൽ കുടുങ്ങിയ പറവൂർക്കാരായ നിർമാണ തൊഴിലാളികൾക്ക് വി.ഡി. സതീശൻ എംഎൽഎ ഭക്ഷണമെത്തിച്ചു. ബാംഗ്ളൂരിൽ സ്വകാര്യ കമ്പനിക്കു വേണ്ടി ജോലിക്കു പോയ കുട്ടുകാട്, ചെറിയ പല്ലംതുരുത്ത്, വാവക്കാട് പുത്തൻവേലിക്കര പള്ളിപ്പുറം തുടങ്ങിയ പ്രദേശങ്ങ ളിലുള്ള പത്തോളം പേരാണ് ഭക്ഷണം പോലുമില്ലാതെ പ്പെട്ടു പോയത്.കോൺഗ്രസ് നേതാവായ കെ.വി. ജോബ് മുഖേന ബാംഗ്ലൂരിലെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ വഴിയാണ് ഇവർക്ക് ഭക്ഷണ മെത്തിച്ചത്. ലോക് ഡൗൺ കഴിഞ്ഞ് അവർക്ക് തിരിച്ചു വരാൻ കഴിയുന്നത് വരെ ഭക്ഷണമെത്തിക്കുമെന്ന് എംഎൽഎ പറഞ്ഞു.

ദുരിതാശ്വാസ നിധി; സംഭാവന നൽകി

വൈപ്പിൻ: നായരമ്പലം ഗ്രാമപഞ്ചായത്തിലെ എട്ടാംവാർഡംഗം താന്നിപ്പിള്ളി റോക്കി ജോൺ തനിക്ക് ലഭിച്ച വാർധക്യകാല പെൻഷൻ തുകയായ 6,100 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു. തുക ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ഇ.പി. ഷിബുവിന് കൈമാറി.

മാസ്കുകൾ നൽകി

പറവൂർ: നന്ത്യാട്ടുകുന്നം എൻഎസ്എസ് കരയോഗത്തിനു കീഴിലെ 270 കുടുംബങ്ങൾക്ക് ഫേസ് മാസ്കും ഹാൻഡ് വാഷും വിതരണം ചെയ്തു. 50 ഓളം കുടുംബങ്ങൾക്ക് പലവ്യഞ്ജന കിറ്റും സൗജന്യമായി നൽകി. അംഗങ്ങളുടെ ആവശ്യപ്രകാരം ഡോക്റ്ററുടെ സേവനവും മരുന്നുകളും വായനക്കാവശ്യമായ പുസ്തകങ്ങളും എത്തിച്ചു നൽകുന്നുണ്ട്. പ്രസിഡന്റ് സി.അയ്യപ്പൻ, സെക്രട്ടറി വിജയകുമാർ കാടശേരിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്.

ഫാക്റ്റ് ജീവനക്കാർ പ്രതിഷേധിക്കുന്നു

ഏലൂർ: ജോലി സമയം എട്ട് മണിക്കൂറിൽ നിന്ന് 12 ആക്കി ഉയർത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനം പുനഃപരിശോധിക്കുക, കോവിഡ് സുരക്ഷ പാലിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ഫാക്റ്റ് ജീവനക്കാർ ഇന്നു പ്രതിഷേധ ദിനമാചരിക്കുന്നു. ഇത് സംബന്ധിച്ച് സംയുക്ത ട്രേഡ് യൂണിയൻ ഫാക്റ്റ് സിഎംഡിക്ക് കത്ത് നൽകി.

എല്ലാ ഡിവിഷനുകളിലും ജീവനക്കാർ ബാഡ്ജ് ധരിച്ച് ജോലിക്ക് ഹാജരാകും. തൊഴിലാളി വർഗം വലിയ പോരാട്ടങ്ങളിലൂടെ നേടിയ എട്ട് മണിക്കൂർ ജോലി എന്ന അവകാശം കൊവിഡിന്റെ മറവിൽ അട്ടിമറിക്കുകയാണ്. സുരക്ഷാ മുൻകരുതലുകൾ നടപ്പാക്കാതെ കമ്പനി സാധാരണ നിലയിൽ പ്രവർത്തിപ്പിക്കാനുള്ള നീക്കം പുനപ്പരിശോധിക്കണം.

സാനിറ്റേഷൻ സൗകര്യങ്ങളും പരിശോധനാ ഉപകരണങ്ങളും എല്ലാ ഗേറ്റുകളിലും സ്ഥാപിക്കണം. മറ്റു ജില്ലകളിൽ നിന്നുള്ള ജീവനക്കാർ വരുന്നതിന് നിയന്ത്രണങ്ങൾ ഒരുക്കിയിട്ടില്ല. ടൈംഗേറ്റ്, കാന്റീൻ എന്നിവിടങ്ങളിൽ നൂറുകണക്കിന് ജീവനക്കാർ കൂട്ടംകൂടി നിൽക്കുന്ന സ്ഥിതിയാണ്.

ഇതിന് നിയന്ത്രണം വേണം. കമ്പനി സാധാരണ പോലെ പ്രവർത്തിപ്പിക്കാൻ ട്രേഡ് യൂണിയനുകൾ സഹകരണം വാഗ്ദാനം ചെയ്തതാണ്. മാനെജ്മെന്റ് തങ്ങളുടെ ഉത്തരവാദിത്വം പാലിക്കാൻ തയാറാകണമെന്നും സംയുക്ത ട്രേഡ് യൂണിയൻ ആവശ്യപ്പെട്ടു.

ചുഴലിക്കാറ്റ്: ചീനവലകൾക്ക് നാശം

കാറ്റിനെ തുടർന്ന് ചെറായി ഭാഗത്തെ കായലിൽ തകർന്ന് വീണ ചീനവലകൾ തൊഴിലാളികൾ ഉയർത്താൻ ശ്രമിക്കുന്നു.

വൈപ്പിൻ: കഴിഞ്ഞ ദിവസം രാത്രി മഴയോടൊപ്പം വീശിയ ശക്തമായ കാറ്റിൽ വൈപ്പിൻ കിഴക്കേ കായലിലെ നിരവധി ചീനവലകൾക്ക് നാശം സംഭവിച്ചു. ചെറായി, എടവനക്കാട് മേഖലയിലും പറവൂർ എഴിക്കര ഭാഗത്തുമായി 17 ഓളം ചീനവലകൾക്ക് നാശം സംഭവിച്ചു.

ചെറായി ഗൗരീശ്വരം കിഴക്ക് അരയത്തികടവ് പ്രദേശത്തെ വടക്കേടത്ത് ജയൻ, പട്ടത്താനത്ത് ഹരി, പ്ലാക്കൽ മണി, ഓടാശേരി സൈജു, ദിനേശൻ എന്നിവരുടെ വലകൾക്ക് കേടുപാടുകൾ സംഭവിച്ചു. എടവനക്കാട് നെടുങ്ങാട് ബോട്ട് ജെട്ടിക്ക് സമീപത്തെ രണ്ട് ചീനവലകളും തകർന്നു.

ഇതോടെ നിരവധി പേരുടെ ജീവൻ ഉപാധിയാണ് നിലച്ചത്. കൊവിഡ് 19 തീർത്ത ക്ഷാമകാലത്ത് ഏക വരുമാന സ്രോതസും അസ്തമിച്ചതായി തൊഴിലാളികൾ പറഞ്ഞു. വലകളുടെ അറ്റകുറ്റപ്പണിക്കായി സർക്കാർ അടിയന്തിര സഹായം അനുവദിക്കണമെന്ന് സ്വതന്ത്ര ചീനവല തൊഴിലാളി യൂണിയൻ വൈപ്പിൻ- മുനമ്പം മേഖല കമ്മറ്റി ആവശ്യപ്പെട്ടു.

അതിനിടെ ഇത് സംബന്ധിച്ച് വിവാദങ്ങളും അരങ്ങേറി.

തകർന്ന വലകളിൽ പലതും നിർദിഷ്ട കൊല്ലം കോട്ടപ്പുറം ദേശീയ ജലപാതയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ളതെന്ന് ഫിഷറീസ് അധികൃതർ പറയുന്നത്. പാതക്കായുള്ള ഒരുക്കങ്ങൾ നടക്കവെ, ഇവയെല്ലാം നീക്കം ചെയ്ത് നഷ്ടപരിഹാരം നൽകിയതുമാണ്. ഇവ പിന്നീട് വീണ്ടും സ്ഥാപിച്ചതാണെന്നും അധികൃതർ പറയുന്നു. അതേസമയം ഫിഷറീസ് വകുപ്പിന് തങ്ങൾ 100 രൂപ വാർഷിക ഫീസ് ഈയിനത്തിൽ അടക്കുന്നതായി ഉടമകളും പറയുന്നു.

കൊവിഡ് നിരീക്ഷണത്തിൽ 696 പേർ മാത്രം

പ്രതിരോധമാണ് അത്യാവശ്യം, അതിപ്പോ കൊറോണയായാലും ചുട്ടുപൊള്ളുന്ന തീ വെയിലായാലും...! തെരുവിൽ കഴിയുന്നവർക്ക് ഭക്ഷണം നൽകാൻ പോയി തിരിച്ചുവരുന്ന സന്നദ്ധ സംഘടനാ പ്രവർത്തകരാണിവർ. കൊറോണാ വൈറസിനെ തടയാൻ മാസ്ക് ധരിച്ചിട്ടുണ്ടെങ്കിലും, ചുട്ടുപൊള്ളുന്ന വെയിലിനെ പ്രതിരോധിക്കാൻ കുട തന്നെ വേണ്ടേ...സാധാരണയായി ഉണ്ടായിരുന്ന വാഹനപരിശോധന ലോക്ക്ഡൗൺ കാലത്ത് ഇല്ലാതായതോടെ ഇരുചക്രവാഹനക്കാർ മാസ്ക് ധരിച്ചിട്ടുണ്ടെങ്കിലും, പലരും ഹെൽമറ്റ്പോലും ധരിക്കാതെയാണ് നഗരത്തിലൂടെ യാത്രചെയ്യുന്നത്. എറണാകുളത്ത് കച്ചേരിപ്പടിയിൽ നിന്നുള്ള ദൃശ്യം. -മനു ഷെല്ലി.

കൊച്ചി: ജില്ലയിൽ വീടുകളിലും ആശുപത്രികളിലുമായി ചികിൽസയിൽ കഴിയുന്നവരുടെ എണ്ണം 696 ആയി കുറഞ്ഞു. വീടുകളിൽ നിരീക്ഷണത്തിൽ 677 പേരും ആശുപത്രികളിൽ 19 പേരുമാണുള്ളത്. വീടുകളിൽ നിരീക്ഷണത്തിൽ 44 പേരെ പുതിയതായി ഉൾപ്പെടുത്തി. നിരീക്ഷണ കാലയളവ് അവസാനിച്ചതിനെ തുടർന്ന് 345 പേരെ നിരീക്ഷണ പട്ടികയിൽ നിന്ന് ഒഴിവാക്കി. പുതിയതായി മൂന്നു പേരെ ആശുപത്രികളിലെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചു. മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ഒരാളെയും സ്വകാര്യ ആശുപത്രിയിൽ രണ്ടുപേരേയുമാണ് നിരീക്ഷണത്തിലാക്കിയത്.

കളമശേരി മെഡിക്കൽ കോളെജിൽ നിരീക്ഷണത്തിൽ ഉണ്ടായിരുന്ന മൂന്നു പേരെ ഡിസ്ചാർജ് ചെയ്തു. നിലവിൽ 19 പേരാണു ജില്ലയിലെ വിവിധ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ കഴിയുന്നത്. മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ രണ്ടു പേരും ആലുവ ജില്ലാ ആശുപത്രിയിൽ മൂന്നു പേരും കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ രണ്ടു പേരും അഞ്ച് സ്വകാര്യ ആശുപത്രികളിലായി ഏഴു പേരും നിരീക്ഷണത്തിൽ ഉണ്ട്. കൊവിഡ് സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്ന അഞ്ചു പേരും കളമശേരി മെഡിക്കൽ കോളെജിലാണ് ഉള്ളത്. ജില്ലയിൽ നിന്നും 11 സാംപിളുകൾ കൂടി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇന്നലെ 14 പരിശോധന ഫലങ്ങൾ ലഭിച്ചു. ഇവയെല്ലാം നെഗറ്റീവ് ആണ്. ഇനി 72 സാംപിൾ പരിശോധന ഫലങ്ങൾ കൂടി ലഭിക്കാനുണ്ട്.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിലെ നിയന്ത്രണങ്ങൾ പിൻവലിക്കുന്നതിനായി പ്രത്യേക റെസിസ്റ്റൻസ് പ്ലാൻ തയാറാക്കും. 24 ന് ശേഷം മാത്രമേ നിയന്ത്രണങ്ങളിൽ ഇളവുണ്ടാവൂ. കൊച്ചി കോർപ്പറേഷനു വേണ്ടിയും പ്രത്യേക പ്ലാൻ തയാറാക്കാനാണ് ആലോചിക്കുന്നത്.

മഴക്കാലത്തിനു മുമ്പായി പൂർത്തിയാക്കേണ്ട ജോലികളുടെ പ്രാധാന്യമനുസരിച്ച് പട്ടിക തയ്യാറാക്കുകയും ജോലികൾ ആരംഭിക്കുകയും ചെയ്യാനാണ് തീരുമാനം. കൊതുകു നിവാരണവും മഴക്കാല പൂർവ ശുചീകരണവും അടിയന്തരമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കും.

ജില്ലക്കുള്ളിൽ തന്നെ രോഗ ബാധിത സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി നിയന്ത്രണം തുടരാനാണ് ആലോചിക്കുന്നത്.

അർജുനൻ മാഷിന്റെ ഭാര്യക്ക് പ്രതിമാസ പെൻഷൻ ഉറപ്പു വരുത്തും: മന്ത്രി

പള്ളുരുത്തി: സംഗീത സംവിധായകൻ എം.കെ.അർജുനൻ മാഷിന്റെ ഭാര്യ ഭാരതിക്ക് പ്രതിമാസ പെൻഷൻ ഉറപ്പ് വരുത്തുമെന്ന് മന്ത്രി എ.കെ.ബാലൻ. പള്ളുരുത്തിയിലെ വീട് സന്ദർശിച്ചപ്പോഴാണ് ഈ കാര്യം അറിയിച്ചത്.

ഇത് സംബന്ധിച്ച് ജോൺ ഫെർണാണ്ടസ് എംഎൽഎ മന്ത്രിക്ക് കത്ത് നൽകിയിരുന്നു. വീട്ടിലെത്തിയ മന്ത്രി ഭാര്യയേയും കുടുംബാഗങ്ങളേയും ആശ്വസിപ്പിച്ചു. ഭാരതിയമ്മയുടെ അടുത്തിരുന്ന് സംസാരിച്ചതിനു ശേഷം മാഷിന് ലഭിച്ച പുരസ്കാരങ്ങളും കണ്ടാണ് മടങ്ങിയത്. പിറന്നാൾ ദിനത്തിൽ ആശംസ അറിയിക്കാൻ ഫോണിൽ വിളിച്ചപ്പോൾ സ്നേഹത്തോടെ നന്ദി രേഖപ്പെടുത്തിയതായും മന്ത്രി പറഞ്ഞു. ജോൺ ഫെർണാണ്ടസ് എംഎൽഎ, ടി.കെ.വത്സൻ, പി.എ പീറ്റർ, വി.എ.ശ്രീജിത്ത്, എ.എം.ഫെരീഫ്, ടി.കെ.ഷംസുദ്ദീൻ എന്നിവരും മന്ത്രിയോടൊപ്പമുണ്ടായിരുന്നു.

സ്വാതിയും ശ്രുതിയും എം.സ്വരാജ് എംഎൽഎയ്ക്ക് തുക കൈമാറുന്നു

മാതൃകയായി വിദ്യാർഥികൾ

എരൂർ: കണിയാംപുഴ അമേപുറത്ത് ടിബിൻ കുമാറിന്റെയും സ്മിതയുടെയും മക്കളായ സ്വാതിയും (സെന്റ് പോൾസ് കളമശേരി ഫൈനൽ ഇയർ വിദ്യാർഥി) ശ്രുതിയും (പൊന്നുരുന്നി സികെസിഎച്ച്എസ് പത്താം ക്ലാസ് വിദ്യാർഥി) തങ്ങൾക്ക് ലഭിച്ച വിഷു കൈനീട്ടവും പടക്കം വാങ്ങാൻ കൂട്ടിവെച്ച തുകയും ചേർത്ത് 5010 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എം.സ്വരാജ് എംഎൽഎയ്ക്ക് കൈമാറി. ഇതിന് മുമ്പും പൊന്നുരുന്നിയിൽ വീടെരുക്കാം കൂട്ടുകൂടാം ഭവന പദ്ധതിയിൽ 5001 രൂപ സംഭാവന ചെയ്തു സ്വാതിയും ശ്രുതിയും മാതൃകയായിരുന്നു.

ജബ്ബാറിന് അവശ്യ മരുന്ന് കൈമാറുന്നു.

ജബ്ബാറിന് സഹായ ഹസ്തവുമായി കൊച്ചിൻ വികസന വേദി

● ഡയാലിസിസിനുള്ള ഒരു മാസത്തെ മരുന്ന് എത്തിച്ച് നൽകി

മട്ടാഞ്ചേരി: വൃക്ക രോഗം മൂലം ദുരിതമനുഭവിക്കുന്ന ചെറായി സ്വദേശി ജബ്ബാറിന് സഹായ ഹസ്തവുമായി കൊച്ചിൻ വികസന വേദി. ഡയാലിസിസിന് ഒരു മാസം പതിനാറ് ഡോസ് മരുന്ന് വേണം. ഇതിന് എണ്ണായിരം രൂപയോളം വരും. ലോക്ക് ഡൗണിനെ തുടർന്ന് സാമ്പത്തിക പ്രതിസന്ധിയിലാകുകയും മരുന്ന് കിട്ടാതെ വരികയും ചെയ്ത സാഹചര്യത്തിൽ കുഴുപ്പുള്ളി വില്ലെജ് ഓഫിസർ അറിയിച്ചത് പ്രകാരം നേരത്തേ കൊച്ചി താലൂക്ക് ഡെപ്യൂട്ടി തഹസിൽദാർ ജോസഫ് ആന്റണി ഹെർട്ടിസ് ജബ്ബാറിന് മരുന്ന് എത്തിച്ച് നൽകിയിരുന്നു. അപ്പോഴാണ് ഒരു മാസം പതിനാറ് ഡോസ് മരുന്ന് വേണമെന്ന് അറിഞ്ഞത്. ആന്റണി ഹെർട്ടിസ് കൊച്ചിൻ വികസന വേദി ഭാരവാഹികളെ കാര്യം ധരിപ്പിച്ചതിനെ തുടർന്ന് ഒരു മാസത്തേക്കുള്ള മരുന്ന് ജബ്ബാറിന്റെ വസതിയിലെത്തി കൈമാറുകയായിരുന്നു. ഡെപ്യൂട്ടി തഹസിൽദാർ ജോസഫ് ആന്റണി ഹെർട്ടിസിന്റെ കൂടെ സഹകരണത്തോടെയാണ് വികസന വേദി ഭാരവാഹികൾ മരുന്ന് എത്തിച്ച് നൽകിയത്. പ്രസിഡന്റ് ജ്യോതിഷ് രവീന്ദ്രൻ,രക്ഷാധികാരി കെ.ബി ജബ്ബാർ, ഡെപ്യൂട്ടി തഹസിൽദാർ ജോസഫ് ആന്റണി ഹെർട്ടിസ്, കുഴുപ്പുള്ളി വില്ലെജ് ഓഫിസർ ലീന എന്നിവർ ജബ്ബാറിന്റെ വസതിയിലെത്തിയാണ് മരുന്ന് കൈമാറിയത്.

മാധ്യമ നിയമ മൂട്ടിൽ നുവാൽസ് ജേതാക്കൾ

കളമശേരി: ലക്നോവിലെ റാം മനോഹർ ലോഹിയ ദേശീയ നിയമ സർവകലാശാലയും സുപ്രീം കോർട്ട് കേസ് ഓൺലൈനും ചേർന്നു നടത്തിയ അന്താരാഷ്ട്ര മാധ്യമ നിയമ മൂട്ട് കോർട്ട് മത്സരത്തിൽ കൊച്ചിയിലെ ദേശീയ നിയമ സർവകലാശാല ആയ നുവാൽസ് ഒന്നാം സ്ഥാനവും മുംബൈയിലെ എൻഎംഐഎംഎസ് ഇൻസ്റ്റിറ്റ്യൂട്ട് രണ്ടാം സ്ഥാനവും നേടി.നാലാം വർഷ വിദ്യാർഥികളായ അഭിനവ് മാത്തൂർ, പങ്കജ് കുമാർ ശുക്ല എന്നിവരും മൂന്നാം വർഷ വിദ്യാർഥിനി പത്മാവതി പ്രസാദുമാണ് 70 ടീമുകൾ പങ്കെടുത്ത ഈ മത്സരത്തിൽ നുവാൽസിനെ പ്രതിനിധീകരിച്ചത്. അലഹബാദ് ഹൈകോടതി ജഡ്ജി അശോക് മാത്തൂരിന്റെയും ആരതി മാത്തൂരിന്റെയും മകനും മുൻ കൽക്കട്ട ഹൈക്കോടതി ജഡ്ജി ജെ.കെ.മാത്തൂരിന്റെ പൗത്രനുമാണ് അഭിനവ്. ഉത്തർപ്രദേശിലെ ഗോരഖ്പൂരിലെ അഭിഭാഷകനായ ലക്ഷ്മി ശങ്കർ ശുക്ലയുടെയും മീര ശുക്ലയുടെയും പുത്രനാണ് പങ്കജ്. ചെന്നൈയിലെ ബിസിനസ് കൺസൽറ്റന്റ് ആയ എ.എസ് . പ്രസാദിന്റെയും ലക്ഷ്മി പ്രസാദിന്റെയും മകളാണ് പത്മാവതി

അന്താരാഷ്ട്ര മാധ്യമ നിയമ മൂട്ട്കോർട്ട് മത്സരത്തിൽ വിജയിച്ച നുവാൽസ് ടീം അംഗങ്ങൾ ട്രോഫിയുമായി.

പുസ്തകങ്ങൾ വീട്ടിലെത്തിച്ചു

പറവൂർ: ഭരണഘടന ശിൽപ്പി ഡോ. അംബേദ്കറുടെ ജന്മ ദിനത്തിൽ വായനയുടെ ലോകത്തേക്ക് വഴി തുറന്ന് പപ്പുക്കുട്ടി സ്മാരക വായനശാലയുടെ നേതൃത്വത്തിൽ വീടുകളിൽ കഴിയുന്ന ലൈബ്രറി അംഗങ്ങൾക്ക് അംബേദ്കർ കൃതികളും മറ്റ് പുസ്തകങ്ങളും വീടുകളിലെത്തിച്ച് നൽകി.

അദ്ദേഹത്തെ അനുസ്മരിക്കാൻ ഏറ്റവും ഉചിതമായത് അറിവിന്റെ ഉറവിടങ്ങളായ പുസ്തകങ്ങളുടെ വിതരണം തന്നെയെന്ന തിരിച്ചറിവാണ് ഇത്തരം പ്രവർത്തനത്തിലേക്ക് നയിച്ചതെന്ന് വായനശാല പ്രസിഡന്റ് പി.പി.സുകുമാരൻ പറഞ്ഞു

കായലിനു നടുവിൽ ചാരായം വാറ്റ്

പള്ളുരുത്തി: കുമ്പളങ്ങി കല്ലഞ്ചേരി കായലിനു നടുവിൽ ചാരായംവാറ്റെന്ന് പരാതി. ചെറുവള്ളങ്ങൾ കൂട്ടിയിട്ട് ഗ്യാസ്കുറ്റിയും പ്രഷർ കുക്കറും ഉൾപ്പെടെയുള്ള ഉപകരണങ്ങളുമായാണ് വാറ്റു സംഘം വ്യാജമദ്യ നിർമാണം നടത്തുന്നതെന്നാണ് കായലിൽ മത്സ്യ ബന്ധനം നടത്തുന്ന തൊഴിലാളികൾനൽകുന്ന സൂചനകൾ എൻജിൻ ഘടിപ്പിച്ച വള്ളങ്ങളിലാണ് സംഘം മദ്യം നിർമിച്ചു വരുന്നത്.

എക്സൈസിന്റയും പൊലീസിന്റെയും ശക്തമായ നിരീക്ഷണത്തെ തുടർന്നാണ് വ്യാജമദ്യ നിർമാതാക്കൾ പുതിയ അടവു പയറ്റുന്നത്. രണ്ടു വള്ളങ്ങളിലായി നാലംഗ സംഘമാണ് മദ്യ നിർമാണം നടത്തുന്നതെന്ന് തൊഴിലാളികൾ സാക്ഷ്യപ്പെടുത്തുന്നു. നടുക്കായലിൽ വാറ്റിയെടുക്കുന്ന വ്യാജമദ്യം ആവശ്യക്കാരുടെ ഇടങ്ങളിൽ എത്തിച്ചു കൊടുക്കുകയാണ് ചെയ്തു വരുന്നത്.

കുമ്പളങ്ങി ,ഇടക്കൊച്ചി മേഖലകളിൽ നിന്നും വ്യാജവാറ്റു സംഘത്തെ പൊലീസ് എക്സൈസ് സംഘം പിടികൂടിയിരുന്നു. അന്വേഷണ സംഘത്തിൽ നിന്നും രക്ഷപെടുന്നതിനായാണ് സാഹസിക മാർഗത്തിലൂടെ മദ്യ നിർമാണം നടത്തി വരുന്നത്. കുമ്പളങ്ങിയിൽ നിന്നും പുറപ്പെടുന്ന യന്ത്രംഘടിപ്പിച്ച വള്ളങ്ങൾ വേമ്പനാട്ട് കായൽ പരപ്പുകളിലൂടെയും സഞ്ചരിച്ചാണ് നിർമാണം നടത്തുന്നത്.

ഉയർന്ന വിലക്കാണ് വാറ്റിയ മദ്യം വിൽക്കുന്നത്. വ്യാജവാറ്റുകാരെ കൈയോടെ പൊക്കാൻ പൊലീസ് പദ്ധതി തയാറാക്കുന്നതായാണ് സൂചനകൾ.

തമ്പി കണ്ണാടന് സിൽവർ മെഡൽ

കൊച്ചി: കെകെഎൻടിസിയുടെ സംസ്ഥാന പ്രസിഡന്റ് കെ.പി.തമ്പി കണ്ണാടൻ സിൽവർ മെഡലിന് അർഹനായി. ഐഎൻടിയുസി രൂപീകൃതമായിട്ട് 73 വർഷമായി. അതിന്റെ ഭാഗമായി 73 സിൽവർ മെഡലുകളാണ് നൽകുന്നത്. അർപ്പണ മനോഭാവത്തോടെ തൊഴിലാളി പ്രവർത്തനം നടത്തിയിട്ടുള്ള സീനിയർ നേതാക്കളെ ഐ എൻടിയുസിയുടെ ദേശീയ കമ്മിറ്റിയാണു തെരഞ്ഞെടുത്തത്. മെയ് 3 ന് ബാംഗ്ലൂരിൽ വെച്ച് കൂടുന്ന വർക്കിംഗ് കമ്മിറ്റിയിൽ വെച്ച് മെഡൽ നൽകും.

കൊവിഡ് ചികിത്സാ പദ്ധതി ആദ്യഘട്ട മോക് ഡ്രിൽ വിജയം

കൊച്ചി: കൊവിഡ് രോഗവ്യാപനമുണ്ടായാൽ ജില്ലയിൽ അടിയന്തരമായി നടപ്പാക്കുന്ന സമഗ്രപദ്ധതിയുടെ ആദ്യഘട്ട മോക്ഡ്രിൽ വിജയം. രോഗവിവരം ലഭിച്ചാലുടൻ സ്ഥലത്തെത്തി കോവിഡ് പ്രോട്ടോകോൾ പാലിച്ച് രോഗിയെ സുരക്ഷിതമായി ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലാക്കുന്ന പ്രവർത്തനം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാനാകുമെന്ന് മോക്ക് ഡ്രില്ലിൽ വ്യക്തമായി.

പഞ്ചായത്തുകളിൽ ഹാളുകളിലും സ്കൂളുകളിലുമായി ക്രമീകരിക്കുന്ന ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലേക്ക് വീടുകളിൽ നിന്നും രോഗികളെ എത്തിച്ച് ചികിത്സയിൽ പ്രവേശിപ്പിക്കുന്നതിന്റെ മോക് ഡ്രില്ലാണ് കഴിഞ്ഞ ദിവസം നടത്തിയത്. ചേരാനല്ലൂർ പഞ്ചായത്തിലെ പാരിഷ് ഹാളിൽ സജ്ജമാക്കിയ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ, ഐഎംഎ ഹൗസിലെ വാർ റൂം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയെ കോർത്തിണക്കിയായിരുന്നു ഡ്രിൽ. ചേരാനല്ലൂരിലെ മാതൃകയിൽ ജില്ലയിലെ വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ സജ്ജമാക്കി വരികയാണ്.ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, ദേശീയാരോഗ്യദൗത്യം, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കൊച്ചി ശാഖ, മോട്ടോർ വാഹന വകുപ്പ് (ആർടിഒ) സന്നദ്ധപ്രവർത്തകർ എന്നിവർ സംയുക്തമായാണ് മോക് ഡ്രിൽ ആവിഷ്കരിച്ചത്. മോക് ഡ്രില്ലിൽ കണ്ടെത്തിയ പിഴവുകൾ പരിഹരിച്ച് രണ്ടാമത്തെ മോക് ഡ്രിൽ ഉടനെ നടപ്പാക്കും.

ഇതിൽ സെക്കൻഡറി ട്രീറ്റ്മെന്റ് സെന്ററുകളായ ആശുപത്രികളിൽ നിന്നും രോഗികളെ കൊവിഡ് ആശുപത്രികളിലേക്ക് നീക്കുന്നതടക്കമുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിക്കും. വിമാനത്താവളത്തിൽ നിന്നും രോഗികളെ ആശുപത്രികളിലേക്ക് എത്തിക്കുന്നതും ഈ മോക് ഡ്രില്ലിന്റെ ഭാഗമായി ആവിഷ്കരിക്കും.

ഇതര തൊഴിലാളികളെ പാർപ്പിച്ച ഹോം സ്റ്റേ ഉടമക്കെതിരേ കേസ്

വൈപ്പിൻ: ലോക് ഡൗൺ നിയന്ത്രണങ്ങൾ ലംഘിച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്ക് മുറി നൽകിയ ചെറായി ബീച്ചിലെ ഹോം സ്റ്റേ ഉടമക്കെതിരെ മുനമ്പം പൊലീസ് കേസെടുത്തു. ആരോഗ്യ വകുപ്പ് അധികൃതർ നൽകിയ പരാതിയിലാണ് ചെറായി കൈതവളപ്പിൽ കെ.ജി. ശ്രീജിത്തിനെതിരെ നടപടി. പരിശോധനക്കിടെ ഒമ്പത് തൊഴിലാളികളെ ഇവിടെ കണ്ടെത്തിയിരുന്നു.

ആർട്ടിസ്റ്റ് ഷാജി ചുവർച്ചിത്ര രചനയിൽ

ലോക് ഡൗണിനിടെ ചുമരുകളിൽ കരവിരുതുമായി കലാകാരൻ

നെട്ടൂർ: ലോകമെങ്ങും പടർന്നു പിടിച്ച കൊറോണ വൈറസിനെ മറി കടക്കാൻ ലോക്ക് ഡൗൺപ്രഖ്യാപിച്ചു എല്ലാവരും വീട്ടിലിരുന്നപ്പോൾ സ്വന്തം വീടിന്റെ ചുമരുകളിൽ കമനീയമായ രീതിയിൽ ചിത്രങ്ങൾ രചിച്ചു സമയം ചിലവാക്കുകയാണ് സംസ്ഥാനത്തെ തിരക്കേറിയ പരസ്യകലാകാരനായ ആർട്ടിസ്റ്റ് ഷാജി.

സഭാ സമയവും തിരക്കോടു തിരക്കായിരുന്ന ഈ കലാകാരന്റെ സ്വന്തം വീടിന്റെ ചുമർ പോലും പെയിന്റ് ചെയ്യാൻ സമയം ലഭിച്ചിരുന്നില്ല .കൊവിഡ്- 19ന്റെ പശ്ചാത്തലത്തിൽ 1600 സ്ക്വയർ ഫീറ്റുള്ള സ്വന്തം വീടിന്റെ മുറികളാണ് ഈ കലാകാരന്റെ കരവിരുതിനു സാക്ഷ്യമേകുന്നത്. ഓരോ മുറിയിലും മുറിയുടെ പ്രധാന്യം നൽകിയാണ് ചുമർചിത്രങ്ങൾ വരച്ചിരിക്കുന്നത്.

ഇക്കാലത്തെഡിജിറ്റൽ യുഗത്തിൽ ആർട്ടിസ്റ്റുമാരെ കുറിച്ചു പുതിയ യുഗത്തിനു ഏറെ പരിചയം കാണില്ല. അവരുടെ കലാവിരുത് അപ്രത്യക്ഷമാകുകയും ജോലിയില്ലാതാകുകയുമാണെന്ന് ഷാജി തുറന്നു പറയുന്നു. താനും അക്കൂട്ടത്തിൽ പെട്ടു പോകുമോ എന്ന ആശങ്കയുണ്ടായിരുന്നെങ്കിലും ഡിജിറ്റൽ യുഗത്തോട് ചേർന്നത് കൊണ്ടാണ് പിടിച്ചു നിന്നതെന്ന് അദ്ദേഹം പറയുന്നു. ഈ കൊല്ലത്തെ വിഷുക്കണി ഒരുക്കാൻ താൻ ഉപേക്ഷിച്ചു മാറ്റിയ പഴയ കൃഷ്ണ രൂപം ചായക്കൂട്ടിൽ പുനർജീവിപ്പിക്കുകയായിരുന്നു. ചില ദേവാലയങ്ങളിൽ മറ്റും രൂപങ്ങൾക്ക് നിറം പകരുന്ന ജോലികളും ചെയ്തു വരുന്നു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.105 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from Vaartha News Network Pvt. Ltd, Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

തേവലക്കര കമ്മ്യൂണിറ്റി കിച്ചൻ എം. മുകേഷ് എംഎൽഎ സന്ദർശിച്ച് ഭക്ഷ്യധാന്യങ്ങൾ കൈമാറുന്നു.

കമ്മ്യൂണിറ്റി കിച്ചനുകളിലേക്ക് എംഎൽഎ ഭക്ഷ്യധാന്യങ്ങൾ കൈമാറി

കരുനാഗപ്പള്ളി: ചവറ നിയോജക മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചനുകൾ എം. മുകേഷ് എംഎൽഎ സന്ദർശിച്ചു. പഞ്ചായത്ത് അധികൃതർക്ക് ഭക്ഷ്യധാന്യം കൈമാറി. നീണ്ടകര, ചവറ, പന്മന, തേവലക്കര, തെക്കുംഭാഗം പഞ്ചായത്തുകളിലായിട്ടാണ് ഇന്നലെ രാവിലെ 11 മുതലാണ് എംഎൽഎ സന്ദർശനം നടത്തിയത്.

നീണ്ടകരയിൽ കമ്മ്യൂണിറ്റി കിച്ചൻ സന്ദർശിച്ച ശേഷം ഭക്ഷ്യ ധാന്യങ്ങൾ പ്രസിഡന്റ് എസ്. സേതുലക്ഷ്മി, വൈസ് പ്രസിഡന്റ് പി. സുരേന്ദ്രൻ, പഞ്ചായത്ത് സെക്രട്ടറി ജോൺസൻ കാർലോസ് പീറ്റർ, സിഡിഎസ് ചെയർപേഴ്സൺ ഷേർളി ഹെൻട്രി എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.

ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്തംഗം കെ. എ. നിയാസ്, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ പ്രസാദ്, ജഗന്മ തുടങ്ങിയവർ പങ്കെടുത്തു. ചവറയിൽ പഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചനിൽ നൽകിയ ഭക്ഷ്യധാന്യങ്ങൾ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ലളിത, സെക്രട്ടറി ഷൈലജ, സിഡിഎസ് ചെയർപേഴ്സൺ ബി. ശശികല എന്നിവർ ഏറ്റുവാങ്ങി. വൈസ് പ്രസിഡന്റ് ആർ. രാഹുൽ, സ്ഥിരം സമിതി അധ്യക്ഷൻ റോബിൻസൺ തുടങ്ങിയവർ പങ്കെടുത്തു.

പന്മന പഞ്ചായത്തിൽ ചിറ്റൂർ യുപി സ്കൂളിൽ വൈസ് പ്രസിഡന്റ് അനിൽ പുത്തേഴം, സ്ഥിരം സമിതി അധ്യക്ഷൻ സജിത് രഞ്ച്, പഞ്ചായത്തംഗം ജെ. അനിൽ, സിഡിഎസ് ചെയർപേഴ്സൺ ഉഷാറാണി എന്നിവർ ഏറ്റുവാങ്ങി. തേവലക്കര പുത്തൻസങ്കേതത്ത് പ്രവർത്തിക്കുന്ന കിച്ചനിൽ ഭക്ഷ്യധാന്യങ്ങൾ പ്രസിഡന്റ് ഐ. ഷിഹാബ്, സിഡിഎസ് ചെയർപേഴ്സൺ കെആർ ധനലക്ഷ്മി എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. തെക്കുംഭാഗത്ത് പ്രസിഡന്റ് എ. യശോദാസൻ, സിഡിഎസ് ചെയർപേഴ്സൺ ഗ്രേസി വിൻസന്റ്, സ്ഥിരം സമിതി അധ്യക്ഷൻ പ്രദീപകുമാരൻ പിള്ള എന്നിവർ ഏറ്റുവാങ്ങി.

അതിർത്തി മേഖലയിൽ വ്യാജ വിദേശമദ്യവും; വൻദുരന്തത്തിനു വഴിയൊരുക്കുമെന്ന് ആശങ്ക

കുന്നത്തുകാൽ മണികണ്ഠൻ

നെയ്യാറ്റിൻകര: അതിർത്തി പ്രദേശങ്ങളിൽ സ്പിരിറ്റ് നേർപ്പിച്ച് നിർമ്മിച്ച വ്യാജ വിദേശമദ്യവും വ്യാജ ചാരായവും സുലഭം. ലോക് ഡൗണിനോടനുബന്ധിച്ച് മദ്യശാലകൾ അടച്ചിട്ടതോടെ ഗ്രാമീണ മേഖലയിൽ തഴച്ച് വളരുന്ന വ്യാജ വാറ്റു കേന്ദ്രങ്ങളിൽ പൊലീസും എക്സൈസും പിടിമുറുക്കിയതോടെയാണ് സ്പിരിറ്റിൽ വ്യാജ മദ്യം നിർമ്മിക്കുന്ന സംഘങ്ങൾ അതിർത്തി മേഖലയിൽ സജീവമായത്.

ചരക്കുവാഹനങ്ങളെ പരിശോധനകൾക്ക് വിധേയമാക്കരുതെന്ന സർക്കാർ നിർദ്ദേശവും സ്പിരിറ്റ് കടത്തുന്നവർക്ക് തണലായി. ബാംഗ്ലൂരിൽ നിന്നും തമിഴ്നാടിന്റെ അതിർത്തി പ്രദേശത്തെ ഗോഡൗണുകളിൽ എത്തിക്കുന്ന സ്പിരിറ്റ്

പാകത്തിന് വെള്ളത്തിൽ ലയിപ്പിച്ച് ഇനങ്ങൾക്കനുസരിച്ചുള്ള സാധനങ്ങളും ചേർത്താണ് വിദേശമദ്യവും വ്യാജ ചാരായവും നിർമ്മിക്കുന്നത്.

രാത്രി കാലങ്ങളിൽ ചെറു വാഹനങ്ങളിൽ അതിർത്തിയിലെ ചെക്ക്പോസ്റ്റുകളിലൂടെ നെയ്യാറ്റിൻകര താലൂക്കിന്റെ വിവിധ സ്ഥലങ്ങളിൽ എത്തിച്ചാണ് കച്ചവടം നടത്തുന്നത്. ആരംഭ ഘട്ടമായതിനാൽ പരമ രഹസ്യമായാണ് വിൽപ്പന നടക്കുന്നത്. ഏറ്റവും വേണ്ടപ്പെട്ടവർ മുഖേന മാത്രമേ ആവശ്യക്കാർക്ക് ലഭിക്കുകയുള്ളു.

കച്ചവടക്കാർക്കും ഇടപാടുകാർക്കും മാത്രം അറിയാവുന്ന ചില കോഡുകൾ ഉപയോഗിച്ചാണ് ഓർഡറുകൾ ഉറപ്പാക്കുന്നത്. തിരുവനതപുരം ജില്ലയിൽ സർക്കാർ കള്ളുഷാപ്പുകൾ ലേലം ചെയ്യാതായതോടെ കടത്തലിൽ നിന്നും പിന്മാറി നിന്ന സ്പിരിറ്റ് ലോബികൾ ഇതോടെ വീണ്ടും സജീവമായിട്ടുണ്ട്. വ്യാജനാണെന്നറിയാതിരിക്കാൻ തമിഴ്നാട് ടാസ്മാക്കിന്റെ ഹോളോഗ്രാമും അവരുടെ അഡ്രസ്സും പ്രൈസ് ലിസ്റ്റുമാണ് ബോട്ടിലുകളിൽ പതിച്ചിരിക്കുന്നത്. എന്നാൽ ഇത് തമിഴ്നാട് സർക്കാരിന്റെ സാധനമാണെന്നും ലോക് ഡൗണിനു മുൻപ് ശേഖരിച്ചതാണെന്നും ധരിപ്പിച്ചാണ് കച്ചവടം നടക്കുന്നത്. 100, 110 രൂപ വില പതിച്ചിട്ടുള്ള 180 മില്ലി ബോട്ടിലിന്റെ വില 400 മുതൽ 500 രൂപവരെയാണ്.

മദ്യം ലഭിക്കാതായതോടെ ആവശ്യക്കാർ വില മാനദണ്ഡമാക്കാതെയാണ് വാങ്ങി ഉപയോഗിക്കുന്നത്. ഇതും സ്പിരിറ്റ് ലോബികൾക്ക് ചാകരയാണ്. എംആർപി 400 രൂപയുള്ള ബോട്ടിലിന് 2000 വും അതിനു മുകളിലും വിലയീടാക്കുന്നതായും പറയപ്പെടുന്നു.

നാട് മുഴുവനും വ്യാജ വാറ്റുകാരുടെ താവളമായിട്ടും ആരെങ്കിലും നൽകുന്ന രഹസ്യ വിവരങ്ങളിലൂടെ മാത്രമേ എക്സൈസിനോ പൊലീസിനോ ഇവരെ പിടികൂടാനാകുന്നുള്ളു. പകലോ രാത്രിയോ എന്ന് നോക്കാതെ എക്സൈസുകാർ റെയിഡുകൾ നടത്തിയിട്ടും ഇത്തരം വില്പന നടത്തുന്ന വാറ്റുകാരെയും ഇവരുടെ നിയന്ത്രണത്തിലുള്ള കച്ചവടക്കാരെയും പിടികൂടാൻ കഴിയുന്നില്ല. ഇനി വ്യാജ മദ്യത്തിന്റെ വരവും കൂടിയായാൽ നാട് കൈവിട്ടുപോകുമെന്നതിൽ സംശയായമില്ല.

നിലവിൽ ഉള്ള ഔട്ട് ലെറ്റുകളിൽ കൂടുതൽ കൗണ്ടറുകൾ സജ്ജീകരിച്ചും നിശ്ചിത അകലം പാലിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കിയും ഓരോ ഔട്ട് ലെറ്റുകളിലും പൊലീസിന്റെ നിയന്ത്രണം സാധ്യമാക്കിയും കൊവിഡ് കാലയളവിലും മദ്യം നൽകാനായാൽ നാട്ടിലുണ്ടാകാൻ പോകുന്ന മദ്യവിപത്തിന് തടയിടാനും സർക്കാരിന്റെ സാമ്പത്തിക സ്രോതസിന് മുതൽക്കൂട്ടാക്കാനും കഴിയുമെന്നാണ് പൊതു ജനങ്ങളുടെ അഭിപ്രായം.

അനധികൃതമായി ലോറിയിൽ അതിർത്തികടക്കാൻ ശ്രമിച്ച അഞ്ചുപേരെ പൊലീസ് പിടികൂടി

അനധികൃതമായി അതിർത്തി കടക്കാൻ ശ്രമിക്കവേ പിടിയിലായ സംഘവും വാഹനവും.

വെള്ളറട: കോഴി വാഹനത്തിൽ അതിർത്തി വഴി കേരളത്തിലേക്ക് കടക്കാൻ ശ്രമിച്ച അഞ്ചുപേരെ വെള്ളറട പിടികൂടി. ടിഎൻ74 8946 നമ്പറിലുള്ള കോഴി കയറ്റി വരാറുള്ള ഗുഡ്സിൽ യാത്ര ചെയ്തെത്തിയ കന്യാകുമാരി ജില്ലയിലെ നാഗർകോവിൽ സ്വദേശികളായ ഡ്രൈവർ ജ്ഞാനസിംഗ് (42), ഒപ്പമുണ്ടായിരുന്ന ഷാനു (30), മുത്തു (20), വസന്ത്(19), കൃഷ്ണൻ (20) എന്നിവരാണ് പിടിയിലായത്.

പനച്ചമൂട്ടിൽ ഇറച്ചിക്കോഴി ഇറക്കിയ ശേഷം ആറുകാണി വഴി കടക്കാൻ ശ്രമിച്ച സംഘത്തെ നെട്ടയ്ക്കു സമീപമുള്ള ശൂരപാണിയിൽ വച്ചാണ് വെള്ളറട പൊലീസിന്റെ പട്രോളിംഗ് സംഘം പിടികൂടിയത്.

കണക്കിലധികം യാത്രികരുണ്ടായിരുന്നതിനാൽ ഡ്രൈവർ ഉൾപ്പെടെ രണ്ടുപേരെ പ്രതികളാക്കി കേസെടുക്കുകയും അഞ്ചുപേരെയും ആരോഗ്യ വകുപ്പധികൃതർക്ക് കൈമാറുകയും ചെയ്തു. വെള്ളറട പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെത്തിച്ച് നടത്തിയ പ്രാഥമിക പരിശോധനയിൽ പനിയോ മറ്റു ലക്ഷണങ്ങളോ ഇല്ലാത്തതിനാൽ അഞ്ചുപേരെയും തിരികെ അയക്കുകയായിരുന്നു.

തമിഴ്നാട് അതിർത്തിയിലെ കന്യാകുമാരി ജില്ലയിൽ കൊവിഡ് 19 ബാധിതരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ നെയ്യാറ്റിൻകര ഡിവൈഎസ്പി അനിൽകുമാറിന്റെ നിർദ്ദേശ പ്രകാരം വെള്ളറട സിഐ ശ്രീകുമാറിന്റെയും എസ്ഐ സതീഷ് ശേഖരിന്റെയും നേതൃത്വത്തിൽ കന്നുമാമൂട് ജംഗ്ഷൻ മുതൽ നെട്ട വരെ 16 പോയിന്റുകൾ സ്ഥാപിച്ച് പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്.

ഇതിൽ കഴിഞ്ഞ ആഴ്ച്ച മുതൽ നെട്ട, പനച്ചമൂട്, ചെറിയകൊല്ല, തോലാടി, കാരക്കോണം, കന്നുമാമൂട് എന്നീ 7 പോയിന്റുകളിൽ രാത്രി പരിശോധനയും ഏർപ്പെടുത്തിയിട്ടുണ്ട്.

ചരക്ക് വാഹങ്ങളിൽ ഡ്രൈവറെ കൂടാതെ ഒരാൾക്ക് യാത്രാനുമതി നൽകുമെന്നും ആളുകളുമായി വരുന്ന വാഹനങ്ങളെ പിടിച്ചെടുത്ത് കർശന നടപടികൾ കൈക്കൊള്ളുമെന്നും സിഐ പറഞ്ഞു.

സേവന പ്രവർത്തനങ്ങളിൽ മാതൃകയായി ബിജെപി പാലിയോട് മേഖലാ കമ്മിറ്റി

വെള്ളറട: ലോക്ഡൗൺ കാലത്ത് ഗ്രാമീണ മേഖലയിലെ സേവന പ്രവർത്തനങ്ങളിൽ മാതൃകയാകുകയാണ് ബിജെപി പാലിയോട് മേഖലാ കമ്മിറ്റി. മേഖലാ അധ്യക്ഷൻ ഓംകാർ ബിജുവിന്റെ നേതൃത്വത്തിൽകോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആയിരത്തിലധികം മാസ്കുകൾ വിതരണം ചെയ്തു. മേഖലയിലെ ഏഴു വാർഡുകളിലും ശുചീകരണ യഞ്ജം നടത്തി. ബ്രേക്ക് ദി ചെയിനിന്റെ ഭാഗമായി ഒൻപതു ജംഗ്ഷനുകളിൽ സാനിറ്റൈസർ സംവിധാനങ്ങൾ ഒരുക്കി. മുഴുവൻ വാർഡുകളിലേയും നിർധന കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം തുടരുകയാണ്. കിടപ്പു രോഗികൾക്കും നിർധനരായ രോഗികൾക്കും മരുന്നുകൾ വീട്ടിലെത്തിക്കാനും പ്രധാനമന്ത്രി ദുരിതാശ്വാസ പ്രവർത്തന ഫണ്ട് ഏകോപിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ബിജെപിക്കൊപ്പം സേവാഭാരതി പ്രവർത്തകരായ ആനാവൂർ വിനോദ്, പാലിയോട് അജീഷ്, ശ്രീജിത്ത്, അജിത്ത് എന്നിവരും മുഴുവൻ സമയ പ്രവർത്തനങ്ങൾക്കുണ്ട്. ആരോഗ്യ പ്രവർത്തകരെയും നിയമപാലകരെയും ആദരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളെജിൽ ഐസൊലേഷനിൽ ഡ്യൂട്ടി ചെയ്തുവരുന്ന ആനാവൂർ സ്വദേശിനിയായ നഴ്സ് ഹരിതയെ മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം ബിജെപി സംസ്ഥാന സെക്രട്ടറി കരമന ജയൻ വീട്ടിലെത്തി ആദരിച്ചു.

കോട്ടയം മെഡിക്കൽ കോളെജിൽ ഡ്യൂട്ടി ചെയ്യുന്ന മണവാരി സ്വദേശിനിയായ ശ്രീജയെ ഫോണിൽ വിളിച്ച് അഭിനന്ദനവും അറിയിച്ചു. മണവാരി രതീഷ്, അരുവിയോട് അഭിലാഷ്, രഞ്ജിത്ത്, തേരണിരാജീവ്, കുട്ടത്തിവിള രാജീവ് എന്നിവർ ആദരിക്കൽ ചടങ്ങിൽ പങ്കെടുത്തു.

ആരോഗ്യ പ്രവർത്തകരെ ആദരിച്ച് ബിജെപി

വെള്ളറട: ബിജെപി കുന്നത്തുകാൽ മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആശാവർക്കർമാരെ ആദരിച്ചു. പ്രധാനമന്ത്രിയുടെ ആഹ്വാന പ്രകാരം ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള സ്നേഹാദരങ്ങൾ വീടുകളിലെത്തി പൊന്നാടയണിയിച്ചാണ് നടത്തിയത്. മേഖലയിലെ മുഴവൻ വാർഡുകളിലേയും ഭക്ഷ്യകിറ്റ് വിതരണോദ്ഘാടനം ബിജെപി സംസ്ഥാന സെക്രട്ടറി കരമന ജയനും ജില്ലാകമ്മിറ്റി അംഗം അരുവിയോട് സജിയും ചേർന്ന് നിർവ്വഹിച്ചു.

കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ സമൂഹ അടുക്കളയിൽ നിന്നു ഭക്ഷണം നിറുത്തലാക്കിയ കുന്നത്തുകാൽ മാച്ചാംകോട് സ്വദേശികളായ രവി - ഗിരിജ ദമ്പതികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നത് ബിജെപി മേഖല കമ്മിറ്റിയാണ്. ഭക്ഷണവിതരണം തുടരുമെന്ന് മേഖലാ സെക്രട്ടറി ചിമ്മിണ്ടി മഹേഷ് പറഞ്ഞു. മുഴുവൻ വാർഡുകളിലും ഇപ്പോൾ നടത്തിവരുന്ന പച്ചക്കറി വിതരണം തുടരുമെന്ന് യുവമോർച്ച മേഖലാ പ്രസിഡന്റ് അരവിന്ദ് കൃഷ്ണനും ജനറൽ സെക്രട്ടറി മാണിനാട് വിനോദും അറിയിച്ചു.

പ്രതിസന്ധി മുതലെടുത്ത് ഹാക്കർമാർ രംഗത്തിറങ്ങുമെന്ന് സൈബർ പ്രൂഫ് വിദഗ്ധർ

തിരുവനന്തപുരം : കൊവിഡ് ബാധ പടരുന്നതിനിടെ സൈബർ സുരക്ഷാ മുന്നറിയിപ്പുമായി യുഎസ്ടി ഗ്ലോബൽ കമ്പനിയായ സൈബർ പ്രൂഫ്. സൈബർ കുറ്റവാളികളും സ്റ്റേറ്റ് സ്പോൺസേഡ് ഹാക്കർമാരും ഉൾപ്പെടെ സാഹചര്യം മുതലെടുക്കാനും നശീകരണ പ്രവർത്തനങ്ങൾ നടത്താനും സാധ്യതയുണ്ട്.

ഹാക്കർമാർ അധോലോക നെറ്റ് വർക്കുകളിലൂടെ പരസ്പരം ആശയ വിനിമയം നടത്തുന്നുണ്ട്. സൈബർ ആക്രമണങ്ങൾക്കാവശ്യമായ വിഭവങ്ങൾ പങ്കുവെയ്ക്കുന്നുമുണ്ട്. കൊറോണ വൈറസ് ബാധയുള്ള സ്ഥലങ്ങളുടെ ഓൺലൈൻ മാപ്പുകൾ ഷെയർ ചെയ്യുമ്പോൾ അതിനുള്ളിലൂടെ അപകടകാരികളായ സോഫ്റ്റ്വെയറുകൾ കടത്തിവിടുന്ന തരത്തിലുള്ള ആക്രമണ പദ്ധതികൾ ഹാക്കർമാർ ആസൂത്രണം ചെയ്യുന്നതായി സൈബർ പ്രൂഫ് കണ്ടെത്തിയിട്ടുണ്ട്.

വിൻഡോസിന്റെ ഏതു വേർഷനിലും പ്രവർത്തിക്കുന്ന ഇത്തരം മാൽവെയറുകൾ ഫയൽ എക്സ്റ്റൻഷൻ അറ്റാച്ച്മെന്റുകൾ വഴി നേരിട്ട് സിസ്റ്റത്തിനുള്ളിൽ കടന്നു കയറും.

റിമോട്ട് വർക്കിലെ വെല്ലുവിളികളെ മറികടക്കാൻ, കേറ്റോ നെറ്റ് വർക്കുമായി യോജിച്ച് ലോകമെമ്പാടും ലഭ്യമാകുന്ന ഒരു വിപിഎൻ സൊല്യൂഷന് രൂപം നല്കിയിട്ടുണ്ട്. 95% ഉപയോക്തൃ സ്ഥാപനങ്ങളുടെയും വർക്ക് ഫ്രം ഹോം ജീവനക്കാർക്കും ലഭ്യമാക്കുന്ന ഈ സൊല്യൂഷൻ സുരക്ഷാ ഭീഷണിയെ വലിയൊരു പരിധി വരെ ചെറുക്കാൻ പ്രാപ്തമാണന്നു സൈബർ പ്രൂഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ടോണി വെല്ലാക്ക അഭിപ്രായപ്പെട്ടു.

നടക്കാൻ കഴിയാത്ത യുവാവിന് നടക്കാനുള്ള സഹായ യന്ത്രം റവ. ഇ. ഷൈൻ കൈമാറുന്നു.

വ്യത്യാസമില്ലാതെ എല്ലാവരേയും സഹായിക്കണം: മോസ്റ്റ് റവ. ധർമ്മരാജ് റസ്സാലം

വെള്ളറട: കൊവിഡ് കാലത്ത് ദുരിതം അനുഭവിക്കുന്നവരെ ജാതി, മത, വർണ്ണ, വ്യത്യാസമില്ലാതെ എല്ലാവരേയും സഹായിക്കണമെന്ന് ദക്ഷിണകേരളാ മഹായിടവകയിലെ പാലിയേറ്റീവ് കെയർ കോർഡിനേറ്റർമാരോട് മോഡറേറ്റർ മോസ്റ്റ് റവ. ധർമ്മരാജ് റസ്സാലം നിർദ്ദേശിച്ചു. ആവശ്യത്തിന് മരുന്നും ഭക്ഷണവും ലഭിക്കാതെ ആരും ബുദ്ധിമുട്ടരുത്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്ഇത്തരം പുണ്യപ്രവർത്തി ചെയ്യാൻ ബിഷപ്പ് നിർദ്ദേശം നലകി.

അപകടത്തിൽപെട്ട് നടക്കാൻ കഴിയാത്ത യുവാവിന് നടക്കാനുള്ള സഹായ യന്തം വെള്ളറട ഏര്യയില പാലിയേറ്റീവ് കെയറിന്റെ ചുമതല വഹിക്കുന്ന റവ. ഇ. ഷൈൻ കൈമാറി. വെള്ളറട ഏര്യയിലെ 900ലധികം പേർക്ക് വിവിത തരത്തിലുള്ള സഹയം എത്തിച്ച് നൽകി.

അച്ചൻകോവിലിൽ 30 ലിറ്റർ ചാരായം പൊലീസ് പിടിച്ചെടുത്തു

കൊട്ടാരക്കര: കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ അച്ചൻകോവിൽ മൂന്ന് മുക്കിൽ വ്യാജചാരായവിൽപ്പന നടത്തുന്നതായി രഹസ്യവിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊലീസ് നടത്തിയ റെയ്ഡിൽ 30 ലിറ്റർ ചാരായം പിടിച്ചെടുത്തു. അച്ചൻകോവിൽ സുരേഷ് ഭവനിൽ നാരായണപിള്ള മകൻ മുറിക്കൈയ്യൻ മണിയൻ എന്ന മണിയൻ (66) ഭാര്യ വിലാസിനി(60) എന്നിവരെ അറസ്റ്റ് ചെയ്തു. വീടിന്റെ പിറകിൽ വിൽപ്പനയ്ക്കായി കന്നാസിലും കുപ്പിയിലുമായി സൂക്ഷിച്ചിരിക്കുകയായിരുന്നു ചാരായം. മുൻപ് അബ്കാരികേസിൽ പിടിക്കപ്പെട്ട് ശിക്ഷ അനുഭവിച്ചയാളാണ് മണിയൻ.

ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ വ്യാജവാറ്റ് തടയുന്നതിനായി ആൾതാമസമില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന വീടുകൾ, പാറകാറികൾ, ആറ്റുതീരങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ശക്തമായ നിരീക്ഷണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും, മുൻപ് അബ്കാരി കേസിൽപെട് ശിക്ഷാ കഴിഞ്ഞ് വരുന്നവരുടെ പ്രവർത്തനങ്ങൾ വീക്ഷിക്കുന്നതിനും സമാനകുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് തടയുന്നതിന് വേണ്ട നിർദ്ദേശങ്ങൾ എല്ലാ എസ്എച്ച്ഒ മാർക്കും നൽകിയിട്ടുണ്ട്. കൊല്ലം റൂറൽ ജില്ലയിൽ കോവിഡ്-19 ലോക്ക് ഡൗൺ നിയമലംഘനവുമായി ബന്ധപ്പെട്ട് 261 കേസുകൾ രജിസ്റ്റർ ചെയ്യുകയും 265 പേരെ അറസ്റ്റും ചെയ്തു. 242 വാഹനങ്ങൾ പിടിച്ചെടുത്തു. അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പ്വരുത്തുന്നതിനായി ഉദ്യോഗസ്ഥർ ക്യാമ്പ് സന്ദർശിക്കുന്നതിനും അനധികൃത വാഹന യാത്രകൾ നിയന്ത്രിക്കാൻ വാഹന പരിശോധന കർശനമാക്കാനും ജില്ലയിലെ എല്ലാ പൊലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതായി പൊലീസ് മേധാവി ഹരിശങ്കർ അറിയിച്ചു.

പന്മന പഞ്ചായത്ത് ദുരിതാശ്വാസ നിധിയിലേയ്ക്ക് 10 ലക്ഷം നൽകി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പന്മന ഗ്രാമപഞ്ചായത്ത് 10 ലക്ഷം രൂപയുടെ ചെക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. ശാലിനി കലക്റ്റർ ബി. അബ്ദുൾ നാസറിന് കൈമാറുന്നു.

കരുനാഗപ്പള്ളി: കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പന്മന ഗ്രാമപഞ്ചായത്ത് 10 ലക്ഷം രൂപ നൽകി. തുകയുടെ ചെക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. ശാലിനി കലക്റ്റർ ബി. അബ്ദുൾ നാസറിന് കൈമാറി. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിൽ പുത്തേഴം, അംഗങ്ങളായ ജെ. അനിൽ, രവി, പഞ്ചായത്ത് സെക്രട്ടറി സജീവ് എന്നിവരും പങ്കെടുത്തു.

ആയുർരക്ഷാ ക്ലിനിക് പ്രവർത്തനമാരംഭിച്ചു

പെരുമാതുറ: ചേരമാൻതുരുത്ത് ആയുർവേദ ഡിസ്പെൻസറിയിൽ കൊവിഡ് 19 രോഗ പ്രതിരോധത്തിനുള്ള ചികിത്സയ്ക്കും ഔഷധത്തിനുമായി ആയുർരക്ഷാ ക്ലിനിക് പ്രവർത്തനമാരംഭിച്ചു.

കഠിനംകുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി. ഫെലിക്സ്, രോഗ പ്രതിരോധ ഔഷധക്കിറ്റ് വാർഡ് മെമ്പർ അബ്ദുള്ളയ്ക്ക് കൈമാറി ഉദ്ഘാടനം നിർവ്വഹിച്ചു.

വാർഡ് (2) തല കൺവീനർ സുജിത്, ആശാവർക്കർ ഷീജ, ഫാർമസിസ്റ്റ് രമ്യ ജി. നായർ തുടങ്ങിയവർ പങ്കെടുത്തു. ആയുർരക്ഷാ ക്ലിനിക്കിനെ സംബന്ധിച്ച് ഡോ. ഷർമദ് ഖാൻ വിശദീകരിച്ചു.

രണ്ടാം ഘട്ട ഭക്ഷ്യക്കിറ്റ് വിതരണം നടത്തി

വെഞ്ഞാറമൂട്: വെമ്പായം കോൺഗ്രസ് ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊറോണ രോഗ പ്രതിരോധത്തിന്റെ ഭാഗമായി പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് ജംഗ്ഷനിൽ ബ്ലോക്ക് ജനറൽ സെക്രട്ടറി വേങ്ങോട് ഷാജഹാന്റെ അധ്യക്ഷതയിൽ രണ്ടാം ഘട്ട ഭക്ഷ്യ വിതരണം നടത്തി.

ഭക്ഷ്യകിറ്റ് വിതരണം ഡിസിസി ജനറൽ സെക്രട്ടറി കൊയ്ത്തൂർകോണം സുന്ദരൻ ഉദ്ഘാടനം ചെയ്തു. പോത്തൻകോട് മണ്ഡലം പ്രസിഡന്റ് അഡ്വ: അനസ്, യൂത്ത് കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറി സാജൻ ലാൽ, പോത്തൻകോട് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സബീന ബീഗം, ബ്ലോക്ക് വൈസ് പ്രസിഡന്റ് പാറയ്ക്കൽ ഷാജി, മറ്റു ഭാരവാഹികളായ പുരുഷോത്തമൻ, ബാബു പണിക്കർ, വിജയന് നേതാജി പുരം, ഹാഷിം, ഷാഫി, വിനോദ് മണി, വേങ്ങോ സാഗർ, രാജേഷ്, വിനോദ്, അനിൽ. കെ. ആർ, ഷിനു, ഷെഫീഖ്, വേങ്ങോ ദിവാകരൻ, സായികുമാർ, രാജഗോപാൽ, ഗിരീഷ് വാവറയമ്പലം, ഷറഫ്, സീമ, സുശീലൻ, ശശി എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിരോധ പ്രവർത്തനവും ഭക്ഷ്യകിറ്റ് വിതരണവും നടത്തിയത്.

രണ്ടാംഘട്ട ഭക്ഷ്യക്കിറ്റിന്റെ വിതരണോദ്ഘാടനം ഡിസിസി ജനറൽ സെക്രട്ടറി കൊയ്ത്തൂർകോണം സുന്ദരൻ ഉദ്ഘാടനം ചെയ്യുന്നു.

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ നിരന്തരം പീഡിച്ചയാൾ പിടിയിൽ

കൊല്ലം: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ നിരന്തരം പീഡനത്തിനിരയാക്കിയ ആളെ പൊലീസ് അറസ്റ്റ് ചെയ്തു. കൊല്ലം ചിതറ കിഴക്കുംഭാഗം തലവരമ്പ് സ്വദേശി സിറാജ് (45) ആണ് അറസ്റ്റിലായത്. കഴിഞ്ഞദിവസം വയറുവേദനയെ തുടർന്ന് പെൺകുട്ടിയെ സമീപത്തെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെത്തിച്ചിരുന്നു. പ്രഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും കടയ്ക്കൽ താലൂക്ക് ആശുപത്രിയിലേക്ക് കുട്ടിയെ മാറ്റി. താലൂക്ക് ആശുപത്രിയിൽ നടത്തിയ പരിശോധനയിലാണ് പെൺകുട്ടി ഗർഭിണിയാണെന്ന വിവരം പുറത്തുവരുന്നത്. തുടർന്ന് ആശുപത്രി അധികൃതർ ചൈൽഡ് ലൈനെ വിവരമറിയിച്ചു. ചൈൽഡ് ലൈൻ കടയ്ക്കൽ പൊലീസിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതി കുറ്റം സമ്മതിച്ചിട്ടുണ്ട്. മാസങ്ങളായി പെൺകുട്ടിയുമായി പ്രതി അടുപ്പത്തിലായിരുന്നു. ഇയാൾ താമസിക്കുന്ന വീട്ടിലും പെൺകുട്ടിയുടെ വീട്ടിലും മറ്റും വെച്ച് കുട്ടിയെ ഇയാൾ നിരന്തരം ലൈംഗികമായി പീഡിപ്പിച്ചിരുന്നതായി പൊലീസിനോട് ഇയാൾ പറഞ്ഞു. കുട്ടി പിന്നോക്ക സമുദായത്തിൽ പെട്ടതാണ്. കുട്ടി പ്രായപൂർത്തിയാകാത്തതിനാൽ ഇയാളുടെ പേരിൽ ഫോക്സ് ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തിയിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തിട്ടുണ്ട്.

ദുരിതാശ്വാസ നിധിയിലേക്ക് കണ്ടല ബാങ്ക് മൂന്ന് ലക്ഷം നൽകി

മലയിൻകീഴ്: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കണ്ടല സഹകരണ ബാങ്ക് 3 ലക്ഷം രൂപയും, പ്രസിഡന്റിന്റെ ഒരു മാസത്തെ ഓണറേറിയവും കൈമാറിയതായി ബാങ്ക് പ്രസിഡന്റും, സഹകരണ ആശുപത്രി ചെയർമാനുമായ എൻ. ഭാസുരാംഗൻ അറിയിച്ചു. ബാങ്കിന്റെ കീഴിലുള്ള സഹകരണ ആശുപത്രിയിൽ ആരോഗ്യവകുപ്പിന്റെ മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് കൊറോണാ ബാധിതരെ അടിയന്തിര സാഹചര്യത്തിൽ പ്രവേശിപ്പിക്കാൻ 15 കിടക്കകളോടു കൂടിയ ഐസലേഷൻ വാർഡ് സജ്ജീകരിച്ചിട്ടുണ്ട്. കൊവിഡ് സംശയിക്കുന്ന രോഗികളെ വിവിധ നിരീക്ഷണ കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകുന്നതിനായി സർവ സജ്ജമായി ആഴ്ചകളായി ആശുപത്രി വക ആംബുലൻസ് സൗജന്യമായി സർവീസ് നടത്തിവരുന്നുണ്ടെന്നും ചെയർമാൻ പറഞ്ഞു. ലോക് ഡൗൺ തുടങ്ങിയ ശേഷം സഹകരണ ആശുപത്രി ക്യാന്റീനിൽ ഭക്ഷണം സൗജന്യമാണ്. 200 ലേറെ പേർ നിത്യവും ഭക്ഷണം കഴിക്കുന്നുണ്ട്. ആവശ്യപ്പെടുന്നവർക്കായി ആശുപത്രി വക മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നുകൾ വീടുകളിൽ എത്തിക്കാനുള്ള സൗകര്യവും ഇതിനോടകം പ്രവർത്തികമാക്കിയിട്ടുണ്ട്. ലോക് ഡൗണിനെ തുടർന്ന് വീടുകളിൽ വെറുതെ ഇരിക്കുന്നവർക്ക് പച്ചക്കറി കൃഷി ചെയ്യാൻ വിത്തും, വളവും വാങ്ങുന്നതിനായി കണ്ടല ബാങ്ക് പലിശ രഹിത വായ്പ നൽകുമെന്നും എൻ. ഭാസുരാംഗൻ അറിയിച്ചു.

വീടിനുള്ളിൽ ചാരായം വാറ്റ് ബ്യൂട്ടീഷ്യൻ പിടിയിൽ

വെള്ളറട: വീടിനുള്ളിൽ ചാരായം വാറ്റിയതിന് ബ്യൂട്ടീഷ്യനായ യുവാവ് എക്സൈസിന്റെ പിടിയിൽ. വെള്ളറട മണത്തോട്ടം പ്ലാങ്കാല വീട്ടിൽ സുമേഷ്(33)ണ് പിടിയിലായത്. ഇന്റർനെറ്റിന്റെ സഹായത്തോടെയാണ് ഇയാൾ മദ്യമുണ്ടാക്കാൻ പരിശീലിച്ചത്. 2 ലിറ്റർ ചാരായവും വാറ്റുപകരണങ്ങളും കണ്ടെടുത്തു. അമരവിള എക്സൈസ് ഇൻസ്പെക്ടർ അജീഷിന്റെ നേതൃത്വത്തിൽ പ്രിവന്റീവ് ഓഫീസർ രതീഷ് സിവിൽ ഓഫീസ്സർമാരായ വിജേഷ് ലാൽക്രഷ്ണ, അനിഷ് എസ്. എസ്., അനീഷ് വി. ജെ, രമ്യ, സനൽകുമാർ അടങ്ങുന്ന സംഘമാണ് ഇയാളെ പിടികൂടിയത്.

എംഎൽഎയുടെ ഓർമ്മക്കായി കമ്യൂണിറ്റി കിച്ചണിലേയ്ക്ക് ഭക്ഷണം

കരുനാഗപ്പള്ളി: ചവറ നിയോജക മണ്ഡലത്തിലെ വിവിധ കമ്മ്യുണിറ്റി കിച്ചനുകളിലേക്ക് എംഎൽഎയുടെ ഓർമ്മയ്ക്കായി ഭക്ഷ്യ സാധങ്ങളെത്തിച്ച് നൽകി കുടുംബാംഗങ്ങൾ. അന്തരിച്ച എൻ. വിജയൻ പിള്ള എംഎൽഎയുടെ ഓർമ്മക്കായിട്ടാണ് മകൻ ഡോ. വി സുജിത്ത് ഒരു ദിവസത്തെ ഭക്ഷണത്തിനാവശ്യമായ ഭക്ഷ്യ സാധനങ്ങൾ നൽകിയത്. മൺ മറഞ്ഞ എംഎൽഎ എൻ. വിജയൻ പിള്ളയുടെ ഓർമ്മയ്ക്കായി 41-ാം ചരമ ദിനത്തിലാണ് മകൻ കമ്യൂണിറ്റി കിച്ചണിലേക്ക് പലചരക്കു സാധനങ്ങളും പഴങ്ങളും, പച്ചക്കറികളും സംഭാവനയായി നൽകിയത്. ബാബു വികാസും, ചാണ്ടി എബ്രഹാമും ഒപ്പമുണ്ടായിരുന്നു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor),Vol 13, Issue No. 104 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി

കൊടുങ്ങല്ലൂർ: പുല്ലൂറ്റ് 611-നമ്പർസർവീസ് സഹകരണ ബാങ്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി കൈമാറി. ബാങ്ക്വക 100000/-രൂപയും,പ്രസിഡണ്ടിന്റെ ഓണറേറിയവും ഡയറക്റ്റർ ബോർഡ് അംഗങ്ങളുടെ സിറ്റിങ് ഫിസും,ജീവനക്കാരുടെ വിഹിതം ഉൾപ്പെടെ160506/-രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. 160506 രൂപയുടെ ചെക്ക് ബാങ്ക് പ്രസിഡന്റ് .കെ. ജി.മുരളീധരൻ കൊടുങ്ങല്ലൂർ അസിസ്റ്റൻറരജിസ്ടർ ഗീതക്ക് കൈമാറി. ബാങ്ക്വൈസ്പ്രസിഡന്റ് ടി.കെ.ലാലു, ഡയറക്റ്റർ ബോർഡ് മെമ്പർ എം. എ.ഇബ്രാഹിം, ബാങ്ക്സെക്രട്ടറി എം. കെ.അനിതാകുമാരി,ജീവനക്കാരനായ ഒ.ആർ.രാജേന്ദ്രൻ, കൊടുങ്ങല്ലൂർ എ.ആർ.ഓഫീസ് ജീവനക്കാർ തുടങ്ങിയ വർ സംബന്ധിച്ചു.

വടക്കാഞ്ചേരി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അത്താണി പിഎസ്സി ബേങ്ക് വിഹിതം 15,00,000 രൂപയും, ഭരണ സമിതി അംഗങ്ങളുടെ ഒരു മാസത്തെ സിറ്റിംഗ് ഫീസും , പ്രസിഡണ്ടിന്റെ ഹോണറേറിയവും, ജീവനക്കാരുടെ ഒരു മാസത്തെ വേതനവും അനുബന്ധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിഹിതം ഉൾപ്പടെ 22,61,992 രൂപയുടെ ചെക്ക് മന്ത്രി എ സി മൊയ്തീന് കൈമാറി.

സൗജന്യ റേഷനും കിറ്റും അനുവദിച്ചു

വടക്കാഞ്ചേരി: മുണ്ടത്തിക്കോട് സ്നേഹാലയം അന്തേവാസികൾക്ക് സൗജന്യ റേഷനും കിറ്റും അനുവദിച്ചു. സ്നേഹാലയം ആൻറണി നൽകിയ അപേക്ഷ കണക്കിലെടുത്താണ് 217 അന്തേവാസികൾക്ക് 1080 കിലോ അരി അനുവദിച്ചത്.കൂടാതെ പല വ്യഞ്ജനങ്ങൾ അടങ്ങിയ 54 കിറ്റ് ഉടൻസ്നേഹാലയത്തിൽ എത്തിക്കുമെന്ന് തലപ്പിള്ളി സപ്ലൈ ഓഫീസർ ജോഷി ജോസ് പറഞ്ഞു.

പത്രപ്രവർത്തകനെ പൊലീസ് അധിക്ഷേപിച്ചതായി പരാതി

പഴയന്നൂർ: പത്രപ്രവർത്തകൻ രഘുകുമാറിന് നേരെ പഴയന്നൂർ സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ.ബാബുജി, ഹെഡ് കോൺസ്റ്റബിൾ ഷൈജു എന്നിവർ മോശമായി പെരുമാറുകയും അധിക്ഷേപിക്കുകയും ചെയ്തതായി പരാതി.

വാർത്താ ശേഖരണവുമായി ബന്ധപ്പെട്ട് വെള്ളിയാഴ്ച ഉച്ചക്ക് പഴയന്നൂർ എളനാട് റോഡിൽ നിന്ന രഘുവിനെ അതുവഴി വന്ന ഗ്രേഡ് എസ്.ഐ. ബാബുജി തട്ടിക്കയറുകയും സഭ്യമല്ലാതെ പെരുമാറുകയും ചെയ്തു. എന്നാൽ മാധ്യമ പ്രവർത്തകനാണെന്നറിയിച്ചപ്പോൾ അതൊക്കെ വീട്ടിൽ ഇരുന്ന് നടത്തിയാൽ മതി നിന്നെ അറസ്റ്റു ചെയ്തിരിക്കുന്നു എന്നായി. പിന്നീട് സ്റ്റേഷനിലെത്തിയപ്പോൾ ഹെഡ് കോൺസ്റ്റബിൾ ഷൈജുവിന്റെ വക അധിക്ഷേപം. പ്രാദേശിക ലേഖകരോട് ഇയാൾക്ക് പരമ പുച്ഛം. സ്റ്റേഷനിലെത്തുന്നവരെ അധിക്ഷേപിക്കുന്നത് ഇയാളുടെ സ്ഥിരം രീതിയാണ്. പിന്നീട് രഘുകുമാറിന്റെ കൂടെയുണ്ടായിരുന്ന മറ്റൊരു ലേഖകൻ സി.ഐ. പി.സി. ചാക്കോയോട് കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തിയപ്പോഴാണ് രഘുകുമാറിനെ വിട്ടയച്ചത്.

തൊഴിലാളി സഹകരണ സംഘം പച്ചക്കറി കിറ്റ് വിതരണം ചെയ്തു

നടത്തറ: ഒല്ലൂർ മേഖല തൊഴിലാളി സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ നടത്തറ പഞ്ചായത്തിലെ വിവിധ കോളനികളിലെക്ക് പച്ചക്കറി കീറ്റുകൾ വിതരണം ചെയ്തു. സംഘം ഓഫിസിൽ ശേഖരിച്ച് തയ്യാറാക്കിയ ആയിരത്തോളം കീറ്റുകൾ വാഹനങ്ങളിൽ വിടുകളിൽ എത്തിച്ച് നൽകുകയായിരുന്നു. വിതരണ ഉദ്ഘാടനം സംഘം പ്രസിഡന്റ് അനിൽ പൊറ്റേക്കാട് ഷീബ ബീബു വിന് കൈമാറി നിർവഹിച്ചു. കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് അനിരുദ്ധൻ,സംഘം സെക്രട്ടറി സുജിതാ ശ്രീധരൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

മാസ്കും സാനിറ്റൈസറും നൽകി

മാള : കൊറോണ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി മാള മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നൽകിയ സാനിറ്റൈസർ, മാസ്ക്, സാനിറ്റൈസർ സ്പ്രേയർ തുടങ്ങിയവ മാള പൊലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ സജിൻ ശശി സൊസൈറ്റി പ്രസിഡന്റ് കെ. എൻ. സജീവനിൽ നിന്നും ഏറ്റുവാങ്ങി. സൊസൈറ്റി ഡയറക്റ്റർ ബോർഡ് അംഗങ്ങളായ പി. ഡി. ഷിബു, സി. എൽ. പിന്റോ. അഡ്വ :ഓ. ജെ. ജെനീഷ്, മറ്റ് പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

ചരക്കുഗതാഗതമുള്ളതിനാൽ മൂവാറ്റുപുഴയിലെ തോട്ടങ്ങളിൽ നിന്നുള്ള പൈനാപ്പിൾ തൃശൂർ നഗരത്തിലെ പഴ ചന്തയിൽ നിന്നു ചില്ലറ വിൽപ്പനക്കായി വാഹനത്തിൽ കയറ്റുന്നു.- കെ.കെ. നജീബ്

ബാറിൽ അനധികൃത മദ്യ വിൽപ്പന; മൂന്നുപേർ അറസ്റ്റിൽ

അറസ്റ്റിലായ പ്രതികൾ

ചാലക്കുടി: ലോക് ഡൗൺ കാലത്ത് പഴയ ദേശീയപാതയിലുള്ള കല്ലേലി ബാറിൽ അനധികൃത മദ്യ വിൽപ്പന. ബാർ സീൽ ചെയ്തു. തൃശൂർ എക്സൈസ് വിജിലൻസ് സംഘം മാനേജരടക്കം മൂന്ന് പേരേയും മുപ്പത്തിയാറ് കൂപ്പ് മദ്യവും പിടികൂടി.മുരിങ്ങൂർ പുതുശ്ശേരി ചാമക്കാല ജോഷി (45),ബാർ മാനേജർ ചേർത്തല സ്വദേശി തേജസ് വീട്ടിൽ പ്രകാശ് (49) ബാർ ജീവനക്കാരൻ കാസർഗോഡ് സ്വദേശി പാലക്കൽ വീട്ടിൽ ശാന്തകുമാർ (33) എന്നിവരാണ് പിടിയിലായത്. ലോക് ഡൗൺ കാലത്ത് മദ്യ വിൽപ്പന നടത്തിയത്തിന് കല്ലേലി ബാറിന്റെ ഉടമക്കെതിരെ കേസെടുത്തതായി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ വി. എ സലീം പറഞ്ഞു.ജോഷി ലോക് ഡൗൺ കാലത്ത് അനധികൃതമായി മദ്യ വിൽപ്പന നടത്തുന്നതായി എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന് കിട്ടിയ രഹസ്യ വിവരത്തെ തുടർന്ന് ജോഷിയുടെ വീടിന്റെ പരിസരത്ത് നിന്ന് സ്ക്കൂട്ടറിൽ മദ്യ വിൽപ്പനക്ക് പോകുമ്പോഴാണ് സംഘം പിടികൂടിയത്. ജോഷിയെ ചോദ്യം ചെയ്തപ്പോഴാണ് കല്ലേലി ബാറിൽ നിന്ന് ആണ് മദ്യം ലഭിക്കുന്നതനുസരിച്ച് നടത്തിയ പരിശോധനയിലാണ് മുപ്പത്തിയാറ് കുപ്പി മദ്യവും പിടികൂടിയത്. ചാലക്കുടിയിലെ വിവിധ ബാറുകളിൽ ലോക് ഡൗൺ കാലത്ത് അനധികൃതമായി മദ്യം വിൽക്കുന്നതായി രഹസ്യ വിവരത്തെ തുടർന്നാണ് പരിശോധന നടത്തിയത്.എക്സൈസ് ഇന്റലിജൻസ് ഇൻസ്പെക്റ്റർ എസ്. മനോജ് കുമാർ എസ്, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്റ്റർ മണികണ്ഠൻ, ഷിബു കെ.എസ്, ഷിബു കെ. എസ്, പി. സതീഷ് കെ. എ. ഷഫീക്ക്, ചാലക്കുടി എക്സൈസ് ഇൻസ്പെക്റ്റർ എ. രാധാകൃഷ്ണൻ പ്രിവന്റീവ് ഓഫീസർ സുനിൽ കുമാർ, ഉദ്യോഗസ്ഥരായ കെ. വി. ജിസ് മോൻ,പി. പി. ഷാജു,ശ്യാം എസ്,എ.ടി ഷാജു എന്നിവരാണ് പരിശോധനക്ക് നേതൃത്വം നൽകിയത്.

വിദേശ മദ്യവുമായി ഒരാൾ അറസ്റ്റിൽ

അറസ്റ്റിലായ ദിവേഷ്

കുന്നംകുളം: നിർമാണം പൂർത്തിയാകാത്ത വീട്ടിൽ നിന്നും 23 ലിറ്റർ വിദേശ മദ്യം പിടിച്ച കേസിൽ ഒരാളെ കുന്നംകുളം പൊലീസ് അറസ്റ്റ് ചെയ്തു. തെക്കെപുറം, കണ്ടമ്പുള്ളി വീട്ടിൽ ദിവേഷാണ് (32) അറസ്റ്റിലായത്. തെക്കെപുറത്ത് നിർമ്മാണത്തിലിരിക്കുന്ന വീടിനുള്ളിൽ നിന്നും 23 ലിറ്റർ വിദേശ മദ്യം പിടികൂടിയ സംഭവത്തിലാണ് അറസ്റ്റ്. കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സമ്പൂർണ ലോക്ക് ഡൗൺ പ്രഖ്യാപ്പിച്ചതിനെ തുടർന്ന് വ്യാജവാറ്റും അനധികൃത മദ്യവില്പനയും വ്യാപകമായതോടെ പൊലീസ് പരിശോധന കർശനമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിഷു ദിനത്തിൽ നടത്തിയ പരിശോധനയിലായിരുന്നു നിർമ്മാണത്തിലുള്ള വീടിനുള്ളിൽ നിന്ന് മദ്യ ശേഖരം കണ്ടെത്തിയത്. തൃശൂർ ജില്ലാ സിറ്റി പൊലീസ് മേധാവിയുടെ പ്രത്യേക നിർദ്ദേശത്തെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ കുന്നംകുളം അസിസ്റ്റന്റ് കമ്മിഷണർ ടി.എസ്.സിനോജിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കുന്നംകുളം സ്റ്റേഷൻ ഹൗസ് ഓഫീസർ കെ.ജി..സുരേഷിന്റെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിലാണ് വിൽപ്പന നടത്തുന്നതിനായി സൂക്ഷിച്ച മദ്യം പിടിച്ചെടുത്തത്.

ഷാപ്പ് കോൺട്രാക്റ്റർ അറസ്റ്റിൽ

അറസ്റ്റിലായ പ്രതി

ഇരിങ്ങാലക്കുട: ലഹരിയ്ക്കായി സ്പിരിറ്റ് കുടിച്ച് യുവാക്കൾ ഗുരുതരാവസ്ഥയിലായ കേസിൽ ഷാപ്പ് കോൺട്രാക്റ്റർ അറസ്റ്റിൽ. വെള്ളാങ്ങല്ലൂർ വള്ളിവട്ടത്ത് രണ്ടു യുവാക്കൾ സ്പിരിറ്റ് കുടിച്ച് ഗുരുതരാവസ്ഥയിലായ സംഭവത്തിലാണ് യുവാക്കൾക്ക് സ്പിരിറ്റ് നൽകിയ ആളെ പൊലീസ് അറസ്റ്റ് ചെയ്തത്. വള്ളിവട്ടം ബ്രാലം സ്വദേശി പൊത്തേഴത്ത് വീട്ടിൽ ബിജോയിയെയാണ്(43) സി.ഐ. എം.ജെ.ജിജോ, എസ്.ഐ. പി. ജി.അനൂപ് എന്നിവരുടെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. ഷാപ്പ് കോൺട്രാക്റ്ററായ പ്രതിയാണ് യുവാക്കൾക്ക് സ്പിരിറ്റ് നൽകിയതെന്ന് പൊലീസ് പറഞ്ഞു. കഴിഞ്ഞ ബുധനാഴ്ചയാണ് ബ്രാലം പ്രദേശത്തെ എഴോളം യുവാക്കൾ ലഹരിക്കായി സ്പിരിറ്റ് കുടിച്ചത്. ഇതിൽ ബ്രാലം സ്വദേശികളായ കുണ്ടിയാറ വീട്ടിൽ ഹേമന്ത്(34), കരിനാട്ട് വീട്ടിൽ വിനു(30)എന്നിവരാണ് ഗുരുതരാവസ്ഥയിലായത്. ഹേമന്തിനെ തൃശൂർ മെഡിക്കൽ കോളജിലും വിനുവിനെ എറണാകുളത്തെ ആശുപത്രിയിലും പ്രവേശിപ്പിച്ചു. എസ്. ഐ. ശ്രീനി, എ.എസ്.ഐ.സുജിത്ത്, സി.പി.ഒ.മാരായ അനൂപ് ലാലൻ, വൈശാഖ് മംഗലത്ത് എന്നിവരും പൊലീസ് സംഘത്തിലുണ്ടായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

ആരോഗ്യ വകുപ്പ് അടപ്പിച്ച മാള അണ്ണല്ലൂരിലെ മാംസ സംസ്കരണ കേന്ദ്രം.

സ്റ്റോപ്പ് മെമ്മോ നൽകി

മാള: പഞ്ചായത്ത് അനുമതിയില്ലാതെ പ്രവർത്തിച്ച മാംസ സംസ്കരണ, കോഴിവളർത്തൽ കേന്ദ്രം എന്നിവക്ക് സ്റ്റോപ്പ് മെമ്മോ നൽകി. മാള പഞ്ചായത്ത് അണ്ണല്ലൂരിലാണ് ജനവാസ കേന്ദ്രത്തിൽ ഇവ പ്രവർത്തിച്ചിരുന്നത്. കൊവിഡ് - 19 ന്റെ ഭാഗമായാണ് നടപടി. ഹെൽത്ത് ഇൻസ്പെക്റ്റർ സി. എൻ വേണു,പ്രേംലാൽ, ജോബി, പഞ്ചായത്ത് സെക്രട്ടറി മധുസൂദനൻ, ആരോഗ്യ സമിതി അധ്യക്ഷൻ ബിജു ഉറുമീസ്, സന്തോഷ്, സൈന എന്നിവർ സ്ഥലത്തെത്തിയാണ് നടപടി.

ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ 'വിസ്ക് ' പ്രവർത്തനം തുടങ്ങി

ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച വിസ്കിന്റെ ഉദ്ഘാടനം നഗരസഭാ ചെയർപേഴ്സൺ നിമ്യ ഷിജു നിർവഹിക്കുന്നു.

ഇരിങ്ങാലക്കുട: ജനറൽ ആശുപത്രിയിൽ 'വാക് ഇൻ സാംപിൾ കിയോസ്ക് ' (വിസ്ക്) പ്രവർത്തനം ആരംഭിച്ചു. കൊറോണ രോഗികളുടെ സാംപിൾ സുരക്ഷിതമായി എടുക്കാൻ സാധിക്കും. ആയിരം രൂപയോളം വരുന്ന പി.പി.ഇ. കിറ്റ് ഉപയോഗിച്ച് കളയുക എന്ന പ്രായോഗിക ബുദ്ധിമുട്ട് വിസ്ക്കിലൂടെ പരിഹരിക്കപ്പെടും. ഒരു സ്ഥലത്ത് കിയോസ്ക് താത്കാലികമായി സ്ഥാപിച്ച് വലിയതോതിൽ സാംപിളുകൾ ശേഖരിക്കാനാവും.എറണാകുളം കളമശേരി മെഡിക്കൽ കോളേജിലെ ഡോക്റ്റർമാരുടെ സംഘം രൂപകല്പനചെയ്ത വാക്ക് ഇൻ സാംപിൾ കിയോസ്ക് (വിസ്ക്) രാജ്യമൊട്ടാകെ ഉപയോഗിക്കാനുള്ള തയ്യാറെടുപ്പിലാണ്. ഇതിന്റെ പ്രരംഭഘട്ടത്തിൽ തന്നെ സംവിധാനം ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലും എത്തിയിരിക്കു കയാണ്. വിദേശ രാജ്യങ്ങളിൽ നിന്നും രോഗികളെ എയർ ആബുലൻസിൽ സുരക്ഷിതമായി മറ്റ് രാജ്യങ്ങളിലേയ്ക്ക് എത്തിക്കുന്ന യുണിവേഴ്സൽ മെഡിക്കൽ ട്രാൻസ്ഫറും ഇരിങ്ങാലക്കുട നഗരസഭയും സംയുക്തമായാണ് ഈ സംവിധാനം ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുന്നത്.രണ്ടു മിനിറ്റിൽ താഴെ സമയംകൊണ്ട് സാംപിൾ ശേഖരിക്കാൻ സാധിക്കുന്ന രീതിയിലാണ് വിസ്ക്. സാമൂഹ്യ വ്യാപനം നടന്നാൽ ആരോഗ്യ പ്രവർത്തകർ ഏറ്റവും അധികം നേരിടുന്ന ബുദ്ധിമുട്ട് പേഴ്സണൽ പ്രൊട്ടക്ഷൻ എക്യൂപ്മെന്റ് കിറ്റുകളുടെ (പി. പി.ഇ) ദൗർലഭ്യമാണ്. ഇതിനുള്ള പരിഹാരമായാണ് വിസ്ക് എത്തുന്നത്. ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ നടന്ന ചടങ്ങിൽ മുനി. ചെയർപേഴ്സൺ നിമ്യ ഷിജു വിസ്കിന്റ ഉദ്ഘാടനം നിർവഹിച്ചു. സ്റ്റാന്റിംങ്ങ് കമ്മിറ്റി ചെയർപേഴ്സൺമാർ, നഗരസഭ ഉദ്യോഗസ്ഥർ, ആശുപത്രി ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തൃശൂർ ജില്ലാ ആശുപത്രിയിലും ഉടൻ തന്നെ ഇത്തരത്തിലുള്ള വിസ്ക് കിയോസ്ക് സ്ഥാപിക്കുമെന്ന് യുണിവേഴ്സൽ മെഡിക്കൽ ട്രാൻസ്ഫർ ചെയർമാൻ നിസാർ അഷറഫ് അറിയിച്ചു.സാംപിൾ ശേഖരണത്തിനായി എത്തുന്ന ഓരോ ആളുകൾക്കും ഓരോ പി. പി.ഇ. കിറ്റ് ധരിക്കണമെന്നാണു ചട്ടം. എന്നാൽ, ആയിരം രൂപയോളം വരുന്ന പി.പി.ഇ. കിറ്റ് ഉപയോഗിച്ച് കളയുക എന്ന പ്രായോഗിക ബുദ്ധിമുട്ട് വിസ്ക്കിലൂടെ പരിഹരിക്കപ്പെടും. ഒരു സ്ഥലത്ത് കിയോസ്ക് താത്കാലികമായി സ്ഥാപിച്ച് വലിയതോതിൽ സാംപിളുകൾ ശേഖരിക്കാനാവും.

ഡിജിറ്റൽ കാറ്റലോഗുമായി ഏറിയാട് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഗ്രന്ഥശാല

കൊടുങ്ങല്ലൂർ: കൊവിഡ് കാലം വായന കൊണ്ട് അർഥവത്താക്കാൻ കൊടുങ്ങല്ലൂരിൽ നിന്ന് അനന്യമായ ഒരു മാതൃക. ഏറിയാട് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഗ്രന്ഥശാലയാണ് ഗ്രാമീണ ഗ്രന്ഥശാലകൾക്കു മുഴുവൻ മാതൃകയാക്കാവുന്ന ഡിജിറ്റൽ കാറ്റലോഗ് വികസിപ്പിച്ചിരിക്കുന്നത്. ലൈബ്രറിയിലെ 11,000 പുസ്തകങ്ങളുടെ കാറ്റലോഗ് http://books.sayahna.org/ml/pdf/malc-catalog.pdf ൽനിന്നും ഡൗൺലോഡ് ചെയ്യാം. ഇതിൽ പതിനായിരത്തോളം മലയാളഗ്രന്ഥങ്ങളാണ്. മൊബൈലിലേക്കിതു പകർത്തിയാൽ എളുപ്പത്തിൽ പുസ്തകങ്ങൾ തിരഞ്ഞ് കണ്ടുപിടിക്കാൻ കഴിയും. മൊബൈലിൽ അഡോബ് അക്രോബാറ്റ് ഇൻസ്റ്റാൾ ചെയ്താൽ മതി. അകലെയുള്ളവർക്ക് സ്വന്തം ഗ്രാമത്തിലെ വായനശാലകളിൽ പുസ്തകമുണ്ടോ എന്നറിയാൻ ഈ കാറ്റലോഗ് പ്രയോജനപ്പെടുത്താം.കേരളത്തിലെ 8000-ലധികം വരുന്ന ഗ്രാമീണവായനശാലകളിൽ ആദ്യത്തെ ഡിജിറ്റൽ കാറ്റലോഗാണിത്.ഒരു വർഷം മുമ്പാണ് ശ്രമകരമായ ഈ ദൗത്യത്തിന് ലൈബ്രറി പ്രസിഡന്റ് കറുകപ്പാടത്ത് കെ. കെ. മുഹമ്മദിന്റെ നേതൃത്വത്തിൽ തുടക്കമിട്ടത്. മാമതു എന്നറിയപ്പെട്ടിരുന്ന കെ.കെ.മുഹമ്മദ് ഇപ്പോൾ ഡിജിറ്റൽ കാറ്റലോഗ് യാഥാർഥ്യമാവുമ്പോൾ ജീവിച്ചിരിപ്പില്ല. കൈലാഷ് നാഥ് നാട്ടുകാരായ റഷീദ് പി. എം., നസീർ പുത്തൻച്ചാൽ, സിയാവുദ്ധീൻ കെ.എം. എന്നീ സുഹൃത്തുക്കളിൽനിന്നും സമാഹരിച്ച ഫണ്ടുപയോഗിച്ചാണ് പദ്ധതിയുടെ നിർവഹണം മുന്നോട്ടുകൊണ്ടുപോയത് 'കെ.എച്ച്.ഹുസൈനു പുറമെ, കെ.പി. സത്യൻ, നജീബ് കെ. എ., ലിൻസി വിൽസൺ വി., ധന്യ സി.എസ് എന്നിവരും സാങ്കേതിക നിർവഹണമൊരുക്കി. 'മലയാള ഗ്രന്ഥസൂചി' യ്ക്കായി കെ.എം. ഗോവി ചിട്ടപ്പെടുത്തിയ വർഗ്ഗീകരണമാണ് അവലംബമാക്കിയത്. മൊബൈൽ ലൈബ്രറി കാറ്റലോഗ് സാദ്ധ്യമാക്കാനായി സി.വി. രാധാകൃഷ്ണൻ നൂതന പി.ഡി. എഫ്. സാങ്കേതികത വികസിപ്പിച്ചെടുത്തു. നജീബ് തയ്യാറാക്കിയ 'കോഹ' ഓൺലൈൻ കാറ്റലോഗ് അപ്ലോഡ് ചെയ്യുന്നത് കൈലാഷ്നാഥാണ്.ഡാറ്റയും വർഗ്ഗീകരണവും ക്രമീകരിക്കാൻ ഇനിയും ശേഷിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഉള്ളടക്കം നമ്മുടെ ഭാഷാഗ്രന്ഥങ്ങളുടെ ഒരു പരിച്ഛേദവും, മറ്റു ലൈബ്രറികൾക്ക് അനുകരണീയമായ ഒരു മാതൃകയുമായി മാറുന്നു.

ഗുണ്ടാ സംഘാംഗങ്ങൾ ഏറ്റുമുട്ടി; രണ്ടുപേർ അറസ്റ്റിൽ

അറസ്റ്റിലായ പ്രതികൾ

കുന്നംകുളം : മരത്തംകോട് എകെജി നഗർ റോഡിൽ വച്ച് ഗുണ്ടാ സംഘങ്ങൾ ഏറ്റുമുട്ടിയ സംഭവത്തിൽ രണ്ട് പേരെ കുന്നംകുളം പൊലീസ് അറസ്റ്റ് ചെയ്തു. കുറുമ്പൂർ പാലമാത്തിൽ വീട്ടിൽ പ്രശാന്ത് എന്ന ചിന്നമണി (30), കല്ലായിൽ വിജീഷ് (25) എന്നിവരെയാണ് കുന്നംകുളം എ.സി.പി.ടി.എസ്. സിനോജിന്റെ നിർദ്ദേശപ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസർ കെ.ജി.സുരേഷിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 15 നായിരുന്നു കേസിനാസ്പദമായ സംഭവം.പ്രശാന്തിനെ ഭീഷണിപ്പെടുത്തുകയും വാഹനം ഇടിപ്പിച്ചു കൊല്ലാൻ ശ്രമിക്കുകയും ചെയ്ത കേസിലാണ് വിജീഷിനെയും എകെജി റോഡിൽ വച്ച് വിജീഷിനെ തടഞ്ഞു നിർത്തി ഭീഷണിപ്പെടുത്തി മാരകായുധമുപയോഗിച്ചു കൊലപ്പെടുത്താൻ ശ്രമിച്ച കേസിലാണ് പ്രശാന്തിനെയും അറസ്റ്റ് ചെയ്തത്. മുൻ വൈരാഗ്യമാണ് ആക്രമണത്തിന് കാരണമെന്ന് പൊലീസ് പറഞ്ഞു.എരുമപ്പെട്ടി, കുന്നംകുളം എന്നീ പൊലീസ് സ്റ്റേഷനുകളിൽ നിരവധി ക്രിമിനൽ കേസുകളിൽ പ്രതികളാണ് ഇരുവരും. കഴിഞ്ഞ ഫെബ്രുവരി നാലാം തീയ്യതി ചൊവന്നൂർ കല്ലഴി ഉത്സവ ദിവസം ക്ഷേത്രത്തിനു സമീപമുള്ള റോഡിൽ വെച്ച് വിജീഷും സുഹൃത്തുക്കളും ചേർന്ന് പ്രശാന്തിന്റെ സുഹൃത്തുക്കളെ വധിക്കാൻ ശ്രമിക്കുകയും തുടർന്ന് വീടാക്രമിച്ചു നാശനഷ്ടം വരുത്തുകയും ചെയ്ത കേസിൽ കോടതിയിൽ നിന്നും ലഭിച്ച ജാമ്യത്തിൽ കഴിയവെയാണ് വീണ്ടും ആക്രമണം നടത്തിയത്.കഴിഞ്ഞ ജനുവരി ഒന്നാം തീയ്യതി പുലർച്ചെ വിജേഷിന്റെ സുഹൃത്തിന്റെ വീടാക്രമിച്ചു നാശനഷ്ടങ്ങൾ വരുത്തിയതിനും അമ്മയോട് അപമര്യാദയായി പെരുമാറിയതിനും രജിസ്റ്റർ ചെയ്ത കേസിൽ പ്രശാന്തും സുഹൃത്തുക്കളും ജാമ്യത്തിലിറങ്ങിയതും അടുത്ത ദിവസത്തിലാണ്. ജാമ്യത്തിൽ ഇറങ്ങിയത്. സബ്ബ് ഇൻസ്പെക്റ്റർമാരായ ഇ. ബാബു, എം.വി.ജോർജ്, എ. എസ്.ഐമാരായ തോമസ്, ഗോകുലൻ, സി.പി. ഒ. സന്ദീപ് എന്നിവരും പ്രതികളെ പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

മുരിയാട് പഞ്ചായത്താഫീസിനു മുന്നിൽ നടന്ന ഉപവാസ സമരം

സമൂഹ അടുക്കളയിൽ ക്രമക്കേട്:
മുരിയാട് ഉപവാസ സമരം

ഇരിങ്ങാലക്കുട: ലോക് ഡൗണിന്റെ ഭാഗമായി മുരിയാട് പഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ള സമൂഹ അടുക്കളയിൽ വ്യാപക ക്രമക്കേടെന്ന് ആരോപിച്ച് കോൺഗ്രസ് അംഗങ്ങൾ പഞ്ചായത്ത് ഓഫീസിന് മുന്നിൽ ഉപവാസ സമരം നടത്തി. മറ്റു പഞ്ചായത്തുകളിൽ അഗതികളായവർക്കു മൂന്ന് നേരവും ഭക്ഷണം കൊടുക്കുമ്പോൾ ഇവിടെ ഉച്ചക്ക് മാത്രമാണ് ഭക്ഷണം നൽകുന്നതെന്നും വെറും പതിനേഴ് പേർക്ക് മാത്രമാണ് ഇവിടെ ഭക്ഷണം കൊടുത്തുകൊണ്ടിരിക്കുന്നതെന്നും സമരക്കാർ ആരോപിച്ചു. എന്നാൽ അടുക്കള നടത്തിപ്പിനായി വ്യാപകമായി പണപ്പിരിവ് നടക്കുന്നതായി അവർ പറഞ്ഞു. ഇതുകൂടാതെ അരിയും പച്ചക്കറികളും പലവ്യഞ്ജനങ്ങളും പല സംഘടനകളും വ്യക്തികളും സൗജന്യമായി നൽകുന്നുമുണ്ട്.പണം പിരിക്കുന്നതിന്റെയോ സാധനങ്ങൾ സൗജന്യമായി വാങ്ങുന്നതിന്റെയോ യാതൊരു തരത്തിലുമുള്ള രേഖകളും ഇതുവരെയും കൈകാര്യം ചെയ്തിട്ടില്ലെന്നും അംഗങ്ങൾ ചൂണ്ടിക്കാട്ടി. ഇതിന്റെ മോണിറ്ററിങ് ചുമതലയുള്ള ക്ഷേമകാര്യ സ്ഥിരം സമിതിയധ്യക്ഷയെ കാര്യങ്ങൾ ബോധ്യപെടുത്തുന്നതിനു സെക്രട്ടറിയോ ചുമതലയുള്ള ഉദ്യോഗസ്ഥനോ തയ്യാറാകുന്നില്ലെന്നും കോൺഗ്രസ് അംഗങ്ങൾ ആരോപിച്ചു. ഇതുസംബന്ധിച്ച് ജില്ലാ കലക്റ്റർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്റ്റർക്കും പരാതി നല്കിയിട്ടുള്ളതായി കോൺഗ്രസ് പാർലമെന്ററി പാർടി ലീഡർ ജസ്റ്റിൻ ജോർജ് പറഞ്ഞു. എന്നാൽ സാമൂഹ്യ അടുക്കളയിൽ നിന്നും ഭക്ഷണം ലഭിക്കുന്നവരെ അനർഹരാണെന്ന് പറഞ്ഞ് ഒഴിവാക്കുന്നതിനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്നും എല്ലാത്തിനും കണക്കുകൾ ഉണ്ടെന്നും പഞ്ചായത്ത് പ്രസിഡന്റ് സരിത സുരേഷ് പറഞ്ഞു. പഞ്ചായത്തിലെ കുടുംബശ്രീയുടെ നേതൃത്വത്തിൽ കുടുംബശ്രീ കാന്റീനിൽ കഴിഞ്ഞ മാസം 28 നാണ് സമൂഹ അടുക്കള പ്രവർത്തനം ആരംഭിച്ചത്. പഞ്ചായത്ത് സ്റ്റാന്റിംങ്ങ് കമ്മിറ്റി ചെയർമാൻമാരായ കെ. വൃന്ദകുമാരി, ഗംഗാദേവി സുനിൽ, അംഗങ്ങളായ തോമസ് തൊകലത്ത്, എം കെ കോരുകുട്ടി, മോളി ജേക്കബ്, സ്റ്റെഫി ജോഷി എന്നിവർ സമരത്തിന് നേതൃത്വം നൽകി.

ഉത്സവ ദിനത്തിൽ ക്ഷേത്രത്തിൽ ആരാധനയ്ക്ക് എത്തിയവർ അറസ്റ്റിൽ

ഒറ്റപ്പാലം : വരോട് ചാത്തൻ കണ്ടാർ കാവിൽ ലോക് ഡൗൺ നിയന്ത്രണങ്ങൾ ലംഘിച്ച് ആരാധനക്കെത്തിയ 27 പേർക്കെതിരെ കേസെടുത്തു.ക്ഷേത്രം ഭാരവാഹികൾ ഉൾപ്പെടെയുള്ളവർക്കെതിരെയാണ് കേസ്.ഇതിൽ 18പുരുഷൻമാരെ പേരെ അറസ്റ്റ് ചെയ്തു.9 സ്ത്രീകൾക്കെതിരെയാണ് കേസ്. 8 വാഹനങ്ങളും പിടിച്ചെടുത്തു.ഒരു ഓട്ടോറിക്ഷയും ഏഴ് ബൈക്കുകളുമാണ് സ്ഥലത്ത് നിന്ന് പിടിച്ചെടുത്തത്. ഉത്സവദിനമായ വെള്ളിയാഴ്ചയാണ് ഭജനക്കടക്കം ഭക്തജനങ്ങൾ കാവിലേക്കെത്തിയത്. പൊലീസും ആരോഗ്യ പ്രവർത്തകരും നൽകിയ നിർദ്ദേശങ്ങൾ ലംഘിച്ച് യാതൊരുവിധ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെ വിവിധ സ്ഥലങ്ങളിൽ നിന്നും ഒത്തുകൂടിയ ഇവർക്കെതിരെ പൊലീസ് നിയമനടപടി സ്വീകരിക്കുകയായിരുന്നു.കാവിൽ ആളുകൾ കൂടിയതറിഞ്ഞ് ജില്ലാ പൊലീസ് മേധാവി ശിവ വിക്രമിന്റെ നിർദ്ദേശപ്രകാരമായിരുന്നു അറസ്റ്റ്. ഇവരെ പിന്നീട് ജാമ്യത്തിൽ വിട്ടു.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തണം: മന്ത്രി എ.സി. മൊയ്തീൻ

വടക്കാഞ്ചേരി: കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തണമെന്ന് മന്ത്രി എ സി മൊയ്തീൻ. ഹരിത കർമ്മ സേനയുടെയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി യുടെയും വാർഡ് സാനിറ്റേഷൻ കമ്മിറ്റി യുടെയും നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കണമെന്ന് മന്ത്രി പറഞ്ഞു. സ്വാമി ഭൂമാനന്ദ തീർത്ഥ അതിഥി തൊഴിലാളികൾക്കായുള്ള ഭക്ഷണ സാമഗ്രികൾ നൽകുന്ന ചടങ്ങിലായിരുന്നു മന്ത്രി ഇക്കാര്യം പറഞ്ഞത്.700 അതിഥി തൊഴിലാളികൾക്കായി പത്ത് ദിവസത്തേക്ക് നൽകാവുന്ന ഭക്ഷണ സാമഗ്രികൾ ആണ് സ്വാമി ഭൂമാനന്ദ തീർത്ഥ നഗരസഭയ്ക്ക് നൽകിയത്.. വടക്കാഞ്ചേരി നഗരസഭയുടെ കമ്യൂണിറ്റി കിച്ചണിലേക്ക് വിവിധ സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും നല്ല രീതിയിൽ സഹായസഹകരണങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ചടങ്ങിൽ സാധു പത്മനാഭനിൽനിന്നും മന്ത്രി എ സി മൊയ്തീൻ ഭക്ഷണ സാമഗ്രികൾ ഏറ്റുവാങ്ങി. ചടങ്ങിൽ പ്രശസ്ത ചിത്രകലാ നിരൂപകനായ വിജയകുമാർ മേനോൻ വടക്കാഞ്ചേരി നഗരസഭ പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം ആർ അനൂപ് കിഷോർ, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ ജയപ്രീത മോഹനൻ, വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ ലൈല നസീർ, കൗൺസിലർ പി ആർ അരവിന്ദാക്ഷൻ., പിഎൻ ജയന്തൻ, ചന്ദ്രമോഹൻ കുമ്പളങ്ങാട് നഗരസഭാ സെക്രട്ടറി മുഹമ്മദ് അനസ്, മെഡിക്കൽ കോളെജിൽ എസ് ഐ അരുൺ ഷാ, പങ്കെടുത്തു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.105 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from **Vaartha News Network Pvt.Ltd,** Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

രാജ്കുമാർ

വ്യാജ ഡോക്ടർ അറസ്റ്റിൽ

മാവേലിക്കര: കറ്റാനം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന വ്യാജ ഡോക്ടർ അറസ്റ്റിൽ. നെല്ലിമൂട് ജങ്ഷന് സമീപം തയ്യിൽ വീട്ടിൽ വാടകക്ക് താമസിച്ചിരുന്ന തൃശൂർ ചാവക്കാട് സ്വദേശി രാജ്കുമാറാണ് (60) പിടിയിലായത്. പൊലീസിന് ലഭിച്ച രഹസ്യ വിവരത്തിെൻറ അടിസ്ഥാനത്തിൽ നിരീക്ഷണത്തിലായിരുന്നു. അക്യുപങ്ങ്ചർ ചികിൽസയിലുള്ള അറിവ് ഉപയോഗിച്ചാണ് അലോപ്പതി ചികിൽസകനായി തട്ടിപ്പ് നടത്തിയിരുന്നതെന്നാണ് പ്രാഥമിക വിവരം. ഇദ്ദേഹത്തിെൻറ കൈവശമുണ്ടായിരുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്നും സംശയിക്കുന്നു. എം.ബി.ബി.എസ്, എം.ഡി ബിരുദങ്ങളാണ് ബോർഡിൽ പതിച്ചിരുന്നത്.

ഇതോടൊപ്പമുള്ള രജിസ്റ്റർ നമ്പർ തിരുവനന്തപുരം സ്വദേശിയായ വനിതാ ഡോക്ടറുടേതാണെന്നും കണ്ടെത്തിയിട്ടുണ്ട്. നാല് വർഷം മുമ്പാണ് ഇയാൾ കറ്റാനം ജങ്ഷന് സമീപം ടി.എൻ ക്ലീനിക്ക് തുറന്നത്. അഞ്ച് മാസം മുമ്പ് മുതൽ വീട് കേന്ദ്രീകരിച്ചായിരുന്നു പരിശോധന. മെഡിക്കൽ ബിരുദം സംബന്ധിച്ച് പരസ്പര വിരുദ്ധമായ വിവരങ്ങളാണ് ഇയാൾ നൽകിയത്. സിഐ കെ. എസ്. ഗോപകുമാർ, എസ്.ഐമാരായ കെ. സുനുമോൻ, എസ്.ഐ അൻവർ സാദത്ത്, സ്പെഷ്യൽ ബ്രാഞ്ച് എ.എസ്.ഐ ഫിറോസ് അഹമ്മദ്, എസ്.എസ്.ബി എ.എസ്.ഐ സജാദ്, സിവിൽ പൊലീസ് ഓഫീസർമാരായ സുരേഷ്, സജൻ, പ്രിയലാൽ, രമ്യ തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു നടപടി

ഫയർഫോഴ്സ് തുരുത്തി അണു വിമുക്തമാക്കി

ചങ്ങനാശേരി: കോവിഡ് 19 ന്റെ ഭീതിയിൽ കഴിയുന്ന പൊതു ജനങ്ങൾക്ക് ആശ്വാസമായി ഫയർഫോഴ്സ് തുരുത്തിയിലെ വിവിധ പ്രദേശങ്ങൾ അണുവിമുക്തമാക്കി.തുരുത്തി ഗവർമെൻറ് എൽ പി എസ്, സെൻറ് മേരീസ് ഫൊ റാനാ ചർച്ച് കുരിശടി, എസ് ബി ഐ, ഗുരുമന്ദിരം, ഈശാനത്ത് കാവ്, രക്തേശ്വരി ക്ഷേത്രം, റേഷൻ കടകൾ, സർവ്വീസ് സഹകരണ ബാങ്ക്, ശാസ്താംങ്കൽ ക്ഷേത്രം, പുതുമന മഹാഗണപതി ക്ഷേത്രം, കടകൾ തുടങ്ങി വിവിധ സ്ഥലങ്ങൾ അണുവിമുക്തമാക്കി.

അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ എസ്.സുരേഷ് കുമാർ, ഫയർ ആൻറ് റെസ്ക്യൂ ഓഫീസർ ഡ്രൈവർ ഷാജി, ഹോം ഗാർഡ് വിനോദ്. ഫ്രാൻസിസ്, ഫയർ ആൻറ് റെസ്ക്യൂ ഓഫിസർ മനു എന്നിവരെ എൻഡിഎ തുരുത്തി മേഖലയുടെ നേതൃത്വത്തിൽ മാളികപ്പുറം മുൻ മേൽശാന്തി പുതുമന മനു നമ്പൂതിരി പൊന്നാട അണിയിച്ചാദരിച്ചു. തുടർന്ന് ചങ്ങനാശേരി ഫയർസ്റ്റേഷനിലെത്തി അസി. സ്റ്റേഷൻ ഓഫീസർ വി.എസ് ശശികുമാറിനെ എൻഡിഎ കൺവീനർ ബിജു മങ്ങാട്ടുമഠം പൊന്നാട അണിയിച്ചാദരിച്ചു. ശുചീകരണ പ്രവർത്തനങ്ങൾക്ക് എൻ ഡിഎ നേതാക്കളായ ഗോപകുമാർ അപ്പച്ചേരി, .രാജീവ് കൃഷ്ണൻ, കെ.ഡി കുഞ്ഞുമോൻ എന്നിവർ നേതൃത്വം നൽകി.

ചെത്തു തൊഴിലാളികൾക്കും ജീവനക്കാർക്കും ധനസഹായം

ഹരിപ്പാട്: ലോക് ഡൗൺ പ്രഖ്യാപിച്ചതോടെ തൊഴിൽ നഷ്ടമായ ചെത്തു തൊഴിലാളികൾക്കും ജീവനക്കാർക്കും കള്ളുചെത്ത് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് അയ്യായിരം രൂപ വീതം ധനസഹായം നൽകുന്നു.ക്ഷേമനിധി ബോർഡിലേക്ക് വിഹിതമടച്ചു കൊണ്ടിരിക്കുന്നവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് ഇമെയിലായി ഏപ്രിൽ 30ന് മുമ്പ് അയക്കണമെന്ന് ക്ഷേമനിധി ബോർഡ് ചെയർമാൻ എം സുരേന്ദ്രൻ അറിയിച്ചു.വിശദ വിവരങ്ങൾ ബോർഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക. www.toddyworkerswelfare.kerala.gov.in

ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനായി തുക നൽകി

അമ്പലപ്പുഴ: എടത്വ ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി കിച്ചണിലേക്ക് 10 ദിവസത്തേക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വാങ്ങുതിനായി പതിനായിരം രൂപ പൊതുപ്രവർത്തകനും ചലച്ചിത്ര നടനുമായ ജയ്സപ്പൻ മത്തായി, വിദേശത്ത് ജോലി ചെയ്യുന്ന ബേബിക്കുട്ടി ഉലക്കപ്പാടി, റ്റിബി പുത്തൂർ, ജീമോൻ പടവുപുരയ്ക്കൽ എന്നിവർ ചേർന്ന് സെക്രട്ടറി ജി. രാജേന്ദ്രന് കൈമാറി.

തകഴിയുടെ 108ാ മത് ജന്മവാർഷികത്തിൽ സ്മൃതി മണ്ഡപത്തിൽ മന്ത്രി ജി സുധാകരൻ വിളക്കു തെളിയിച്ച് പുഷ്പാർച്ചന നടത്തുന്നു

പ്രതികൾക്കായി പോലിസ് അന്വേഷണം തുടങ്ങി

റോഡരികിൽ ശുചി മുറി മാലിന്യം ഒഴുക്കി വിട്ടു; ടാങ്കർ ലോറി പോലീസ് കസ്റ്റഡിയിൽ

മുഹമ്മ :റോഡരികിൽ ശുചി മുറി മാലിന്യം ഒഴുക്കിവിട്ട ടാങ്കർ ലോറി മുഹമ്മ പോലീസ് കസ്റ്റഡിയിൽ എടുത്തു.മുഹമ്മയിലുള്ള പ്രതികൾക്കായി പോലീസ് അന്വേഷണം ഊജ്ജിതമാക്കി. റോഡ് അഗ്നിശമന സേന എത്തി അണു വിമുക്തമാക്കി. ആലപ്പുഴ -തണ്ണീർമുക്കം റോഡിൽ മാവിൻ ചുവട് മുതൽ പി കെ കവല വരെയും പൊന്നാട് എലിപ്പനം റോഡും കടന്ന് പൊന്നാട് മുഹമ്മ റോഡിൽ പെസാക്ക് വായനശാലയ്ക്ക് സമീപം വരെയുമാണ് റോഡിന്റെ ഇടതുവശത്തായി സാമൂഹ്യ വിരുദ്ധർ മാലിന്യം തള്ളിയത്.

ശുചി മുറി മാലിന്യം ഒഴുക്കിവിട്ട പൊന്നാട് മുഹമ്മ റോഡിൽ അഗ്നിശമന സേന എത്തി അണു നശീകരണം നടത്തുന്നു

ഇതു മൂലം റോഡിന്റെ വശങ്ങളിൽ താമസിക്കുന്നവർക്കും സ്ഥാപനങ്ങൾക്കും ഉണ്ടായ പ്രയാസങ്ങൾ ഏറെയാണ്. പുലർച്ചെ പേരെ തോട്ടിൽ ഒഴുക്കുന്നതിനായി മാലിന്യവുമായെത്തിയ ടാങ്കർ ലോറി സമീപത്തെ വീട്ടുകാർ കണ്ടതിനെ തുടർന്ന് ആണ് റോഡിൽ ഒഴുക്കി വിട്ടത്. മാവിൻ ചുവട് പേരെ തോട്ടിലും എലിപ്പനം പാടത്തും പലതവണ കക്കൂസ് മാലിന്യം തള്ളിയിട്ടുണ്ട്. നാട്ടുകാരുടെ നേതൃത്വത്തിൽ ഈ പ്രദേശങ്ങളിൽ രാത്രി പട്രോളിംഗ് ഏർപ്പെടുത്തിയിരുന്നു. ഇതേ തുടർന്ന് കുറച്ചു നാളുകളായി മാലിന്യം തള്ളാൻ വണ്ടികൾ എത്തിയിരുന്നില്ല. എന്നാൽ കോവിഡ് നിയന്ത്രണം മൂലം നാട്ടുകാർ പുറത്തിറങ്ങാത്തതും പുലർച്ചെയുള്ള നടത്തം ഇല്ലാത്തതുമാണ് ഇക്കൂട്ടർ വീണ്ടും കക്കൂസ് മാലിന്യം തള്ളാൻ എത്തിയത്.

കക്കൂസ് മാലിന്യം തള്ളിയ സമൂഹ വിരുദ്ധർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് മകരം റെസിഡന്റ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. മകരം സ്ഥാപിച്ചിട്ടുള്ള സിസിടിവിയിൽ പതിഞ്ഞ ടാങ്കർ ലോറിയുടെ ദൃശ്യങ്ങൾ മുഹമ്മ പോലീസിന് കൈമാറിയിരുന്നു . കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സമൂഹമൊന്നടങ്കം ശുചിത്വശീലങ്ങൾ പാലിച്ച് അതീവ ജാഗ്രതയോടെയിരിക്കുമ്പോൾ ഇത്തരം ഹീന പ്രവർത്തികൾ ചെയ്തവർക്കെതിരെ പുതിയ പകർച്ചവ്യാധി നിയമപ്രകാരം കേസെടുത്ത് മാതൃകാപരമായി ശിക്ഷിക്കണമെന്ന് മകരം പ്രസിഡന്റ് കെ.കെ.കുഞ്ഞുമണി പറഞ്ഞു. പ്രതിഷേധ യോഗത്തിൽ രത്നാകരൻ തുരുത്തിക്കാട്, കെ.കെ.സാനു, എൻ. അനിൽകുമാർ നീലാംബരി, സി.കെ. മണി ചീരപ്പൻ ച്ചിറ എന്നിവർ സംസാരിച്ചു. പോലീസിന്റെ നിർദേശത്തെ തുടർന്ന് ചേർത്തലയിൽ നിന്നും ഫയർ ഫോഴ്സ് എത്തിയാണ് അണു നശീകരണം നടത്തിയത്.

യുവജനക്ഷേമബോർഡ് ജില്ലാ കോർഡിനേറ്റർ ടി.ടി ജിസ്മോൻ എഡ്വിനെ വീട്ടിലെത്തി സന്ദർശിക്കുന്നു

പാമ്പ് കടിയേറ്റ സ്നേക്ക് റെസ്ക്യൂ പ്രവർത്തകൻ എഡ്വിന് സഹായമായി മന്ത്രി കെരാജുവിന്റെ ഇടപെടൽ

ചേർത്തല : ഈസ്റ്റർ ദിനത്തിൽ മൂർഖൻ കടിയേറ്റ് അത്യാസന്ന നിലയിൽ ആശുപത്രിയിൽ കിടന്നിരുന്ന സ്നേക് റസ്ക്യൂ പ്രവർത്തകനായ എഡ്വിൻ ജോബ് വാടപ്പുറത്തിന് ആശ്വാസവുമായി വനം -വന്യ ജീവി വകുപ്പ് മന്ത്രി കെ.രാജു. കഴിഞ്ഞ ഈസ്റ്റർ ദിനത്തിൽ ഒരു വീടിനുള്ളിൽ കയറിക്കൂടിയ മൂർഖൻ പാമ്പിനെ പിടികൂടുന്നതിനിടയിലാണ് എഡ്വിന് പാമ്പു കടിയേറ്റത്.

പ്രളയകാലത്ത് കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങളിലെ വീടുകളിൽ നിന്നായി അഞ്ഞൂറിൽ പരം വിഷപ്പാമ്പുകളെ പിടികൂടി ശ്രദ്ധേയനായിരുന്നു തണ്ണീർമുക്കം കൊക്കോതമംഗലം വാടപ്പുറം വീട്ടിൽ ജേക്കബ്ബിന്റെ മകൻ എഡ്വിൻ തന്റെ 27 വയസ്സിനുള്ളിൽ എണ്ണമറ്റ വിഷപ്പാമ്പുകളെയാണ് പിടികൂടി വനം വകുപ്പിന് കൈമാറിയിട്ടുള്ളത്. പാമ്പുകളെ കണ്ടാൽ തല്ലിക്കൊന്ന് ശീലമുള്ള നമ്മുടെ നാട്ടിൽ എഡ്വിനെ പോലെയുള്ളവരുടെ പ്രവർത്തനം പ്രശംസനീയമാണെന്നും എഡ്വിന് വേണ്ട സഹായങ്ങൾ ലഭ്യമാക്കാൻ ആലപ്പുഴ ഡി എഫ്ഒ യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി ഫോണിൽ അറിയിച്ചു. അപകടാവസ്ഥ തരണം ചെയ്ത് ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് വാങ്ങി വീട്ടിൽ വിശ്രമിക്കുന്ന എഡ്വിനെ കാണുന്നതിന് കേരള യുവജനക്ഷേമ ബോർഡ് ജില്ലാ കോർഡിനേറ്റർ ടി.ടി ജിസ്മോൻ സന്ദർശിച്ചിരുന്നു. ജിസ്മോൻ വിഷയം മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയതിനെത്തുടർന്നാണ് മന്ത്രി അടിയന്തിരമായി ഇടപെട്ടത്.

നഴ്സുമാരുടെ ജീവിതം കവിതയിലെ പ്രമേയം

കവിത വൈറലാകുന്നു; കവിക്കും ഗായകനും നാടിന്റെ ആദരം

ഹരിപ്പാട്: രാജീവ് വഴിയമ്പലത്തിന്റെ രചനയിൽ സിനു ഹരിപ്പാട് സംഗീതം നല്കി ആലപിച്ച കവിത സോഷ്യൽ മീഡിയയിൽ വൈറലായി. മുഖപുസ്തകത്തിലൂടെ പുറത്ത് വന്ന് മണിക്കൂറുകൾക്കുള്ളിൽ ആയിരങ്ങളാണ് പാട്ട് കേട്ടത്. 'കണ്ടുവോ നീ കുറെ വെള്ളരി പ്രാവുകൾ കണ്ണുകൾ ചിമ്മാത്ത മാലാഖമാർ.' ത്യാഗ സുരഭിലമായ നഴ്സുമാരുടെ ജീവിതമാണ് കവിതയിലെ പ്രമേയം.

അവരുടെ ത്യാഗത്തെയും സേവനത്തെയും കവിത വാഴ്ത്തുന്നു. നാമുറങ്ങിയാൽ ലോകം ഉറങ്ങും. അതിനാൽ ഉറങ്ങരുതേസഖിയെന്നാണ് കനിവിന്റെ മാലാഖ കൂട്ടുകാരിയോട് പറയുന്നത്. 'ഉറങ്ങരുത് നീ സഖി/ നാമുറങ്ങീടുകിൽ ഉലകം മുഴുവൻ ഉറക്കമാവും.' കൊറോണയെ നേരിടുന്ന ആനുകാലിക ലോക ചിത്രം മനുഷ്യത്വത്തിന്റെ നിറക്കൂട്ടിൽ ചാലിച്ചെടുത്തിരിക്കുന്നതാണ് കവിത.മനുഷ്യത്വം എന്ന വികാരമാണ് കവിതയുടെ മുഖ്യ പ്രമേയം. നാടിന്റെ നന്മ ലക്ഷ്യമാക്കി ആശയ സമ്പുഷ്ടതയോടെ എഴുതിയ കവിതയിൽ സാമൂഹ്യ വിമർശനങ്ങൾക്കും ഇടം കണ്ടെത്തിയിട്ടുണ്ട്. ശുദ്ധ സംഗീതത്തിൽ ഗായകന്റെ ശബ്ദ സൗകുമാര്യം കവിതയെ ജനപ്രിയമാക്കി. ഗ്രൂപ്പുകളിൽ നിന്നും ഗ്രൂപ്പുകളിലേക്കും ഫെയ്സ് ബുക്കിലും ഷെയർ ചെയ്ത് ആയിരങ്ങൾ ഇതിനകം കവിത കണ്ടു കഴിഞ്ഞു.

രാജീവ് വഴിയമ്പലം

സിനു ഹരിപ്പാട്

കവിത രചിച്ച മഹാദേവികാട് വഴിയമ്പലം വീട്ടിൽ രാജീവ് ആലപ്പുഴ കളക്ട്രേറ്റിലെ സീനിയർ ക്ലർക്കായി ജോലി നോക്കുന്നു.നിരവധി കവിതകൾ ഇദ്ദേഹത്തിന്റേതായി പുറത്തു വന്നിട്ടുണ്ട്. ഗ്രാമ വികസന വകുപ്പിൽ ഉദ്യോഗസ്ഥയായ സിന്ധുവാണ് ഭാര്യ. പ്ലസ്ടു വിദ്യാർത്ഥിയായ കാളിദാസ് മകനും എട്ടാം ക്ലാസിൽ പഠിക്കുന്ന കാദംബരി മകളുമാണ്. സംഗീതം നല്കി കവിത ആലപിച്ച കുമാരപുരം എരിയ്ക്കാവ് കണ്ടലിൽ വീട്ടിൽ സിനു ടൂറിസ്റ്റ് ഗൈഡും ഡ്രൈവറുമാണ്. അർച്ചനയാണ് ഭാര്യ.

തകഴി ജന്മദിനത്തിൽ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി

അമ്പലപ്പുഴ.തകഴിയുടെ 108ാ മത് ജന്മവാർഷികം മറ്റ് ചടങ്ങുകൾ ഒഴിവാക്കി സ്മൃതി മണ്ഡപത്തിലെ പുഷ്പാർച്ചന മാത്രമാക്കി ചുരുക്കി.ചെയർമാൻ പൊതുമരാമത്ത് മന്ത്രി ജി സുധാകരൻ മണ്ഡപത്തിൽ തിരി തെളിച്ച് പുഷ്പാർച്ചന നടത്തി.

സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ കഴിഞ്ഞിരുന്ന അധഃസ്ഥിത ജനതയയുടെ ജീവിതം തന്റെ കഥകൾക്ക് ഇതിവൃത്തമാക്കി എന്നത് അന്നന്നെ സാഹിത്യ രംഗത്ത് ഒരു വിപ്ലവമായിരുന്നു.അതു കൊണ്ടു തന്നെ ലോകത്തിന്റെ മറ്റ് ഭാഷകളിലെക്ക് ആ സാഹിത്യം വളർന്നു .അദ്ദേഹത്തിന്റെ ക്രിതികളുടെ പ്രസക്തി നാൾക്കുനാൾ വർദ്ധിച്ചു വരുന്നു എന്ന് ചെയർമാൻ തന്റെ അനുസ്മരണത്തിൽ അഭിപ്രായപ്പെട്ടു.

തകഴി പഞ്ചായത്ത് പ്രസിഡന്റ് അംബിക ഷിബു,സമിതി വൈസ് ചെയർമാൻ പ്രൊഫ: എൻ ഗോപിനാഥപിള്ള, സെക്രട്ടറി കെ.ബി അജയകുമാർ, അംഗങ്ങളായ എസ് അജയകുമാർ, അലിയാർ മാക്കിയിൽ 'ഇ.ആർ രാധാകൃഷ്ണപിള്ള ,കൃഷ്ണപുരം കൊട്ടാരം ഇൻ ചാർജ്ജ് കെ.ഹരികുമാർ എന്നിവർ പങ്കെടുത്തു.

വ്യാപാര സ്ഥാപനങ്ങൾ അടച്ചിട്ട് ഓൺലൈൻ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നത് വഞ്ചനാപരം:രാജു അപ്സര

ആലപ്പുഴ: ലോക്ക് ഡൗൺ നാലാമത്തെ ആഴ്ചയിലേക്കും അവിടെ നിന്നും അഞ്ചും ആറും ആഴ്ചകളിലേക്ക് നീളുമ്പോഴും രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി സർക്കാർ തീരുമാനം അംഗീകരിച്ച് മുണ്ട് മുറുക്കിയുടുത്ത് പ്രതീക്ഷയോടെ കഴിയുന്ന വ്യാപാരികളെ വറചട്ടിയിൽ നിന്നം എരിതീയിലേക്ക് എറിയുന്ന തീരുമാനമാണ് കുത്തക ഓൺലൈൻ വ്യാപാരികൾക്ക് പ്രവർത്തിക്കാൻ കൊടുത്ത അംഗീകാരമെന്ന് ഭാരതീയ ഉദ്യോഗ് വ്യാപാർ മണ്ഡൽ ദേശീയ ഉപാദ്ധ്യക്ഷനും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന ജനറൽ സെക്രട്ടറിയുമായ രാജു അപ്സര പറഞ്ഞു. ഈ ലോക്ക് ഡൗൺ കാലത്ത് രാജ്യത്ത് പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഭക്ഷ്യ വിതരണ ശ്രംഗല കളിലും സാമൂഹിക പ്രവർത്തനങ്ങളിലും ഈ രാജ്യത്തെ വ്യാപാരികളുടെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു. അന്ന് ഒരു ചില്ലിക്കാശിന് പോലും ഇവരെക്കൊണ്ട് ഉപകാരമുണ്ടായിട്ടില്ല.

ഉപഭോക്താക്കൾക്ക് ഇതേ സാധനങ്ങൾ ഇതേ വിലക്ക് തന്നെയോ ഇതിലും വിലകുറച്ചോ വീടുകളിൽ എത്തിച്ച് കൊടുക്കാൻ ഞങ്ങളും തയ്യാറാണ്. ഞങ്ങൾക്ക് കിട്ടുന്ന തുച്ഛമായ ലാഭത്തിൽ നിന്ന് ധാരാളം തൊഴിലാളി കുടുംബങ്ങളിലും അടുപ്പ് പുകയും. സർക്കാർ ഖജനാവുകളിലേക്ക് ആനുപാതിക നികുതികളും വരും.

ചെറുകിട വ്യാപാരികളുടെ നടുവൊടിക്കുന്ന തീരുമാനത്തിൽ നിന്നും കേന്ദ്ര കേരള സർക്കാരുകൾ പിന്മാറിയില്ലെങ്കിൽ വ്യാപാരി സമൂഹത്തിന്റെ ശക്തിയ പ്രതിഷേധമായിരിക്കും ഭാരതം മുഴുവൻ കാണാൻ പോകുന്നത് എന്നും രാജു അപ്സര ഓർമ്മപ്പെടുത്തി.

ചേർത്തലയിലെ മാധ്യമ പ്രവർത്തകർക്കുള്ള ഭക്ഷ്യധാന്യ കിറ്റു വിതരണം ആർദ്രാഹാബിറ്റാറ്റ്മാനേജിങ് ഡയറക്ടർ പി.ഡി.ലക്കി നിർവ്വഹിക്കുന്നു

മാധ്യമ പ്രവർത്തകർക്ക് സഹായമൊരുക്കി ആർദ്രാഹാബിറ്റാറ്റ്

ചേർത്തല: കൊവിഡ്- 19 ലോക്ഡൗൺ നിയന്ത്രണത്തിൽ ചേർത്തലയിലെ മാധ്യമ പ്രവർത്തകർക്ക് സഹായമൊരുക്കി ആർദ്രാഹാബിറ്റാറ്റ്. മാധ്യമപ്രവർത്തകർക്ക് 18 സാമഗ്രികളടങ്ങുന്ന കിറ്റാണ് വിതരണം ചെയ്തത്.ചേർത്തല പ്രസ് ക്ലബുമായി സഹകരിച്ച് നഗരത്തിലെ നിർദ്ദനരായ ഓട്ടോ ഡ്രൈവർമാർക്കും ലോട്ടറി തൊഴിലാളികൾക്കും ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയും ആരംഭിച്ചും .

ചേർത്തല പ്രസ്ക്ലബ് ഹാളിൽ നടന്ന ചടങ്ങിൽ ആർദ്രാ ഹാബിറ്റാറ്റ് മാനേജിങ് ഡയറക്ടർ പി.ഡി.ലക്കി പ്രസ് ക്ലബ്ബ്സെക്രട്ടറി കെ.എൻ.എ ഖാദറിനു നൽകി ഉദ്ഘാടനം ചെയ്തു. പ്രസ്ക്ലബ്ബ്പ്രസിഡന്റ് ടി.പി.സുന്ദരേശൻ അധ്യക്ഷത വഹിച്ചു.

തൈക്കാട്ടുശ്ശേരിയിൽ ദുരിതമനുഭവിക്കുന്നവർക്ക് കോൺഗ്രസ് നൽകുന്ന ചലചരക്ക് - പച്ചക്കറികിറ്റ് വിതരണോദ്ഘാടനം ഡി.സി.സി.ജനറൽ സെക്രട്ടറി എം.ആർ.രാജേഷ് നിർവഹിക്കുന്നു

കലക്ടർക്കെതിരേ പരാതി നൽകുമെന്ന് മുനിസിപ്പൽ ചെയർമാൻ

ആലപ്പുഴ: കോവിഡ് 19മായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് ജില്ലാ കളക്ടർ ക്ഷണിച്ചില്ലെന്ന പരാതിയുമായി മുനിസിപ്പൽ ചെയർമാൻ ഇല്ലിക്കൽ കുഞ്ഞുമോൻ.

നഗരസഭാ അതിർത്തിയിലുള്ള മാർക്കറ്റുകളിൽ ജനങ്ങൾ കൂട്ടംകൂടുന്നതുമായി ബന്ധപ്പെട്ടയോഗത്തിലേയ്ക്ക്മുൻ മുനിസിപ്പൽ ചെയർമാനെയാണ് കളക്ടർ ഫോണിൽ വിളിച്ചത്. ഇദ്ദേഹം ചെയർമാൻ സ്ഥാനം ഒഴിഞ്ഞകാര്യം അറിയിച്ചിട്ടും തന്നെ വിളിക്കാൻ കളക്ടർ തയ്യാറായില്ല. മുനിസിപ്പൽ ചെയർമാൻ എന്ന നിലയിൽ കോവിഡ് പ്രതിരോധപ്രവർത്തനവുമായി ബന്ധപ്പെട്ട് നിരവധിപ്രവർത്തനങ്ങൾ നടത്തുന്ന തന്നെ ആക്ഷേപിക്കുന്നതിന് തുല്യമാണ് ഇതെന്ന് ചെയർമാൻ പറഞ്ഞു. കളക്ടർക്കെതിരെ ഇന്ന് മുഖ്യമന്ത്രിക്ക് പരാതി നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

പ്രവാസികളുടെ ആശങ്കയകറ്റാൻ സർക്കാരുകൾ ഇടപെടണം: അഡ്വ:സിനിൽ മുണ്ടപ്പള്ളി

മാവേലിക്കര: പ്രവാസികളുടെ ആശങ്കയകറ്റാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തിരമായി ഇടപെടണമെന്ന് ബി.ഡി ജെ.എസ് സംസ്ഥാന വൈസ് - പ്രസിഡന്റ് അഡ്വ. സി നിൽമുണ്ടപ്പള്ളി '.

മലയാളികൾ ഏറ്റവും കൂടുതലുള്ള ഗൾഫ് നാടുകളിൽ കോവിഡ് രോഗബാധിതരുടെ എണ്ണം വർധിക്കുകയാണ്.മിക്കയിടങ്ങളും കർഫ്യൂവിന് സമാനമാണ്. ദുസഹമായ ജീവതസാഹചര്യത്തിൽ ജോലിയും വേതനവും ഇല്ലാതെ കുടുസുമുറികളിൽ ഇരുപതിൽ കൂടുതൽ പേരാണ് ഭീതിയുടെ നിഴലിൽ കഴിയുന്നത് ആശങ്ക ഉണർത്തുന്നു.' ആകെ ഉണ്ടായിരുന്ന വരുമാന മാർഗം നിലച്ചു. വല്ലാത്ത അരക്ഷിതബോധം അവരെ വേട്ടയാടുന്നു. അതിന് ആശ്വാസം പകരുന്ന നടപടികളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതെന്നും മുണ്ടപ്പള്ളി പറഞ്ഞു.

പ്രവാസി മലയാളികൾക്ക് മതിയായ ചികിത്സ ലഭിക്കുന്നുണ്ടോയെന്നകാര്യത്തിൽ സംശയമുണ്ട്. കേന്ദ്രസർക്കാർ ഇടപെട്ടുകൊണ്ട് പ്രഗൽഭരായ ഡോക്ടമാരുടെ മെഡിക്കൽ സംഘത്തെ എത്രയും പെട്ടന്ന് ഗൾഫുനാടുകളിലേക്കയച്ചു പ്രവാസികളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്താൻ നപടി സ്വീകരിക്കണമെന്നും മുണ്ടപ്പള്ളി പറഞ്ഞു.

ദുരിതാശ്വാസ ഫണ്ടിലേക്കുള്ള തുക ജില്ലാപഞ്ചായത്തംഗം പി എം പ്രമോദിന് ഫർഹാൻ കൈമാറുന്നു

വഴിപാടിനായി സ്വരുക്കൂട്ടിയതുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേയ്ക്ക് കൈമാറി വിദ്യാർത്ഥി

ചേർത്തല :വഴിപാടിനായി സ്വരുക്കൂട്ടിയതുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേയ്ക്ക് കൈമാറി വിദ്യാർത്ഥി . പാണാവള്ളി പഞ്ചായത്ത് പതിമൂന്നാം വാർഡിൽ കണിയാംവെളി നവാസിന്റെ മകൻ ഏഴാം ക്ലാസ്സുകാരൻ ഫർഹാൻ വെക്കേഷൻ സമയത്ത് ബീമാപള്ളിയിലെ നേർച്ചയ്ക്കായി കരുതി പണം കുടുക്ക പൊട്ടിച്ച് ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് ആയിരത്തിലധികം വരുന്നതുക കൈമാറിയത്.

ജില്ലാ പഞ്ചായത്ത് അംഗം പി എം പ്രമോദ് ഏറ്റുവാങ്ങി. കുട്ടി ജനിച്ച നാളിൽ നേർന്ന നേർച്ചയുടെ ഭാഗമായാണ് മകൻ പണം സ്വരുകൂട്ടിയത് എന്നും പിന്നീട് ഒരു ദിവസം പള്ളിയിൽ പോയി നേർച്ച നൽകുമെന്ന് വാപ്പ നവാസ് പറഞ്ഞു.

തൽസമയം ഡോക്ടർ ആരോഗ്യ സംരക്ഷണ പദ്ധതിയ്ക്ക് തുടക്കമായി

മുഹമ്മ: : കെ കെ കുമാരൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ തൽസമയം ഡോക്ടർ എന്ന ക്യാമ്പയിന് തുടക്കമായി . നവമാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് അസുഖബാധിതരായ ആളുകൾക്ക് ഡോക്ടറുമായി തങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ പങ്കുവെക്കുവാനും വിദഗ്ധ ചികിത്സ ലഭ്യമാക്കാനും ലക്ഷ്യംവെച്ചുള്ള ആരോഗ്യപരിരക്ഷ പരിപാടിയാണ് തുടക്കമായത് .

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി വേണുഗോപാൽ ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു.

ചേർത്തല മർച്ചന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സ്വന്തം സ്ഥാപനങ്ങൾ തുറക്കാതെ വിഷമത്തിലായ അംഗങ്ങൾക്കുള്ള ധനസഹായത്തിന്റെ ആദ്യഘട്ട വിതരണോദ്ഘാടനം പ്രസിഡന്റ് എം ജയശങ്കർ നിർവഹിക്കുന്നു.

ധനസഹായം വിതരണം

ചേർത്തല: ചേർത്തല മർച്ചന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കൊറോണ വൈറസുമായി ബന്ധപ്പെട്ട് ലോക്ഡൗൺമൂലം സ്വന്തം സ്ഥാപനങ്ങൾ തുറക്കാതെ വിഷമത്തിലായ അംഗങ്ങൾക്ക് ധനസഹായം വിതരണം ചെയ്യാൻ തീരുമാനിച്ചു.

പദ്ധതിയുടെ ആദ്യഘട്ട വിതരണോദ്ഘാടനം അസോസിയേഷൻ പ്രസിഡന്റ് എം ജയശങ്കർ നിർവഹിച്ചു. വൈസ്പ്രസിഡന്റ് ബി ഭാസി, ജനറൽ സെക്രട്ടറി സിബി പഞ്ഞിക്കാരൻ പങ്കെടുത്തു.

പലചരക്ക് - പച്ചക്കറികിറ്റുകൾ എത്തിച്ചു നൽകി

തുറവൂർ: തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വിവിധമേഖലകളിൽ ലോക് ഡൗൺ മൂലം ദുരിതമനുഭവിക്കുന്നവർക്ക്പലചരക്ക്- പച്ചക്കറി കിറ്റുകൾ എത്തിച്ചു കോൺഗ്രസ് - യൂത്ത് കോൺഗ്രസ് പ്രവർത്തകർ ശ്രദ്ധേയമായി.ഡി.സി.സി.ജനറൽസെക്രട്ടറി എം.ആർ.രാജേഷ് കിറ്റുകൾ കൈമാറി ഉദ്ഘാടനം നിർവഹിച്ചു. മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് ജോസഫ് വടക്കേക്കരി അധ്യക്ഷത വഹിച്ചു.തമ്പി ,കെ.പി.അരുൺകുമാർ, അരുൺ മാധവപ്പള്ളി, സനൽ, വിപിൻ എന്നിവർ നേതൃത്വം നൽകി.

Edited, Printed and Published by K.S.Sasikumar , Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R.Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor,* responsible for selection of news under PRB Act), E.Rudran Warrier (Executive Editor), Vol. 3, Issue No. 115.RNI No.KERMAL/2018/76414 Printed at M/s S.T. Reddiar & Sons, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt.Ltd No. 33 / 758, Vijis Complex, Kallupalam, Iron Bridge P.O., Alappuzha - 688011. Phone - 0477 2252534, E-mail: info@metrovaartha.com

my Family

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

ടോമയ്യയ്ക്ക് രക്ഷാമാർഗം നിർദേശിക്കാമോ?

ഒരു പൊലീസ് നായയെ സംബന്ധിച്ചിടത്തോളം അതിന്റെ അന്വേഷണ വഴികൾ എന്നത് അതിന് ലഭിച്ച പരിശീലനത്തിന്റെ പിൻബലമാണ്.

നായയ്ക്ക് മറ്റ് താല്പര്യങ്ങൾ ഒന്നും ഇല്ലല്ലോ. രാഷ്ട്രീയ സ്വാധീനമോ ഒന്നും അതിനെ ബാധിക്കുന്നതേയില്ല. മണം ലഭിച്ച വസ്തു എവിടെ എന്നതു മാത്രമാണ് അതിന്റെ ലക്ഷ്യം.

ഇവിടെ ദിനോസറിനെ അന്വേഷിച്ചിറങ്ങിയ ജിം കോർബിനു മുന്നിൽ ആ ജീവി എവിടെ എന്ന ലക്ഷ്യം മാത്രമേയുള്ളു.

വായനക്കാരായ നമുക്കറിയാം ടോമയ്യ എന്ന ദിനോസർ കുഞ്ഞാപ്പുവിന്റെ വീട്ടിലെത്തിയ കാര്യം. ഒരു പക്ഷെ ഇക്കാര്യമറിയാവുന്നത് കുഞ്ഞാപ്പുവിനും വായനക്കാർക്കും മാത്രമാണ്. ആ നിലയ്ക്ക് കുഞ്ഞാപ്പുവിനു നേരേയുള്ള ജിം കോർബിന്റെ നീക്കം ശരിയാണെന്ന് നമുക്കറിയാം.

കുഞ്ഞാപ്പുവിന്റെ നല്ല മനസ്ഥിതിയാണ് ഈ പൊല്ലാപ്പിനെല്ലാം കാരണം എന്നും നമുക്കറിയാം. ആ സ്ഥിതിക്ക് രണ്ടു കാര്യങ്ങളാണ് ഇനി മുന്നിലുള്ളത്.

ഒന്ന് കുഞ്ഞാപ്പുവിനെ ഈ പ്രതിസന്ധിയിൽ എങ്ങനെ സഹായിക്കാം.

രണ്ടാമത്തെ കാര്യം ടോമയ്യ ഒരു ഭീകരജീവിയൊന്നുമല്ല. ആർക്കും ഉപദ്രവം ചെയ്യാത്ത ഒരു പാവം ജീവി. കാലം തെറ്റി വളർച്ച പ്രാപിച്ചതിന്റെ പേരിൽ ഈ ഭൂലോകത്തിൽ മറ്റെങ്ങും ഇല്ലാത്ത പ്രത്യേക ജന്മം. എങ്ങനെ ടോമയ്യയെ ജീവിക്കാൻ പറ്റിയ ഒരു ചുറ്റുപാടിൽ എത്തിക്കും?

ഈ രണ്ടു കാര്യങ്ങളിലേക്കാണ് ഇനി ഈ കഥയുടെ അടുത്ത നീക്കം.

ഇതു വായിക്കുന്ന കൂട്ടുകാർക്ക് ഈ രണ്ടു കാര്യങ്ങളെയും സംബന്ധിച്ച് ഒരു പോംവഴി നിർദേശിക്കാനുണ്ടെങ്കിൽ ചുവടെ കൊടുത്തിരിക്കുന്ന വാട്ട്സ്ആപ് നമ്പരിൽ അയയ്ക്കുക.

നിങ്ങൾ അയയ്ക്കുന്ന നിർദ്ദേശങ്ങൾ എന്തു തന്നെ ആയിക്കോട്ടെ, നിങ്ങളുടെ ചിത്രം സഹിതം ഈ കഥയോടൊപ്പം പ്രസിദ്ധീകരിക്കും. അതു കൊണ്ട് നിങ്ങളുടെ ഫോട്ടോയും അയയ്ക്കാൻ മറക്കരുത്. നിങ്ങൾ ഒന്നിലേറെപ്പേർ വീട്ടിലുള്ളവർ ഒന്നിച്ചിരുന്ന് ആലോചിച്ച് കണ്ടു പിടിച്ച വഴിയാണെങ്കിൽ ഒരു ഗ്രൂപ്പ് സെൽഫി ചിത്രം എടുത്ത് അയച്ചാൽ മതി.

അയയ്ക്കുമ്പോൾ മേൽവിലാസം എഴുതാൻ മറക്കരുത്.

ഇനി മറ്റു കൂട്ടുകാരുമായി ആലോചിച്ച് കണ്ടെത്തിയ പോംവഴിയാണെങ്കിൽ ആ കൂട്ടുകാരുടെ ഒരു സെൽഫി എടുത്ത് അയയ്ക്കാൻ പറയൂ, എന്നിട്ട് നിങ്ങളുടെ ചിത്രത്തോടൊപ്പം അയയ്ക്കുക.

എന്തായാലും ഒരു അന്വേഷണാത്മക കഥയിൽ നിങ്ങളുടെ ബുദ്ധി എത്രമാത്രം പ്രവർത്തിക്കുന്നു എന്ന് ഈ വീട്ടിലിരിപ്പു സമയത്ത് ഒന്നു പരീക്ഷിക്കാം.

എന്തായാലും നമുക്കിനി കഥയിലേക്കു വരാം -

പൊലീസ് ഇപ്പോൾ ആകെ ചിന്താകുഴപ്പത്തിലായി. ഒരു കുട്ടിയെ അക്രമിക്കാൻ പൊലീസ് നായ തയാറായി എന്നത് വലിയ പ്രശ്നമുണ്ടാക്കും. ടിവി ക്യാമറയിൽ പകർത്തിയ ദൃശ്യങ്ങളായതുകൊണ്ട് വാർത്തയിൽ വന്നാൽ വലിയ പ്രശ്നമാകും. സ്വാഭാവികമായി ഡോഗ് സ്ക്വാഡിൽപെട്ടവരും പൊലീസ് സംഘവും ഒരു പോലെ ഉത്തരവാദികളാവും. തുടർ അന്വേഷണം കൂടുതൽ ജാഗ്രതയോടെ വേണം. തങ്ങളുടെ നീക്കത്തിൽ എന്തെങ്കിലും പാകപ്പിഴകൾ വന്നിട്ടുണ്ടോ എന്ന് പൊലീസിന് സംശയമായി. എന്തായാലും ഉന്നത ഉദ്യോഗസ്ഥരുമായി ആലോചിച്ച് ബാക്കി കാര്യങ്ങൾ ചെയ്യാമെന്ന തീരുമാനത്തിൽ ജിം കോർബിനേയും കൊണ്ട് പൊലീസ് സംഘം മടങ്ങി.

ഒപ്പം ദൃശ്യമാധ്യമങ്ങളും എല്ലാം സ്ഥലം കാലിയാക്കി. അപ്പാഴാണ് അച്ഛന്റെയും അമ്മയുടെയുമെല്ലാം ശ്വാസം ഒന്നു നേരെയായത്. തൊട്ടടുത്ത വീടുകളിലുള്ളവരെല്ലാം ബഹളം കേട്ട് എത്തി നോക്കുന്നുണ്ടായിരുന്നു.

നാളെ:
പൊലീസ് കുടുതൽ ജാഗ്രതയോടെ

ഇന്നലെത്തെ ചോദ്യത്തിന് ശരിയായ ഉത്തരം അയച്ചവരിൽ നിന്ന് തെരെഞ്ഞെടുത്തത്.

Diya Sabeer, Class: 4 C School: Govt LPS Alummoodu kaniyapuram, Thiruvanathapuram. Address: RAFA MANZIL, Kariyil, KazhaKuttom.

Abhiram Class 5, Amriurtha vidyalayam Thiruvalla

ഇന്നലത്തെ ചോദ്യം: ഏറ്റവും ഒടുവിൽ ജെയിംസ് ബോണ്ട് ആയി അഭിനയിച്ച നടൻ

ഉത്തരം: Daniel Craig (ഡാനിയൽ ക്രെയ്ഗ്)

ഇന്നത്തെ ചോദ്യം: നായയെ കഥാപാത്രമാക്കി ദീലീപ് അഭിനയിച്ച രണ്ടു ചിത്രങ്ങൾ? രണ്ടിലും നായകളുടെ പേര്?

ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ: 7304041234

ഡാവിഞ്ചിയുടെ 20 ക്വാറന്റൈൻ ദിനങ്ങൾ

റഫീഖ് മരക്കാർ

കൊച്ചി : കൊറോണ കാലം 'സ്റ്റേ അറ്റ് ഹോം' ആഘോഷമാക്കി ഡാവിഞ്ചി സുരേഷ്. പ്രശസ്ത ശിൽപ്പിയും ചിത്രകാരനുമായ കൊടുങ്ങല്ലൂർ സ്വദേശി ഡാവിഞ്ചി സുരേഷ് കഴിഞ്ഞ 20 ദിനങ്ങൾ വീട്ടിൽ കഴിച്ചുകൂട്ടിയത് ഓരോ ദിവസവും ഓരോ ചിത്രം വരച്ച്. ലോക രക്ഷക്കായി പുറത്തേക്കിറങ്ങാതെ എല്ലാരും വീട്ടിൽ കഴിയുകയാണ്. ഈ സമയം ജോലി സംബന്ധമായി ഒരുപാട് പേർ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കയാണ്. ഇവർക്ക് നല്ലൊരു സപ്പോർട്ടും അതോടൊപ്പം വീട്ടിലിരിക്കുന്ന ജനങ്ങൾക്ക് ഒരു ബോധവത്കരണവും കൂടിയാണ് കൊറോണക്കാലത്തെ ഈ ചിത്രം വര. 20 ദിവസങ്ങളായി വരക്കുന്നു. വരും ദിവസങ്ങളിലും ഇത് തുടരും. ഓരോ ദിവസവും കൊറോണയുമായി ബന്ധപ്പെട്ട ചിത്രങ്ങളാണ് വരക്കുക. അതിൽ പൊലീസുകാരും, ആരോഗ്യ പ്രവർത്തകരും, ജനങ്ങളും, ലോകത്തെ കൊറോണയുമായി ബന്ധപ്പെട്ട പലവിധ ആശയങ്ങളും വിഷയങ്ങളായിവരും. വെറുതെയിരിക്കുന്ന സമയങ്ങൾ ചിത്രം വരയിലൂടെ നമ്മുടെ നാടിനും രാജ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്ക് സപ്പോർട്ട് നൽകിക്കൊണ്ട് ചിലവഴിക്കാനാണ് ഡാവിഞ്ചി സുരേഷിന്റെ തീരുമാനം.

വൈറസ്സിനെ നേരിടാൻ എല്ലാവരും വീട്ടിലിരിക്കുമ്പോൾ സേവന സന്നദ്ധരായി തെരുവിൽ പണിയെടുക്കുന്ന പൊലീസ് സഹോദരങ്ങൾക്കായി സമർപ്പിച്ചായിരുന്നു ഡാവിഞ്ചി സുരേഷിന്റെ ആദ്യദിന രചന. കുഴിയിൽ വീണ മനുഷ്യനെ കൈ പിടിച്ചുയർത്തുന്ന എട്ട് കൈയുള്ള പൊലീസ് ആയിരുന്നു ചിത്രത്തിൽ. ഇത് നമ്മ പൊലീസ് എന്ന ടൈറ്റിലും. രണ്ടാം ദിവസം അകലം പാലിക്കുക എന്നതായിരുന്നു ആശയം. വീട്ടിലേക്ക് കയറാതെ വീടിന്റെ ഗേറ്റിൽ നിന്ന് മക്കളെ കാണുന്ന ഡോക്ടർ എന്ന അടിക്കുറിപ്പോടെ സമൂഹമാധ്യമത്തിൽ വന്ന ചിത്രത്തെ ആസ്പതമാക്കി ആരോഗ്യ പ്രവർത്തകർക്ക് ഐക്യദാർഢ്യം സമർപ്പിക്കുന്നതായിരുന്നു രണ്ടാം ദിന ചിത്രം.

ബൈക്കിൽ ഭാര്യയുമായി വരുന്ന ഭർത്താവിനോട് 'വീട്ടിലിരിക്കൂ പുറത്തിറങ്ങല്ലേ' എന്ന സന്ദേശം നൽകുന്ന പൊലീസ്കാരനായിരുന്നു മൂന്നാം ദിവസത്തെ വരയിൽ.

നാലാം ദിവസം കൊവിഡ് പ്രവാചകൻ എന്നറിയപ്പെടുന്ന ഡോ. ലെവിൻ റിയാനെ വരച്ചായിരുന്നു. അഞ്ചാം ദിവസത്തെ ചിത്രത്തിൽ സംരക്ഷണം അവനവനിൽ തന്നെ എന്ന സന്ദേശമായിരുന്നു. കൊറോണ വൈറസാൽ ചുറ്റപ്പെട്ട ഭൂമിയും പൂട്ടിയിട്ട വീടുമായിരുന്നുനു ചിത്രത്തിൽ. ആറാം ദിവസത്തിൽ കോവിഡ് വന്ന് മരിച്ച രോഗിയുടെ കബറടക്കമായിരുന്നു. കൊറോണക്കാലത്തെ വൈദ്യുതി ബോർഡിന്റെ പ്രവർത്തന മികവിനുള്ള ആദരമായിരുന്നു ഏഴാം ദിവസത്തെ ചിത്രം. കാത്തിരിക്കുന്നു ലോകം പ്രതീക്ഷയോടെ എല്ലാ കണ്ണുകളും ലോകാരോഗ്യ പ്രവർത്തകരിൽ എന്ന ടൈറ്റിലോടെ ഡാവിഞ്ചി വരച്ച എട്ടാം ദിവസത്തെ ചിത്രം. ഒൻപതാം ദിവസത്തെ വര പത്ര ഫോട്ടോഗ്രാഫർമാർക്കും ഭിന്നശേഷിക്കാർക്കുമുള്ള സമർപ്പണമായിരുന്നു. പത്താം ദിവസം അതിർത്തി അടച്ചിട്ടു ആശുപത്രിയിലേയ്ക്ക് പോകുന്ന ആംബുലൻസ് പോലും കടത്തി വിടാത്ത കർണാടകയായിരുന്നു.

പാവങ്ങളുടെ കൊറോണക്കാലമെന്ന തലക്കെട്ടോടെ വരച്ച പതിനൊന്നാം ദിവസത്തെ ചിത്രം പ്ലാവില കൊണ്ടുണ്ടാക്കിയ മാസ്ക് ധരിച്ചിരിക്കുന്ന ആദിവാസി വൃദ്ധയായിരുന്നു. തുരത്തിയോടിക്കും നമ്മൾ, ഒരുമയുടെ വെളിച്ചം തീർക്കും എന്ന സന്ദേശം നൽകുന്ന കേരളത്തിൽ നിന്നും കൊറോണ വൈറസ് പറ പറക്കുന്ന ചിത്രമായിരുന്നു പന്ത്രണ്ടാം ദിവസത്തെ വരയിൽ.

പിന്നീടുള്ള ദിവസങ്ങളിൽ ലേഡി വിത്ത് ദി ലാമ്പ്, ലേറ്റായി വന്നാലും ലേറ്റസ്റ്റായി വരുവേൻ, ജന്മനാട് തേടി, മാസ്ക്കൊരുക്കം, ആകുലതയുടെ ആവരണം, കുട്ടികൾക്കെന്തു കൊവിഡും കൊറോണയും, ലോകത്തെ പിടി മുറുക്കിയ കോവിഡ്' തുടങ്ങിയ രചനകളാണ് ഡാവിഞ്ചി നടത്തിയത്.

ഹോം കുക്കിങ്

ബിനിത ദേവസി

മാംഗോ മിൽക്ക് ഷേക്ക്

വേണ്ടത്

ഐസ് ക്യൂബ്സ്
മാങ്ങ - 3 എണ്ണം (നന്നായി പഴുത്തത്, അരിഞ്ഞെടുത്തത്)
പഞ്ചസാര - 4 ടീസ്പൂൺ
വാനില ഐസ്ക്രീം - 2 സ്കൂപ്പ്
പാൽ - 2 കപ്പ് (തിളപ്പിച്ചതിനുശേഷം ഫ്രീസ് ചെയ്തത്)
വാനില എസൻസ് - അര ടീസ്പൂൺ

തയാറാക്കേണ്ടത്

ഐസ്ക്യൂബുകൾ, അരിഞ്ഞെടുത്ത മാങ്ങ കഷണങ്ങൾ, 4 ടീസ്പൂൺ പഞ്ചസാര, 2 സ്കൂപ്പ് വാനില ഐസ്ക്രീം, നന്നായി തണുപ്പിച്ചെടുത്ത രണ്ട് കപ്പ് പാൽ, അര ടീസ്പൂൺ വാനില എസൻസ് എന്നിവ ചേർത്ത് നന്നായി മിക്സിയിൽ അടിച്ചെടുക്കുക. രണ്ടോ മൂന്നോ മാങ്ങകഷണങ്ങൾ ഇട്ട് ഭംഗിയാക്കുന്നതോടെ മാംഗോ മിൽക്ക് ഷേക്ക് റെഡി.

സണ്ണി ലിയോണിയുടെ മാസ്ക്

കൊറോണ മഹാമാരിയായി പടർന്നിരിക്കുകയാണ് ലോകം മുഴ വന്നും. കൊറോണയിൽ നിന്നും സുരക്ഷിതരായിരിക്കാൻ മാസ്ക്ക് ധരിക്കുന്നതും പ്രാധാന്യമുള്ള കാര്യമാണ്. ഹോം മെയ്ഡ് മാസ്ക്കുകൾ ഉപയോഗിക്കണമെന്ന പ്രധാനമന്ത്രിയുടെ വാക്കുകൾ അക്ഷരാർത്ഥത്തിൽ പകർത്തിയിരിക്കുകയാണ് ബോളിവുഡ് നടി സണ്ണി ലിയോൺ.

അടിയന്തരമായി 30 സെക്കൻഡ് കൊണ്ട് മാസ്ക്ക് നിർമ്മിക്കാനായി എന്ത് ചെയ്യണമെന്നാണ് സണ്ണി പറഞ്ഞു തരുന്നത്. ഡയപ്പർ വച്ച് അടിപൊളി മാസ്ക്ക് ഉണ്ടാക്കാം. മുഖം മൂടി അത്യുത്തമം ആണെന്നും സണ്ണി പങ്കുവെച്ച ഫോട്ടോകളിലൂടെ വ്യക്തമാക്കുന്നു.ഈ ഐഡിയ സൂപ്പറാണ്, ഇത് നന്നായിട്ടുണ്ട് എന്ന കമന്റുകളുമായി ആരാധകരും രംഗത്തെത്തിയിട്ടുണ്ട്.

'ഇസഹാക്കിന്റെ പെട്ടക'വുമായി ചാക്കോച്ചൻ

കുഞ്ചാക്കോ ബോബന്റെ മകനായ ഇസഹാക്കിന് ഒന്നാം പിറന്നാളായിരുന്നു ഇന്നലെ. പതിനാല് വർഷത്തെ കാത്തിരിപ്പിന് ഒടുവിലായിരുന്നു ചാക്കോച്ചന്റെയും ഭാര്യ പ്രിയയുടെയും ജീവിതത്തിലേക്ക് കുഞ്ഞു ഇസയുടെ കടന്നു വരവ്. പിറന്നാൾ കേക്കിനരികിലിരിക്കുന്ന ഇസയുടെ ചിത്രം പങ്കു വച്ച് കുഞ്ചാക്കോ ബോബൻ മകന് പിറന്നാൾ ആശംസകൾ നേർന്നു.

ബൈബിളിൽ പറയുന്ന 'നോഹയുടെ പെട്ടകം' എന്നതിനെ ആസ്പദമാക്കിയാണ് പിറന്നാൾ കേക്ക് ഒരുക്കിയിരിക്കുന്നത്. ഇസഹാക്കിന്റെ പെട്ടകം എന്നാണ് കേക്കിനു പേരും നൽകിയിരിക്കുന്നത്. ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെ പ്രതിനിധാനം ചെയ്യുന്നതാണ് ഈ കേക്കെന്നും താമസിയാതെ ഇതിനെയൊക്കെ തരണം ചെയ്യാൻ നമുക്ക് സാധിക്കുമെന്നും ചാക്കോച്ചൻ പ്രത്യാശ പ്രകടിപ്പിച്ചു. എല്ലാവരോടും സുരക്ഷിതരായി ഈ പ്രതിസന്ധിയെ നേരിടാനും ചാക്കോച്ചൻ പറയുന്നു. ഐശ്വര്യ ലക്ഷ്മി, വിനയ് ഫോർട്ട്, അനുമോൾ, ഉണ്ണിമായ, സംയുക്ത മേനോൻ, ഗായത്രി സുരേഷ് തുടങ്ങി നിരവധി താരങ്ങൾ ഇസഹാക്കിന് ആശംസകൾ നേർന്നു.

വിക്കിയുടെ ഹെയർ കട്ടിന് പിന്നിൽ

ലോക്ക്ഡൗൺ കാലത്ത് മുടിവെട്ടുന്നത് ഒരു പ്രധാന വെല്ലുവിളി ആണെങ്കിലും വേറിട്ട പരീക്ഷണങ്ങളാണ് പലരും മുടിയിൽ ചെയ്യുന്നത്. ഇപ്പോൾ ബോളിവുഡ് താരം വിക്കി കൗശലാണ് തന്റെ മുടി വെട്ടുന്ന വിഡിയോ പങ്കുവച്ചിരിക്കുന്നത്. അനിയൻ സണ്ണി കൗശലാണ് വിക്കിക്ക് മുടി വെട്ടിക്കൊടുക്കുന്നത്. തന്റെ പുതിയ ലുക്കിന്റെ ഫോട്ടൊയും വിക്കി പങ്കുവച്ചിട്ടുണ്ട്. അതിന്റെ മുഴുവൻ ബഹുമതിയും സണ്ണിക്കാണ് വിക്കി കൊടുത്തിരിക്കുന്നത്. സണ്ണി കൗശൽ വക കാറന്റെൻ കട്ട് എന്ന അടിക്കുറിപ്പോടെയാണ് വിക്കി ഫോട്ടൊ പങ്കുവച്ചിരിക്കുന്നത്. മറ്റു പല താരങ്ങളും തങ്ങൾക്കും സണ്ണിയുടെ സേവനം ആവശ്യമുണ്ടെന്ന് കമന്റ് ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ അനിയൻ സണ്ണിയുടെ തലയിൽ കിരീടത്തിന്റെ ഇമോജി വെച്ച് കൊണ്ടുള്ള ഒരു ഫോട്ടൊയും വിക്കി ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്.